# മഴത്തുള്ളികൾ

സ്റ്റാൻഡേർഡ്

4

അധ്യാപക സഹായി

Since 1998

IDEAL ASSOCIATION FOR MINORITY EDUCATION (IAME)

ISO 9001-2008 Certified

**Published by:**

IDEAL ASSOCIATION FOR MINORITY EDUCATION (IAME)
ISO 9001-2008 Certified

Markaz Complex Annex, IInd Floor, Mavoor Road, Kozhikode-4, Kerala, India
Tel: +91 495 2723208, E-mail: info@iameonline.com
www.iameonline.com
ISO 9001-2008 Certified

**MAZHATHULLIKAL**
Std: 4
First Edition : JUNE 2018
Free copy for teachers

All rights reseved, IAME

## ക്ലാസ് 4

## ഉള്ളടക്കം


| | | |
|---|---|---|
| 1. | എന്റെ മലയാളം | 2 |
| 2. | ശ്രീബുദ്ധനും ശിഷ്യനും | 7 |
| 3. | മത്സരിക്കുന്നതെന്തിന് നാം | 12 |
| 4. | ഗാന്ധിജിയും സ്വാതന്ത്ര്യ സമരവും | 17 |
| 5. | അറിയാനൊത്തിരി ബാക്കി | 22 |
| 6. | കുഞ്ഞായിന്റെ കുസൃതി | 26 |
| 7. | തെങ്ങ് | 32 |
| 8. | സ്വാർത്ഥനായ രാക്ഷസൻ | 38 |
| 9. | തോറ്റോടിയ പട | 45 |
| 10. | ആരാണ് ശക്തൻ | 51 |
| 11. | ചിറകുവരും മുമ്പ് | 56 |
| 12. | മുത്തച്ഛന്റെ ചോറ്റുപാത്രം | 62 |
| 13. | എന്റെ ജീവിതകഥ | 67 |
| 14. | പാടാം സ്നേഹ ഗാനങ്ങൾ | 73 |
| 15. | ദ്വീപുകളിലേക്കൊരു യാത്ര | 79 |

# ആമുഖം

നാലാം തരത്തിലെ ഭാഷാ പഠനപ്രവർത്തനങ്ങളിൽ അധ്യാപകരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. വൈവിധ്യമാർന്ന പഠനാനുഭവങ്ങളിലൂടെ കുട്ടികളുടെ ഭാഷാശേഷികൾ വികസിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. പാഠഭാഗത്തെ വിശദീകരിക്കലല്ല മറിച്ച് വിവിധ പഠനപ്രവർത്തനങ്ങൾ ക്ലാസ് റൂമിൽ ഒരുക്കി പഠനോപകരണങ്ങളുടെ പിൻബലത്തോടെ ഫലപ്രദമായ ഭാഷാപഠനം സാധ്യമാക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമമാണ് ഇതിലൂടെ നടത്തുന്നത്. ആ അർത്ഥത്തിൽ താഴെ പറയുന്ന കാര്യങ്ങൾ അധ്യാപക സഹായിയിൽ ഉൾച്ചേർത്തിരിക്കുന്നു.

- വിദ്യാഭ്യാസ ലക്ഷ്യങ്ങൾ
- ഭാഷാ പഠനത്തിന്റെ പ്രസക്തി.
- ഭാഷയും ചിന്തയും.
- ഭാഷാ പഠന സമീപനം.
- അറിവ് നിർമ്മാണ പ്രക്രിയ.
- ഭാഷാ പഠനം നാലാം ക്ലാസിൽ.
- വിവിധ വ്യവഹാര രൂപങ്ങൾ.
- ബഹുമുഖ ബുദ്ധി.
- സംഘ പ്രവർത്തനം.
- വായന, എഴുത്ത്.
- എഡിറ്റിംഗ്.
- ഭാഷാ പഠന സാമഗ്രികൾ.

അധ്യാപക സഹായിയുടെ ആമുഖമെന്ന നിലയിൽ മേൽപറഞ്ഞ ഘടകങ്ങൾ കാണാം. ഓരോ പാഠഭാഗത്തിലൂടെയും കുട്ടി ആർജിക്കേണ്ടതായ ശേഷികൾ/ ധാരണകൾ, പാഠഭാഗത്തിന്റെ സമഗ്രമായ ആസൂത്രണത്തിനുള്ള സൂചന എന്നിവയാണ് തുടർന്നുവരുന്നത്.

## വിദ്യാഭ്യാസ ലക്ഷ്യങ്ങൾ

വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നിർണ്ണയിക്കുമ്പോൾ രാജ്യത്തിന്റെ സ്വാതന്ത്ര്യവും, പരമാധികാരവും, മതേതരത്വവും, ജനാധിപത്യവും അരക്കിട്ടുറപ്പിക്കാൻ കരുത്തുള്ള ഒരു സമൂഹത്തെ മുന്നിൽ കാണേണ്ടതുണ്ട്. മനുഷ്യരുടെ കൂട്ടായ്മയിലും സഹകരണത്തിലും അടിയുറച്ച് മുന്നോട്ടു പോകുന്നതാണ് സമൂഹം. അറിവ് പൊതുസമ്പത്താണെന്ന ധാരണയോടെ, അന്വേഷണവും വിമർശനാത്മക ചിന്തയും അറിവുനിർമ്മാണപ്രക്രിയയുടെ അടിസ്ഥാന ശിലയാണെന്നുള്ള തിരിച്ചറിവിന്റെയും അടിസ്ഥാനത്തിൽ പഠനം നടക്കണം. മൂല്യങ്ങളും മനോഭാവങ്ങളും വിദ്യാഭ്യാസത്തിലൂടെ വളർത്തിയെടുക്കേണ്ടതുണ്ട്. സുരക്ഷിതത്വബോധവും ചുമതലാബോധവും ജീവിതത്തിന്റെ സമസ്ത രംഗങ്ങളിലും തെളിയണം. തന്റെ വളർച്ച കുടുംബത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയുടെ ഭാഗമാണെന്ന തിരിച്ചറിവ് ഓരോ വ്യക്തിയിലും ഉണ്ടാവണം. സങ്കുചിത താൽപര്യങ്ങൾക്ക് തടയിടാനും കൂട്ടായ്മ വളർത്താനും കഴിയുന്ന പഠനക്രമമാണ് ലക്ഷ്യമിടുന്നത്. നിശ്ചിത ഗുണവിശേഷങ്ങളുള്ള ഒരു ഭാവി സമൂഹത്തെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് തിരിച്ചറിഞ്ഞുകൊണ്ടാവണം പഠന പ്രവർത്തനങ്ങൾ ക്ലാസിൽ നടക്കേണ്ടത്.

## ഭാഷാ പഠനത്തിന്റെ പ്രസക്തി


സംസാരിക്കുകയും കാര്യങ്ങൾ ഗ്രഹിക്കുകയും ഗ്രഹിച്ച കാര്യങ്ങൾ പ്രയോഗിക്കുകയുമാണ് ഭാഷയുടെ ധർമ്മം. ഭാഷ ഉൽപ്പാദിപ്പിക്കുവാനുള്ള കുട്ടിയുടെ കഴിവും സിദ്ധികളും ഉപയോഗപ്പെടുത്തുകയും, ഭാഷ ഉപയോഗിച്ച് ദൈനംദിന വ്യവഹാരങ്ങളും സർഗാത്മകപ്രകടനങ്ങളും നടത്തുന്നതിന് അവസരം സൃഷ്ടി

ക്കുകയുമാണ് ഭാഷാ പഠനത്തിലൂടെ നടക്കുന്നത്. ഭാഷ ആർജ്ജിക്കുന്ന ആദ്യഘട്ടത്തിൽ കുട്ടിയിൽ ശക്തമായി രൂപപ്പെടുന്നത് മാതൃഭാഷയാണ്. ഇതിലൂടെ മാത്രമേ ഈ ഘട്ടത്തിൽ ചിന്തിക്കുവാനും ആശയങ്ങൾ വ്യക്തതയോടെ പ്രകടിപ്പിക്കുവാനും കുട്ടിക്ക് കഴിയുകയുള്ളു.

**ഭാഷയും ചിന്തയും**

കുട്ടികളുടെ മനഃശാസ്ത്ര, തത്വശാസ്ത്ര പഠനങ്ങളിൽ ഒട്ടേറെ ചർച്ച ചെയ്തിട്ടുള്ള മുഖ്യ ആശയമാണ് ചിന്തയുടെ തുടക്കം. ചിന്തയെ നിർണ്ണയിക്കുന്നത് ഭാഷയാണെന്നും (വോർഫ്) ഭാഷയെ നിർണ്ണയിക്കുന്നത് ചിന്തയാണെന്നും (പിയാഷെ) ഉള്ള രണ്ട് ഭിന്ന അഭിപ്രായങ്ങളാണ് ആദ്യകാലത്ത് തർക്കവിഷയമായി നിലനിന്നിരുന്നത്. എന്നാൽ മററനവധി പഠനങ്ങൾ വിലയിരുത്തിക്കൊണ്ട് ഭാഷയേയും ചിന്തയേയും കുറിച്ചുള്ള സിദ്ധാന്തങ്ങൾ വിഗോട്സ്കി ആവിഷ്ക്കരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഭാഷയും ചിന്തയും (Thoughts and Language) എന്ന പുസ്തകത്തിൽ ഭാഷയുടെയും ചിന്തയുടെയും വികാസത്തെക്കുറിച്ച് വിശദമായി പരാമർശിച്ചിട്ടുണ്ട്.

ഭാഷയും ചിന്തയും പരസ്പരം സ്വാധീനിക്കുന്നുണ്ടെന്ന് അദ്ദേഹം വിശദമായി സമർത്ഥിക്കുന്നു. രണ്ടു വയസ്സിനു മുമ്പുവരെ ചിന്തയും ഭാഷയും വേറിട്ടു തന്നെയാണ് വികാസം പ്രാപിക്കുന്നത്. എന്നാൽ രണ്ടുവയസ്സിനുശേഷം (ആപേക്ഷികം) അവ തമ്മിൽ സമന്വയിച്ച് ഒരു പുതിയ രൂപം ഉണ്ടാകുന്നു. ഭാഷ വാചികവും യുക്തിപരവുമാകുന്നത് അപ്പോഴാണ്.




ചിന്തയും ഭാഷയും സമന്വയിക്കുന്നതോടുകൂടി ഭാഷാ വികസനത്തിന്റെ വിസ്ഫോടനമാണ് നടക്കുന്നത്.

കുട്ടിയിൽ അന്തർലീനമായിരിക്കുന്ന ഭാഷാ ഘടകത്തിന്റെ വികാസം എന്ന നിലയിൽ ഭാഷാപഠനത്തെ കാണേണ്ടതുണ്ട്. കുട്ടിയുടെ വളർച്ചയ്ക്കനുസരിച്ച് (മാനസികവും കാലികവുമായ വളർച്ച) ഭാഷയും ചിന്തയും പരസ്പരം പൂരകങ്ങളാണ്. അപ്പോൾ ഭാഷയില്ലാത്ത ചിന്തയോ ചിന്തയില്ലാത്ത ഭാഷയോ ഉണ്ടാകുന്നില്ല. അതുകൊണ്ടുതന്നെ ചിന്തയെ ഉണർത്താനുള്ള ഭാഷാനുഭവങ്ങൾ ആണ് ക്ലാസിൽ നടക്കേണ്ടത്. ആശയതലവും ഭാവതലവും ചിന്തയെ വികസിപ്പിക്കും. അതുപോലെ തന്നെ വൈകാരികതലത്തിനും പ്രാധാന്യം നൽകേണ്ടതുണ്ട്.

**ഭാഷാ പഠന സമീപനം**

വിദ്യാഭ്യാസത്തിൽ ഭാഷാപഠനത്തിനുള്ള പ്രസക്തി വളരെ ഗൗരവമായി പരിഗണിക്കപ്പെടേണ്ടതുണ്ട്. ആധുനിക ഭാഷാശാസ്ത്രവും മനഃശാസ്ത്രവും ബഹുഭാഷാ പഠനത്തിന്റെ സാധ്യത അടിവരയിടുന്നു ഭാഷാപഠനം ബൗദ്ധിക വികാസത്തിനും യുക്തി ചിന്ത വളർത്താനും സഹായിക്കുന്നുണ്ട്. ഭാഷ ഉൽപ്പാദിപ്പിക്കാൻ സഹായകമായ അന്തരീക്ഷം ഒരുക്കിക്കൊണ്ട് പഠനം ആസൂത്രണം ചെയ്യാൻ പ്രക്രിയാധിഷ്ഠിത ഭാഷാ പഠന രീതിയിലൂടെ സാധിക്കണം.

കുട്ടിയുടെ നൈസർഗികമായ ഭാഷാശേഷി പ്രയോജനപ്പെടുത്തുന്ന സമീപനരീതിയാണ് സ്വീകരിക്കേണ്ടത്. അതുകൊണ്ടുതന്നെ അറിവുനിർമ്മാണ പ്രക്രിയാഘട്ടങ്ങളിലൂടെ ഓരോ പ്രവർത്തനവും കടന്നുപോകണം.

## അറിവുനിർമ്മാണ പ്രക്രിയ

ആർജിത അറിവിൽ നിന്നുകൊണ്ടാണ് ഒരു വ്യക്തിയിൽ പുതിയ അറിവിന്റെ തലങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. മുമ്പ് നേടിയ/ ആർജ്ജിച്ച ചില ശേഷികളുടെ കൂട്ടിച്ചേർക്കലോ അവ ഉപയോഗിച്ച് നൂതനമായ ആശയങ്ങളുടെ നിർമ്മിതിയോ ആണ് നടക്കുന്നത്. ഭാഷാപരമായ ചിന്ത കുട്ടിയിൽ രൂപപ്പെടുകയും അവ പരസ്പരം പങ്കുവെയ്ക്കുന്നതിലൂടെ കൂടുതൽ തെളിവുകൾ ശേഖരിച്ച് പുതിയ അറിവിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്യുന്നു.

## പ്രക്രിയാ ഘട്ടങ്ങൾ

പ്രശ്നം കുട്ടി അഭിമുഖീകരിക്കുന്നു. പ്രശ്നത്തിന്റെ പ്രസക്തി തിരിച്ചറിയുന്നു.

↓

പ്രശ്നം ഏറ്റെടുക്കുന്നു. അനുമാനങ്ങൾ രൂപീകരിക്കുന്നു. പ്രശ്നം വിശകലനം ചെയ്യുന്നു.

↓

പ്രശ്നത്തെ മറികടക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. പങ്കുവെയ്ക്കുന്നു.

↓

വിവരങ്ങൾ ശേഖരിക്കുന്നു./ശേഖരിച്ചവ ക്രമീകരിക്കുന്നു.

↓

അപഗ്രഥനം നടത്തുന്നു. നിഗമനം രൂപീകരിക്കുന്നു.
നിഗമനങ്ങളെ ന്യായീകരിക്കുന്നു.

↓

ചിന്തയെക്കുറിച്ചുള്ള ചിന്ത, സംവാദം.

↓

കൂടുതൽ തെളിവുകൾ/ഉദാഹരണങ്ങൾ അന്വേഷിക്കൽ. പുതിയ സന്ദർഭത്തിൽ പ്രയോഗിക്കൽ.

ഏതൊരു പഠനവും നടക്കുന്നത് ഈ ഘട്ടങ്ങളിലൂടെയാണ്. എല്ലാ വിഷയങ്ങളിലും യഥാർത്ഥ അറിവുനിർമ്മാണം നടക്കുമ്പോൾ ഈ പ്രക്രിയാഘട്ടങ്ങൾ കടന്നുവരുന്നു. ചില സന്ദർഭങ്ങളിൽ ഈ ഘട്ടങ്ങളെ പ്രത്യക്ഷമായി കാണാൻ കഴിഞ്ഞെന്നു വരില്ല. എങ്കിലും പഠിതാവിന്റെ മനോമുകുരത്തിലൂടെ ഈ ചിന്തകളും പ്രകടനങ്ങളും നടന്നിട്ടുണ്ടാകും.

**ചിന്തയെക്കുറിച്ചുള്ള ചിന്ത (Meta thinking)**
ഞാൻ ഇങ്ങനെ ചിന്തിയ്ക്കുവാനുള്ള കാരണമെന്താണെന്ന് ചിന്തിയ്ക്കുക,
മറ്റുള്ളവർ എന്താണ് ചിന്തിച്ചത് എന്ന് ചിന്തിക്കുന്നു.

## ഭാഷാ പഠനം നാലാം ക്ലാസിൽ

ശിശു കേന്ദ്രീകൃത പാഠ്യ പദ്ധതിയുടെ അടിസ്ഥാനധാരണകൾ പിന്തുടരാനാണ് നാലാം ക്ലാസിൽ ശ്രദ്ധിച്ചിട്ടുള്ളത്. കുട്ടിയുടെ പ്രകൃതം, ആവശ്യങ്ങൾ, താൽപര്യം, അവകാശങ്ങൾ എന്നിവയ്ക്ക് ഇതിൽ പ്രാധാന്യം നൽകിയിരിക്കുന്നു.

സമൂഹവുമായി ഇടപഴകുന്നതിനും ഇഴുകി ചേരുന്നതിനും അവസരം നൽകുന്നതാണ് ഭാഷാ പഠനം. ക്ലാസ്മുറിയിലെ പഠനാനുഭവങ്ങൾ ഇതിനനുയോജ്യമായ തരത്തിൽ ക്രമപ്പെടുത്താൻ കഴിയും.

- പഠിതാക്കൾ പരസ്പരം അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.
- കണ്ടെത്തലുകൾ പങ്കുവെയ്ക്കുന്നു.
- മറ്റുള്ളവരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നു.
- അഭിമുഖങ്ങളിൽ ഏർപ്പെടുന്നു.

ഇത്തരത്തിലുള്ള കൊടുക്കൽ വാങ്ങൽ പ്രക്രിയയിലൂടെയാണ് ഭാഷാപഠനം പുരോഗമിക്കേണ്ടത്. അതുകൊണ്ടുതന്നെ അത്തരം പ്രവർത്തനങ്ങൾ ഭാഷാപഠനത്തിന്റെ ഭാഗമായി നിരന്തരം നടക്കേണ്ടതുണ്ട്.

**വ്യവഹാര രൂപങ്ങൾ**

മൂന്നാം ക്ലാസിലെ പാഠഭാഗങ്ങളിലൂടെ പരിചയപ്പെട്ട വ്യവഹാര രൂപങ്ങൾ തന്നെയാണ് നാലാം തരത്തിലും കുട്ടികൾ കൈകാര്യം ചെയ്യുന്നത്. എന്നാൽ മുമ്പ് നേടിയ ശേഷികളുടെ വളർച്ച ഇവിടെ ലക്ഷ്യമിടുന്നുണ്ട്. കവിത, കഥ, സംഭാഷണം, വിവരണം, കുറിപ്പ്, കത്ത്, നോട്ടീസ്, ഡയറി, വാർത്ത, യാത്രാവിവരണം, ആത്മകഥ, തുടങ്ങിയ വ്യവഹാര രൂപങ്ങളുടെ വളർച്ച (ആശയതലത്തിലും വാക്യഘടനാപരമായും) കുട്ടി മനസ്സിലാക്കേണ്ടതുണ്ട്. കൂടാതെ ചില വ്യവഹാര രൂപങ്ങളുടെ ആവിഷ്ക്കാരവും നടക്കണം.

**ആഖ്യാനം**

കഥ കേൾക്കാൻ ഏതു പ്രായത്തിലുള്ള കുട്ടികളും തല്പരരാണ്. ആഖ്യാനമെന്നത് സംഭവങ്ങളെ ക്രമാനുഗതമായി പറയുക എന്നതല്ല. മറിച്ച് വികാരങ്ങളും വിചാരങ്ങളുമുള്ള കഥാപാത്രങ്ങളുടെ ജീവിതമാണ്. നമ്മുടെ മനസ്സിൽ ഭാഷാനുഭവങ്ങൾ ദീർഘകാലം തങ്ങിനിൽക്കുന്നത് 'വൈകാരിക മനോചിത്രങ്ങൾ' ആയിട്ടാണ്. കുട്ടികളുടെ മനസ്സിലും ഇത്തരം വൈകാരിക മനോചിത്രങ്ങൾ (Emotional Gestalts) സൃഷ്ടിക്കുമ്പോഴാണ് ഭാഷാപരമായ അറിവിന്റെ നിർമ്മിതി സാധ്യമാവുന്നത്. ഇതിനാണ് അധ്യാപകൻ ക്ലാസിൽ അവസരമുണ്ടാക്കേണ്ടത്.

**ആഖ്യാനത്തിന്റെ മികവുകൾ**
- കുട്ടിയ്ക്ക് താൽപര്യം വർദ്ധിക്കുന്നു.
- വിവ്രജന ചിന്തയ്ക്ക് അവസരം ഒരുക്കുന്നു (Divergent thinking)
- ഭാഷയുടെ ഉൽപ്പാദനം നടക്കുന്നു.
- പ്രവർത്തനങ്ങളെ കണ്ണി ചേർക്കാൻ കഴിയുന്നു
- ഭാവനയും സർഗ്ഗാത്മകതയും വളരുന്നു.
- കുട്ടിയുടെ ബഹുമുഖ ബുദ്ധിയെ (MI) പ്രചോദിപ്പിക്കുന്നു.

**ബഹുമുഖ ബുദ്ധി (Multiple Intelligent -MI)**

ബഹുമുഖ ബുദ്ധിയുമായി ബന്ധപ്പെട്ട് ഒട്ടനവധി പഠനങ്ങൾ നടന്നിട്ടുണ്ട്. ഗാർഡ്നറുടെ കണ്ടെത്തലുകളാണ് വിദ്യാഭ്യാസ മനഃശാസ്ത്രജ്ഞർ പാഠ്യപദ്ധതിയിൽ കാര്യമായും ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഓരോ വ്യക്തിയിലുമുള്ള ബുദ്ധിയുടെ തലങ്ങളെ എട്ട് ഘട്ടങ്ങളായാണ് അദ്ദേഹം തിരിച്ചിട്ടുള്ളത്. (പിന്നീട് വന്ന ചില മനഃശാസ്ത്രജ്ഞർ ഇതിനെ വീണ്ടും ഉപമേഖലകളായി തിരിച്ചിട്ടുണ്ട്.)

- ഭാഷാപരമായ ബുദ്ധി
- യുക്തി ചിന്താപരവും ഗണിതപരവുമായ ബുദ്ധി.
- ദൃശ്യ സ്ഥലപര ബുദ്ധി
- സംഗീതപരമായ ബുദ്ധി
- ശാരീരിക ചലനപരമായ ബുദ്ധി.
- വ്യക്ത്യാന്തര ബുദ്ധി.
- ആന്തരിക വൈയക്തിക ബുദ്ധി.
- പ്രകൃതിപരമായ ബുദ്ധി.

ബുദ്ധിയുടെ ഈ തലങ്ങൾ എല്ലാവരിലും ഉണ്ട്. ഓരോരുത്തരുടെയും ബുദ്ധിയുടെ തലത്തിൽ ഏറ്റക്കുറച്ചിലുകൾ ഉള്ളതുകൊണ്ടാണ് അവർ വ്യത്യസ്തരായിരിക്കുന്നത്. അർഹമായ/ തീഷ്ണമായ അനുഭവങ്ങൾ ലഭിക്കുമ്പോൾ ഈ തലങ്ങളിൽ വളർച്ചയുണ്ടാകും. മസ്തിഷ്ക്ക വളർച്ച ദ്രുതഗതിയിൽ നടക്കുന്ന ചെറുപ്രായത്തിൽ ബുദ്ധിയുടെ ബഹുമുഖ വികാസത്തിന് സഹായകമായ പ്രവർത്തനങ്ങൾ നൽകേണ്ടതുണ്ട്.

**സംഘ പ്രവർത്തനം**

ഏതൊരു പ്രവൃത്തിയും ഒറ്റയ്ക്കു ചെയ്യുന്നതിനേക്കാൾ എത്രയോ മികവുറ്റതാകും അത് കൂട്ടായ്മയിലൂടെ പൂർത്തീകരിക്കുമ്പോൾ. കൂട്ടായ പ്രവർത്തനവും കൂട്ടായചിന്തയും കൂടുതൽ ഫലം നൽകും. അതുകൊണ്ടുതന്നെ സംഘപ്രവർത്തനം പഠനപ്രക്രിയയുടെ അവിഭാജ്യഘടകമാണ്. കുട്ടികളിൽ ആത്മവിശ്വാ

സം വളർത്തുന്നതിനും, വെല്ലുവിളികൾ ഏറ്റെടുക്കാൻ സന്നദ്ധരാക്കുന്നതിനും സംഘപ്രവർത്തനങ്ങൾക്ക് കഴിയും. തന്റെ കഴിവുകൾക്കൊപ്പം പരിമിതികളും മനസ്സിലാക്കുവാനും അതനുസരിച്ചുള്ള ക്രമീകരണം പ്രവർത്തനങ്ങളിൽ നടത്തുവാനും കഴിയുന്നത് സഹവർത്തിത പഠനത്തിലൂടെയാണ്. ഉയർന്ന മൂല്യങ്ങൾ വളർത്താനും സഹായ മനോഭാവം വളർത്താനും സംഘപ്രവർത്തിക്കു കഴിയുന്നു. വിദ്യാഭ്യാസ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് മുഖ്യപങ്കുവഹിക്കുവാൻ സംഘ പ്രവർത്തനത്തിനു കഴിയും.

### വായന, എഴുത്ത്

വിവിധ വ്യവഹാര രൂപങ്ങളുടെ വായനയിലും ലേഖനത്തിലും നാലാം ക്ലാസിലെത്തിയ കുട്ടി ബഹുദൂരം മുന്നേറേണ്ടതുണ്ട്. സ്വന്തമായി പാഠഭാഗം വായിക്കുന്ന കുട്ടിക്ക് സ്വാഭാവിക വായനക്ക് താത്പര്യമുണർത്തുന്ന സന്ദർഭങ്ങളാണ് ഒരുക്കേണ്ടത്. ആശയം പൂർണ്ണമായി ഉൾക്കൊള്ളുന്നതിന് പാഠഭാഗം പലതവണ വായിക്കേണ്ടതുണ്ട്. ഓരോ വായനയ്ക്കും വിവിധ തന്ത്രങ്ങൾ ആവിഷ്ക്കരിക്കണം. ടീച്ചറുടെ മാതൃകാ വായനയും പ്രചോദനമാകാം. ഓരോ വായനയും ലക്ഷ്യങ്ങളുടെ സാക്ഷാൽക്കാരത്തിനു വേണ്ടിയാകുമ്പോൾ യാന്ത്രിക വായന ഒഴിവാകും.

അതുപോലെ തന്നെ യാന്ത്രികമായ എഴുത്തും കുട്ടികളിൽ വിരസത ഉളവാക്കും. ആവശ്യബോധത്തിൽ നിന്നുള്ള രചനകൾ ജീവസ്സുറ്റതാകും. അതിനാൽ ആവശ്യബോധമുണർത്തുന്ന സ്വാഭാവിക സന്ദർഭങ്ങൾ ക്ലാസിൽ സൃഷ്ടിക്കാൻ ശ്രമിക്കണം.

### എഡിറ്റിംഗ് (തെറ്റുതിരുത്തൽ)

കുട്ടികൾ വരുത്തുന്ന തെറ്റുകൾ പഠനം നടക്കുന്നു എന്നതിന്റെ തെളിവാണ് / അതായത് തെറ്റുകൾ പഠനത്തിന്റെ ഭാഗമാണ്. എന്നിരുന്നാലും അവ തിരുത്തപ്പെടേണ്ടതുതന്നെയാണ്. തിരുത്തുന്ന രീതിയാണ് പ്രധാനം.

താൻ വരുത്തിയ തെറ്റ് എന്താണ് എന്ന് സ്വയം തിരിച്ചറിയാനുള്ള അവസരം സൃഷ്ടിക്കലാണ് അതിൽ പ്രധാനം. ലേഖനത്തിൽ വിവിധ തലങ്ങളിൽ തെറ്റുവരാം. പ്രധാനമായും ആശയതലത്തിലും വാക്യഘടനയിലുമാണ് കൂടുതൽ തെറ്റുവരിക. കൂടാതെ പദഘടനയിലും, അക്ഷരം, ചിഹ്നം എന്നിവയിലും തെറ്റുകൾ വരുത്താറുണ്ട്.

മുഴുവൻ ഭാഷാ പ്രവർത്തനങ്ങളും എഡിറ്റിംഗിന് വിധേയമാക്കണമെന്ന് നിർബന്ധം പിടിക്കേണ്ടതില്ല. എന്നാൽ പാഠാസൂത്രണ സമയത്ത് ഏത് പ്രവർത്തനമാണ് എഡിറ്റിംഗിന് പരിഗണിക്കുന്നതെന്ന് തീരുമാനിക്കണം. പ്രവർത്തനത്തിൽ ഏത് മേഖലയിലാണ് എഡിറ്റിംഗ് നടത്തുന്നത് എന്നും തീരുമാനിക്കണം. (ആശയമേഖല, വാക്യഘടന, പദഘടന, അക്ഷരം, ചിഹ്നം) മുഴുവൻ മേഖലയും ഒരുമിച്ച് പരിഗണിക്കേണ്ടതില്ല. ഗ്രൂപ്പ് പ്രവർത്തനത്തിന്റെ ഭാഗമായി ഉണ്ടായ ഉത്പ്പന്നം എഡിറ്റിംഗിന് വിധേയമാക്കാം.

### ആശയതലം

നിശ്ചിത വ്യവഹാരരൂപത്തിൽ ഉൾച്ചേർന്ന് വരേണ്ട ആശയങ്ങൾ പൂർണ്ണമാണോ എന്ന് പരിശോധിച്ചാണ് എഡിറ്റിംഗ് നടത്തേണ്ടത്. ഏതെങ്കിലും ഒരു ഗ്രൂപ്പിന്റെ ഉത്പ്പന്നം ക്ലാസിൽ പൊതുവായി എഡിറ്റ് ചെയ്യാം. മറ്റു ഗ്രൂപ്പുകളുടെ ഉൽപ്പന്നങ്ങൾ താരതമ്യം ചെയ്യുന്നതിലൂടെയും ടീച്ചർ വേർഷൻ പരിചയപ്പെടുത്തുന്നതിലൂടെയും ഇത് സാധ്യമാക്കാം.

### വാക്യഘടന

വാക്യഘടനയിൽ വരുത്തുന്ന തെറ്റുകൾ പ്രധാനമായും പദം വിട്ടുപോകലും, തെറ്റായ പദക്രമവും, അധികപദങ്ങളുടെ ഉപയോഗവുമാണ്. ഇത്തരം പിശകുകൾ ഗ്രൂപ്പ് ഉൽപ്പന്നത്തിൽ കാണാൻ ഇടവന്നാൽ കുട്ടിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ശരിയായ ഘടന ക്ലാസിൽ രൂപപ്പെടുത്തുകയുമാണ് ചെയ്യേണ്ടത്.

### പദഘടന

പദഘടനാപരമായ പിശകുകൾ വാചിക പ്രകടനത്തിൽവരുന്നതുപോലെ ലേഖനത്തിലും വരാം. ഇവിടെ ലേഖനത്തിൽ വന്ന തെറ്റ് കുട്ടിയുടെ ശ്രദ്ധയിൽ വരുത്തുകയും ശരിയായ രൂപം കണ്ടെത്താൻ അവസരം

ഒരുക്കുകയുമാണ് ചെയ്യേണ്ടത്.

**അക്ഷരം, ചിഹ്നം**

പ്രാഥമിക ഘട്ടമെന്ന നിലയിൽ അക്ഷര പിശകുകൾ നാലാം തരത്തിൽ കണ്ടേക്കാം. അക്ഷരങ്ങൾ വിട്ടുപോകൽ, മാറി പ്രയോഗിക്കൽ, ചിഹ്നങ്ങൾ ഉപയോഗിക്കാതിരിക്കൽ എന്നിവയാണ് പ്രധാനമായി വരുന്ന പിശകുകൾ. (ഇവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഒന്നാം തരത്തിലെ അധ്യാപക സഹായിയിൽ ഉദാഹരണസഹിതം നൽകിയിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ.)

**ഭാഷാ പഠന സാമഗ്രികൾ**

ഭാഷ കുട്ടി പഠിക്കുകയല്ല സ്വയം ആർജിക്കുകയാണ് വേണ്ടതെന്ന് നാം മനസ്സിലാക്കിക്കഴിഞ്ഞു. ഇതിനായി ഭാഷാപഠന ക്ലാസിൽ ധാരാളം സന്ദർഭങ്ങൾ ഒരുക്കേണ്ടതായിട്ടുണ്ട്. അതിന് അധ്യാപകനെ പ്രാപ്തനാക്കുന്ന ഒട്ടനവധി പഠനസാമഗ്രികൾ ആവശ്യമായിവരും. ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ, സിഡികൾ, ചിത്രങ്ങൾ തുടങ്ങിയ ധാരാളം സാമഗ്രികൾ ടീച്ചർ കണ്ടെത്തേണ്ടതുണ്ട്. പാഠപുസ്തകവും വർക്കുബുക്കും അധ്യാപകന് ഒരു ചൂണ്ടുപലകയാണ്. മറ്റ് ഭാഷാ പഠനസാമഗ്രികളുടെ ഉപയോഗത്തേക്കാൾ കൂടുതൽ കരുതലോടെ വേണം, ഇവയെ സമീപിക്കാൻ.

**പാഠപുസ്തകം**

ഓരോ വ്യവഹാര രൂപങ്ങളിലും കുട്ടി എത്തിച്ചേരേണ്ട മിനിമം ലവൽ വരച്ചുകാണിക്കുന്ന ഒരു സാമഗ്രിയായി കണ്ടാൽ മതി. എത്രവേണമെങ്കിലും മുന്നോട്ടുപോകുവാനുള്ള സാധ്യതകൾ തുറന്നിട്ടിരിക്കണം.

ഓരോ പാഠഭാഗത്തിനും മിനിമം ലക്ഷ്യങ്ങൾ ഉണ്ട്. അവ നേടാൻ ആവശ്യമായ പ്രവർത്തനങ്ങളുടെ രൂപരേഖയും പാഠപുസ്തകത്തിൽ വരുന്നുണ്ട്.

പുസ്തകത്തിലെ ഓരോ പ്രവർത്തനങ്ങൾക്കും പ്രത്യേക ലക്ഷ്യങ്ങൾ ഉണ്ട്. ആ ലക്ഷ്യം മനസ്സിലാക്കി വേണം പ്രവർത്തനം ചിട്ടപ്പെടുത്താൻ. അതിന് മറ്റ് പല പഠനസാമഗ്രികളും തന്ത്രങ്ങളും ഉപയോഗിക്കേണ്ടിവരും.

പാഠപുസ്തകത്തിലെ ചിത്രങ്ങളും ഓരോ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ക്രമീകരിച്ചവയാണ്. പുസ്തകത്തിൽ ആവശ്യമായ ചിത്രങ്ങൾ ഇല്ലെങ്കിൽ അനുയോജ്യമായവ കണ്ടെത്തി ക്ലാസിൽ പ്രദർശിപ്പിച്ച് ആശയസ്വീകണത്തിന് അവസരമൊരുക്കണം. അവ പരമാവധി പ്രയോജനപ്പെടുത്തണം. ചിത്രവായന വിവിധ പ്രവർത്തനങ്ങളിലേക്ക് നയിക്കാൻ സഹായകമാകും. വായന, എഴുത്ത്, സംഭാഷണ രൂപീകരണം, കഥയുണ്ടാക്കൽ തുടങ്ങി ധാരാളം പ്രവർത്തനങ്ങളിലേക്ക് കുട്ടിയെ കൊണ്ടുപോകാം.

**വർക്ക് ബുക്ക്**

ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ചുവടുപിടിച്ച് തയ്യാറാക്കിയ മറ്റൊരു ഭാഷാപഠനസാമഗ്രിയാണ് വർക്ക് ബുക്ക്. കുട്ടികൾക്ക് സ്വയം വിലയിരുത്തുവാനും, ഗ്രൂപ്പ് വിലയിരുത്തലിനും, ടീച്ചറുടെ വിലയിരുത്തലിനും ഇത് സഹായകരമാണ്. അപ്പോൾ ഒരു മൂല്യനിർണ്ണയ ഉപാധിയായി ഇതിനെ കാണാം. എന്നാൽ ചില സന്ദർഭങ്ങളിൽ പഠിച്ച കാര്യങ്ങളെ ഉറപ്പിക്കുന്നതിനുള്ള കൂടുതൽ തെളിവു നൽകുന്നതിനായും വർക്ക് ബുക്കിലെ പ്രവർത്തനങ്ങളെ ഉപയോഗപ്പെടുത്താം.

വർക്ക് ബുക്കിലെ ഓരോ പ്രവർത്തനവും ഏത് ധർമ്മത്തിന്റെ പൂർത്തീകരണത്തിനായിട്ടാണ് ഉപയോഗിക്കുന്നതെന്ന് ടീച്ചർക്ക് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം.

**അധ്യാപകസഹായിയുടെ ഉപയോഗം**

പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ സന്ദർഭങ്ങളുമായി കൂട്ടിയിണക്കി കുട്ടികൾക്ക് താൽപര്യമുണർത്തുന്ന രീതിയിൽ പഠനാനുഭവങ്ങൾ ഒരുക്കത്തക്ക രീതിയിലാണ് അധ്യാപക സഹായി ചിട്ടപ്പെടുത്തിയിരിക്കുന്നത്. ക്ലാസ്റൂം പ്രക്രിയ ഓരോ പാഠത്തിലും / പ്രവർത്തനത്തിലും എങ്ങനെ ആയിരിക്കണമെന്ന് ഇതിൽ വ്യക്തമാക്കിയിരിക്കുന്നു.

അറിവുനിർമ്മാണ പ്രക്രിയാഘട്ടങ്ങൾ ഓരോ പ്രവർത്തനത്തിലും ഉൾച്ചേർന്ന് വരേണ്ടതുണ്ട്. സമാന

പ്രവർത്തനങ്ങൾ വിവിധ പാഠങ്ങളിൽ ആവർത്തിച്ചു വരുമ്പോൾ ആദ്യഭാഗങ്ങളിൽ പ്രക്രിയാഘട്ടങ്ങൾ വിശദീകരിച്ച് നൽകിയിട്ടുണ്ട്. പിന്നീട് പ്രക്രിയാഘട്ടങ്ങൾ പാലിക്കണം എന്ന സൂചനമാത്രമായിരിക്കും നൽകിയിട്ടുണ്ടാവുക. അതിനാൽ പ്രക്രിയാഘട്ടങ്ങൾ പൂർണ്ണമായും പാലിക്കപ്പെടേണ്ടതില്ല എന്നുകരുതരുത്.

കൃത്യമായ ആസൂത്രണം (Planning) നടത്തി വേണം അധ്യാപക സഹായി കൈകാര്യം ചെയ്യാൻ. എന്നാൽ മാത്രമേ സമയക്രമീകരണം പാലിക്കാൻ കഴിയൂ. ആഖ്യാനങ്ങളിലും അവതരണ ശൈലിയിലും പ്രാദേശികമായ മാറ്റങ്ങൾ ആവശ്യമെങ്കിൽ അധ്യാപിക വരുത്തേണ്ടതാണ്. കൈപ്പുസ്തകം ഒരു അവസാന വാക്കായി കാണാതെ ആവശ്യമായ കൂട്ടിച്ചേർക്കലോടെ ക്ലാസ്റൂം പ്രവർത്തനങ്ങൾ ജീവസ്സുറ്റതാക്കാൻ ഓരോ അധ്യാപികക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

## പാഠം 1

# എന്റെ മലയാളം

*മാതൃഭാഷയോടുള്ള സ്നേഹം ഏതു വ്യക്തിയുടെയും ബാധ്യതയിൽ പെട്ടതാണ്. ഏതുഭാഷ സംസാരിക്കുന്ന മാതാപിതാക്കളിലാണോ കുട്ടി പിറക്കുന്നത് അവർ സംസാരിക്കുന്ന ഭാഷയാണ് കുട്ടിയുടെ മാതൃഭാഷ. ഭാഷയിൽ ആദ്യാക്ഷരങ്ങൾ ഉച്ചരിച്ചു തുടങ്ങുന്നതും ആദ്യമായി ആശയ വിനിമയം നടത്തുന്നതും ആ ഭാഷയിലായിരിക്കും. ആദ്യം മനസ്സിൽ പതിയുന്ന, രക്തത്തിൽ അലിഞ്ഞു ചേർന്ന ഭാഷയായിരിക്കുമത്. അതുകൊണ്ടു തന്നെ പ്രഥമിക ക്ലാസുകളിൽ കുട്ടികൾ മലയാളത്തിൽ സംസാരിക്കുകയും പഠിക്കുകയും വിനിമയം നടത്താൻ പരിശീലിക്കുകയും വേണം. നമ്മുടെ പാഠ്യപദ്ധതി പ്രകാരം മാതൃഭാഷയായ മലയാളത്തിന് നല്ല പ്രാധാന്യം നൽകിയിട്ടുണ്ട്. പ്രാഥമിക ക്ലാസ്സുകൾ പിന്നിടുമ്പോഴേക്കും ഭാഷയിൽ നല്ല കഴിവു നേടാൻ പര്യാപ്തമാകും വിധമുള്ള പാഠഭാഗങ്ങളും അനുബന്ധപ്രവർത്തനങ്ങളുമാണ് നൽകിയിട്ടുള്ളത്.*

*മലയാളഭാഷയോട് കുട്ടികളുടെ മനസ്സിൽ സ്നേഹമുണരണം. ഭാഷ നന്നായി കൈകാര്യം ചെയ്യാനുള്ള കഴിവും താൽപര്യവുമുണ്ടാകണം. അതിന് ഭാഷയുടെ മഹത്വവും സവിശേഷതകളും കുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്. ഇതിനു സഹായകമാവുന്ന കവിതയാണ് ഒ.എൻ.വി. കുറുപ്പിന്റെ 'എന്റെ മലയാളം'. മലയാള ഭാഷയുടെ ചരിത്രം പൂർണമായിത്തന്നെ ഏതാനും വരികളിൽ ആവിഷ്കരിക്കാൻ കവിക്ക് കഴിഞ്ഞിരിക്കുന്നു. നാലാം ക്ലാസിലെ കുട്ടികൾക്ക് ഗഹനമായ ഭാഷാ ചരിത്രപഠനം യുക്തമല്ല. എന്നാലും ഭാഷയുടെ ലളിതരീതിയിലുള്ള ചരിത്രം കുട്ടികളിലെത്തിക്കാൻ ഈ പാഠഭാഗം പ്രയോജനപ്പെടുത്തണം.*

*മാതൃഭാഷയുടെ പ്രാധാന്യം തിരിച്ചറിയുന്നതോടൊപ്പം കവിതകൾ വായിച്ചാസ്വദിക്കുന്നതിനും കവിതാരചനകളിൽ ഏർപ്പെടുന്നതിനും കവിതയുടെ സൗന്ദര്യതലം തിരിച്ചറിയുന്നതിനും ഈ പാഠാവതരണത്തോടൊപ്പം അവസരം ഒരുക്കേണ്ടതുണ്ട്. ഈണത്തിൽ പാടി രസിക്കാവുന്നതാണ് ഈ കവിത. അതുകൊണ്ട് തുടക്കത്തിൽ തന്നെ നല്ലൊരു ആസ്വാദനതലം സൃഷ്ടിക്കാൻ ഈ പാഠഭാഗത്തിലൂടെ കഴിയും.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ/ധാരണകൾ

- മലയാള ഭാഷയുടെ മനോഹാരിത തിരിച്ചറിയുന്നതിന്.
- ഭാഷാ ചരിത്ര മുഹൂർത്തങ്ങൾ മനസ്സിലാക്കുന്നതിന്.
- ഭാഷയെക്കുറിച്ച് പ്രതിപാദിക്കുന്ന കവിതകൾ ശേഖരിക്കുന്നതിനും വായിച്ചാസ്വദിക്കുന്നതിനും.
- പദങ്ങളുടെ അർത്ഥം, പ്രയോഗങ്ങൾ, വിശേഷണങ്ങൾ, പര്യായ പദങ്ങൾ തുടങ്ങിയവ കണ്ടെത്തുന്നതിനും പ്രയോഗിക്കുന്നതിനും.
- കവിതകൾ ഈണം കണ്ടെത്തി ചൊല്ലി ആസ്വദിക്കുന്നതിന്.

### വ്യവഹാര രൂപങ്ങൾ

കവിത

### പ്രകടിത രൂപങ്ങൾ

കവിതകൾ, ആലാപനം, കുറിപ്പുകൾ

### പ്രവർത്തനങ്ങൾ

'മണിനാദം പോൽ മധുരം നമ്മുടെ
മലനാട്ടിൻ മൊഴി മലയാളം'.

‘വാനിലമ്പിളി പോലെയുണ്ടൊരു തേനുലാവിന ഭാഷയും’.
‘എന്നുടെ ഭാഷതാൻ എൻ തറവാട്ടമ്മ
മറ്റുള്ള ഭാഷ വിരുന്നുകാരി’.

- ടീച്ചർ ഇത്തരം വരികൾ ഉൾക്കൊള്ളുന്ന ചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.
- എന്തിനെക്കുറിച്ചാണ് ഈ വരികൾ സൂചിപ്പിക്കുന്നത്?
- മലയാള ഭാഷക്ക് ഈ വരികളിൽ നൽകിയ വിശേഷണങ്ങൾ എന്തൊക്കെയാണ്.?

കവിതാ വരികളുടെ ആശയം വിശദീകരിച്ച് ക്ലാസിൽ ചർച്ച ചെയ്യുന്നു.

- മലയാള ഭാഷയെക്കുറിച്ച് നമുക്ക് മറ്റൊരു കവിത പഠിക്കാം.

കുട്ടികൾ ‘എന്റെ മലയാളം’ കവിത വായിക്കുന്നു.

### ഈണത്തിൽ ചൊല്ലാം(ടെക്സ്റ്റ് ബുക്ക്)

- ഗ്രൂപ്പുകളായി തിരിഞ്ഞ് കുട്ടികൾ കവിതക്ക് ഈണം കണ്ടെത്തട്ടെ. അഞ്ച് പേർ വീതമുള്ള ഗ്രൂപ്പുകളാക്കാം. ഓരോഗ്രൂപ്പും കവിത ചൊല്ലി ഈണം കണ്ടെത്തുന്നു. ഓരോ ഗ്രൂപ്പും കവിത അവതരിപ്പിക്കുന്നു.
- ശേഷം ടീച്ചർ കവിത ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു. (സി.ഡി. പ്രയോജനപ്പെടുത്താം)
- കുട്ടികൾ കണ്ടെത്തിയ ഈണവുമായി താരതമ്യം ചെയ്യുന്നു. മികവുകൾ എന്തൊക്കെ? ചർച്ച ചെയ്യുന്നു.
- ഈണത്തിൽ മാറ്റമുണ്ടെങ്കിൽ എന്തുകൊണ്ട്?
- കവിതയുടെ ഈണം നിശ്ചയിക്കുന്ന ഘടകങ്ങൾ എന്തെല്ലാം?

(കവിതയിലെ ആശയം, പദവിന്യാസം, വരികളുടെ ദൈർഘ്യം)
തുടർന്ന് ടീച്ചറും കുട്ടികളും ചേർന്ന് കവിത ആലപിക്കുന്നു.

### കവിതാലാപനം – വിലയിരുത്തൽ സൂചനകൾ:

ആശയത്തിന് അനുയോജ്യമായ ഭാവം.
യോജിച്ച ഈണവും താളവും.
ആശയ വ്യക്തതയോടെയുള്ള അവതരണം.

### അർത്ഥം കണ്ടെത്താം(ടെക്സ്റ്റ് ബുക്ക്)

കുട്ടികൾ പാഠഭാഗം വീണ്ടും വായിച്ച് അർത്ഥമറിയാത്ത പദങ്ങൾ നോട്ടുബുക്കിൽ എഴുതിയെടുക്കട്ടെ. തുടർന്ന് ചെറു ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് ആ പദങ്ങളുടെ അർത്ഥമറിയുമോ എന്നു പരിശോധിക്കുന്നു. ആർക്കും മനസ്സിലാവാത്ത പദങ്ങളുടെ അർത്ഥം സന്ദർഭത്തിന്നനുയോജ്യമായിഊഹിച്ചെടുക്കുന്നു. കണ്ടെത്തിയ ആശയം അവതരിപ്പിക്കുന്നു. തുടർന്ന് ടീച്ചർ ഈ പദം വേറെ വാക്യങ്ങളിൽ ചേർത്ത് അവതരിപ്പിക്കുന്നു. കുട്ടികൾക്ക് ആ പദത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള ധാരണയുണ്ടാകാനാണിത്. പൊതുവായി രൂപപ്പെട്ട ധാരണയുടെ അടിസ്ഥാനത്തിൽ ആ പദങ്ങളും അവയുടെ അർത്ഥവും ടീച്ചർ ബോർഡിലെഴുതുന്നു.

തുടർന്ന് നേരത്തെ എഴുതിയെടുത്ത പദങ്ങളുടെ സമാനപദങ്ങൾ നോട്ടുബുക്കിൽ എഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

### സൂചനകൾ കണ്ടെത്താം, വിശദീകരിക്കാം(ടെക്സ്റ്റ് ബുക്ക്)

കവിതയുടെ ആശയം വ്യക്തമായിക്കഴിഞ്ഞാൽ തുടർന്ന് നടത്താവുന്ന പ്രവർത്തനമാണിത്.
‘‘കൊഞ്ചലും കുറുമൊഴികളും പോയ്
കഥകൾ പലതോതീ
നെഞ്ചണച്ചൊരു ഗുരു വളർത്തിയ
കിളിമകൾ പാടീ.’’

മലയാള ഭാഷയുടെ ആദിരൂപങ്ങളെക്കുറിച്ചും ഭാഷയുടെ പരിണാമത്തെക്കുറിച്ചും ലളിത വിവരണം നൽകാം. മലയാള ഭാഷയുടെ പിതാവ് എന്ന നിലയിലറിയപ്പെട്ട തുഞ്ചത്തെഴുത്തച്ഛനിലേക്ക് ചർച്ച കൊണ്ടുവരാം.

## എഴുത്തച്ഛൻ മലയാള ഭാഷയിൽ വരുത്തിയ പരിവർത്തനങ്ങൾ

അക്ഷരമാല, കിളിപ്പാട്ടു പ്രസ്ഥാനം കിളിയെക്കൊണ്ടു കഥ പറയിക്കുന്ന രീതിയിൽ രചിച്ച അദ്ധ്യാത്മ രാമായണം, മഹാഭാരതം കിളിപ്പാട്ടുകൾ... അവയിൽ പ്രതിപാദിക്കുന്ന ദേവന്മാരുടെയും അസുരന്മാരുടെയും മനുഷ്യരുടെയും കഥകൾ...

ഇങ്ങനെ മലയാള ഭാഷയിൽ എഴുത്തച്ഛൻ കൊണ്ടു വന്ന പരിഷ്കാരങ്ങളെക്കുറിച്ചുള്ള ഒരു വിവരണം കുട്ടികൾക്കു നൽകാം.

....നെഞ്ചണച്ചൊരു ഗുരു - തുഞ്ചത്തെഴുത്തച്ഛൻ

കിളിമകൾ - എഴുത്തച്ഛന്റെ തത്ത. (ശാരികപ്പൈതലേ... എന്നു തുടങ്ങുന്ന തത്തയെക്കൊണ്ടു കഥ പറയിക്കുന്ന ശൈലി)

'മണ്ണിൽ വേർപ്പു വിതച്ചവർ ത-
ന്നീണമായ് വന്നു'...

കർഷകരിലൂടെ, അധ്വാനിക്കുന്നവരിലൂടെ ജനിച്ചു വളർന്ന നാടൻ പാട്ടുകളെക്കുറിച്ചുള്ള സൂചന. ആദി പാട്ടുകളിൽ പലതും ഇങ്ങനെ തൊഴിലുകളോടനുബന്ധിച്ചു പാടിപ്പതിഞ്ഞതാണല്ലോ.

## ഉത്തരം കണ്ടെത്താം(ടെക്സ്റ്റ് ബുക്ക്)

പാഠഭാഗം ആവശ്യബോധത്തോടു കൂടി വീണ്ടും വായിക്കുന്നതിനുള്ള ഒരു പ്രവർത്തനമാണിത്. ചോദ്യങ്ങളോരോന്നും കുട്ടികൾ വ്യക്തിഗതമായി വായിച്ച് ഉത്തരം കണ്ടെത്തി നോട്ടുബുക്കിൽ എഴുതുന്നു.

എഴുതിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു.

തുടർന്ന് ഓരോ ഗ്രൂപ്പും ചോദ്യവും ഉത്തരവും അവതരിപ്പിക്കുന്നു. ടീച്ചറുടെ പങ്കാളിത്തത്തോടെ കൂട്ടിച്ചേർക്കലുകൾ (ആവശ്യമെങ്കിൽ) നടത്തുന്നു. കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും കൂടുതലുണ്ടെങ്കിൽ മാറ്റിയെഴുതാൻ ആവശ്യപ്പെടാം. ഉത്തരമെഴുതുമ്പോൾ പൂർണ്ണവാക്യങ്ങളെഴുതാൻ കുട്ടികളെ പ്രേരിപ്പിക്കണം.

ഉദാ: സുന്ദരമായ ഭാഷ ഏതുപോലെയാണ്?

കുട്ടികൾ സ്വാഭാവികമായി 'മുത്തുപവിഴങ്ങൾ കൊരുത്ത പൊന്നുനൂൽ പോലെ' എന്നുമാത്രമായിരിക്കും എഴുതുക.

എന്നാൽ 'മുത്തു പവിഴങ്ങൾ കൊരുത്ത പൊന്നുനൂൽ പോലെയാണ് സുന്ദരമായ മലയാളഭാഷ' എന്നു പൂർണ വാക്യത്തിലെഴുതാൻ പരിശീലിപ്പിക്കണം.

## പദങ്ങൾ പിരിച്ചെഴുതാം(ടെക്സ്റ്റ് ബുക്ക്)

കവിതകളുടെ ആശയം പൂർണമായി ഗ്രഹിക്കുന്നതിന് വരികളിലെ എല്ലാ പദങ്ങളും തിരിച്ചറിയണം. അതിന് സഹായകമാകുന്ന ഒരു മാതൃകാ പ്രവർത്തനമാണിത്. കുട്ടികൾ വ്യക്തിഗതമായി പിരിച്ചെഴുതാൻ ശ്രമിക്കട്ടെ. ശേഷം ടീച്ചർ ബോർഡിൽ പിരിച്ചെഴുതി കാണിക്കണം.

എത്ര സുന്ദരം + എത്ര സുന്ദരം + എന്റെ മലയാളം

മിന്നും + ഈരില + വീശിടും പോലെ + എത്ര + ഈരടികൾ

'പദങ്ങൾ പിരിച്ചെഴുതുക' എന്ന വർക്ക് ബുക്കിലെ പ്രവർത്തനം ഇതോടൊപ്പം

ഗൃഹപാഠമായി നൽകാം. ടീച്ചർ വിലയിരുത്തണം.

## ഇഷ്ടപ്പെട്ട വരികൾ എടുത്തെഴുതുക(ടെക്സ്റ്റ് ബുക്ക്)

'എന്റെ മലയാളം' എന്ന കവിതയിലെ ഇഷ്ടപ്പെട്ട വരികൾ എടുത്തെഴുതാനാണ് നിർദേശം. ഏതെങ്കിലും രണ്ടോ നാലോ വരി എഴുതിയാൽ പോര. വരികളുടെ ആശയം ശരിക്കും മനസ്സിലാക്കിത്തന്നെയാവണം കുട്ടികൾ ഈ തിരഞ്ഞെടുപ്പ് നടത്തുന്നത്. ഇഷ്ടപ്പെടാനുള്ള കാരണവും എഴുതണമെന്ന് പ്രത്യേകം നിർദേശിക്കുന്നത് അതു കൊണ്ടാണ്. അധ്യാപകർ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ
ആശയ ഭംഗി,
പദങ്ങളുടെ വിന്യാസം,
ഈണം, താളം തുടങ്ങിയവയാവാം

**മാതൃകപോലെ പദങ്ങൾ വേർതിരിച്ചെഴുതുക (വർക്ക് ബുക്ക്)**

സമാസപദങ്ങളെ വിഗ്രഹിച്ചെഴുതാനുള്ള പ്രവർത്തനമാണിത്. സമാസം, വിഗ്രഹം എന്നൊക്കെ പറഞ്ഞ് കുട്ടികളെ ആശങ്കയിലാക്കേണ്ടതില്ല. മാതൃക പോലെ ഓരോ പദത്തിലുമുൾക്കൊള്ളുന്ന ആശയം വ്യക്തമാക്കും വിധം പദങ്ങൾ വേർതിരിച്ച് എഴുതാൻ നിർദേശിച്ചാൽ മതി. മാതൃക പരിചയപ്പെടുത്തിയ ശേഷം കുട്ടികൾ വ്യക്തിഗതമായി ഈ പ്രവർത്തനം പൂർത്തീകരിക്കട്ടെ.

മുത്തുപവിഴങ്ങൾ – മുത്തും പവിഴവും
കിളിമകൾ – കിളിയുടെ മകൾ
നെന്മണി – നെല്ലിന്റെ മണി
പൊന്നുനൂൽ – പൊന്നു കൊണ്ടുള്ള നൂൽ
സ്വർണമാലിക – സ്വർണം കൊണ്ടുള്ള മാലിക
മഹാചരിത്രം – മഹത്തായ ചരിത്രം
കൂടുതൽ ഉദാഹരണങ്ങൾ നൽകി അവബോധമുണ്ടാക്കാം.

**പര്യായ പദങ്ങൾ കണ്ടെത്താം(വർക്ക് ബുക്ക്)**

ഒരേ അർത്ഥമുള്ള പദങ്ങൾ ശേഖരിച്ചെഴുതാനാണ് നിർദേശം. കുട്ടികളുടെ പദസമ്പത്ത് വർദ്ധിപ്പിക്കാൻ ഈ പ്രവർത്തനം അനിവാര്യമാണ്. ഓരോ പദത്തിനും മൂന്നു വീതം പര്യായ പദങ്ങൾ കണ്ടെത്താനാണാവശ്യപ്പെട്ടത്. കുട്ടികൾ കണ്ടെത്തട്ടെ. ഹോം വർക്കായി നൽകാം. അടുത്ത ദിവസം ക്ലാസ്സിൽ അവതരിപ്പിച്ച് ചർച്ച ചെയ്യാം.

**കവിതചൊല്ലി രസിക്കാം, ആശയം കണ്ടെത്താം(വർക്ക് ബുക്ക്)**

കവിതകൾ സ്വയം വായിച്ചാസ്വദിക്കുന്നതിനുള്ള പ്രവർത്തനമാണിത്. കവിതയോട് ആഭിമുഖ്യം വളർത്താനും സ്വയം ശേഖരിച്ച് വായിക്കാനും ഈ പ്രവർത്തനം പ്രേരകമാവണം.

തന്നിരിക്കുന്ന കവിത കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ.

ആശയം ഗ്രഹിച്ചു കഴിഞ്ഞാൽ ഗ്രൂപ്പുകളായി കവിതക്ക് ഈണം കണ്ടെത്തി അവതരിപ്പിക്കാം.

തുടർന്ന് ഈ കവിതയുടെ പ്രത്യേകതകൾ കണ്ടെത്താം. ഓരോ വരിയുടെയും ആദ്യാക്ഷരം എടുത്തെഴുതാനുള്ള പ്രവർത്തനം നിർദേശിച്ചിട്ടുണ്ട്. കുട്ടികൾ ആ കോളങ്ങൾ പൂരിപ്പിക്കട്ടെ. കവിതയുടെ പ്രത്യേകത അവർ തന്നെ ചൂണ്ടിക്കാട്ടട്ടെ. അതിനു ശേഷം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതാം. ഈ പ്രവർത്തനം ഗൃഹപാഠമായി നൽകിയാൽ മതി. ടീച്ചർ വിലയിരുത്തണം.

**ഗ്രൂപ്പ് പ്രവർത്തനം – ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

ക്ലാസ്സിൽ നടക്കുന്ന പഠന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒരിനമാണിത്. എല്ലാ കാര്യങ്ങളും ടീച്ചർ വിശദീകരിച്ചു കൊടുക്കുന്നത് ആശാസ്യമല്ല. കുട്ടികളിൽ പഠന താത്പര്യവും അന്വേഷണ തൃഷ്ണയുമൊക്കെ വളർത്താൻ ഗ്രൂപ്പ് പ്രവർത്തനം ഏറെ സഹായകമാണ്. ഗ്രൂപ്പ് പ്രവർത്തനം നടക്കുമ്പോൾ ടീച്ചർ ശ്രദ്ധിക്കേണ്ടത്:

ഒരോ ഗ്രൂപ്പിനും ഇരുന്ന് ചർച്ച ചെയ്യാനുള്ള ഇരിപ്പിടമൊരുക്കണം.
ഓരോ ഗ്രൂപ്പിലും ടീച്ചർ ഇടപെടണം.
ചർച്ചാ വിഷയം ഗ്രഹിക്കാനുതകുന്ന ചോദ്യങ്ങൾ ചോദിക്കണം.
ആവശ്യമായ സൂചനകൾ നൽകണം.

ആവശ്യമായ പഠനോപകരണങ്ങളുണ്ടാവണം.
ഗ്രൂപ്പിന് ലീഡറെ കണ്ടെത്തണം.
ചുമതലകൾ വീതിച്ചു നൽകണം.
എല്ലാവരുടെയും പങ്കാളിത്തം ഉറപ്പു വരുത്തണം.
ജനാധിപത്യപരമായ ഇടപെടലുകൾ ഉറപ്പാക്കണം.
ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളെയും രൂപപ്പെട്ട ഉൽപന്നങ്ങളെയും വിലയിരുത്തണം.
പരസ്പരം സഹായ സഹകരണങ്ങൾക്കുള്ള മനോഭാവം വളർത്തണം.
ടീച്ചർ മാതൃകയായി കൂടെ നിൽക്കണം.
അവസാനം, കണ്ടെത്തിയ കാര്യങ്ങൾ അവതരിപ്പിക്കാൻ അവസരം നൽകണം.
മെച്ചപ്പെടുത്തലുകൾക്ക് ടീച്ചർ നേതൃത്വം നൽകണം.
പ്രവർത്തനാനുയോജ്യമായ ഗ്രൂപ്പ് തെരഞ്ഞെടുക്കണം.
ഓരോ പ്രവർത്തനത്തിനും വ്യത്യസ്ത ഗ്രൂപ്പുകളെ കണ്ടെത്തണം.
ഗ്രൂപ്പംഗങ്ങളെ തിരഞ്ഞെടുക്കാൻ യുക്തമായ മാർഗങ്ങൾ സ്വീകരിക്കണം.
കുട്ടികളുടെ ഇഷ്ടത്തിനനുസരിച്ച് ഗ്രൂപ്പംഗങ്ങളെ നിശ്ചയിക്കരുത്

പാഠം – 2

# ശ്രീബുദ്ധനും ശിഷ്യനും

*ആധുനിക സമൂഹത്തിൽ സാർവ്വത്രികമായ ദുശ്ശീലങ്ങളിലൊന്നാണ് സമ്പത്തിന്റെയും ഉപഭോഗ വസ്തുക്കളുടെയും ദുർവിനിയോഗം. 'ഉപയോഗിച്ചു വലിച്ചെറിയുക' എന്ന മനോഭാവം അതിഭയാനകമായ ഒരു വിപത്തായി മാറിയിരിക്കുകയാണിന്ന്. ജീവിതച്ചെലവ് വർദ്ധിപ്പിക്കുക മാത്രമല്ല ഭൂമിക്കു താങ്ങാൻ കഴിയാത്തത്ര പാഴ്‌വസ്തുക്കളുടെ കുന്നുകൂടലുകൾക്കും ഇതു വഴി വെച്ചിരിക്കുന്നു. ഇത്തരം വെയ്സ്റ്റുകൾ നമ്മുടെ പരിസ്ഥിതിക്ക് മാരക പരിക്കേൽപ്പിക്കുകയും സർവ്വ ജീവജാലങ്ങളുടെയും നിലനിൽപ്പ് ഭീഷണിയിലാക്കുകയും മാരകമായ രോഗങ്ങളെ ഉത്പാദിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.*

*സമൂഹത്തിലെ ഒരു വിഭാഗം അതിസമ്പന്നതയിൽ ജീവിക്കുമ്പോൾ മറ്റൊരു വിഭാഗം പട്ടിണിയും രോഗങ്ങളുമായി മരിച്ചു കൊണ്ടിരിക്കുന്ന അവസ്ഥ ഇത്തരം ദുരുപയോഗങ്ങളുടെ മറുവശമാണ്.*

*ഈ സാഹചര്യത്തിൽ കുട്ടികളിൽ മിതോപയോഗശീലം വളർത്തുക, സഹജീവി സ്നേഹമുണർത്തുക, പുനരുത്പാദന, പുനരുപയോഗശീലം ജനിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമാക്കിയുള്ള ഒരു പാഠമാണിത്.കഥ പഴയതാണെങ്കിലും ഏതവസരത്തിലും പ്രസക്തമായ പാഠങ്ങളാണ് ഇതിൽ നിന്നു ലഭിക്കുന്നത്.*

*ഇത്തരം ജീവിത പാഠങ്ങൾക്കൊപ്പം ഭാഷാപരമായ പ്രയോഗങ്ങൾ പരിചയപ്പെടാനും വാക്യനിർമാണം, പോസ്റ്റർ രചന, ഡയറി തുടങ്ങിയ വ്യവഹാര രൂപങ്ങളിൽ കഴിവ് നേടാനും വാക്യ ഘടനയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും ഈ പാഠഭാഗത്തിലൂടെ ലക്ഷ്യമിടുന്നു.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ/ ധാരണകൾ

- നാം ഉപയോഗിച്ചു വലിച്ചെറിയുന്ന പല വസ്തുക്കളും വീണ്ടും പല വിധത്തിൽ ഉപയോഗിക്കാൻ കഴിയുമെന്ന തിരിച്ചറിവ്.
- ഒന്നും പാഴാക്കിക്കളയരുതെന്ന അവബോധം.
- പരിചിതമായ ജീവിതോപഭോഗവസ്തുക്കൾ പോലും ലഭിക്കാത്ത ജനകോടികളുണ്ടെന്ന തിരിച്ചറിവ്.
- സഹജീവിസ്നേഹം.
- ഭാഷാപ്രയോഗങ്ങളുടെ വിവിധ രീതികൾ തിരിച്ചറിയുന്നതിന്.
- വിപരീത പദങ്ങൾ കണ്ടെത്തുന്നതിന്.
- പദങ്ങളുടെ അർത്ഥവ്യത്യാസം, ചിഹ്നങ്ങളുടെ പ്രയോഗം എന്നിവ തിരിച്ചറിയുന്നതിന്.
- പോസ്റ്റർ വാക്യങ്ങൾ, ഡയറിക്കുറിപ്പ്, ലഘു കുറിപ്പുകൾ എന്നിവ തയ്യാറാക്കുന്നതിന്.
- കഥകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിന്.

### വ്യവഹാര രൂപങ്ങൾ

കഥ, പോസ്റ്റർ.

### പ്രകടിത രൂപങ്ങൾ

കഥപറയൽ, വിവരണം, ഡയറി, പോസ്റ്റർ വാക്യങ്ങൾ

### പ്രവർത്തനങ്ങൾ

കുട്ടികളുമായി സൗഹൃദ സംഭാഷണത്തിലൂടെ തുടങ്ങാം

- നിങ്ങൾ ഒഴിവാക്കിയ ധാരാളം ഉടുപ്പുകളില്ലേ വീട്ടിൽ?

ഇഷ്ടമില്ലാത്തതുകൊണ്ട് മാറ്റിവെച്ചവ-സൈസൊക്കാത്തത്-ഉപയോഗിച്ചു പഴകിയത്-ധാരാളം പുതിയതുള്ളതുകൊണ്ട് ഉപയോഗിക്കാത്തത്-നിറം മങ്ങിപ്പോയത്-ബട്ടൺ പൊട്ടിയത്....

- ഇവയൊക്കെ എന്താണ് ചെയ്യാറ് ?
- വീട്ടിൽ ഷെൽഫ് നിറഞ്ഞു കിടക്കുകയാണോ?
- ഇവ മറ്റെന്തെങ്കിലും വിധത്തിൽ ഉപയോഗിക്കാമോ?
- ഇവയുപയോഗിച്ച് ഉപകാരപ്രദമായ എന്തെങ്കിലും വസ്തുക്കൾ ഉണ്ടാക്കാമോ?

നമുക്കുനോക്കാം, നിങ്ങൾ ഈ കഥയൊന്നു വായിച്ചു നോക്കൂ.

കുട്ടികൾ വ്യക്തിഗതമായി ശ്രീബുദ്ധനും ശിഷ്യനും എന്ന കഥ വായിക്കുന്നു.

### ഉത്തരം കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)

പുനർവായന ആവശ്യപ്പെടുന്ന പ്രവർത്തനമാണിത്. അതിന് കുട്ടികൾ ഓരോ ചോദ്യവും നോട്ടുബുക്കിൽ എഴുതട്ടെ. ശേഷം അതിനുത്തരം കണ്ടെത്താൻ പാഠഭാഗം ആശയം മനസ്സിലാക്കി വായിക്കട്ടെ. കണ്ടെത്തിയ ഉത്തരം സ്വന്തം വാക്യത്തിൽ എഴുതട്ടെ.

ടെക്സ്റ്റ് ബുക്കിൽ കാണുന്ന ചോദ്യങ്ങൾക്ക് പാഠഭാഗത്തുനിന്നു നേരിട്ടു തന്നെ ഉത്തരം ലഭിക്കും. അവ എഴുതിക്കഴിഞ്ഞാൽ പരസ്പരം കൈമാറി വിലയിരുത്താൻ ആവശ്യപ്പെടാം. ഓരോരുത്തർക്കും തങ്ങളെഴുതിയ ഉത്തരവും അടുത്തിരിക്കുന്നവർ എഴുതിയ ഉത്തരവും താരതമ്യം ചെയ്യാൻ ഇതുവഴി അവസരമുണ്ടാകും. തുടർന്ന് ആവശ്യമായ മാറ്റങ്ങൾ വരുത്തട്ടെ.

ടീച്ചർ അവസരോചിതമായി ഇടപെടുകയും വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും വേണം.

### ആലോചിച്ച് എഴുതാം (ടെക്സ്റ്റ് ബുക്ക്)

ഗ്രൂപ്പ് പ്രവർത്തനമായി നൽകാം. ഗ്രൂപ്പിൽ ചർച്ചചെയ്ത് കണ്ടെത്തുന്ന ആശയങ്ങൾ ക്രോഡീകരിച്ച് ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കുന്നു. ടീച്ചറുടെ ഇടപെടൽ -ചർച്ച -ആശയങ്ങളുടെ ക്രോഡീകരണം- ശേഷം കുട്ടികൾ നോട്ടുബുക്കിൽ എഴുതുന്നു.

ഒന്നും പാഴാക്കിക്കളയരുത്.
ഉപയോഗിച്ച് പഴയതായ വസ്തുക്കൾക്കും പുനരുപയോഗം സാധ്യമാണ്.
വസ്ത്രങ്ങൾ മാത്രമല്ല, നാം ഉപയോഗിച്ചു കഴിഞ്ഞ പുസ്തകങ്ങൾ നോട്ടുബുക്കുകൾ, കുടകൾ, ബാഗുകൾ, പേനകൾ തുടങ്ങി ഏതു വസ്തുവും വീണ്ടുമൊരു ഉപയോഗത്തിന് എങ്ങനെ തരപ്പെടുത്താം എന്ന് ചിന്തിക്കണം.
നമുക്ക് ധാരാളമുണ്ടെന്ന് കരുതി ഭക്ഷണമായാലും മറ്റു വസ്തുക്കളായാലും പാഴാക്കിക്കളയുന്നത് നല്ല മനുഷ്യർക്ക് ചേർന്നതല്ല.
പഴകി നുരുമ്പിത്തുടങ്ങിയ തുണിക്കഷ്ണങ്ങൾക്കു പോലും പരമാവധി ഉപയോഗം കണ്ടെത്തിയത് കൊണ്ടാണ് ശിഷ്യന്റെ പ്രവൃത്തി അഭിനന്ദനീയമായത്.

### ലഘു കുറിപ്പ് തയ്യാറാക്കാം (ടെക്സ്റ്റ് ബുക്ക്)

മഹാത്മാ ഗാന്ധിയുടെ പ്രസിദ്ധമായ ഒരു വചനമാണിത്. വസ്ത്രമായി രണ്ടു കഷ്ണം തുണി മാത്രം ഉപയോഗിച്ച് മിതവ്യയ ശീലത്തിന്റെയും ലാളിത്യത്തിന്റെയും മഹത്തായ പാഠങ്ങൾ ഇന്ത്യക്കാർക്ക് മാത്രമല്ല ലോകത്തിനു തന്നെയും നൽകിയ ഗാന്ധിജിയെക്കുറിച്ച് കുട്ടികളെ ഉദ്ബോധിപ്പിക്കാം. ഒരുഭാഗത്ത് സമ്പന്നതയും ആർഭാടവും മറുഭാഗത്ത് ദാരിദ്ര്യവും കഷ്ടപ്പാടും ലോകത്തെ എങ്ങും കാണാം. എന്നാൽ സമ്പന്നർ മിതവ്യയ ശീലത്തിലൂടെ ഉപയോഗം ചുരുക്കി ധൂർത്ത് ഒഴിവാക്കി അധിക വിഭവങ്ങൾ ദരിദ്രർക്ക് എത്തിച്ചുകൊടുത്താൽ ലോകജനതക്കു മുഴുവൻ കഷ്ടപ്പാടില്ലാതെ ജീവിക്കാൻ കഴിയും.

ഈ ആശയം കുട്ടികളിലേക്കെത്തും വിധം ടീച്ചർ ഇടപെടണം. സ്നേഹത്തിന്റെയും സഹാനുഭൂതിയു

ടെയും പാഠങ്ങൾ നൽകണം. ഗാന്ധിജിയും ബുദ്ധനും തമ്മിലുള്ള സാമ്യങ്ങൾ ഓർമ്മപ്പെടുത്തണം.

തുടർന്ന് കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കട്ടെ. ഓരോ ഗ്രൂപ്പും തയ്യാറാക്കിയ കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിച്ച് ചർച്ചയാവാം. ടീച്ചർ വിലയിരുത്തണം.

**കൂടുതൽ പദങ്ങൾ കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)**

അർത്ഥപൂർണ്ണമായ പദങ്ങളെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കാനുള്ള പ്രവർത്തനമാണിത്. 'കൂടെ' എന്ന അർത്ഥം ലഭിക്കാൻ പദങ്ങളുടെ ആദ്യത്തിൽ 'സ' ചേർക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉദാഹരണത്തിലൂടെ വ്യക്തമാക്കണം. രസകരമായ ഒരു പ്രവർത്തനം കൂടിയാണിത്. ഗ്രൂപ്പ് പ്രവർത്തനമായി നൽകാം.

വർക്കുബുക്കിലെ 'നാണം എന്ന പദത്തോട്.........' എന്ന പ്രവർത്തനവും ഇതിനു സമാനമായതാണ്. ആ പ്രവർത്തനം ഗൃഹപാഠമായി നൽകാം. കുട്ടികൾ കൂടുതൽ പദങ്ങൾ കണ്ടെത്തട്ടെ. ടീച്ചർ വിലയിരുത്തണം.

**വാക്യങ്ങൾ കണ്ടെത്തുക (ടെക്സ്റ്റ് ബുക്ക്)**

ചിഹ്നത്തെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കാനുള്ള പ്രവർത്തനമാണിത്. വാക്യങ്ങളിൽ മാറ്റങ്ങളൊന്നും വരുത്താതെ തന്നെ ചില ചിഹ്നങ്ങൾ കൊണ്ട് അർത്ഥവ്യത്യാസം വരുത്താൻ കഴിയും എന്ന് കുട്ടികൾക്ക് വ്യക്തമാക്കി കൊടുക്കണം.

- ഉദാഹരണം: അവൻ വന്നു.
  അവൻ വന്നു?
- അവൻ പോയില്ല.
  അവൻ പോയില്ല ?

ഈ വാക്യങ്ങളിൽ ആദ്യത്തേത് വെറും പ്രസ്താവനയും രണ്ടാമത്തേത് ചോദ്യവും ആണല്ലോ? കൂടുതൽ പദങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

**വായിക്കാം കണ്ടെത്താം (ടക്സ്റ്റ് ബുക്ക്)**

സർവ്വനാമങ്ങൾ ഉപയോഗിക്കാനുള്ള പരിശീലനമാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമാക്കുന്നത്. ഞാൻ, ഞങ്ങൾ, അവൾ, അവൻ, അവർ, അത് തുടങ്ങിയ പദങ്ങൾ അവസരത്തിനൊത്ത് ഉപയോഗിക്കുമ്പോൾ വാക്യങ്ങൾക്കു ഭംഗി കൂടും, ആവർത്തന വിരസത ഒഴിവാകും, ചുരുക്കി എഴുതാൻ കഴിയും. ഈ കാര്യങ്ങൾ കുട്ടികളുടെ മനസ്സിൽ പതിയും വിധം പ്രവർത്തനം സജ്ജീകരിക്കണം.

കുട്ടികൾ പാഠഭാഗത്തുനിന്ന് ഈ പദങ്ങൾ കണ്ടെത്തുന്നു, അടിവരയിട്ട പദങ്ങളുടെ സൂചനകൾ വിശദമാക്കുന്നു. ഇത്തരം പദങ്ങളുടെ ഉപയോഗം ഭാഷയിലുണ്ടാക്കുന്ന സുഖവും സൗകര്യവും ടീച്ചർ വ്യക്തമാക്കിക്കൊടുക്കണം.

**ഒറ്റവാക്യമാക്കാം (വർക്കുബുക്ക്)**

വാക്യങ്ങൾ ഘടിപ്പിക്കുന്ന രീതി മനസ്സിലാക്കാനുള്ള പ്രവർത്തനമാണിത്. അർത്ഥവ്യത്യാസം വരാതെ രണ്ടോ അതിലധികമോ വാക്യങ്ങൾ ഘടിപ്പിക്കുന്നതെങ്ങനെയെന്ന് കുട്ടികൾക്ക് മനസ്സിലാക്കാൻ കഴിയണം. അതിന് ആദ്യം വാചികമായി ചില ഉദാഹരണങ്ങൾ നൽകാം. അവ ചേർത്തു പറയാനാവശ്യപ്പെടാം. സാധാരണ നാം ചെയ്യുന്ന പ്രവർത്തനമാണിതെന്നു ബോധ്യപ്പെടുത്താം.

- ഉദാ: അൻവർ പോയി, അവിനാഷ് പോയി.
  അൻവറും അവിനാഷും പോയി.
- ഞാൻ പേനയെടുത്തു. ഞാൻ നോട്ടുബുക്കിലെഴുതി.
  ഞാൻ പേനയെടുത്ത് നോട്ടുബുക്കിലെഴുതി.

ലളിതമായ ഇത്തരം ഉദാഹരണങ്ങളിലൂടെ കാര്യം ബോധ്യപ്പടുത്തിയശേഷം ഗ്രൂപ്പ് പ്രവർത്തനമായി നൽകാം. ടീച്ചർ വിലയിരുത്തണം.

## മാതൃക പോലെ എഴുതാം (വർക്ക്ബുക്ക്)

ചില പദങ്ങളുടെ ആദ്യത്തിൽ 'അ' ചേർത്ത് വിപരീത അർത്ഥമുള്ള പദമാക്കാം. എന്നാൽ ഏതു പദത്തിലും ഈ രീതി പറ്റില്ലെന്നും ബോധ്യപ്പെടുത്തണം. ഗൃഹപാഠമായി നൽകാം ഈ പ്രവർത്തനം. അർത്ഥമാറ്റം തിരിച്ചറിഞ്ഞു വർക്കുബുക്കിലെഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

## അടിവരയിട്ട പദം ഉൾപ്പെടുത്തി മറ്റൊരു വാക്യമെഴുതുക (വർക്ക്ബുക്ക്)

ചില ഭാഷാപ്രയോഗങ്ങൾ/ ശൈലികൾ ഉൾപ്പെടുത്തി പുതിയ വാക്യങ്ങൾ രചിക്കുന്നതിനു പരിശീലനം നൽകുന്ന പ്രവർത്തനമാണിത്. അതിന് തന്നിരിക്കുന്ന പ്രയോഗങ്ങളുടെ

ശൈലികളുടെ ആശയം ആദ്യം മനസ്സിലാക്കണം. ആ പദങ്ങളുടെ ആശയങ്ങളെന്തെന്നു ചോദിക്കാം.

സ്വതന്ത്രമായി പ്രതികരിക്കാൻ അവസരം നൽകാം.

തുടർന്ന് പാഠപുസ്തകത്തിൽ ആ പദം ചേർന്ന് വന്നിട്ടുള്ള വാക്യം വായിച്ച്, കണ്ടെത്തിയ ആശയം ശരിയാണോ എന്ന് പരിശോധിക്കാൻ ആവശ്യപ്പെടാം. തെറ്റുണ്ടെങ്കിൽ തിരുത്തിക്കൊടുക്കാം.

പദങ്ങളുടെ ശരിയായ അർത്ഥം ബോധ്യപ്പെട്ടാൽ ആ പദം ഉൾപ്പെടുത്തി പുതിയ വാക്യം രചിക്കാൻ കുട്ടികൾക്ക് പ്രയാസമുണ്ടാവില്ല. കുട്ടികൾ വ്യക്തിഗതമായി വാക്യങ്ങൾ കണ്ടെത്തട്ടെ. തുടർന്ന് അവ രണ്ടോ മൂന്നോ പേരടങ്ങുന്ന ഗ്രൂപ്പിൽ പങ്കുവെക്കട്ടെ.

* രചിച്ച വാക്യങ്ങൾ ആശയ പൂർണമാണോ?
* ആ പദം വാക്യത്തിൽ ഘടിപ്പിച്ചത് ശരിയായ രീതിയിലാണോ?
* മറ്റെന്തെങ്കിലും മാറ്റം ആവശ്യമുണ്ടോ?

ചർച്ചകളിലൂടെ മെച്ചപ്പെടുത്തി വർക്ക് ബുക്കിൽ എഴുതട്ടെ. തുടർന്ന് ഏതാനും പേർക്ക് തങ്ങളെഴുതിയ വാക്യങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകാം

ചില മാതൃകകൾ ടീച്ചർക്കും അവതരിപ്പിക്കാം

## അർത്ഥവ്യത്യാസം എഴുതുക (വർക്കുബുക്ക്)

പദങ്ങൾ എഴുതുമ്പോഴും ഉച്ചരിക്കുമ്പോഴും വന്നുചേരുന്ന അബദ്ധങ്ങൾ വലിയ അർത്ഥവ്യത്യാസം ഉണ്ടാക്കുമെന്ന് അവബോധമുണ്ടാക്കാൻ ഈ പ്രവർത്തനം സഹായകമാണ്. തന്നിരിക്കുന്ന പദങ്ങൾ ടീച്ചർ അക്ഷര ശുദ്ധിയോടെ ഉച്ചരിക്കണം.

ഉറയ്ക്കുക, ഉറക്കുക

ഇവ തമ്മിൽ അർത്ഥ വ്യത്യാസമുണ്ടോ എന്നു കുട്ടികൾ തിരിച്ചറിയട്ടെ. സാധാരണഗതിയിൽ 'യ'യുടെ സാന്നിധ്യത്താലുണ്ടാവുന്ന അർത്ഥവ്യത്യാസം കുട്ടികൾക്ക് മനസ്സിലാക്കാൻ കഴിയുന്ന പദങ്ങളാണിത്. എഴുത്തിലും ഇക്കാര്യം ശ്രദ്ധിക്കണമെന്ന് അവബോധമുണ്ടാക്കാം.

## ഡയറി എഴുതാം (വർക്കുബുക്ക്)

മൂന്നാം ക്ലാസിൽ പരിചയിച്ച വ്യവഹാര രൂപമാണ് ഡയറി. സ്വന്തം അനുഭവങ്ങളെയാണല്ലോ ഡയറിയിൽ എഴുതുന്നത്. അങ്ങനെ എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഒന്നുകൂടി ഓർമപ്പെടുത്താം.

അനുഭവ ജ്ഞാനങ്ങളുടെ ക്രമപ്പെടുത്തൽ.
ആത്മനിഷ്ഠത.
ഹൃദയംഗമമായ ഭാഷ.
സന്ദർഭോചിതമായ വിചാരവികാരങ്ങൾ തുടങ്ങിയവ.

ആവശ്യമെങ്കിൽ ഡയറിക്കുറിപ്പുകൾ വായിച്ചു പരിചയപ്പെടുത്താം. സ്വന്തം അനുഭവങ്ങളാണ് ഡയറിക്കുറിപ്പുകളെങ്കിലും ഇവിടെ മറ്റൊരു കഥാപാത്രമായി അഭിനയിച്ചുകൊണ്ടാണ് എഴുതുന്നത് എന്ന പരിമിതിയുണ്ട്.

കുട്ടികൾ ബുദ്ധന്റെ ശിഷ്യനായി സങ്കൽപ്പിച്ച് ആ അനുഭവം സ്വന്തമാക്കി എഴുതട്ടെ. ഗൃഹപാഠമായി നൽകാം.

## പാഠഭാഗത്തെ ആശയം നമുക്കും പ്രാവർത്തികമാക്കാം (ടെക്സ്റ്റ് ബുക്ക്)

ഒരിക്കൽ ഉപയോഗിച്ചുകഴിഞ്ഞ വസ്ത്രങ്ങളും മറ്റും പുനരുപയോഗിക്കാനുള്ള പ്രചോദനവും പരിശീലനവുമാണീ പ്രവർത്തനം കൊണ്ടുദ്ദേശിക്കുന്നത്. അതോടൊപ്പം ദുരുപയോഗവും പാഴ്‌വസ്തുക്കളുടെ വർദ്ധനവും കുറയ്ക്കാനുള്ള നിർദ്ദേശങ്ങളും നൽകാം. അധ്യാപകരുടെ താല്പര്യം പോലിരിക്കും ഇക്കാര്യത്തിൽ കുട്ടികളുടെ മനോഭാവം എന്നകാര്യം മറക്കാതിരിക്കുക.

പല വീടുകളിലും കേടു വന്നിട്ടില്ലാത്ത ധാരാളം കുട്ടിയുടുപ്പുകളും മറ്റു വസ്ത്രങ്ങളും ഉണ്ടാകും. അവ ദരിദ്രർക്ക് എത്തിച്ചുകൊടുക്കാനുള്ള സംവിധാനങ്ങൾ പലതുമുണ്ട്. അവ അന്വേഷിച്ചു കണ്ടെത്തി വസ്ത്രശേഖരണം നടത്താം. വലിയൊരു സേവനമാണതെന്നോർക്കുക. അതോടൊപ്പം കുട്ടികൾക്ക് മറ്റുള്ളവരെ സഹായിക്കാനുള്ള പ്രചോദനവുമാകും.

പഴയ തുണികൾ ഉപയോഗിച്ച് നിർമ്മിക്കാവുന്ന തുണിസഞ്ചി, കാർപെറ്റ്, അലങ്കാരവസ്തുക്കൾ തുടങ്ങിയവയെക്കുറിച്ചും പരിചയപ്പെടുത്തണം. അത്തരം വസ്തുക്കളുടെ പ്രദർശനവും നടത്താം. പ്രവൃത്തി പരിചയ മേളയിൽ ഈ ഇനത്തിൽ മത്സരവും സംഘടിപ്പിക്കാം.

## പോസ്റ്റർ വാക്യ രചന (വർക്കുബുക്ക്)

ചുരുങ്ങിയ വാക്കുകളിൽ ധാരാളം ആശയങ്ങൾ ഉൾക്കൊള്ളാനുള്ള പരിശീലനമാണ് ഈ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് ലഭിക്കുന്നത്. ഓഫീസുകളിലും ഹോസ്പിറ്റലുകളിലും വഴിയോരത്തും മറ്റും സാധാരണ കാണാറുള്ള മുന്നറിയിപ്പ് വാക്യങ്ങൾ നിരീക്ഷിക്കാൻ ആവശ്യപ്പെടാം. കുട്ടികൾ അവ കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കട്ടെ. ചിലത് പൂർണ്ണവാക്യങ്ങളായിരിക്കും.

ഉദാഹരണം: വെള്ളം പാഴാക്കരുത്.

പുക വലിക്കരുത്.

പരിസരശുചീകരണം ആരോഗ്യരക്ഷയ്ക്ക്.

എന്നാൽ ചിലയിടത്തെ മുന്നറിയിപ്പുകൾ ഒറ്റപദത്തിലോ ഏതാനും പദങ്ങളിലോ അടങ്ങുന്നതായിരിക്കും.

- ഉദാ: സൂക്ഷിക്കുക, അപായം!
- പാലം അപകടത്തിൽ!
- എലി ! രോഗം ! മരണം !

ഇത്തരം പോസ്റ്റർ വാക്യങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്താം. അവയുൾക്കൊള്ളുന്ന ആശയങ്ങൾ ചർച്ച ചെയ്യാം. ഇത്തരം വാക്യങ്ങൾ കുട്ടികൾ നിർമ്മിക്കട്ടെ.

ഗ്രൂപ്പ് പ്രവർത്തനമായി നൽകാം. പരസ്പരം ചർച്ച ചെയ്ത് മെച്ചപ്പെട്ട വാക്യങ്ങൾ കണ്ടെത്തട്ടെ.

അവ ക്ലാസിൽ അവതരിപ്പിച്ച് ചർച്ച ചെയ്യാം.

അർത്ഥപൂർണവും മെച്ചപ്പെട്ടതുമായ വാക്യരചന നടത്തിയ ഗ്രൂപ്പിനെ അഭിനന്ദിക്കാം. രചിച്ച വാക്യങ്ങൾ വൃത്തിയായി എഴുതി നിശ്ചിത സ്ഥലങ്ങളിൽ പതിക്കാൻ നിർദ്ദേശിക്കാം.

## ടീച്ചർക്ക്

- അന്നം അമൂല്യം, അത് പാഴാക്കരുത്.
- ഭക്ഷണം ദൈവത്തിന്റെ അനുഗ്രഹം, അത് പാഴാക്കാൻ നമുക്ക് അനുവാദമില്ല.
- ഭക്ഷണം കളയരുതേ, അത് നമ്മുടെ ജീവനാണ്.
- ഓരോ മണി ധാന്യവും ജീവന്റെ അംശമാണ്; നമുക്കല്ലെങ്കിൽ മറ്റൊരു ജീവിക്ക്. അത് പാഴാക്കരുത്.

## പാഠം 3

# മത്സരിക്കുന്നതെന്തിന് നാം

*ധാർമ്മിക സദാചാര മൂല്യങ്ങളെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. അതിന് ആത്മീയ ബോധമുണർത്തുന്ന കവിതകളും കഥകളുമൊക്കെ പരിചയപ്പെടുത്താം. ഇക്കാര്യത്തിൽ ശ്രദ്ധേയമായതാണ് ജ്ഞാനപ്പാന. എ ഡി പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നതായി കരുതപ്പെടുന്ന പൂന്താനം നമ്പൂതിരിയുടെ 'ജ്ഞാനപ്പാന' പ്രശസ്തവും ഇന്നും പ്രസക്തവുമാണ്.*

*ആത്മീയബോധമുണർത്തുന്നതോടൊപ്പം ചൊല്ലിരസിക്കാനും ശൈലികൾമനസ്സിലാക്കാനുമൊക്കെ ഈ കവിത പ്രയോജനകരമാണ്. മുതിർന്ന തലമുറകളുടെയൊക്കെ നാവിൻ തുമ്പിൽ ജ്ഞാനപ്പാനയിലെ വരികൾ തത്തിക്കളിക്കാറുള്ളത് അതിന്റെ ജനപ്രിയത വ്യക്തമാക്കുന്നുണ്ട്.*

*'ജനിക്കുമ്പോൾ നാം ഒന്നും ഇവിടേക്ക് കൊണ്ടുവരുന്നില്ല. മരിക്കുമ്പോൾ ഒന്നും കൊണ്ടുപോവുന്നുമില്ല. ആ സ്ഥിതിക്ക് അല്പകാലത്തേക്ക് മാത്രമുള്ള ഈ ജീവിത കാലത്ത് പരസ്പരം മത്സരിച്ച് ഈ ആയുഷ്കാലത്തെ സമാധാനം ഇല്ലാതാക്കുന്നതിൽ അർത്ഥമില്ല' എന്ന ആശയം വരുന്ന വരികളാണ് പാഠഭാഗം. ആവശ്യമില്ലാത്ത മത്സരവും പ്രശ്നങ്ങളും കുഴപ്പങ്ങളുമായി ജീവിതകാലത്തെ സമാധാനം നഷ്ടപ്പെടുത്തരുതെന്ന പാഠം കുട്ടികളിൽ എത്തിക്കാൻ ഈ ഭാഗം പ്രയോജനപ്പെടും. കവിത ഈണത്തിൽ ചൊല്ലി രസിക്കുന്നതിനും സമാന പദങ്ങൾ കണ്ടെത്തുന്നതിനുമുള്ള പ്രവർത്തനവും നൽകിയിട്ടുണ്ട്.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ/ധാരണകൾ

- ആശയ വ്യക്തത, അക്ഷര സ്ഫുടത, ഈണം, താളം എന്നിവ പാലിച്ച് കവിതകൾ ചൊല്ലുന്നതിന്.
- കവിതയിലെ ആശയം ഉൾക്കൊള്ളുന്നതിന്.
- ഓണക്കവിതകൾ ആലപിക്കുന്നതിനും ആസ്വദിക്കുന്നതിനും.
- വ്യത്യസ്ത ശൈലികളെക്കുറിച്ച് മനസ്സിലാക്കുന്നതിന്.
- ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തി ഇഷ്ടപ്പെടാനുള്ള കാരണം വിശദീകരിക്കുന്നതിന്.
- ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നതിന്.
- ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിനും വാക്യരചന നടത്തുന്നതിനും.

### വ്യവഹാര രൂപങ്ങൾ

കവിത

### ആവിഷ്ക്കാര പ്രകടിത രൂപങ്ങൾ

കവിത ആലാപനം, ജീവചരിത്രക്കുറിപ്പ്

### പാഠഭാഗത്തേക്ക്

സൗഹൃദ സംഭാഷണങ്ങളിലൂടെ തുടങ്ങാം

- പഴയ പാട്ടുകളറിയാമോ നിങ്ങൾക്ക്?

ആരാണ് രണ്ട് വരി പാടുക?

സന്നദ്ധരാവുന്നവർക്ക് പാടാനവസരം നൽകാം. തുടർന്നു ടീച്ചർ നാലു വരി കവിത ചൊല്ലുന്നു.

- പത്തു കിട്ടുകിൽ നൂറു മതിയെന്നും
  ശതമാകിൽ സഹസ്രം മതിയെന്നും

ആയിരം പണം കൈയിലുണ്ടാകുമ്പോൾ
അയുതമാകിലെന്താശ്ചര്യമെന്നതും.

- ഈ വരികൾ കേട്ടിട്ടുണ്ടോ നിങ്ങൾ?
- ആരുടേതാണീ വരികൾ?

കുട്ടികൾക്കു പൂന്താനത്തെയും ജ്ഞാനപ്പാനയെയും പരിചയപ്പെടുത്താം. തുടർന്ന് പൂന്താനത്തിന്റെ ഏതാനും വരികൾ പാഠപുസ്തകത്തിലുണ്ട്. നമുക്കത് ചൊല്ലി നോക്കാം എന്നു പറഞ്ഞു പാഠഭാഗത്തേക്ക് പ്രവേശിക്കാം.

കുട്ടികൾ വ്യക്തിഗതകമായി കവിത വായിക്കുന്നു.

**ഈണം കണ്ടെത്താം**

കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് കവിതക്ക് ഈണം കണ്ടെത്തുന്നു.

ഓരോ ഗ്രൂപ്പും ക്ലാസിൽ കവിത അവതരിപ്പിക്കുന്നു. തുടർന്ന് ടീച്ചർ മാതൃകാപരമായി കവിത ചൊല്ലുന്നു.

**അർത്ഥം കണ്ടെത്താം(ടെക്സ്റ്റ് ബുക്ക്)**

പാഠഭാഗത്തെ അപരിചിത പദങ്ങൾ കണ്ടെത്താനുള്ള പ്രവർത്തനമാണിത്. അത്തരം പദങ്ങൾ കണ്ടെത്തി കുട്ടികൾ അടിയിൽ വരയിടട്ടെ.

അടിയിൽ വരച്ച പദങ്ങൾ കുട്ടികൾ എടുത്തു പറയുന്നു.

ടീച്ചർ ആ പദങ്ങൾ ബോർഡിലെഴുതുന്നു.

അറിയാവുന്ന കുട്ടികൾ ആ പദങ്ങളുടെ അർത്ഥം പറയുന്നു.

വിലയിരുത്തിയ ശേഷം ടീച്ചർ അർത്ഥം പദങ്ങൾക്കു നേരെ എഴുതുന്നു.

കുട്ടികൾ അവ നോട്ടുബുക്കിലെഴുതുന്നു. (കൂടുതൽ ശ്രദ്ധിക്കേണ്ട പദങ്ങളാണ് ടെക്സ്റ്റ് ബുക്കിൽ എടുത്തു കാണിച്ചിരിക്കുന്നത്)

**ആശയം പറയാം**

മൊത്തം കുട്ടികളെ അഞ്ചു ഗ്രൂപ്പുകളാക്കി തിരിക്കാം. ഓരോ ഗ്രൂപ്പിനും നാലു വരി കവിത വീതം നൽകാം. അവർ ആ വരികളുടെ ആശയം കണ്ടെത്തട്ടെ.ഗ്രൂപ്പുകൾക്കു ആവശ്യമായ സഹായത്തിനു ടീച്ചർ സന്നദ്ധയാവണം.

**ടീച്ചർക്ക്:**

മനുഷ്യ ജീവിതത്തിന്റെ അനിശ്ചിതത്വമാണ് ആദ്യ നാലു വരികളിൽ സൂചിപ്പിക്കുന്നത്. ലോകഗതി മനുഷ്യ നിയന്ത്രണത്തിന്നതീതമാണ്. ഇന്നലെ വരെ എന്തു സംഭവിച്ചു എന്നറിയില്ല. നാളെ എന്തു സംഭവിക്കാനിരിക്കുന്നു എന്നും എപ്പോഴാണ് നമ്മുടെ ശരീരത്തെ മരണം കീഴ്പ്പെടുത്തുന്നതെന്നും ആർക്കും അറിയില്ല. നമ്മുടെ കണക്കു കൂട്ടലുകളെല്ലാം തെറ്റാറുണ്ടല്ലോ!

കണ്ടുകൊണ്ടിരിക്കുന്ന ആളുകളെ പെട്ടെന്നു കാണാതാവുന്നു. ഒന്നുമില്ലാത്ത പാവപ്പെട്ടവൻ രണ്ടുനാലു ദിവസം കൊണ്ടു പണക്കാരനാകുന്നു. (മഞ്ചലിലേറി സഞ്ചരിക്കാൻ യോഗ്യനാവുന്നു). മാളികയിൽ രാജകീയ പ്രൗഢിയിൽ കഴിഞ്ഞവൻ തോളിൽ മാറാപ്പുമായി(ദരിദ്രനായി) അലയേണ്ടിവരുന്നു. എല്ലാം ഈശ്വരന്റെ വിധികൾ. മനുഷ്യൻ കേവലം ഒരു ഉപകരണം മാത്രം.

ലോകാവസ്ഥയുടെ ഈ രഹസ്യങ്ങൾ ചിലർ കണ്ടറിയുന്നു. ചിന്തിച്ചു മനസ്സിലാക്കുന്നു. അവർ ഈശ്വരനെ ധ്യാനിക്കുന്നു. എത്ര കണ്ടാലും ഒന്നും മനസ്സിലാകാത്ത ചിലരുണ്ട്. കണ്ടതൊന്നും സത്യമല്ലെന്ന് വിശ്വസിക്കുന്നവരുമുണ്ട്. 'ഇങ്ങനെയും വന്നേക്കാം' എന്നു മനസ്സിലാക്കി അവർ ആശ്വാസം കൊള്ളുന്നു. ഇങ്ങനെ മനുഷ്യരുടെ ചിന്തകൾ വ്യത്യസ്തമാണ്. പലരും പല വിധത്തിലാണു ചിന്തിക്കുന്നത്. (സമീപനത്തിലും ചിന്തയിലും വിലയിരുത്തലിലുമെല്ലാം മനുഷ്യർക്കിടയിൽ വ്യത്യാസമുണ്ടെന്നു സൂചന.)

എങ്ങനെ ചിന്തിച്ചാലും വിലയിരുത്തിയാലും മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്: ജനിക്കുമ്പോഴോ

മരിക്കുമ്പോഴോ ആരും നമ്മുടെ കൂടെയുണ്ടാവില്ല. ഒന്നും നാം ഇവിടേക്കു കൊണ്ടു വരുന്നില്ല. മരിച്ചു പോകുമ്പോൾ ഒന്നും കൊണ്ടു പോവുന്നുമില്ല. അതിനിടയിലുള്ള ഇത്തിരിപ്പോന്ന ജീവിതകാലത്ത് നമുക്കു പലതരം ബന്ധങ്ങളുണ്ടാവുന്നു. അത് കാരണം പലതരം പ്രശ്നങ്ങളുണ്ടാവുന്നു. സ്വന്തം പക്ഷം ജയിച്ചു കിട്ടാനുള്ള മത്സരങ്ങൾ സ്വന്തം പക്ഷം ന്യായീകരിക്കാനുള്ള ശ്രമങ്ങൾ! ഒന്നോർത്താൽ ഇതിന്റെയൊക്കെ ആവശ്യമുണ്ടോ? ഈ മത്സരമൊക്കെ വെറുതെയല്ലേ? എന്തിന് നാം ഉള്ള സുഖവും സമാധാനവും നഷ്ടപ്പെടുത്തുന്നു?

കണ്ടെത്തിയ ആശയം ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. ചർച്ച ചെയ്യുന്നു. ആവശ്യമായ തിരുത്തലുകൾ വരുത്തിയ ശേഷം നോട്ടു ബുക്കിൽ എഴുതുന്നു.

കുട്ടികൾക്ക് ഉൾക്കൊള്ളാൻ കഴിയാത്ത ആശയങ്ങളുണ്ടാവാം. അവ ലളിതമായി വിശദീകരിച്ച് സങ്കീർണതയിലേക്കു കടക്കാതെ നോക്കാൻ ടീച്ചർ ശ്രദ്ധിക്കണം. ബാഹ്യമായ അർത്ഥങ്ങൾ നൽകിയാൽ മതി. എല്ലാം ഈശ്വരന്റെ അധീനതയിലാണെന്നും നിയന്ത്രിക്കുന്നത് അവനാണെന്നുമുള്ള വിചാരമുണർത്തണം.

### കണ്ടെത്താം എഴുതാം(ടെക്സ്റ്റ് ബുക്ക്)

ആശയം വ്യക്തമായിക്കഴിഞ്ഞാൽ ഈ പ്രവർത്തനം പ്രയാസകരമാവില്ല. മനസ്സിലാക്കിയ ആശയത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ ഗ്രൂപ്പുകളിൽ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തട്ടെ. ക്ലാസ്സിൽ അവതരിപ്പിച്ചു ചർച്ച ചെയ്ത ശേഷം നോട്ടുബുക്കിലെഴുതണം.

### ചേർത്തെഴുതുക(ടെക്സ്റ്റ് ബുക്ക്)

പുതിയ പദങ്ങൾ അർത്ഥമുൾക്കൊണ്ടു പ്രയോഗിക്കാനുള്ള പരിശീലനമാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. സമാന പദം കണ്ടെത്തി കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

### ഒറ്റയാനെ വട്ടത്തിലാക്കുക(ടെക്സ്റ്റ് ബുക്ക്)

സമാനത കൊണ്ട് ആശയക്കുഴപ്പം സംഭവിച്ചേക്കാവുന്ന പദങ്ങൾ തിരിച്ചറിയാനുള്ള പ്രവർത്തനമാണിത്. കുട്ടികൾ ഈ പദങ്ങൾ നിരീക്ഷിക്കട്ടെ. ഓരോ പദത്തിന്റെയും അർത്ഥം തിരിച്ചറിഞ്ഞ് വ്യത്യസ്ത പദം വട്ടത്തിലാക്കട്ടെ. വ്യത്യസ്ത പദത്തിന്റെ അർത്ഥം കുട്ടികൾ മനസ്സിലാക്കിയിട്ടുണ്ട് എന്ന് ടീച്ചർ ഉറപ്പു വരുത്തണം.

### മറ്റ് അർത്ഥങ്ങൾ കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)

ഓരോ പദത്തിന്റെയും വ്യത്യസ്ത അർത്ഥങ്ങൾ (നാനാർത്ഥം) തിരിച്ചറിയാനുള്ള പ്രവർത്തനമാണിത്. ഇത്തരം പദങ്ങൾക്ക് സന്ദർഭോചിതമായി വന്ന അർത്ഥമാറ്റം ശ്രദ്ധയിൽ പെടുത്തണം.

കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് വ്യത്യസ്ത അർത്ഥങ്ങൾ കണ്ടെത്തട്ടെ. ക്ലാസ്സിൽ അവതരിപ്പിച്ച് വിലയിരുത്തിയ ശേഷം നോട്ടു ബുക്കിൽ എഴുതിയാൽ മതി.

### കവിത ചൊല്ലാം, ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം(വർക്ക് ബുക്ക്)

ടീച്ചർ ആദ്യം ക്ലാസ്സിൽ അവതരിപ്പിച്ച വരികൾ ഉൾപ്പെടുന്ന ഭാഗമാണിത്. ഗ്രൂപ്പുകളിൽ ഈ വരികൾക്ക് ഈണം കണ്ടെത്തട്ടെ. ഓരോ ഗ്രൂപ്പിനും അവതരിപ്പിക്കാനുള്ള അവസരം നൽകണം.

തുടർന്ന് ആശയം മനസ്സിലാക്കാനുള്ള പ്രവർത്തനം നടക്കട്ടെ. അപരിചിത പദങ്ങളുടെ അർത്ഥം പറഞ്ഞു കൊടുക്കാം. (അർത്ഥം-ധനം, ശതം-നൂറ്, സഹസ്രം-ആയിരം, അയുതം-പതിനായിരം)

ചോദ്യങ്ങൾക്ക് ഉത്തരമെഴുതാനുള്ള പ്രവർത്തനം ഗൃഹപാഠമായി നൽകാം. ടീച്ചർ വിലയിരുത്തണം.

### പദങ്ങൾ പിരിച്ചെഴുതുക(വർക്ക് ബുക്ക്)

കവിതാ വരികളിൽ ചേർന്നു വന്ന പദങ്ങൾ പിരിച്ചെഴുതാനുള്ള പ്രവർത്തനമാണിത്. കുട്ടികൾ വ്യക്തിഗതമായി പദങ്ങൾ പിരിച്ചെഴുതി ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ടീച്ചർ അവ ബോർഡിലെഴുതുന്നു. വ്യക്തത

വരുത്തുന്നു.

നാളെയുമെന്തെന്നറിഞ്ഞീല = നാളെയും + എന്തെന്ന് + അറിഞ്ഞില്ല

ഇന്നിക്കണ്ട തടി = ഇന്ന് + ഈ + കണ്ട + തടി

തണ്ടിലേറ്റുക = തണ്ടിൽ + ഏറ്റുക

കണ്ടാലൊട്ടറിയുന്നു = കണ്ടാൽ + ഒട്ട് + അറിയുന്നു.

കണ്ടങ്ങറിയുന്നിത് = കണ്ട് + അങ്ങ് + അറിയുന്നു + ഇത്

വിശേഷമുണ്ടെന്നോർക്കണം = വിശേഷം + ഉണ്ട് + എന്ന് + ഓർക്കണം

മധ്യേയിങ്ങനെ = മധ്യേ + ഇങ്ങനെ

മത്സരിക്കുന്നതെന്തിന് = മത്സരിക്കുന്നത് + എന്തിന്

ചിലർക്കേതും = ചിലർക്ക് + ഏതും

സത്യമല്ലെന്നത് = സത്യം + അല്ലെന്നത്

കവിതയിൽ ഈണവും താളവുമൊക്കെ ഒപ്പിക്കാൻ പദങ്ങൾ കൂട്ടിച്ചേർക്കുമ്പോൾ വരുത്തുന്ന മാറ്റം ശ്രദ്ധയിൽ പെടുത്തണം.

ഉദാ: അറിഞ്ഞീല, ഇന്നിക്കണ്ട

**വാക്യങ്ങൾ ക്രമപ്പെടുത്തി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക (വർക്ക് ബുക്ക്)**

പൂന്താനം നമ്പൂതിരിയെക്കുറിച്ച് അറിയാവുന്ന വിവരങ്ങളും അദ്ദേഹത്തിന്റെ കൃതികളും അദ്ദേഹം ലോകത്തിനു നൽകിയ സന്ദേശങ്ങളും ക്രമപ്രകാരമല്ലാതെ നൽകിയിരിക്കുന്നു. ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുമ്പോൾ പാലിക്കേണ്ട ക്രമത്തിൽ ഈ ആശയങ്ങൾ സ്വന്തം വാക്യങ്ങളിലായി ക്രോഡീകരിക്കാൻ കുട്ടികൾ ശ്രമിക്കട്ടെ. ഗൃഹപാഠമായി നൽകാം. ടീച്ചർ വിലയിരുത്തിയാൽ മതി.

**വരികൾ കണ്ടെത്താം(വർക്ക് ബുക്ക്)**

കവിതയിലെ ആശയങ്ങൾ തിരിച്ചറിയാനുള്ള ഒരു പ്രവർത്തനമാണിത്. ചില വരികളിലെ ആശയം നൽകിയിരിക്കുന്നു. ഈ ആശയങ്ങൾ കുട്ടികൾ വ്യക്തിഗതമായി വായിച്ച് ആ ആശയമുൾക്കൊള്ളുന്ന വരികൾ കണ്ടെത്തട്ടെ.

കണ്ടെത്തിയ വരികളും അവയുടെ ആശയവും നോട്ടുബുക്കിലെഴുതിയ ശേഷം പരസ്പരം കൈമാറി വായിക്കാനാവശ്യപ്പെടാം. അതുവഴി കുട്ടികൾക്ക് സ്വന്തം പ്രവർത്തനവും മറ്റുള്ളവരുടെ പ്രവർത്തനവും വിലയിരുത്താൻ കഴിയും. ടീച്ചറുടെ നിയന്ത്രണവും വിലയിരുത്തലും അനിവാര്യമാണ്.

**അർത്ഥ വ്യത്യാസം കണ്ടെത്താം(വർക്ക് ബുക്ക്)**

പദങ്ങളുടെ സാമ്യതയാൽ ആശയക്കുഴപ്പമുണ്ടായേക്കാവുന്ന രണ്ടു പദങ്ങളാണ് നൽകിയിരിക്കുന്നത്. ഇവ രണ്ടും എഴുതുമ്പോൾ വന്നേക്കാവുന്ന അബദ്ധവും കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തണം. (വൃ എന്നത് വ്ഋ ആണെന്നും വ്യ എന്നത് വ് + യ ആണെന്നും ബോധ്യപ്പെടുത്തണം)

**ശൈലികൾ ഉൾകൊള്ളുന്ന ആശയങ്ങൾ (വർക്ക്ബുക്ക്)**

പാഠഭാഗത്തു വന്ന ശൈലികളാണ് നൽകിയിരിക്കുന്നത്. നേരത്തെ പല പ്രാവശ്യം ചർച്ച ചെയ്തതായിരിക്കുമല്ലോ. കുട്ടികൾ ഇവ സ്വയം തിരഞ്ഞെടുത്തെഴുതട്ടെ. ഗൃഹപാഠമായി നൽകാം. ടീച്ചർ വിലയിരുത്തണം.

**പൊന്നോണം**

ഓണക്കാലത്തായിരിക്കും ഈ പാഠഭാഗം പഠിപ്പിക്കുന്നത്. മലയാളികളുടെ ആഘോഷം എന്ന നിലക്ക് ഓണത്തെക്കുറിച്ച് മലയാള പാഠപുസ്തകത്തിൽ പരാമർശം അത്യാവശ്യമാണെന്ന നിലക്ക് നൽകിയതാണ് പാലാ നാരായണൻ നായരുടെ 'പൊന്നോണം' എന്ന കവിത. ഈ വസ്തുത പരിഗണിച്ച് 'പൊന്നോണം' കവിത ചൊല്ലി ആസ്വദിക്കാനും ആശയഗ്രഹണത്തിനായി ചർച്ച സംഘടിപ്പിക്കാനും തുടർപ്രവർത്തനം നടത്താനും ശ്രദ്ധിക്കണം.

ഓണവുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ കുട്ടികൾ ശേഖരിക്കട്ടെ. ടീച്ചർ വിലയിരുത്തണം

**ഇഷ്ടപ്പെട്ട വരികൾ എഴുതുക (ടെസ്റ്റ് ബുക്ക്)**

കവിതാസ്വാദനമാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമാക്കുന്നത്. വ്യത്യസ്ത അഭിരുചികളായിരിക്കും ഓരോ കുട്ടിക്കും. അതുകൊണ്ടുതന്നെ അവരുടെ ആസ്വാദന തലവും വ്യത്യസ്തമായിരിക്കും. ഓരോ കുട്ടിക്കും ഇഷ്ടപ്പെട്ട വരികൾ നോട്ടുബുക്കിൽ എഴുതട്ടെ. തുടർന്ന് ആ വരികൾ ഇഷ്ടപ്പെടാനുള്ള കാരണവും എഴുതാൻ ആവശ്യപ്പെടാം. വ്യക്തമായി എഴുതിയശേഷം വിലയിരുത്താം.

- ഒരേ വരികൾ എഴുതിയവർ ആരെല്ലാം?

ഈ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കാം. ഒരേ വരികൾ തന്നെ എഴുതിയവർ ധാരാളമുണ്ടെങ്കിൽ അവരെ ചെറിയ ഗ്രൂപ്പുകളാക്കി തിരിക്കാം. കണ്ടെത്തിയ വരികളുടെ പ്രത്യേകതകൾ ചർച്ചചെയ്ത് ക്രോഡീകരിക്കട്ടെ. ശേഷം ഓരോ ഗ്രൂപ്പും അത് അവതരിപ്പിക്കട്ടെ.

ടീച്ചറുടെ മേൽനോട്ടവും വിലയിരുത്തലും നിർദ്ദേശങ്ങളും അനിവാര്യമാണ്.

പാഠം 4

# ഗാന്ധിജിയും സ്വാതന്ത്ര്യ സമരവും

*1945 ആഗസ്റ്റ് 15 ന് ഇന്ത്യ സ്വതന്ത്രമായി. അതിനു മുമ്പ് രണ്ടു നൂറ്റാണ്ടിലധികം കാലം ഇന്ത്യ ബ്രിട്ടീഷ് ആധിപത്യത്തിലായിരുന്നു. കച്ചവടത്തിന്നായി ഇവിടെ വന്ന ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും മറ്റും ക്രമേണ ഇവിടെ പിടിമുറുക്കി. നാട്ടുരാജാക്കന്മാരുടെ പിന്തുണയോടെ ഭരണം കൈയടക്കിയ അവർ ഇന്ത്യക്കാരെ അടിമകളെപ്പോലെ ഭരിച്ചു. നമ്മുടെ സമ്പത്ത് മുഴുവൻ വിദേശത്തേക്ക് കടത്തിക്കൊണ്ടുപോയി.*

*ഈ യാഥാർത്ഥ്യം മനസ്സിലായതോടെ വിദേശഭരണത്തിനെതിരെ പല ഭാഗത്തുനിന്നും ശബ്ദമുയർന്നു തുടങ്ങി. ഇന്ത്യയെ സ്വതന്ത്രമാക്കണമെന്ന ചിന്ത ജനങ്ങളുടെ മനസ്സിലുണർന്നു. ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള പ്രതിഷേധമായി, നിസ്സഹകരണമായി ജനങ്ങൾ രംഗത്തിറങ്ങാൻ തുടങ്ങി.*

*പ്രഗത്ഭരായ പല നേതാക്കളുടെയും കീഴിൽ വിവിധ സമരമുറകളുമായി സ്വാതന്ത്ര്യ സമരം രാജ്യമെങ്ങും വ്യാപിച്ചു. ഈ സമര സംരംഭങ്ങളെ അതി ക്രൂരമായി അടിച്ചമർത്താനാണ് ബ്രിട്ടീഷുകാർ ശ്രമിച്ചത്. അനേകായിരങ്ങളെ വെടിവെച്ചു കൊന്നു, തൂക്കിക്കൊന്നു. പലരെയും നാടുകടത്തി. എന്നാൽ ജനങ്ങളുടെ സ്വാതന്ത്ര്യ വാഞ്ഛയെ ചോരയിൽ മുക്കിക്കൊല്ലാൻ ബ്രിട്ടീഷുകാർക്കു കഴിഞ്ഞില്ല. ഒന്നിനു പിറകെ മറ്റൊന്നായി പ്രക്ഷോഭങ്ങളുണ്ടായി. പക്ഷേ ഈ സമരങ്ങളൊന്നും ഏകീകൃതമായിരുന്നില്ല. ആ സന്ദർഭത്തിലാണ് മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന ചെറുപ്പക്കാരൻ രംഗത്തു വരുന്നത്. ദക്ഷിണാഫ്രിക്കയിൽ ജോലി ചെയ്തിരുന്ന അദ്ദേഹം അവിടെ നിന്നാർജ്ജിച്ച പോരാട്ട വീര്യവുമായി ബ്രിട്ടീഷുകാർക്കെതിരെ പുതിയ സമര തന്ത്രങ്ങളുമായി ഇന്ത്യൻ ജനതയെ ഒന്നിപ്പിച്ചു മുന്നേറി. ആ മുന്നേറ്റത്തിന്നു മുമ്പിൽ പിടിച്ചു നിൽക്കാനാവാതെ ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിന്നു പിന്മാറേണ്ടി വന്നു.*

*ആവേശോജ്ജ്വലമായ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെക്കുറിച്ചും അതിനു നേതൃത്വം നൽകിയവരെക്കുറിച്ചും അവർ സഹിച്ച ത്യാഗങ്ങളെക്കുറിച്ചും കുട്ടികളെ ബോധവത്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ രൂപപ്പെടുത്തിയതാണീ പാഠഭാഗം. സ്വാതന്ത്ര്യസമര നേതാക്കളെക്കുറിച്ചും സമരരീതികളെക്കുറിച്ചും കൂടുതൽ അന്വേഷിച്ചറിയാനും സ്വാതന്ത്ര്യത്തിന്റെ വില തിരിച്ചറിയാനും ഈ പാഠഭാഗം പ്രചോദനമാകണം. ഫിദയുടെ സംശയത്തിനു സഹോദരൻ മറുപടി നൽകുന്ന രൂപത്തിലാണ് പാഠഭാഗം ആവിഷ്കരിച്ചിരിക്കുന്നത്.*

*കാര്യങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിനും പ്രഭാഷണം, പത്രവാർത്ത തുടങ്ങിയവ തയ്യാറാക്കുന്നതിനും ഭാഷാപരമായ പ്രയോഗങ്ങൾ തിരിച്ചറിയുന്നതിനും ഈ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട കഥകൾ ശേഖരിച്ച് കുട്ടികൾക്ക് നൽകാനും അവ ശേഖരിക്കാനുള്ള പ്രചോദനമുണ്ടാക്കാനും അധ്യാപകർ ശ്രമിക്കണം.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ/ധാരണകൾ

- ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെക്കുറിച്ചും മഹാത്മാഗാന്ധിയെക്കുറിച്ചും മനസ്സിലാക്കുന്നതിന്.
- സ്വാതന്ത്ര്യത്തിന്റെ മൂല്യം തിരിച്ചറിയുന്നതിന്.
- പത്രവാർത്ത, പ്രഭാഷണം തുടങ്ങിയവ തയ്യാറാക്കുന്നതിന്.
- സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട വിവരങ്ങൽ ശേഖരിച്ച് പതിപ്പുണ്ടാക്കുന്നതിന്.
- പദങ്ങളുടെ വിവിധ പ്രയോഗ രീതികൾ തിരിച്ചറിയുന്നതിന്.

### വ്യവഹാര രൂപങ്ങൾ

സംഭാഷണം, കുറിപ്പ്, കഥ

**പ്രകടിത രൂപങ്ങൾ**

പത്രവാർത്ത, പ്രഭാഷണം

**മനോഭാവം**

ദേശീയത, ദേശീയ ബോധം, ദേശസ്നേഹം, സ്വാതന്ത്ര്യം ഇവ കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ മൗലിക ധർമ്മമാണ് എന്ന മനോഭാവം.

**പ്രവർത്തനങ്ങൾ**

ടീച്ചർ കുട്ടികളുമായി സൗഹൃദ സംഭാഷണത്തിലേർപ്പെടുന്നു.

- സ്കൂളുകളിൽ ഏതെല്ലാം ദിനങ്ങളാണ് നാം ആഘോഷിക്കാറുള്ളത്?
  അധ്യാപകദിനാഘോഷം, റിപബ്ലിക്ദിനാഘോഷം, സ്വാതന്ത്ര്യദിനാഘോഷം..

സ്വാതന്ത്ര്യദിനാഘോഷത്തിൽ ഊന്നി ചോദിക്കാം:

- എന്നാണ് സ്വാതന്ത്ര്യദിനാഘോഷം
- ആർക്കാണ് സ്വാതന്ത്ര്യം കിട്ടിയത്?
- ആരിൽ നിന്നാണ് നാം സ്വാതന്ത്ര്യം നേടിയത്?
- ആരായിരുന്നു സ്വാതന്ത്ര്യം നേടിത്തന്നവരിൽ പ്രധാനി?

ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ഒരു പാഠമാണിനി നമുക്കു പഠിക്കാനുള്ളത്. 'ഗാന്ധിജിയും സ്വാതന്ത്ര്യ സമരവും', നമുക്കു വായിക്കാം.

കുട്ടികൾ വ്യക്തിഗതമായി പാഠഭാഗം വായിക്കട്ടെ. വായിക്കാൻ പ്രയാസമനുഭവപ്പെടുന്ന കുട്ടികളുണ്ടെങ്കിൽ ടീച്ചർ ആവശ്യമായ സഹായം ചെയ്യണം. എല്ലാ കുട്ടികളും പാഠഭാഗം പൂർണ്ണമായി വായിച്ചുവെന്നുറപ്പാക്കണം.

**അർത്ഥം കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)**

പ്രത്യേകം എടുത്തെഴുതിയ പദങ്ങൾ കുട്ടികൾ പാഠഭാഗത്തു കണ്ടെത്തട്ടെ. ആ വാക്യങ്ങൾ വായിച്ച് സന്ദർഭങ്ങളിൽ നിന്ന് അർത്ഥം ഊഹിക്കട്ടെ. തുടർന്ന് അവ ഗ്രൂപ്പിൽ ചർച്ച ചെയ്ത് നോട്ടുബുക്കിൽ എഴുതട്ടെ.

വ്യക്തത വരാത്ത പദങ്ങൾ ക്ലാസിൽ പൊതുവായി ചർച്ച ചെയ്യണം. കണ്ടെത്തിയ അർത്ഥങ്ങൾ ശരിയാണോയെന്നു നിഘണ്ടു നോക്കി ഉറപ്പുവരുത്താൻ അവസരം നൽകണം.

ചൂണ്ടിക്കാട്ടിയ പദങ്ങൾക്കു പുറമെ ചിലർക്ക് അപരിചിതമായ മറ്റു പദങ്ങളുമുണ്ടാവാം. അവയുടെ അർത്ഥവും ഗ്രൂപ്പിൽ ചർച്ച ചെയ്തു വ്യക്തത വരുത്തണം.

ടീച്ചർ വിലയിരുത്തുമ്പോൾ ചില പദങ്ങളുടെ അർത്ഥം ചോദിക്കാം. ഈ വിധം പരീക്ഷിച്ചില്ലെങ്കിൽ ചിലരെങ്കിലും അർത്ഥം മനസ്സിലാക്കുന്നതിലും മറ്റും അലസത കാണിച്ചെന്നു വരും.

**കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)**

പാഠഭാഗം വീണ്ടും വായിച്ച് ഉത്തരം കണ്ടെത്താനുള്ള പ്രവർത്തനമാണിത്. വിരസത കൂടാതെ പാഠഭാഗത്തിന്റെ പുനർവായനക്ക് ഈ പ്രവർത്തനം സഹായകമാണ്.

ഓരോ ചോദ്യവും വായിച്ച് പാഠഭാഗത്തുനിന്ന് ഉത്തരം കണ്ടെത്തട്ടെ. കണ്ടെത്തിയ ഉത്തരം ശരിയാണോ എന്ന് രണ്ടോ മൂന്നോ പേരടങ്ങുന്ന ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ. വ്യക്തത വരുത്തിയ ശേഷം നോട്ടുബുക്കിൽ എഴുതണം. തുടർന്ന് ഒരു കുട്ടി ഒരു ചോദ്യവും അതിന്റെ ഉത്തരവും എന്ന ക്രമത്തിൽ ക്ലാസിൽ പൊതുവായി അവതരിപ്പിക്കുന്നു.

അതിൽ വല്ല പോരായ്മകളുമുണ്ടെങ്കിൽ മറ്റു കുട്ടികൾ ചൂണ്ടിക്കാട്ടണം. ആശയപരമായ തെറ്റ്, വാക്യഘടനയിലെ തെറ്റ് തുടങ്ങിയവയാണ് ചൂണ്ടിക്കാണിക്കേണ്ടത്. ആ അവസരത്തിൽ ടീച്ചർ ഇടപെട്ട് വ്യക്തമാക്കിക്കൊടുക്കണം. വായിച്ചു ചർച്ച ചെയ്ത് നോട്ടുബുക്കിലെഴുതണം. ടീച്ചർ വിലയിരുത്തണം.

**ഉപ്പു സത്യാഗ്രഹം**

സമ്പന്നർക്കും ദരിദ്രർക്കും നിത്യജീവിതത്തിൽ അത്യന്താപേക്ഷിതമായ ഉപ്പിന്റെ കുത്തക ബ്രിട്ടീഷുകാർ കൈയടക്കി. നാട്ടുകാർക്ക് ഉപ്പുണ്ടാക്കാനോ വിൽക്കാനോ അനുവാദമില്ലാതായി. ഉപ്പിനു കനത്ത നികുതിയുമേർപ്പെടുത്തി. ഇത് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും വിഷമിപ്പിച്ചു. ഈ സാഹചര്യത്തിൽ ഉപ്പുനിയമം ലംഘിക്കുന്നതിലൂടെ എല്ലാ ഇന്ത്യക്കാരെയും സമരരംഗത്ത് ഒന്നിച്ചു നിർത്താൻ കഴിയുമെന്ന് ഗാന്ധിജി മനസ്സിലാക്കി. അങ്ങനെയാണ് 'സിവിൽനിയമ നിഷേധ പ്രസ്ഥാനം' ദണ്ഡി കടപ്പുറത്തു വെച്ച് ഉപ്പു സത്യഗ്രഹത്തോടെ ആരംഭിക്കാൻ അദ്ദേഹം തീരുമാനിച്ചത്.

ഗാന്ധിജിയുടെ താമസസ്ഥലമായ സബർമതിയിൽ നിന്നു 241 മൈൽ അകലെയാണ് ദണ്ഡി കടപ്പുറം. 24 ദിവസം – അധിക സമയവും കാൽനടയായി – സഞ്ചരിച്ചാണ് ഗാന്ധിജിയും 78 സന്നദ്ധ ഭടന്മാരും ദണ്ഡി കടപ്പുറത്തെത്തിയത്. അങ്ങനെ 1930 ഏപ്രിൽ 6ന് ഞായറാഴ്ച 8.30ന് ഗാന്ധിജി ഒരു പിടി ഉപ്പ് വാരിയെടുത്ത് ബ്രിട്ടീഷ് സർക്കാരിന്റെ ഉപ്പുനിയമം ലംഘിച്ചു. ഗാന്ധിജിയെ അനുകരിച്ച് ഇന്ത്യയൊട്ടാകെ അന്ന് ഉപ്പുനിയമ ലംഘനമുണ്ടായി.

## വിപരീത അർത്ഥമുള്ള പദങ്ങൾ കണ്ടെത്താം

മനസ്സിൽ പദസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പ്രവർത്തനമാണിത്. ഒരു പദത്തിന്റെ വിപരീത അർത്ഥമുള്ള ഒറ്റപദം കണ്ടെത്തണം. അവസരത്തിനൊത്ത് അവ പ്രയോഗിക്കാനുള്ള ശേഷിയും നേടണം.

തന്നിരിക്കുന്ന പദങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് വിപരീത പദം കണ്ടെത്തട്ടെ. കണ്ടെത്തിയ പദങ്ങൾ ക്ലാസിൽ പൊതുവായി അവതരിപ്പിച്ച് വ്യക്തത വരുത്തണം. ടീച്ചർ വിലയിരുത്തണം.

| | | |
|---|---|---|
| സഹകരണം | x | നിസ്സഹകരണം |
| നഷ്ടം | x | ലാഭം |
| സ്വാതന്ത്ര്യം | x | പാരതന്ത്ര്യം |
| അടിമ | x | ഉടമ |

## വായിക്കാം, ഉത്തരം കണ്ടെത്താം (വർക്ക് ബുക്ക്)

വൈക്കം മുഹമ്മദ് ബഷീറിന്റെ 'അമ്മ' എന്ന കൃതിയിൽ നിന്നെടുത്ത ഒരു ഭാഗം. സ്വാതന്ത്ര്യ സമരത്തിൽ ബഷീറിന്റെ പങ്കാളിത്തത്തെക്കുറിച്ചും ചില നേതാക്കളെക്കുറിച്ചുമുള്ള സൂചന ഈ ഭാഗത്തുണ്ട്. വിശദമാക്കിക്കൊടുക്കണം. ടീച്ചർ വിലയിരുത്തണം. വിശദീകരണത്തിനു ശേഷം ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ.

## പതിപ്പുണ്ടാക്കാം(ടെക്സ്റ്റ് ബുക്ക്)

കേരളത്തിലെ സ്വാതന്ത്ര്യ സമര നേതാക്കളെക്കുറിച്ചാണ് വിവരങ്ങൾ ശേഖരിക്കേണ്ടത്. ആരൊക്കെയായിരുന്നു കേരളത്തിൽ സ്വാതന്ത്ര്യ സമരത്തിനു നേതൃത്വം നൽകിയത്?

കുട്ടികൾ സ്വാതന്ത്ര്യ സമര നേതാക്കളെക്കുറിച്ചുള്ള വിവരങ്ങൾ വ്യക്തിഗതമായി ശേഖരിക്കട്ടെ. ഗൃഹപാഠമായി നൽകാം. ലൈബ്രറി പുസ്തകങ്ങളിൽ പരതിയും മറ്റുള്ളവരോടു ചോദിച്ചും മറ്റും അവർ വിവരങ്ങൾ ശേഖരിക്കട്ടെ. ശേഖരിച്ച വിവരങ്ങൾ ക്ലാസിൽ ചർച്ച ചെയ്യണം. ടീച്ചർ വിലയിരുത്തണം. കൂടുതൽ വിവരങ്ങൾ ആവശ്യമാണെങ്കിൽ പറഞ്ഞു കൊടുക്കണം.

എല്ലാ വിവരങ്ങളും ചേർത്ത് ഒന്നുകൂടി മെച്ചപ്പെടുത്തി എഴുതാം.

A4 പേപ്പറിൽ വൃത്തിയായി എഴുതട്ടെ. ചിത്രങ്ങളുണ്ടെങ്കിൽ ഒട്ടിക്കാം. വരക്കാൻ കഴിവുള്ള കുട്ടികളെക്കൊണ്ടു വരപ്പിക്കാം. നല്ലൊരു മുഖച്ചിത്രവും തയ്യാറാക്കാം. കേരളത്തിലെ സ്വാതന്ത്ര്യ സമര നായകർ എന്ന പേരിൽ തയ്യാറാക്കിയ പതിപ്പ് സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങിൽ പ്രകാശനം ചെയ്യാം.

### അടിവരയിട്ട പദമുപയോഗിച്ചു മറ്റൊരു വാക്യമെഴുതുക (വർക്ക് ബുക്ക്)

അർത്ഥപൂർണമായ ശൈലികളും പദപ്രയോഗങ്ങളും വിവിധ സന്ദർഭങ്ങളിൽ പ്രയോഗിക്കാനുള്ള പരിശീലനമാണ് ഈ പ്രവർത്തനത്തിലൂടെ ആർജ്ജിക്കേണ്ടത്. അതിന് ആദ്യം അടിവരയിട്ട പദങ്ങളുടെ ആശയം വ്യക്തമായി മനസ്സിലാക്കണം. ഓരോ വാക്യവും വായിച്ച് നിശ്ചിത പദങ്ങളുടെ ആശയം സന്ദർഭത്തിനനുസരിച്ച് ഊഹിക്കട്ടെ. തുടർന്ന് അവ ക്ലാസിൽ അവതരിപ്പിച്ച് വ്യക്തത വരുത്താം. ഓരോ വാക്യവും വായിച്ച് ആശയ വ്യക്തതയുണ്ടാക്കാൻ ടീച്ചറുടെ സഹായം ആവശ്യമായിരിക്കും.

കുട്ടികൾ വ്യക്തിഗതമായി എഴുതിയ വാക്യങ്ങൽ ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ.

- വാക്യങ്ങൾ ആശയ പൂർണമാണോ?
- വാക്യഘടന ശരിയാണോ?
- ഏതെങ്കിലും പദങ്ങൾ ഒഴിവാക്കേണ്ടതുണ്ടോ?
- ഏതെങ്കിലും പദങ്ങൾ മാറ്റി എഴുതേണ്ടതുണ്ടോ?

ചർച്ചകളിലൂടെ മെച്ചപ്പെടുത്തിയ ശേഷം ഓരോ ഗ്രൂപ്പിൽ നിന്നും ഒന്നോ രണ്ടോ പേർ വാക്യങ്ങൾ അവതരിപ്പിക്കണം. തുടർന്ന് ടീച്ചർ തയ്യാറാക്കിയ ചാർട്ട് പ്രദർശിപ്പിക്കാം.

- കൗശലമേറിയ ഒരു മൃഗമാണ് കുറുക്കൻ.
- ചേരി പ്രദേശത്തെ ജനങ്ങൾ ദുരിതപൂർണമായ ജീവിതമാണ് നയിക്കുന്നത്.
- ജനപ്രതിനിധികൾ സഭ ബഹിഷ്കരിച്ച് ഇറങ്ങിപ്പോയി.
- അതിക്രൂരമായ മർദ്ദനം സഹിക്കാനാവാതെ ചിലർ നാടുവിട്ടു.
- ജലമലിനീകരണത്തിനെതിരെ ജനരോഷം ആളിക്കത്തിയപ്പോൾ സർക്കാർ ഫാക്ടറി പൂട്ടിച്ചു.

### സമാന രൂപത്തിൽ പദങ്ങളും അവയുടെ അർത്ഥവും എഴുതുക (വർക്ക് ബുക്ക്)

പദങ്ങൾ അർത്ഥപൂർണ്ണമായി പ്രയോഗിക്കാനുള്ള പരിശീലനമാണീ പ്രവർത്തനത്തിലൂടെ ലക്ഷ്യമാക്കുന്നത്. മാതൃക നോക്കി കുട്ടികൾ പദങ്ങളും അവയുടെ ആശയവും എഴുതട്ടെ. കൂടുതൽ പദങ്ങൾ കണ്ടെത്താൻ നിർദ്ദേശിക്കാം. ടീച്ചർ വിലയിരുത്തണം.

### പത്രവാർത്ത തയ്യാറാക്കാം (വർക്ക് ബുക്ക്)

- എങ്ങനെയാണ് വാർത്തകൾ തയ്യാറാക്കുന്നത്?
- വാർത്താ കുറിപ്പുകളുടെ പ്രത്യേകതകൾ എന്തെല്ലാം?

ക്ലാസിൽ കൊണ്ടുവന്ന പത്രങ്ങൾ പരിശോധിച്ച് കുട്ടികൾ കണ്ടെത്തട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്ത് ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ മനസ്സിലാക്കട്ടെ.

- വാർത്തക്ക് ഉചിതമായ തലക്കെട്ട് വേണം.
- തലക്കെട്ട് ഹ്രസ്വവും ആകർഷകവുമായിരിക്കണം.
- അതു കണ്ടാൽ വാർത്ത വായിക്കാനുള്ള പ്രചോദനമുണ്ടാവണം.
- വാർത്ത നൽകുന്ന സ്ഥലമേതെന്നു വ്യക്തമാക്കണം.

ഗാന്ധിജിയുടെ ഉപ്പുസത്യഗ്രഹത്തെക്കുറിച്ചാണ് വാർത്ത തയ്യാറാക്കേണ്ടത്. കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് വാർത്ത തയ്യാറാക്കട്ടെ. ക്ലാസിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് മെച്ചപ്പെടുത്തിയ ശേഷം വർക്ക്ബുക്കിൽ രേഖപ്പെടുത്തണം.

### മാതൃക പോലെ എഴുതാം (വർക്ക് ബുക്ക്)

മാതൃക പോലെ എന്നതു കൊണ്ടുദ്ദേശ്യം ഉദ്ദിഷ്ടാർത്ഥം ലഭിക്കുന്ന വിധം വിഗ്രഹിച്ചെഴുതുകയെന്നാണ്. അപ്പോൾ ജന്മദിനം – ജനിച്ച ദിവസം എന്നും ശിശു ദിനം – ശിശുക്കളുടെ ദിനം എന്നും അധ്യാപ കദിനം – അധ്യാപകരുടെ ദിനം എന്നുമാണ് എഴുതുക. കൂടുതൽ ഉദാഹരണങ്ങൾ നൽകാം.

കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

### മാതൃക നോക്കി വികസിപ്പിച്ചെഴുതാം (വർക്ക് ബുക്ക്)

പദങ്ങളിൽ നിന്നു ലളിത വാക്യങ്ങളിലേക്കും തുടർന്നു സങ്കീർണ്ണ വാക്യങ്ങളിലേക്കും രചനാ ശേഷി

വികസിപ്പിക്കാനുള്ള പരിശീലനമാണ് ഉദ്ദേശ്യം. അതിന് പദങ്ങളും ഒപ്പം അനുയോജ്യമായ ആശയങ്ങളും വേണം. കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് വികസിപ്പിക്കാൻ ശ്രമിക്കട്ടെ. ടീച്ചറുടെ ഇടപെടൽ അനിവാര്യമാണ്. ഗ്രൂപ്പിൽ തയ്യാറാക്കിയ വാക്യങ്ങൾ കുട്ടികൾ അവതരിപ്പിക്കുമ്പോൾ ടീച്ചർ അവ ബോർഡിൽ എഴുതി വ്യക്തത വരുത്തണം. എല്ലാ കുട്ടികൾക്കും ഉൾക്കൊള്ളാൻ കഴിയും വിധം വിശദമാക്കണം.

### അർത്ഥ വ്യത്യാസം വരാതെ പദങ്ങൾ വേർതിരിച്ചെഴുതുക (വർക്ക് ബുക്ക്)

സമാസിച്ച പദങ്ങൾ വിഗ്രഹിച്ചെഴുതാനുള്ള പരിശീലനമാണിത്. മുകളിൽ ചെയ്ത പ്രവർത്തനത്തിന്റെ തുടർച്ച തന്നെ. ആശയം വ്യക്തമാക്കുന്ന വിധം പദങ്ങൾ വേർതിരിച്ചെഴുതാൻ പരിശീലനം നൽകണം. കൂടുതൽ ഉദാഹരണങ്ങൾ ആവശ്യമെങ്കിൽ നൽകാം.

കടൽ വെള്ളം – കടലിലെ വെള്ളം
ദുരിത പൂർണ്ണം – ദുരിതത്താൽ പൂർണ്ണം
ബ്രിട്ടീഷ് പട്ടാളം – ബ്രിട്ടീഷുകാരുടെ പട്ടാളം
സ്വാതന്ത്ര്യ പ്രഖ്യാപനം – സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനം

ഇങ്ങനെ സമാസിച്ച ഏതു പദവും അർത്ഥം വ്യക്തമാക്കും വിധം വേർതിരിച്ചു പറയാനും എഴുതാനും സാധിക്കണം. ആശയ വ്യക്തതയാണ് പ്രധാനമെന്നു കുട്ടികളെ ബോധ്യപ്പെടുത്തണം.

### അർത്ഥ വ്യത്യാസം വരാതെ മാറ്റി എഴുതുക (ടെക്സ്റ്റ് ബുക്ക്)

വിവിധ തരത്തിൽ പദങ്ങൾ ഘടിപ്പിക്കാനുള്ള പരിശീലനമാണ് ഈ പ്രവർത്തനത്തിലൂടെ ലഭ്യമാകുന്നത്. പദങ്ങൾ പല ഭാഗങ്ങളിലായി മാറ്റി എഴുതാൻ കുട്ടികൾ ശ്രമിക്കട്ടെ. എങ്ങനെ എഴുതിയാലും വാക്യത്തിന്റെ ആശയത്തിൽ മാറ്റം വന്നിട്ടില്ലെന്ന് ഉറപ്പു വരുത്തണം. കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

### പ്രഭാഷണം തയ്യാറാക്കാം (ടെക്സ്റ്റ് ബുക്ക്)

പ്രഭാഷണം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കുട്ടികൾ മനസ്സിലാക്കിയിട്ടുണ്ട്. അഭിസംബോധന, ആമുഖം, വിവരണം, ഉപസംഹാരം എന്നീ ക്രമങ്ങൾ ഒന്നു കൂടി ഓർമ്മപ്പെടുത്തണം. കുട്ടികൾ വ്യക്തിഗതമായി പ്രഭാഷണം എഴുതി തയ്യാറാക്കട്ടെ. തുടർന്ന് അവ ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തിയ ശേഷം നോട്ടുബുക്കിലെഴുതണം. ഏതാനും പേർക്ക് അവ ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകാം. ടീച്ചർ വിലയിരുത്തണം.

### സമരഗീതം പാടാം (ടെക്സ്റ്റ് ബുക്ക്)

സ്വാതന്ത്ര്യ സമര കാലത്ത് ജനങ്ങൾക്ക് ആവേശം പകർന്ന സമര ഗീതങ്ങളിലൊന്നാണിത്. കുട്ടികൾ പാടി അവതരിപ്പിക്കട്ടെ.

## പാഠം 5

# അറിയാനൊത്തിരി ബാക്കി

*അനന്തവും അത്ഭുതകരവുമായ പ്രപഞ്ച വിശാലതയ്ക്കു മുമ്പിൽ ശാസ്ത്രം പോലും പകച്ചു നിൽക്കുകയാണ്. കോടാനുകോടി നക്ഷത്ര സമൂഹങ്ങളടങ്ങിയ ക്ഷീരപഥങ്ങൾ വീണ്ടും വീണ്ടും കണ്ടെത്തിക്കൊണ്ടിരിക്കുകയാണിന്നും. കാണാൻ കഴിയാത്തതും സങ്കല്പാതീതവുമായ അത്തരം യാഥാർത്ഥ്യങ്ങളെ മാറ്റി നിർത്താം. നമ്മുടെ കൺമുമ്പിൽ നിത്യവും കണ്ടുകൊണ്ടിരിക്കുന്നതും നമുക്ക് സുപരിചിതവുമായ പ്രകൃതിയുടെ ഭാവങ്ങളും ചലനങ്ങളും ദൃശ്യങ്ങളും പോലും നമുക്കുൾകൊള്ളാൻ കഴിയാവുന്നതിലപ്പുറമല്ലേ? അനുഭവവേദ്യമായ സത്യങ്ങൾ പോലും അറ്റമില്ലാത്തതും വിസ്മയകരവുമാണ്. ഈ യാഥാർത്ഥ്യത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കുന്നതാണ് 'അറിയാനൊത്തിരി ബാക്കി' എന്ന കവിത.*

*അറിയുന്തോറും അറിയാൻ ഒത്തിരിയൊത്തിരി ബാക്കി കിടക്കുന്നതായാണ് കവി സൂചിപ്പിക്കുന്നത്. ഇരമ്പി മറിയുന്ന കടലായി പ്രപഞ്ചം പരന്നു കിടക്കുമ്പോൾ അതിന്റെ ഇത്തിരിയംശം മാത്രമേ നാം തിരിച്ചറിഞ്ഞിട്ടുള്ളു എന്ന സത്യം ചൂണ്ടിക്കാണിക്കുന്നതിലൂടെ മനുഷ്യജീവിതത്തിന്റെ പരിമിതിയിലേക്കും പരിധിയിലേക്കും പി മധുസൂദനൻ സൂചന നൽകുന്നുണ്ട്. പ്രകൃതിയുടെ മുമ്പിൽ, പ്രപഞ്ചത്തിനു മുമ്പിൽ അഹന്ത നടിക്കാൻ, അഹങ്കാരം പ്രകടിപ്പിക്കാൻ മനുഷ്യനൊരു അവകാശവുമില്ലെന്ന സത്യം കവിതാ വരികളിൽ നമുക്ക് വായിച്ചെടുക്കാം.*

*ഗഹനമായ ഇത്തരം സത്യങ്ങൽ കുട്ടികൾക്കുൾക്കൊള്ളാൻ കഴിഞ്ഞില്ലെന്നു വരാം. എന്നാൽ കവിതയുടെ ബാഹ്യതലം ഏറെ ആസ്വാദ്യകരമാണ്. നമ്മുടെ പ്രകൃതിയെ കൂടുതൽ കൂടുതൽ അറിയാനും ആസ്വദിക്കാനുമുള്ള പ്രചോദനമാണ്. സൗഹൃദവലയം വികസിപ്പിക്കാനും ശാസ്ത്ര പഠനങ്ങളിൽ താല്പര്യം കാണിക്കാനുമുള്ള ക്ഷണമാണ്. ഈ തലത്തിനു പ്രാധാന്യം കൊടുത്തു വേണം കവിത പഠിപ്പിക്കാൻ. പ്രകൃതിയെ അറിയുന്നതോടൊപ്പം സഹപാഠികളെയും സഹജീവികളെയും സമൂഹത്തെയും കുറിച്ച് കൂടുതൽ മനസ്സിലാക്കാനുള്ള പ്രോത്സാഹനവുമാവട്ടെ ഈ പാഠഭാഗം.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ / ധാരണകൾ

- പ്രപഞ്ചത്തിലെ അത്യത്ഭുതങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിന്.
- പ്രകൃതിയെ അടുത്തറിയുന്നതിനും സ്നേഹിക്കുന്നതിനും.
- സമൂഹത്തെയും സഹജീവികളെയും സ്നേഹത്തോടെയും സഹാനുഭൂതിയോടെയും വീക്ഷിക്കുന്നതിന്.
- കവിതകളിലെ ആശയം, വിശേഷണം, സൂചനകൾ, പൊരുളുകൾ തുടങ്ങിയവ തിരിച്ചറിയുന്നതിന്.
- കവിതകൾ ശേഖരിക്കുന്നതിനും ആസ്വദിക്കുന്നതിനും.

### വ്യവഹാര രൂപങ്ങൾ

കവിത, കഥ

### പ്രകടിത രൂപങ്ങൾ

വിശദീകരണക്കുറിപ്പ്, ചാർട്ട്

**മനോഭാവം**

പ്രകൃതിയെ അടുത്തറിയാനും ആസ്വദിക്കാനും

**പ്രവർത്തനങ്ങൾ**

സൗഹൃദ സംഭാഷണങ്ങളിലൂടെ തുടങ്ങാം.

- എത്ര തരം പൂക്കൾ കണ്ടിട്ടുണ്ട് നിങ്ങൾ?
- അവയുടെയെല്ലാം പേരറിയാമോ?
- എന്തെല്ലാം നിറങ്ങളാണവയ്ക്ക്? അവയുടെ ഗന്ധമെങ്ങനെയാണ്?
- ആ പൂക്കൾക്കെല്ലാം എത്ര ഇതളുകളുണ്ടെന്നറിയാമോ?

എല്ലാം അറിയുന്നവരാരുമില്ലല്ലോ! നമുക്കറിയാൻ ഒത്തിരിയൊത്തിരി ബാക്കിയുണ്ടല്ലോ?

ഈ കവിത ചൊല്ലി നോക്കാം.

കുട്ടികൾ വ്യക്തിഗതമായി കവിത വായിക്കട്ടെ.

ശേഷം ടീച്ചർ കവിത ആലപിക്കുന്നു (ഈണവും താളവും പ്രധാനം. സി ഡി പ്രയോജനപ്പെടുത്താം) കുട്ടികൾ കവിത ഏറ്റു ചൊല്ലുന്നു.

**തുടർന്ന് ആശയത്തിലേക്ക്**

അധിക വരികളുടെയും ആശയം വ്യക്തമാണ്. എന്നാലും ആത്മ പരിശോധനയ്ക്കു പ്രേരകമാവും വിധം ടീച്ചർക്കു വിശദീകരിക്കാം.

അറിയാവുന്ന കിളികളുടെ പേരുകൾ, മരങ്ങളുടെ പേരുകൾ, തണലിന്റെ പ്രത്യേകതകൾ, പുഴയുടെ കുളിരുകൾ, പഴങ്ങളുടെ രുചികൾ, ആൾക്കാരുടെ പേരുകൾ, തിരിച്ചറിയാവുന്ന ചിരികൾ, മുഖഭാവങ്ങൾ...

കുട്ടികൾ സ്വയം വിലയിരുത്തും വിധമാവണം ടീച്ചറുടെ വിവരണം. അറിവിന്റെ പരിമിതികൾ അപ്പോൾ കുട്ടികളുടെ മുഖഭാവങ്ങളിൽ പ്രകടമാവും. അനുബന്ധമായി വർക്ക് ബുക്കിലെ 'എത്രതരം പച്ചകൾ' എന്ന പ്രവർത്തനവും കൊണ്ടുവരാം. വൃക്ഷങ്ങളുടെ ഇലകളിലെ നിറവ്യത്യാസത്തെക്കുറിച്ചു തിരിച്ചറിവു നൽകാം. വീട്ടുമുറ്റത്തു കാണുന്ന പൂക്കളുടെ ഇതളുകളുടെ എണ്ണം പോലുമറിയില്ലെന്ന സത്യം ഓർമിപ്പിക്കാം.

**ആശയം കണ്ടെത്താം, പൊരുൾ വിവരിക്കാം (ടെക്സ്റ്റ് ബുക്ക്)**

ടീച്ചറുടെ വിശദീകരണത്തിനു ശേഷം കുട്ടികൾ ഗ്രൂപ്പിൽ ഈ പ്രവർത്തനം നടത്തട്ടെ.

പ്രപഞ്ചം അക്ഷയഖനിയായി കൺമുമ്പിലുണ്ട്. എത്രയെടുത്താലും തീരാത്തത്ര വിഭവങ്ങൾ! അതിൽ നിന്നു നമുക്കു വാരിയെടുക്കാൻ കഴിഞ്ഞത് (മനസ്സിലാക്കാനും തിരിച്ചറിയാനും പ്രയോജനപ്പെടുത്താനും കഴിഞ്ഞത്) ഇത്തിരി മുത്തുകൾ മാത്രം. അറ്റമില്ലാത്ത വിഭവങ്ങളും വൈചിത്ര്യങ്ങളും നിറഞ്ഞ അക്ഷയ ഖനിയാണു പ്രപഞ്ചമെന്നും അതിൽ നിന്നു മനുഷ്യനിന്നേ വരെ കണ്ടെത്തിയത് അൽപം മാത്രമാണെന്നുമുള്ള അവബോധം കുട്ടികളുടെ മനസ്സിലുണർത്തണം.

വിശാലമായ സമുദ്രം പോലെ ജീവിതം മുമ്പിൽ ഇരമ്പി മറിയുന്നുണ്ട്. (കോടിക്കണക്കിന് ജീവജാലങ്ങൾ, ഉത്കൃഷ്ട ജീവിയായ മനുഷ്യരുടെ വ്യവഹാരങ്ങൾ, അവർക്കിടയിലെ വൈചിത്ര്യങ്ങൾ, പ്രശ്നങ്ങൾ) എന്നാൽ ഓരോരുത്തരും കേൾക്കുന്നത്, മനസ്സിലാക്കുന്നത്, അനുഭവിക്കുന്നത് അതിൽ ഇത്തിരി മാത്രമാണ്. ജീവിതത്തെക്കുറിച്ചു പോലും നമുക്ക് ഇത്തിരി മാത്രമേ മനസ്സിലാക്കാൻ കഴിയുന്നുള്ളൂ എന്ന് ചുരുക്കം. മനുഷ്യന്റെ അറിവുകൾ പരിമിതമാണെന്നും വീണ്ടും വീണ്ടും അറിവുകൾ നേടിക്കൊണ്ടിരിക്കുകയാണെന്നും ഇനിയും അറിയാനൊരുപാടുണ്ടെന്നുമുള്ള വിനയ സമീപനമാണീ വരികളിൽ ഉൾക്കൊള്ളുന്നത്.

കുട്ടികൾ കണ്ടെത്തി ക്രോഡീകരിച്ച ആശയവും പൊരുളും ക്ലാസിൽ അവതരിപ്പിക്കട്ടെ. ടീച്ചറുടെ കൂട്ടിച്ചേർക്കലുകളോടെ നോട്ടുബുക്കിലെഴുതണം.

**ഉത്തരം കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)**

കവിത വീണ്ടും വായിച്ച് അശയം മനസ്സിലാക്കാനുള്ള പ്രവർത്തനമാണിത്. കവിതയിൽ നിന്നു നേരിട്ടു തന്നെ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കഴിയും. വ്യക്തിഗതമായി കണ്ടെത്തിയ ഉത്തരങ്ങൾ നോട്ടുബുക്കിലെഴുതി പരസ്പരം കൈമാറി വായിച്ചു വിലയിരുത്തണം. ടീച്ചർ നിരീക്ഷിക്കണം വിലയിരുത്തണം.

### ആശയം കണ്ടെത്താം, വിശദീകരിക്കാം (ടെക്സ്റ്റ്ബുക്ക്)

തന്നിരിക്കുന്ന വരികൾ കുട്ടികൾ ഗ്രൂപ്പിൽ വിശകലന വിധേയമാക്കട്ടെ. ചേർന്നിരിക്കുന്ന പദങ്ങൾ വേർത്തിരിച്ചെഴുതിയാൽ ആശയം പെട്ടെന്നു മനസ്സിലാക്കാൻ കഴിയുമെന്ന് ബോർഡിലെഴുതി കാണിച്ചു കൊടുക്കാം

അനന്തം + അജ്ഞാതം + അവർണനീയം
ഈ ലോകഗോളം തിരിയുന്ന മാർഗം
അതിങ്കൽ + എങ്ങാണ്ട് + ഒരിടത്ത് + ഇരിക്കും
പാവം മനുഷ്യൻ കഥ + എന്ത് + അറിഞ്ഞു.

പ്രപഞ്ചത്തിന്റെ അതിവിശാലത അത്ഭുതകരമാണ്. ഗ്രഹങ്ങൾ കറങ്ങിക്കൊണ്ടിരിക്കുന്ന സൗരയൂഥം! അതിലുൾപ്പെടുന്ന ഒരു ഗ്രഹമായ ഭൂമിയുടെ ഒരറ്റത്തു ജീവിക്കുന്ന നിസ്സാരനായ മനുഷ്യന് മനസ്സിലാക്കാൻ കഴിയുന്നത് ഇത്തിരി കാര്യങ്ങൽ മാത്രം. ഒത്തിരിയൊത്തിരി അറിയാനായി ബാക്കി കിടക്കുന്നു. ഈ ആശയം പാഠഭാഗത്തെ ആശയവുമായി ബന്ധപ്പെടുത്താം.

കണ്ടെത്തിയ ആശയം ഓരോ ഗ്രൂപ്പും ക്ലാസിൽ അവതരിപ്പിക്കട്ടെ. ടീച്ചർ ഇടപെടണം. ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തണം. ശേഷം ഓരോരുത്തരും നോട്ടുബുക്കിൽ രേഖപ്പെടുത്തട്ടെ.

### കഥ വായിക്കാം, കൂട്ടുകാരെ അറിയാൻ ശ്രമിക്കാം (വർക്ക് ബുക്ക്)

നമ്മുടെ കൂടെ നടക്കുന്നവരുടെ മാനസികാവസ്ഥ പോലും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല എന്ന പാഠം നൽകുന്ന കഥയാണ് പ്രവർത്തനത്തിനു നൽകിയിരിക്കുന്നത്. ഈ പ്രപഞ്ചത്തെക്കുറിച്ച്, ജീവിക്കുന്ന ഭൂമിയെക്കുറിച്ച്, ജീവജാലങ്ങളെക്കുറിച്ച് നമ്മുടെ അറിവ് എത്രയോ പരിമിതമാണെന്ന് കവിതയിൽ നിന്നും മനസ്സിലാക്കാം. നമ്മുടെ കൂട്ടുകാരെക്കുറിച്ചും ഇങ്ങനെയാണെന്ന തിരിച്ചറിവിനോടൊപ്പം കൂടെ ജീവിക്കുന്നവരുടെ മാനസികാവസ്ഥയറിയാൻ ശ്രമിക്കണമെന്ന അവബോധം നൽകാനും ഈ കഥ പ്രയോജനപ്പെടുത്താം.

കുട്ടികൾ വ്യക്തിഗതമായി കഥ വായിക്കട്ടെ

ശേഷം കാണുന്ന ചോദ്യങ്ങൾ ഉത്തരം കണ്ടെത്തി എഴുതട്ടെ.

- എത്ര മുഖത്തിൻ ചിരിയറിയാം, നിങ്ങൾ –
  ക്കെത്ര നോവിൻ നേരറിയാം?

ഈ വരികളിലെ സൂചനകൾ കഥയുമായി ബന്ധപ്പെടുത്താനുള്ള പ്രവർത്തനം ക്ലാസിൽ പൊതുവായ ചർച്ചക്കു ശേഷമാവാം എഴുതുന്നത്.

- പ്രസ്തുത കവിതാ വരികൾ ഈ കഥയുമായി വല്ല ബന്ധവുമുള്ളതായി തോന്നുന്നുണ്ടോ?
- ഉണ്ടെങ്കിൽ എന്തെല്ലാം സൂചനകളാണ് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നത്?
- അജയ് എന്ന കൂട്ടുകാരനെക്കുറിച്ച് മനുവിന്റെ വിചാരമെന്തായിരുന്നു?
- കഥാവസാനത്തിൽ ഈ വിചാരങ്ങൾക്ക് മാറ്റമുണ്ടായോ?
- എന്തു മാറ്റമാണുണ്ടായത്?

അജയ്‌യുടെ സംസാരത്തിൽ നിന്ന് അവന്റെ ജീവിത ത്തെക്കുറിച്ച് എന്തെല്ലാമാണ് മനു പിന്നീട് മനസ്സിലാക്കിയത്? ചോദ്യങ്ങളിലൂടെ തിരിച്ചറിഞ്ഞ ആശയം കവിതാ വരികളുമായി ബന്ധപ്പെടുത്തി ഓരോ കുട്ടിയും എഴുതട്ടെ. തുടർന്ന് അവ ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തി അവതരിപ്പിക്കണം. ടീച്ചർ വിലയിരുത്തണം.

### അർത്ഥം കണ്ടെത്തി എഴുതാം (വർക്ക് ബുക്ക്)

തന്നിരിക്കുന്ന പദങ്ങളുൾക്കൊള്ളുന്ന വരികൾ കണ്ടെത്തി ആശയം ഗ്രഹിക്കട്ടെ. സംശയ നിവൃത്തി വരുത്തിയ ശേഷം വർക്ക് ബുക്കിൽ എഴുതാം.

**പൂക്കളെ നിരീക്ഷിക്കാം, കുറിപ്പ് തയ്യാറാക്കാം (ടെക്സ്റ്റ്ബുക്ക്)**

നമ്മുടെ ചുറ്റുമുള്ള പ്രകൃതിയെ സുക്ഷ്മമായി നിരീക്ഷിക്കാൻ പ്രേരണ നൽകുന്ന പ്രവർത്തനമാണിത്. 'എത്ര തരം പച്ചകൾ' എന്ന വർക്ക് ബുക്കിലെ പ്രവർത്തനവും ഈ ലക്ഷ്യത്തോടെയുള്ളതാണ്. ഗൃഹപാഠമായി ഈ പ്രവർത്തനം നടത്തട്ടെ. കണ്ടെത്തിയ വസ്തുതകൾ കുറിപ്പായി രേഖപ്പെടുത്തി ക്ലാസിൽ അവതരിപ്പിക്കാം. ചർച്ച ചെയ്യാം.

**എത്ര പുഴകൾ? അഞ്ചു പുഴകളുടെ പേരെഴുതുക (ടെക്സ്റ്റ് ബുക്ക്)**

ഈ പ്രവർത്തനവും ഗൃഹപാഠമായി നൽകാം. കുട്ടികൾ അന്വേഷിച്ചു കണ്ടെത്തട്ടെ. അന്വേഷണ തൃഷ്ണ വളർത്താൻ ഇത്തരം പ്രവർത്തനങ്ങളിലൂടെ സാധിക്കും. ഇത്തരം വിവരങ്ങൾ ടീച്ചർ നേരിട്ടു പറഞ്ഞു കൊടുക്കരുത്.

**പട്ടികപ്പെടുത്തുക (വർക്ക് ബുക്ക്)**

വർക്കുബുക്കിലെ ഈ പ്രവർത്തനവും അന്വേഷണ തൃഷ്ണ വളർത്താനുള്ളതാണ്. ചുറ്റുപാടും നിരീക്ഷിച്ചും അന്വേഷിച്ചും അനുഭവിച്ചറിഞ്ഞും ഈ വിവരങ്ങൾ കുട്ടികൾ തന്നെ ശേഖരിക്കണം. പാഠാനുബന്ധ പ്രവർത്തനം എന്ന നിലയിൽ ഹോം വർക്കായി നൽകാം. ടീച്ചർ വിലയിരുത്തിയാൽ മതി.

**അർത്ഥ വ്യത്യാസം എഴുതാം (ടെക്സ്റ്റ് ബുക്ക്)**

കവിതയിൽ ആവർത്തിച്ചു വന്ന പദങ്ങളാണിവ

ഇത്തിരി = അൽപം, ഒത്തിരി = ധാരാളം

**പര്യായപദങ്ങൾ കണ്ടെത്താം (വർക്ക് ബുക്ക്)**

ഒരേ അർത്ഥമുള്ള പദങ്ങൾ കണ്ടെത്താനുള്ള പ്രവർത്തമാണിത്. മുൻപാഠങ്ങളിലും മുൻക്ലാസുകളിലും പരിചയപ്പെട്ട പദങ്ങളാണ് നൽകിയിരിക്കുന്നത്. ഓരോ പദത്തിനും നേരെ ഈരണ്ടു പര്യായ പദങ്ങൾ വീതം കണ്ടെത്തി എഴുതട്ടെ. വ്യക്തിഗതമായി കണ്ടെത്താൻ ശ്രമിക്കുന്നതാണ് കൂടുതൽ പ്രയോജനകരം. പരമാവധി പദങ്ങൾ കണ്ടെത്തിയ ശേഷം ഗ്രൂപ്പിന്റെ സഹകരണത്തോടെ പൂർത്തീകരിക്കട്ടെ.

കിളി – പറവ, ഖഗം
പുഴ – നദി, ആറ്
മരം – വൃക്ഷം, തരു
പൂവ് – കുസുമം, സൂനം
രുചി – സ്വാദ്, രസം
മുഖം – വദനം, ആനനം
ചിരി – ഹാസം, സ്മേരം
കടൽ – സമുദ്രം, ആഴി

### പാഠം 6

# കുഞ്ഞായിന്റെ കുസൃതി

*ബുദ്ധി സാമർത്ഥ്യവും ആലോചനാവൈഭവവും ഉണ്ടെങ്കിൽ ഏത് പ്രതിസന്ധിയും വിജയകരമായി തരണം ചെയ്യാം എന്ന് തെളിയിക്കുന്ന ഒരു പാഠമാണ് കുഞ്ഞായിന്റെ കുസൃതികൾ. രസകരമായ ഒരു കഥാപാത്രം. കുഞ്ഞാലി മുസ്ല്യാരുടെ ഉറ്റ ചങ്ങാതിയായിരുന്നു മങ്ങാട്ടച്ചൻ. മങ്ങാട്ടച്ചനേയും കുഞ്ഞായിൻ മുസ്ല്യാരെയും സംബന്ധിച്ച് ധാരാളം രസകരമായ കഥകൾ പ്രചാരത്തിലുണ്ട്. കഥകൾ വായിച്ചാസ്വദിക്കുന്നതിലൂടെ സ്വന്തം അനുഭവങ്ങൾ രസകരമായി എഴുതി അവതരിപ്പിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഈ പാഠത്തിന്റെ ലക്ഷ്യം. പുതിയ പദങ്ങൾ പരിചയപ്പെടുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. പുനർവായന ആവശ്യമായി വരുമ്പോൾ കുട്ടികൾക്ക് വിരസത ഉണ്ടാകാത്ത വിധത്തിൽ പ്രവർത്തനങ്ങൾ അവതരിപ്പിക്കാൻ ശ്രമിക്കുമല്ലോ?*

**കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ /ധാരണകൾ**

- കഥകൾ വായിച്ചാസ്വദിക്കുന്നതിന്.
- ശേഖരിച്ച കഥകൾ എഴുതി പതിപ്പാക്കുന്നതിന്.
- സന്ദർഭങ്ങളിൽ നിന്നും ഊഹിച്ച അർത്ഥം ശരിയാണോ എന്ന് നിഘണ്ടു നോക്കി ഉറപ്പാക്കുന്നതിന്.
- ഡയറിക്കുറിപ്പുകൾ എഴുതുന്നതിന്.
- പഴഞ്ചൊല്ലുകളുടെ ആശയം ഗ്രഹിക്കുന്നതിനും ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിനും.

**മനോഭാവം**

മറ്റുള്ളവരെ കളിയാക്കാനോ, അധിക്ഷേപിക്കാനോ ശ്രമിക്കുന്നത് നമുക്ക് ദോഷമായി ഭവിക്കും.

**വ്യവഹാര രൂപങ്ങൾ**

കഥകൾ, ഡയറി, വിവരണം.

**ആവിഷ്ക്കാര പ്രകടിതരൂപം**

കഥാപ്പതിപ്പ്.

**പ്രവർത്തനങ്ങൾ**

'ഇരട്ടികാണുന്ന കണ്ണ്' എന്ന പാഠത്തിലൂടെ ബുദ്ധികൊണ്ട് വികൃതിപ്പയ്യനെ തറപറ്റിച്ച ഹബീബിന്റെ കഥ പഠിച്ചുവല്ലോ. ഇതുപോലെ രസകരമായ മറ്റേതെങ്കിലും കഥകൾ അറിയാമോ? 'തെനാലിരാമൻ കഥകൾ' കുട്ടികൾക്ക് വായിക്കാൻ നൽകാം. ഒരു കൊച്ചു കഥ ടീച്ചർ ക്ലാസിൽ അവതരിപ്പിക്കുമല്ലോ. (തെനാലിരാമൻ കള്ളന്മാരെ പറ്റിച്ച കഥ).

ഇതുപോലെ വളരെ രസകരമായ കഥകൾ കുഞ്ഞായിൻ മുസ്ല്യാരെക്കുറിച്ചും മങ്ങാട്ടച്ചനെ കുറിച്ചും ഉണ്ട്. കുഞ്ഞായിൻ മുസ്ല്യാർ പഠനകാലത്ത് ഗുരുനാഥനേയും, കൂട്ടുകാരേയും പറ്റിച്ച ഒരു കഥയാണ് പാഠപുസ്തകത്തിലുള്ളത്.

കുട്ടികൾ പാഠഭാഗം വ്യക്തിഗതമായി വായിക്കുന്നു. വായനയുടെ പ്രക്രിയാഘട്ടങ്ങൾ പാലിച്ച് വായന പൂർത്തീകരിക്കുന്നു.

**ഉത്തരമെഴുതാം (ടെക്സ്റ്റ് ബുക്ക്)**

പാഠഭാഗം ആശയഗ്രഹണത്തോടെ വീണ്ടും വായിക്കാൻ അവസരമൊരുക്കുന്ന പ്രവർത്തനം. ഓരോ ചോദ്യവും വ്യക്തിഗതമായി വായിച്ച് പാഠഭാഗത്തുനിന്നും ഉത്തരം കണ്ടെത്തട്ടെ. കണ്ടെത്തിയ ഉത്തരങ്ങൾ ചെറിയഗ്രൂപ്പുകളിൽ (മൂന്നോ, നാലോ പേരുള്ള ഗ്രൂപ്പിൽ) ചർച്ച ചെയ്ത് കൃത്യതപ്പെടുത്തുന്നു. ഓരോ ചോദ്യവും അവയുടെ ഉത്തരവും നോട്ടുബുക്കിൽ എഴുതുന്നു.

- കൈമാറി വിലയിരുത്തുന്നു.
- ടീച്ചർ വിലയിരുത്തുന്നു.

**വർക്ക് ബുക്ക് പ്രവർത്തനം 3 ഉത്തരം കണ്ടെത്താം എഴുതാം**

പാഠപുസ്തകത്തിലെ ഉത്തരമെഴുതാം പ്രവർത്തനത്തിന് തത്തുല്യമായ പ്രവർത്തനമാണ്. അധ്യാപികയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് കുട്ടികൾ പ്രവർത്തനം പൂർത്തിയാക്കട്ടെ.

**അർത്ഥം കണ്ടെത്താം**

പാഠഭാഗത്തെ അപരിചിത പദങ്ങളുടെ അർത്ഥം കണ്ടെത്തുവാനുള്ള പ്രവർത്തനം. പാഠഭാഗം ഒരിക്കൽക്കൂടി വ്യക്തിഗതമായി വായിക്കാനവസരം നൽകുന്നു.

അർത്ഥമറിയാത്ത പദങ്ങൾ കണ്ടെത്തി അടിയിൽ വരയ്ക്കട്ടെ. അഞ്ചോ, ആറോ കുട്ടികൾ ഉൾപ്പെടുന്ന ഗ്രൂപ്പിൽ പദങ്ങൾ ചർച്ച ചെയ്യുന്നു. അപരിചിത പദങ്ങൾ ഉൾക്കൊള്ളുന്ന വാക്യങ്ങൾ ഗ്രൂപ്പിൽ വായിക്കുന്നു. അർത്ഥം ഊഹിക്കുന്നു. കണ്ടെത്തിയ അർത്ഥം നോട്ടുബുക്കിൽ എഴുതുന്നു.

ഓരോ ഗ്രൂപ്പിലും നിഘണ്ടു നൽകുന്നു. ഊഹിച്ചു കണ്ടെത്തിയ അർത്ഥം ശരിയാണോ എന്ന് ഓരോ ഗ്രൂപ്പും പരിശോധിക്കുന്നു.

നിഘണ്ടുവിൽ ഓരോ പദങ്ങളും കണ്ടെത്തിയത് എങ്ങനെ? ഓരോ ഗ്രൂപ്പും പദങ്ങൾ കണ്ടെത്തിയ രീതി വിവരിക്കുന്നു. ഏറ്റവും എളുപ്പമായ രീതി മനസ്സിലാക്കുന്നു.

**സമാനപദങ്ങൾ കണ്ടെത്തി എഴുതാം (ടെക്സ്റ്റ് ബുക്ക്)**

മുൻ പ്രവർത്തനത്തിൽ നിന്നും അപരിചിത പദങ്ങളുടെ അർത്ഥം കണ്ടെത്തിയ കുട്ടികളിൽ എത്രമാത്രം ആശയം ഉറച്ചിട്ടുണ്ട് എന്ന് തിരിച്ചറിയുവാനുള്ള പ്രവർത്തനമാണിത്.

പ്രവർത്തനത്തിൽ നൽകിയിട്ടുള്ള പദങ്ങൾ കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു.

അവ നോട്ട്ബുക്കിൽ എഴുതുന്നു.

ഓരോ പദത്തിന്റെയും ആശയം ഉൾക്കൊള്ളുന്ന സമാനപദം ബ്രായ്ക്കറ്റിൽ നൽകിയിരിക്കുന്നത് വായിച്ചു നോക്കി അനുയോജ്യമായവ ചേർത്ത് എഴുതട്ടെ.

എല്ലാ പദങ്ങളുടെയും സമാനപദങ്ങൾ നോട്ട് ബുക്കിൽ എഴുതിയ ശേഷം പരസ്പരം കൈമാറി വിലയിരുത്തണം. തുടർന്ന് പാഠപുസ്തകത്തിൽ പൂരിപ്പിച്ച് പ്രവർത്തനം പൂർത്തിയാക്കട്ടെ (വ്യക്തിഗതം)

ടീച്ചർ വിലയിരുത്തുന്നു.

**വിപരീത അർത്ഥം വരുന്ന പദങ്ങൾ**
**പാഠഭാഗത്തുനിന്നും കണ്ടെത്തി എഴുതുക (ടെക്സ്റ്റ് ബുക്ക്)**

എതിർപദങ്ങൾ പരിചയപ്പെടാനുള്ള പ്രവർത്തനമാണ്. പ്രവർത്തനത്തിൽ നൽകിയിട്ടുള്ള ഓരോ പദവും കുട്ടികൾ നോട്ട്ബുക്കിൽ കുറിയ്ക്കട്ടെ. ഓരോ പദത്തിന്റെയും അർത്ഥം പൊതുവായി ചർച്ച ചെയ്യുന്നു. ചർച്ചയുടെ ഭാഗമായി കണ്ടെത്തുന്ന പദങ്ങളുടെ അർത്ഥം ടീച്ചർ ബോർഡിൽ എഴുതുന്നു. അർത്ഥം വ്യക്തമാകാത്ത പദങ്ങൾ ചില സന്ദർഭങ്ങളുടെ അവതരണത്തിലൂടെ ആശയഗ്രഹണത്തിന് വഴിയൊരുക്കം വിധം ക്ലാസിൽ അവതരിപ്പിക്കുകയും ആവാം. ചില അവസരങ്ങളിൽ നിഘണ്ടു ഉപയോഗിക്കാൻ നിർദ്ദേശിക്കാം.

എല്ലാ പദങ്ങളുടെയും അർത്ഥം (ആശയം) വ്യക്തമായല്ലോ.

ഈ പദങ്ങളുടെ വിപരീത അർത്ഥം വരുന്ന പദങ്ങൾ പാഠഭാഗത്തുണ്ട്. അവ കണ്ടെത്തി എഴുതൂ.

കുട്ടികൾ വ്യക്തിഗതമായി ശ്രമിക്കട്ടെ.

ഓരോ പദത്തിലും ഊന്നിക്കൊണ്ടുള്ള പാഠഭാഗത്തിന്റെ പുനർവായനയാണ് ഇവിടെ നൽകേണ്ടത്.

വ്യക്തിഗതമായി കണ്ടെത്തിയ എതിർ പദങ്ങൾ ഓരോ പദത്തോടും ചേർത്ത് 'ത' ചിഹ്നം ഉപയോഗിച്ച് കുട്ടികൾ എഴുതട്ടെ.

ഗ്രൂപ്പിൽ വിലയിരുത്തി മെച്ചപ്പെടുത്തുന്നു. ഓരോ ഗ്രൂപ്പും കണ്ടെത്തിയവ അവതരിപ്പിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു.

| | | |
|---|---|---|
| പാമരൻ | x | പണ്ഡിതൻ |
| പരസ്യം | x | രഹസ്യം |
| ശിഷ്യൻ | x | ഗുരു |
| പരാജയപ്പെട്ട | x | വിജയിച്ച |

എല്ലാവരും കണ്ടെത്തിയത് ശരിയാണോയെന്ന് ഉറപ്പുവരുത്തുന്നു.

ടീച്ചർ വിലയിരുത്തുന്നു.

### വർക്ക് ബുക്ക് പ്രവർത്തനം 1

വിപരീതപദം കണ്ടെത്തി എഴുതി വാക്യം പൂർത്തിയാക്കാനുള്ള പ്രവർത്തനം. പാഠപുസ്തകത്തിലെ പ്രവർത്തനത്തിന് സമാനമായ പ്രവർത്തനമാണ്. നിർദ്ദേശങ്ങൾ നൽകിയാൽ മതി.

കുട്ടികൾ ഹോം വർക്കായി ചെയ്യട്ടെ.

ടീച്ചർ വിലയിരുത്തണം.

### വാക്കുകൾ കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)

അക്ഷരങ്ങൾ ക്രമത്തിലാക്കി പദങ്ങൾ എഴുതുവാനുള്ള പ്രവർത്തനം. രണ്ടുപേരുള്ള ഗ്രൂപ്പിൽ ഒരു കളിയായി ഈ പ്രവർത്തനം നൽകാം.

പാഠപുസ്തകത്തിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ക്രമം തെറ്റിച്ചെഴുതിയിരിക്കുന്ന ഒരു പദം ഒന്നാമൻ തൊട്ടുകാണിക്കുന്നു. രണ്ടാമൻ ആ പദം വായിക്കുന്നു. വായിക്കാൻ കഴിഞ്ഞാൽ ഒരു പോയിന്റ്. വായിക്കാൻ കഴിഞ്ഞില്ലെങ്കിൽ രണ്ടാമൻ വായിക്കുന്നു. വായിക്കുന്ന ആൾക്കുമാത്രം പോയിന്റ്. തുടർന്ന് രണ്ടാമൻ ഒരു പദം തൊട്ടുകാണിക്കുന്നു ഒന്നാമൻ വായിക്കുന്നു.

കളി തുടരുന്നു.

കളിയിൽ ആരാണ് ജയിച്ചത്? എത്ര പോയിന്റ് കിട്ടി.

രണ്ടുപേർക്കും വായിക്കാൻ പറ്റാത്ത ഏതെങ്കിലും പദങ്ങൾ ഉണ്ടോ ഏതെങ്കിലും ഗ്രൂപ്പിൽ അത്തരം പദങ്ങൾ ഉണ്ടെങ്കിൽ അവ ക്ലാസിൽ പൊതുവായി ചർച്ച ചെയ്യുന്നു.

ടീച്ചർ ബോർഡിൽ എഴുതുന്നു.

ഉച്ചത്തിൽ വായിക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി പദങ്ങൾ പാഠ പുസ്തകത്തിൽ എഴുതുന്നു. വായിക്കുന്നു.

### കുറിപ്പ് തയ്യാറാക്കാം (ടെക്സ്റ്റ് ബുക്ക്)

ഈ പാഠഭാഗത്തിലൂടെ പരിചയപ്പെട്ട പദങ്ങൾ ഉപയോഗിച്ച് കുറിപ്പ് തയ്യാറാക്കാനുള്ള പ്രവർത്തനം.

- ഈ പാഠഭാഗത്തുനിന്നും പരിചയപ്പെട്ട പുതിയ പദങ്ങൾ ഏതെല്ലാം?
  - കുട്ടികളുടെ സ്വതന്ത്ര പ്രതികരണം.

കുട്ടികൾ പറയുന്ന പദങ്ങൾ ടീച്ചർ ബോർഡിലെഴുതുന്നു. ബോർഡിൽ എഴുതിയ പദങ്ങൾ ടീച്ചർ ഒരിക്കൽക്കൂടി വായിക്കുന്നു. അർത്ഥമറിയാത്ത പദങ്ങളൊന്നുമില്ലെന്ന് ഉറപ്പുവരുത്തുന്നു. കുട്ടികൾ പറയാൻ വിട്ടുപോയ ഏതെങ്കിലും പദങ്ങൾ ഉണ്ടെങ്കിൽ ടീച്ചർ കൂട്ടിച്ചേർക്കാൻ മറക്കരുത്. ബോർഡിലെ പദങ്ങൾ കുട്ടികൾ നോട്ട് ബുക്കിലേക്ക് പകർത്തിയെഴുതട്ടെ.

ഇവയിൽ പരമാവധി പദങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കാം. കുട്ടികൾ ഇഷ്ടമുള്ള വിഷയം തെരഞ്ഞെടുക്കട്ടെ. വ്യക്തിഗതമായി നോട്ട്ബുക്കിൽ എഴുതി തുടങ്ങട്ടെ. എഴുതി തുടങ്ങുമ്പോൾ വിഷയം തെരഞ്ഞെടുക്കാൻ കുട്ടികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടാം. ആ സന്ദർഭത്തിൽ ഒരു ലഘുചർച്ചയാകാം.

- ഈ കഥയുമായ് ബന്ധപ്പെട്ട ഏതെല്ലാം വിഷയം തെരഞ്ഞെടുക്കാം?

കുട്ടികളുടെ അഭിപ്രായം ടീച്ചർ ബോർഡിൽ എഴുതുന്നു.

(സമർത്ഥനായ കുട്ടി, ഗുരുവും ശിഷ്യനും, ഗുരുവിനെ തോൽപ്പിച്ച ശിഷ്യൻ, ബുദ്ധിതന്നെ ശക്തി, കൂട്ടുകാർക്ക് പറ്റിയ അക്കിടി,....)

ഓരോ കുട്ടിയും ഇഷ്ടമുള്ള ആശയങ്ങൾ തെരഞ്ഞെടുത്ത് കുറിപ്പ് തയ്യാറാക്കട്ടെ.

രണ്ടോ മൂന്നോ കുട്ടികൾ അവതരിപ്പിക്കുന്നു.

(വ്യത്യസ്ത ആശയം എഴുതിയ കുട്ടികളെക്കൊണ്ട് അവതരിപ്പിക്കാൻ ശ്രമിക്കണം) ക്ലാസിൽ ചർച്ച ചെയ്ത് പരമാവധി പദങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കണം. ഒരേ വിഷയം തെരഞ്ഞെടുത്ത കുട്ടികൾ ഗ്രൂപ്പാകുന്നു.

ഗ്രൂപ്പിൽ ഓരോരുത്തരും എഴുതിയത് വായിച്ച് കേൾപ്പിക്കുന്നു. മറ്റുള്ള രചനകൾ പരിഗണിച്ചും കൂട്ടുകാരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചും സ്വന്തം രചനയിൽ എന്തു മാറ്റമാണ് വരുത്തേണ്ടത് എന്ന് സ്വയം തിരിച്ചറിയുന്നു.

മെച്ചപ്പെടുത്തുന്നു.

ഗ്രൂപ്പിൽ മികച്ചത് ക്ലാസിൽ അവതരിപ്പിക്കുന്നു.

ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. ഓരോ ഗ്രൂപ്പിന്റെയും അവതരണത്തിനുശേഷം ടീച്ചറുടെ കൂട്ടിച്ചേർക്കലുകൾ രചനയുടെ മെച്ചപ്പെടുത്തലിന് സഹായകമാവും. ഓരോ കുട്ടിയുടെയും രചന ടീച്ചർ വിലയിരുത്തണം.

### അനുഭവ വിവരണം തയ്യാറാക്കാം (ടെക്സ്റ്റ് ബുക്ക്)

സ്വന്തം അനുഭവങ്ങളെ ലഘുവിവരണമായി എഴുതി അവതരിപ്പിക്കാനുള്ള പ്രവർത്തനമാണ്.

കുഞ്ഞായിൻ മുസ്ല്യാരുടെ പഠനകാലത്തെ ഒരനുഭവമാണല്ലോ നമ്മൾ ഈ കഥയിലൂടെ മനസ്സിലാക്കിയത്.

- ഇത്തരം അനുഭവങ്ങൾ നമ്മുടെ ജീവിതത്തിലും ഉണ്ടായിട്ടുണ്ടാവില്ലേ.....?
- നിങ്ങളെ ആരെങ്കിലും പറ്റിച്ച അനുഭവം ഉണ്ടോ?
- നിങ്ങൾ ആരെയെങ്കിലും പറ്റിച്ച സന്ദർഭമുണ്ടാവില്ലേ.....?

ഇത്തരത്തിലുള്ള ഏതെങ്കിലും പറ്റിച്ച സന്ദർഭമുണ്ടാവില്ലേ....? സ്കൂളിലോ, വീട്ടിലോ, കൂട്ടുകാർക്കിടയിലോ നടന്ന രസകരമായി തോന്നുന്ന ഏതെങ്കിലും ഒരനുഭവം കുട്ടികൾ എഴുതട്ടെ.

വ്യക്തിഗതമായി എഴുതിയ വിവരണം കൈമാറി വായിക്കട്ടെ. സ്വന്തം രചനയിൽ വാക്യങ്ങളിലോ പദങ്ങളുടെ പ്രയോഗത്തിലോ ഏതെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ മാറ്റി എഴുതാൻ അവസരം നൽകണം. ടീച്ചർ ഒരനുഭവം തയ്യാറാക്കി ചാർട്ടിൽ അവതരിപ്പിക്കുന്നു.

കുട്ടികൾ അവരുടെ രചനയുമായി താരതമ്യം ചെയ്യുന്നു.

സ്വന്തം രചന മെച്ചപ്പെടുത്തുന്നു.

നേരിൽ കാണുന്ന തോന്നൽ ഉണ്ടാക്കുന്ന തരത്തിലും ശൈലികൾ, ചൊല്ലുകൾ എന്നിവ കൃത്യമായി ഉപയോഗിക്കുകയും ആശയങ്ങളുടെ തുടർച്ച ഉറപ്പാക്കുകയും ചെയ്യുമ്പോഴാണ് വിവരണം മികച്ചതാവുന്നത്.

ഓരോ കുട്ടിയുടെയും രചന ടീച്ചർ വിലയിരുത്തണം.

### വാക്യങ്ങൾ എഴുതാം (ടെക്സ്റ്റ് ബുക്ക്)

കാലഭേദങ്ങൾക്കനുസരിച്ച് വാക്യങ്ങൾ എഴുതാൻ ശീലിക്കുന്നതിനുള്ള പ്രവർത്തനം ആണ്. നടന്നു കഴിഞ്ഞ ഒരു കാര്യം എഴുതുമ്പോഴും നടക്കാനിരിക്കുന്ന ഒരു കാര്യം അവതരിപ്പിക്കുമ്പോഴും വാക്യഘടനയിൽ വരുന്ന മാറ്റം മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനം. പാഠപുസ്തകത്തിൽ നൽകിയിരിക്കുന്ന മാതൃക കുട്ടികൾ വായിക്കട്ടെ.

ഇന്നലെ: ഇന്നലെ എല്ലാവരും കോഴിമുട്ട കൊണ്ടുവന്നു. ഇതിന് സമാനമായ ഒരു വാക്യം എഴുതുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

കഴിഞ്ഞുപോയ ഒരു സംഭവം കണ്ടെത്തി കുട്ടികൾ ഒരു വാക്യം എഴുതട്ടെ.

''ഇന്നലെ പ്രധാനധ്യാപകൻ ക്ലാസിൽ വന്നു''

''ഇന്നലെ ക്ലാസിൽ ലൈബ്രറി പുസ്തകം വിതരണം ചെയ്തു.'' കുട്ടികൾ നോട്ടുബുക്കിൽ എഴുതിയ

ഇത്തരം ചില വാക്യങ്ങൾ ക്ലാസിൽ വായിക്കുന്നു.

ഇവയെല്ലാം കഴിഞ്ഞുപോയ കാര്യങ്ങളെക്കുറിച്ചുള്ള പ്രസ്താവനകൾ ആണ്.

എന്നാൽ നടക്കാനിരിക്കുന്ന കാര്യങ്ങളെ പ്രസ്താവിക്കുമ്പോൾ എന്ത് മാറ്റമാണ് വരുത്തേണ്ടത്?

ചർച്ച –

ടീച്ചർ ഒരു വാക്യം ബോർഡിൽ എഴുതുന്നു.

''ഞാൻ നാളെ സൽക്കാരത്തിനുപോയി''

ഈ വാക്യത്തിൽ എന്തെങ്കിലും തെറ്റുണ്ടോ?

എന്താണ് തെറ്റ്?

എങ്ങനെ ശരിയാക്കി എഴുതാം?

വാക്യം ശരിയാക്കി കുട്ടികൾ നോട്ട് ബുക്കിൽ എഴുതട്ടെ. തുടർന്ന് പാഠപുസ്തകത്തിലെ പ്രവർത്തനം പൂർത്തിയാക്കട്ടെ.

ഇന്നലെ, നാളെ എന്നീ പദങ്ങൾ ചേർത്ത് എഴുതുകയും ടീച്ചർ വിലയിരുത്തുകയും വേണം.

**പഴഞ്ചൊല്ലുകൾ വായിച്ച് ആശയം വിശദമാക്കുക (ടെക്സ്റ്റ് ബുക്ക്)**

പഴഞ്ചൊല്ലുകളുടെ ആശയം മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനം. പഴഞ്ചൊല്ലുകളും ശൈലികളും മുൻക്ലാസുകളിൽ കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്. എന്നാൽ അവയെ കൂടുതൽ ആഴത്തിൽ അറിയുവാൻ മുമ്പ് ശ്രമിച്ചിട്ടില്ല. നാലാം ക്ലാസിലെ കുട്ടി അവന്റെ ഭാഷാ നിലവാരത്തിലുള്ള പഴഞ്ചൊല്ലുകൾ മസ്സിലാക്കി തന്റെ ഭാഷാ പ്രയോഗങ്ങളിൽ ഉൾച്ചേർക്കുമ്പോൾ ഭാഷാ പഠനം രസകരമാവും.

കുട്ടികളെ നാല് ഗ്രൂപ്പുകൾ ആക്കുന്നു.

ഗ്രൂപ്പിംഗ് : **മ, ല, യാ, ളം** എന്നീ അക്ഷരങ്ങൾ കുട്ടികൾ ക്രമമായി പറയുന്നു. ഒരേ അക്ഷരം പറഞ്ഞ കുട്ടികൾ ഒരു ഗ്രൂപ്പ് [മ] [ല] [യാ] [ളം] ഇങ്ങനെ നാല് ഗ്രൂപ്പുകൾ.

ഓരോ ഗ്രൂപ്പും പാഠ പുസ്തകത്തിൽ നൽകിയിട്ടുള്ള പഴഞ്ചൊല്ലുകൾ വായിക്കട്ടെ. ഓരോ പഴഞ്ചൊല്ലുകളുടേയും അർത്ഥം ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ.

(കേവലം പദങ്ങളുടെ അർത്ഥവും ആശയവും അല്ല പഴഞ്ചൊല്ലുകളിലൂടെ അർത്ഥമാക്കുന്നത് എന്ന ധാരണ ടീച്ചറുടെ ഗ്രൂപ്പ് ഇടപെടലിലൂടെ കുട്ടികൾക്ക് വ്യക്തമാകണം.)

ടീച്ചർ പാഠപുസ്തകത്തിലെ ഓരോ പഴഞ്ചൊല്ലും ഓരോ സ്ട്രിപ്പിൽ എഴുതുന്നു. അവ ഓരോന്നും മടക്കിയശേഷം ഓരോ ഗ്രൂപ്പിൽ നിന്നും ഒരാൾ വന്ന് ഒരു സ്ട്രിപ്പ് എടുക്കുന്നു.

ഓരോ ഗ്രൂപ്പിനും കിട്ടിയ സ്ട്രിപ്പിലെ പഴഞ്ചൊല്ലുകൾ ഗ്രൂപ്പിൽ വിശദമായി ചർച്ച ചെയ്യുന്നു. ടീച്ചർ ഓരോ ഗ്രൂപ്പിലും ഇടപ്പെട്ട് നിർദ്ദേശങ്ങൾ നൽകണം. ഓരോ ഗ്രൂപ്പും കണ്ടെത്തിയ ആശയം ചാർട്ടിൽ എഴുതുന്നു.

ചാർട്ട് പ്രദർശിപ്പിച്ച് കൊണ്ട് ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ അവതരിപ്പിച്ച പഴഞ്ചൊല്ലുകളുടെ വിശദീകരണം ഓരോരുത്തരും എഴുതിയെടുക്കുന്നു.

ടീച്ചർ വിലയിരുത്തുന്നു.

**ടീച്ചർക്ക് //പഴഞ്ചൊല്ല്**

ഏതെങ്കിലും ഒരു പ്രത്യേക കാര്യം പറഞ്ഞുകൊണ്ട് പൊതുവായ ഒരാശയത്തെ സൂചിപ്പിക്കുന്ന ഭാഷാ പ്രയോഗമാണ് പഴഞ്ചൊല്ല്.

**ശൈലി**

വളരെ കാലത്തെ പ്രയോഗം കൊണ്ട് പ്രത്യേകമായ ചില അർത്ഥം സ്ഥിരപ്പെട്ടുകാണുന്ന പദമോ പദങ്ങളുടെ കൂട്ടമോ ആണ് ശൈലി. പദങ്ങളെ ഒറ്റയ്ക്കെടുത്താലുള്ള അർത്ഥമല്ല പദക്കൂട്ടത്തിനുണ്ടാവുക. ഉദാ: അർദ്ധരാത്രിക്ക് കുടപിടിയ്ക്കുക (അനാവശ്യമായി ആഡംബരം കാണിക്കുക)

**വർക്ക് ബുക്ക് പ്രവർത്തനം 4 പൊരുൾ കണ്ടെത്താം**

പഴഞ്ചൊല്ലിന്റെ ആശയം വിശദീകരിക്കുന്നതിനുള്ള പ്രവർത്തനം.

പാഠഭാഗത്തെ കഥയുമായി ബന്ധപ്പെടുത്തി വർക്ക് ബുക്കിൽ നൽകിയിട്ടുള്ള പഴഞ്ചൊല്ല് കുട്ടികൾ സ്വയം വിശദീകരിക്കട്ടെ. (ഹോം വർക്ക്)

**ഡയറിക്കുറിപ്പ് തയ്യാറാക്കാം. (ടെക്സ്റ്റ് ബുക്ക്)**

കുഞ്ഞായിൻമുസ്ല്യാരുടെബാല്യകാലത്ത് നടന്ന ഒരു സംഭവമാണല്ലോ ഈ കഥയിലൂടെ നമ്മൾ വായിച്ചത്. നിങ്ങളെപ്പോലെ സ്ക്കൂളിൽ പഠിച്ചിരുന്നപ്പോൾ സംഭവിച്ച ഈ കാര്യങ്ങൾ കുഞ്ഞായിൻ മുസ്ല്യാർ അന്ന് ഡയറിയിൽ എഴുതിവെച്ചിരുന്നു.

അന്നേ ദിവസം വൈകുന്നേരം എന്തെല്ലാം കാര്യങ്ങളായിരിക്കും ഡയറിയിൽ എഴുതിയിട്ടുണ്ടാവുക. ക്ലാസിൽ ഒരു പൊതു ചർച്ച നടത്തണം.

- ഡയറിയിൽ എന്തെല്ലാം?
- തിയ്യതി രേഖപ്പെടുത്തിയിട്ടുണ്ടോ?
- സംഭവങ്ങൾ സമയബന്ധിതമായി രേഖപ്പെടുത്തിയിട്ടുണ്ടോ?
- ........................................................................................................

മുൻ ക്ലാസുകളിൽ പഠിച്ച കാര്യങ്ങളുടെ പ്രബലനത്തിലൂടെ ഡയറി എഴുത്തിലേക്ക് കുട്ടികളെ നയിക്കാം.

കുട്ടികൾ വ്യക്തിഗതമായി ഡയറി തയ്യാറാക്കട്ടെ. ലേഖനത്തിന്റെ പ്രക്രിയാഘട്ടങ്ങൾ പാലിച്ച് പ്രവർത്തനം പൂർത്തിയാക്കുന്നു.

ടീച്ചർ വിലയിരുത്തുന്നു.

**കഥയെഴുതാം. (ടെക്സ്റ്റ് ബുക്ക്)**

കുഞ്ഞായിൻ മുസ്ല്യാരും മങ്ങാട്ടച്ചനുമായി ബന്ധപ്പെട്ട മറ്റുകഥകൾ കണ്ടെത്തി എഴുതുവാനുള്ള പ്രവർത്തനമാണ്.

സ്ക്കൂൾലൈബ്രറിയിൽനിന്നും 'മങ്ങാട്ടച്ചനും മുസ്ല്യാരും' കഥാപുസ്തകം കുട്ടികൾക്ക് ഗ്രൂപ്പിൽ വിതരണം ചെയ്യുന്നു. ഓരോ ഗ്രൂപ്പും അവർക്കിഷ്ടപ്പെട്ട ഒരു കഥ കണ്ടെത്തുന്നു. കഥ വായിച്ച് ആശയം ഗ്രഹിച്ച ശേഷം സ്വന്തം ഭാഷയിൽ കഥ ചുരുക്കിയെഴുതട്ടെ.ലേഖനത്തിലെ പ്രക്രിയാഘട്ടങ്ങൾ പാലിച്ച് പ്രവർത്തനം പൂർത്തിയാക്കുന്നു.

**വർക്ക് ബുക്ക് പ്രവർത്തനം 5, കഥ വികസിപ്പിക്കാം**

വർക്ക് ബുക്കിൽ നൽകിയിരിക്കുന്ന സൂചനകളിൽ നിന്നും കഥ വികസിപ്പിച്ചെഴുതുവാനുള്ള പ്രവർത്തനമാണ്.

പരസ്പരം പറ്റിച്ച ചെന്നായയുടെയും കൊക്കിന്റെയും കഥ സൂചനകളിൽ നിന്നും സ്വന്തം ഭാവനയിലൂടെ വികസിപ്പിച്ച് കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ. ടീച്ചറുടെ വിലയിരുത്തലിനുശേഷം ചെറിയ ചർച്ചയാകാം.

കഥയുടെ തുടക്കം - ഒടുക്കം - സംഭവങ്ങളെ പരസ്പരം ബന്ധിപ്പിക്കൽ - തുടങ്ങിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കഥ മാറ്റിയെഴുതട്ടെ. ടീച്ചർ നൽകുന്ന A4 പേപ്പറിൽ കഥ എഴുതി കഥാപതിപ്പ് പ്രകാശനം ചെയ്യാം. ഉചിതമായ പേരും നൽകാം.

**വർക്ക് ബുക്ക് പ്രവർത്തനം 6, മാതൃകപോലെ എഴുതാം**

മാതൃക നോക്കി മാറ്റി എഴുതുവാനുള്ള പ്രവർത്തനമാണ്. കുട്ടികൾ സ്വയം ചെയ്യട്ടെ. നിർദ്ദേശങ്ങൾ നൽകി ഹോം വർക്കായി ചെയ്യിക്കാം.

ടീച്ചർ വിലയിരുത്തണം.

**പാഠം 7**

# തെങ്ങ്

*കേരളം പ്രകൃതി സൗന്ദര്യം കൊണ്ട് അനുഗ്രഹീതമായ ഒരു നാടാണ്. കല്പവൃക്ഷം എന്ന് നാം വിളിക്കുന്ന തെങ്ങുകൾ നിറഞ്ഞനാട് - കേരവൃക്ഷങ്ങളുടെ നാട് എന്ന അർത്ഥത്തിലാണ് കേരളം എന്ന പേരുണ്ടായത് എന്ന് ഒരൈതിഹ്യമുണ്ട്. കേരളവും തെങ്ങും വിഷയമായ ചില പാഠങ്ങൾ മുൻ ക്ലാസ്സിൽ കുട്ടിപരിചയപ്പെട്ടിട്ടുണ്ട്. തെങ്ങ് നമുക്ക് നൽകുന്ന സന്ദേശമാണ് കവിതയുടെ ഇതിവൃത്തം. മഹാകവി ഉള്ളൂർ. എസ്. പരമേശ്വരഅയ്യരുടെ ബാലകവിതകളിൽ നിന്നെടുത്തിട്ടുള്ള ഈ പാഠഭാഗം തെങ്ങിനെ ലളിതമായ വാക്കുകളിൽ മനോഹരമായി വർണ്ണിച്ചിരിക്കുന്നു.*

*ഭാഷാപരമായ കഴിവുകൾ നേടുന്നതിന് ഈ കവിതാപാഠത്തിലൂടെ കുട്ടികൾക്കവസരം ലഭിക്കണം. കവിതകൾ വായിച്ചാസ്വദിക്കുന്നതിനും ചൊല്ലി രസിക്കുന്നതിനും പുറമേ കടങ്കവിതകൾ രൂപപ്പെടുത്തുന്നതിനും ഈ പാഠം ലക്ഷ്യമിടുന്നു. കവിതകൾ ശേഖരിക്കുന്നതിനും വായിച്ച് ഇഷ്ടപ്പെട്ടവ പാട്ടുപുസ്തകത്തിൽ എഴുതുന്നതിനും സാഹിത്യസമാജങ്ങളിൽ അവതരിപ്പിക്കാനും അവസരം ഒരുക്കാം.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ /ധാരണകൾ

- തെങ്ങ് നമുക്ക് നല്ല സന്ദേശങ്ങൾ നൽകുന്നു എന്ന് തിരിച്ചറിയുന്നതിന്.
- കവിതകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും.
- കവിതകളുടെ ഈണം കണ്ടെത്തി അവതരിപ്പിക്കുന്നതിന്.
- കവിതയിലെ വരികൾ വായിച്ച് ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുന്നതിന്.
- കവിതയിലെ ആശയം കുറിപ്പു രൂപത്തിൽ എഴുതി അവതരിപ്പിക്കുന്നതിന്.
- കടങ്കവിതകൾ വായിക്കുന്നതിനും ഉത്തരം കണ്ടെത്തുന്നതിനും സ്വന്തമായി നിർമ്മിക്കുന്നതിനും.

### വ്യവഹാര രൂപങ്ങൾ

കവിത, കുറിപ്പ്, ആസ്വാദനക്കുറിപ്പ്, കടങ്കഥ

### പ്രകടിത രൂപങ്ങൾ

ചിത്രപ്പതിപ്പ്, കുറിപ്പ്, കടങ്കഥകൾ

### പ്രവർത്തനങ്ങൾ

**ചിത്രം വര**

നമ്മുടെ പ്രദേശത്ത് ഏറ്റവും കൂടുതൽ കാണുന്ന വൃക്ഷമേതാണ്?
തെങ്ങിന്റെ പ്രത്യേകതകൾ എന്തൊക്കെ?

### ലഘു ചർച്ചക്കുശേഷം

നമുക്ക് തെങ്ങുകളുടെ ചിത്രം വരച്ചാലോ?
കുട്ടികൾക്ക് A4 കടലാസിന്റെ പകുതിഭാഗം നൽകുന്നു. എല്ലാ കുട്ടികളും തെങ്ങിന്റെ ചിത്രം വരയ്ക്കുന്നു.

**തെങ്ങ് എവിടെയൊക്കെ കാണാം?**
വീടിനടുത്ത്, കുളത്തിന്റെ കരയിൽ,
പുഴയുടെ തീരത്ത്.
മറ്റെവിടെയൊക്കെ?

സൂചനകളുടെ അടിസ്ഥാനത്തിൽ ചിത്രം മനോഹരമാക്കട്ടെ. നിറം നൽകിയ ചിത്രം ശേഖരിച്ച് പതിപ്പാക്കാം.

- തെങ്ങ് നമുക്ക് നൽകുന്ന സന്ദേശമെന്ത്?

തെങ്ങിൽ നിന്ന് നമുക്കെന്തെങ്കിലും കണ്ടുപഠിക്കാനുണ്ടോ? ചോദ്യങ്ങൾ ചോദിച്ച് ടീച്ചർ ചർച്ച നയിക്കുന്നു.

തെങ്ങ് എന്ന പാഠഭാഗം കുട്ടികൾ വായിക്കുന്നു.

കുട്ടികൾ വായിച്ചുകണ്ടെത്തിയ ആശയം പങ്കുവെക്കുന്നു.

പാഠഭാഗം വായിച്ചപ്പോൾ മനസ്സിലാവാത്ത പദങ്ങൾ കണ്ടെത്തി നോട്ടുബുക്കിലെഴുതുന്നു. മുൻപാഠങ്ങളിൽ വിശദീകരിച്ചതുപോലെ പ്രക്രിയയിലൂടെ അവയുടെ അർത്ഥം കണ്ടെത്തുന്നു നോട്ടുബുക്കിൽ എഴുതുന്നു.''പദങ്ങൾ പരിചയപ്പെടാം'' എന്ന പ്രവർത്തനം പരിശോധിക്കുന്നു.

**ഈണം നൽകാം**

ഈ കവിതയ്ക്ക് യോജിച്ച ഈണം നൽകാമോ? വ്യക്തിഗതമായ ശ്രമത്തിനുശേഷം ചെറുഗ്രൂപ്പിൽ ഈണം കണ്ടെത്തി ചൊല്ലി അവതരിപ്പിക്കുന്നു. ഒടുവിൽ ടീച്ചറും കവിത ഈണത്തിൽ ചൊല്ലുന്നു. ഗ്രൂപ്പിൽ പങ്കാളിത്തം കുറഞ്ഞകുട്ടികളെ കണ്ടെത്തി പ്രത്യേകപരിഗണന നൽകണം.

- ഇതിൽ കവിതയ്ക്ക് യോജിച്ച ഈണം ഏതാണ്?
- ആശയം വ്യക്തമാകുന്ന ഈണം ഏതാണ്? ചർച്ച ചെയ്യുന്നു.
- എന്താണ് കവിതയിലെ ആശയം?

ടീച്ചർ കവിതയിലെ രണ്ടോനാലോ വരികൾ വീതം ചൊല്ലുന്നു. (ഒരാശയം പൂർണ്ണമാവുന്ന വരികൾ തെരഞ്ഞെടുക്കണം.)

വരികളിലെ ആശയം ചർച്ച ചെയ്യുന്നു. ചർച്ച ചെയ്യുമ്പോൾ രണ്ടോ അതിലധികമോ പദങ്ങൾ ചേർന്നു വരുന്ന പദങ്ങൾ പിരിച്ചുപറഞ്ഞ് ആശയ വ്യക്തതവരുത്തുന്നു. തുടർന്ന് കവിത ടീച്ചറോടൊപ്പം കുട്ടികളും ഈണത്തിൽ ചൊല്ലുന്നു.

**ആശയം കണ്ടെത്തുക (ടെക്സ്റ്റ് ബുക്ക്)**

ചർച്ചയിലൂടെ കണ്ടെത്തിയ ആശയം കുട്ടികൾ എത്രമാത്രം സ്വായത്തമാക്കി എന്ന് കണ്ടെത്തുന്നതിന് ഈ പ്രവർത്തനം ഉപയോഗിക്കാം.

പ്രവർത്തനത്തിലെ വരികൾ കുട്ടികൾ വായിക്കുന്നു. ഈ വരികളുടെ ആശയം വ്യക്തിഗതമായി നോട്ടുബുക്കിൽ എഴുതുന്നു. ടീച്ചർ വിലയിരുത്തുന്നു. ചില കുട്ടികളുടെ അവതരണത്തിനുശേഷം ചർച്ച ചെയ്ത് ശരിയായ വാക്യത്തിലാക്കുന്നു. തെറ്റുണ്ടെങ്കിൽ കുട്ടികൾ മാറ്റി എഴുതുന്നു.

**പദങ്ങൾ പിരിച്ചെഴുതാം (വർക്ക് ബുക്ക്)**

പാഠവിശകലനത്തിൽ ചർച്ച ചെയ്ത ഒറ്റപ്പദങ്ങൾ പിരിച്ചെഴുതുന്നതിനുള്ള പ്രവർത്തനമാണിത്. കുട്ടികൾ വ്യക്തിഗതമായി പിരിച്ചെഴുതുന്നു. അവതരിപ്പിക്കുന്നു. ടീച്ചർ ബോർഡിലെഴുതുന്നു. വായിക്കുന്നു. വ്യക്തത വരുത്തുന്നു.

| | |
|---|---|
| തെങ്ങുകളൊട്ടനേകം | തെങ്ങുകൾ+ ഒട്ടനേകം |
| പാരിന്നഴക് | പാരിന്ന്+ അഴക് |
| ജലമിതിന്നേകി | ജലം+ഇതിന്ന് + ഏകി |
| ആശിച്ചതൊക്കെയും | ആശിച്ചത്+ ഒക്കെയും |
| അപ്പനുമമ്മയും | അപ്പനും+ അമ്മയും |

മറ്റേതൊക്കെ പദങ്ങൾ ഇങ്ങനെ പിരിച്ചെഴുതാനുണ്ട്. പാഠഭാഗത്തുനിന്ന് കണ്ടെത്തി പിരിച്ചെഴുതട്ടെ: ക്ലാസ്സിൽ അവതരിപ്പിക്കണം.

**ഉത്തരം പറയാമോ? (ടെക്സ്റ്റ് ബുക്ക്)**

കുട്ടികൾ പാഠഭാഗം വീണ്ടും സ്വന്തമായി വായിക്കുന്നതിനുവേണ്ടി നൽകുന്ന പ്രവർത്തനമാണിത്.

ചോദ്യങ്ങൾ വായിച്ച് ഉത്തരം വ്യക്തിഗതമായി പാഠഭാഗത്തുനിന്ന് കണ്ടെത്തുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് പൊതുവായി അവതരിപ്പിക്കുന്നു. കവിതാരൂപത്തിൽ ഉത്തരം പറയുന്ന കുട്ടികളോട് ആ വരികളിലെ ആശയം പറയാൻ ആവശ്യപ്പെടുന്നു. ചർച്ച ചെയ്ത് പൊതുധാരണയിലെത്തുന്നു. എഴുതുന്നു.

**ഉത്തരം കണ്ടെത്താം എഴുതാം (വർക്ക് ബുക്ക്)**

വർക്കുബുക്കിലെ ചോദ്യങ്ങൾക്ക് കുട്ടികൾ സ്വന്തമായി ഉത്തരം കണ്ടെത്തട്ടെ. ഹോം വർക്കായി ഈ പ്രവർത്തനം നൽകാം. പാഠഭാഗം വീണ്ടും വായിച്ച് ഉത്തരമെഴുതി കുട്ടികൾ ക്ലാസ്സിലവതരിപ്പിക്കട്ടെ: ടീച്ചർ വിലയിരുത്തണം.

**വരികൾ കണ്ടെത്തുക (ടെക്സ്റ്റ് ബുക്ക്)**

സ്വന്തമായി കവിതവായിക്കുന്നതിനുള്ള മറ്റൊരു പ്രവർത്തനമാണിത്. കവിതയിലെ വരികൾ വായിച്ച് ആശയം കണ്ടെത്തിയ കുട്ടിക്ക് ആശയം നൽകി വരികൾ കണ്ടെത്തുന്ന പ്രവർത്തനമാണിത്. കവിത വായിച്ച് അതേ ആശയം വരുന്ന വരികൾ കണ്ടെത്തി നോട്ടുബുക്കിലെഴുതട്ടെ. എഴുതിയ വരികൾ പരിശോധിച്ച് ടീച്ചർ വിലയിരുത്തുന്നു. ഒന്നു രണ്ടുപേർ അവതരിപ്പിക്കുന്നു. ചർച്ച ചെയ്ത് ശരിയായ വരികൾ കണ്ടെത്തുന്നു.

**ഇഷ്ടപ്പെട്ട വരികൾ (ടെക്സ്റ്റ് ബുക്ക്)**

കവിത വായിച്ച് ആസ്വാദനക്കുറിപ്പ് എഴുതുന്നതിനുള്ള പ്രാരംഭ പ്രവർത്തനമാണിത്. കവിത ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ

ആശയ പരം.
പദങ്ങളുടെ വിന്യാസം.
അക്ഷരങ്ങളുടെ ആവർത്തനം.
താളത്തിൽ പാടാവുന്നത്.
വിശേഷണങ്ങൾ.
മുൻ അനുഭവങ്ങൾ.

വായിച്ചപ്പോൾ ഉണ്ടായ തോന്നലുകൾ, ഓർമ്മകൾ ഇവയൊക്കെ ചർച്ചക്ക് വിധേയമാക്കണം.

പാഠഭാഗത്തെ ഇഷ്ടപ്പെട്ട നാലുവരി കവിത നോട്ടുബുക്കിൽ എഴുതുന്നു.

എന്തുകൊണ്ടാണ് ഈ വരികൾ ഇഷ്ടപ്പെട്ടത് എന്ന് വിശദീകരിച്ച് ഒരു കുറിപ്പ് തയ്യാറാക്കട്ടെ. ചില കുറിപ്പുകൾ പൊതുവായി അവതരിപ്പിക്കാം. എന്തുകൊണ്ട് ഈ വരികൾ ഇഷ്ടപ്പെട്ടു എന്ന് പറയുന്നു. ചർച്ച ചെയ്യുന്നു. ഓരോ കുട്ടിക്കും ഓരോ കാരണങ്ങളായിരിക്കും എന്നതിനാൽ ക്രോഡീകരിക്കേണ്ടതില്ല.

**പര്യായ പദമെഴുതാം (ടെക്സ്റ്റ് ബുക്ക്)**

വർക്കുബുക്കിലെ ''പര്യായപദമെഴുതാം'' 'മാതൃക പോലെ എഴുതാം' എന്നീ പ്രവർത്തനങ്ങളുടെ തലക്കെട്ട് പരസ്പരം മാറിപ്പോയത് ശ്രദ്ധിച്ചിരിക്കുമല്ലോ.

പ്രവർത്തനത്തിൽ നൽകിയിരിക്കുന്ന പദങ്ങൾ കുട്ടികൾ വായിക്കട്ടെ. ''തെങ്ങ്, അഴക്, ഭൂമി, വെള്ളം'' എന്നീ പദങ്ങളുടെ അതേ ആശയം വരുന്ന മറ്റ് രണ്ട് പദങ്ങൾ കൂടി കുട്ടികൾ ശേഖരിച്ച് വർക്കുബുക്കിലെഴുതട്ടെ.

ക്ലാസ്സിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നു. വ്യക്തത വരുത്തുന്നു.

| | | |
|---|---|---|
| തെങ്ങ് | - | കേരം |
| അഴക് | - | ഭംഗി, സൗന്ദര്യം |
| ഭൂമി | - | ധര, പാരിടം |
| വെള്ളം | - | ജലം, നീര് |

## മാതൃകപോലെ എഴുതാം (വർക്ക് ബുക്ക്)

പുല്ലിംഗവും സ്ത്രീലിംഗവും പരിചയപ്പെടുത്തുന്ന പ്രവർത്തനമാണിത്.

മാതൃകയിലെ പദങ്ങൾ വായിക്കുന്നു. രണ്ടുപദങ്ങൾ തമ്മിലുള്ള ബന്ധം ചർച്ച ചെയ്യുന്നു. പുല്ലിംഗ പദങ്ങളും സ്ത്രീലിംഗപദങ്ങളും എന്തെന്ന് തിരിച്ചറിയുന്നു.

മറ്റ് പദങ്ങൾ മാതൃകപോലെ മാറ്റി എഴുതി അവതരിപ്പിക്കുന്നു. ചർച്ച ചെയ്ത് ക്രോഡീകരിക്കുന്നു.

| | | |
|---|---|---|
| പുത്രൻ | - | പുത്രി |
| നായകൻ | - | നായിക |
| കവി | - | കവയിത്രി |
| അമ്മാവൻ | - | അമ്മായി |
| സഹോദരൻ | - | സഹോദരി |

## എത്രപദങ്ങൾ എഴുതാം

വർക്കുബുക്കിലെ ഈ പ്രവർത്തനങ്ങൾ കുട്ടികൾ സ്വയം ചെയ്യുന്നു. ടീച്ചർ വിലയിരുത്തുന്നു.

## കുറിപ്പ് തയ്യാറാക്കാം (ടെക്സ്റ്റ് ബുക്ക്)

കുറിപ്പ് എന്ന വ്യവഹാര രൂപം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനമാണിത്. ഇതുവരെ ചർച്ച ചെയ്ത പാഠഭാഗത്തെ ആശയങ്ങളും തെങ്ങുമായി ബന്ധപ്പെട്ട കുട്ടികളുടെ അനുഭവങ്ങളും ഉൾപ്പെടുത്തി ഒരു കുറിപ്പ് വ്യക്തിഗതമായി തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.

തയ്യാറാക്കിയ കുറിപ്പുകൾ ഗ്രൂപ്പിൽ വിലയിരുത്തുന്നു.. മികച്ച രചന കണ്ടെത്തുന്നു. മികച്ച രചന കണ്ടെത്താനുള്ള സൂചകങ്ങൾ ഗ്രൂപ്പിനു നൽകുന്നു.

കുറിപ്പ് വിലയിരുത്തൽ സൂചകങ്ങൾ
വസ്തു / സംഭവത്തെക്കുറിച്ച് കൃത്യമായി എഴുതിയിട്ടുണ്ട്. ആശയങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. വിഷയത്തിന് അനുയോജ്യമായ ഭാഷ!

തെരഞ്ഞെടുത്ത മികച്ച കുറിപ്പുകൾ പൊതുവായി അവതരിപ്പിക്കുന്നു. ടീച്ചർ തയ്യാറാക്കിയ ഒരു കുറിപ്പ് ടീച്ചർ വേർഷനായി ചാർട്ടിൽ എഴുതി അവതരിപ്പിക്കാം. വായിച്ച് ചർച്ച ചെയ്യാം.

**ഗ്രൂപ്പ് പ്രവർത്തനം നടക്കുമ്പോൾ**

എല്ലാ പ്രവർത്തനങ്ങളും ഗ്രൂപ്പിൽ പങ്കുവെക്കേണ്ടതില്ല. സ്വന്തം രചനകൾ മറ്റുള്ളവരുടെ രചനകളുമായി തട്ടിച്ചുനോക്കാനും പരസ്പരം വിലയിരുത്തുന്നതിനുമാണ് പ്രധാനമായും ഗ്രൂപ്പു പ്രവർത്തനം നടക്കുന്നത്. എല്ലാ കുട്ടികളുടെയും വ്യക്തിഗത രചനക്ക് ശേഷമാണ് ഗ്രൂപ്പു പ്രവർത്തനം നടക്കേണ്ടത്. ഗ്രൂപ്പിന്റെ ഉല്പന്നം ഗ്രൂപ്പിൽ നിന്നു കണ്ടെത്തിയ മികച്ച രചനയോ ഗ്രൂപ്പംഗങ്ങൾ ചേർന്ന് പുതുതായി തയ്യാറാക്കിയ രചനയോ ആവാം. ഗ്രൂപ്പിൽ പങ്കുവെക്കുക എന്നാൽ ഓരോ കുട്ടിയും അവതരിപ്പിക്കുമ്പോൾ മറ്റ് കുട്ടികൾ ശ്രദ്ധിക്കുകയും സ്വന്തം രചനകളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തുകയും ചെയ്യുക എന്നതാണ്. പ്രവർത്തനത്തിന്റെ സ്വഭാവമനുസരിച്ച് ഗ്രൂപ്പിന്റെ പ്രവർത്തനരീതിയിൽ വ്യത്യാസമുണ്ടാകും-ഗ്രൂപ്പു പ്രവർത്തനം കുട്ടികൾ തനിയെ ചെയ്യുന്ന ഒന്നല്ല. ടീച്ചർ എല്ലാ ഗ്രൂപ്പിലും നിരന്തരം ഇടപെടണം. ചർച്ച ശരിയായ ദിശയിലാണെന്ന് ഉറപ്പുവരുത്തണം. ആവശ്യമായ ചോദ്യങ്ങൾ ചോദിക്കുകയും സൂചനകൾ നൽകുകയും വേണം. അതിശക്തമായ ഒരു പഠനരീതിയാണ് സഹവർത്തിത പഠനം എന്ന തിരിച്ചറിവ് ഓരോ അധ്യാപികയ്ക്കുമുണ്ടാകണം.

## കുറിപ്പ് തയ്യാറാക്കാം (വർക്ക് ബുക്ക്)

ഹോം വർക്കായി നൽകാവുന്ന ഒരു വർക്കുബുക്ക് പ്രവർത്തനമാണിത്.
ചോദ്യം ക്ലാസ്സിൽ വായിച്ച് ചർച്ച ചെയ്യണം.
കുറിപ്പ് വ്യക്തിഗതമായി തയ്യാറാക്കട്ടെ. ടീച്ചർ സൂചകങ്ങൾ വെച്ച് വിലയിരുത്തുന്നു.

## കടങ്കവിതയ്ക്ക് ഉത്തരം പറയാമോ?

വസ്തുക്കളുടെ സവിശേഷതകൾ നിരീക്ഷിക്കാനും ഉചിതമായ വിശേഷണത്തോടെ അവതരിപ്പിക്കാനും കടങ്കഥകൾക്ക് സാധിക്കും.
കടങ്കവിത വായിച്ച് സവിശേഷതകൾ കണ്ടെത്തുന്നു.
മണ്ണു കൊത്തി പാറ കണ്ടു-
പാറ കൊത്തി വെള്ളികണ്ടു - എന്ന രണ്ടാമത്തെ സൂചനയാണ് ചിന്തയെ
മുന്നോട്ട് നയിക്കുന്നത്. മണ്ണ് വെട്ടിയാൽ പാറ കാണുന്നത് സ്വാഭാവികമാണ്.
എന്നാൽ പാറകൊത്തിയാൽ വെള്ളികാണുക എന്നാൽ യഥാർത്ഥ പാറയല്ലെന്നും
പാറപോലുള്ള മറ്റെന്തോ വസ്തുവാണെന്നും തിരിച്ചറിയുന്നു.
വീണ്ടും വെള്ളി കൊത്തിയാൽ വെള്ളം കിട്ടുന്നതെവിടെ? ഈ ചിന്തയാണ്
ഉത്തരത്തിലേക്ക് നയിക്കുക. പാറയുടെയും വെള്ളത്തിനുമിടയിൽ വെള്ളി പോലെ
എന്തോ ഒന്നുണ്ട്-നാളികേരമാണ് ഇതിനുത്തരമെന്ന് ചർച്ച ചെയ്ത് കണ്ടെത്തുന്നു.
തുടർന്ന് അടയ്ക്ക ഉത്തരമായി വരുന്ന കടങ്കഥ കുട്ടികൾ നിർമ്മിക്കട്ടെ.

**കടങ്കഥയോ കടങ്കവിതയോ നിർമ്മിക്കുമ്പോൾ**

വസ്തുവിന്റെ പരമാവധി സവിശേഷതകൾ ചർച്ച ചെയ്യണം അടയ്ക്ക കുലകളായാണ് കാണുന്നത്- ഒരു കുലയിൽ ധാരാളം അടയ്ക്കയുണ്ട്. ഉണ്ടാകുമ്പോൾ പച്ച നിറവും പിന്നീട് ഓറഞ്ചുനിറവുമാകും. എല്ലാ അടക്കയ്ക്കും തൊപ്പിയുണ്ട്. ഉണങ്ങിയ അടക്കാത്തോട് കൊണ്ട് നിരവധി സാധനങ്ങൾ ഉണ്ടാക്കാം. അടക്കകൊണ്ട് ധാരാളം ഉപയോഗം ഉണ്ട്. ഇങ്ങനെ ചർച്ച ചെയ്തു കഴിഞ്ഞാൽ ഇതിലെ തെരഞ്ഞെടുത്ത ആശയം ഉചിതമായ ഭാഷ പ്രയോഗിച്ച് കടങ്കഥയാക്കാം.

ഒരമ്മ പെറ്റതെല്ലാം തൊപ്പിക്കാര്
പച്ചക്കൊട്ടാരത്തിൽ പല്ലിമുട്ട

**ഞാനാരെന്നെഴുതാമോ (വർക്ക് ബുക്ക്)**

കടങ്കഥയ്ക്ക് ഉത്തരം കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തി ക്ലാസിൽ ചർച്ച ചെയ്യട്ടെ.

**ശേഖരിക്കാം (ടെക്സ്റ്റ് ബുക്ക്)**

കവിതാസ്വാദനത്തിന് പാഠപുസ്തകം മാത്രം മതിയാവില്ല. കുട്ടികൾക്ക് ലഭ്യമായ മറ്റ് വായനാ സാമഗ്രികളായ പത്രം, മാസികകൾ പുസ്തകങ്ങൾ എന്നിവയിൽ നിന്ന് കവിതകൾ ശേഖരിക്കുന്നതിലൂടെ കവിതകൾ വായിക്കാനും ആസ്വദിക്കാനും അവസരം ലഭിക്കും. സൂചനകളുടെ അടിസ്ഥാനത്തിൽ കുട്ടികൾ കവിതകൾ ശേഖരിച്ച് പാട്ടുപുസ്തകത്തിൽ എഴുതട്ടെ. ടീച്ചർ വിലയിരുത്തണം. ചില കവിതകൾ ക്ലാസ്സിൽ അവതരിപ്പിക്കുകയും വേണം.

**ഉള്ളൂർ എസ്. പരമേശ്വരയ്യർ (1877–1949)**

മഹാകവിയും മലയാള സാഹിത്യത്തിന്റെ വിശദമായ ചരിത്രം തയ്യാറാക്കിയ ഗവേഷകനുമാണ് ഉള്ളൂർ. എസ് പരമേശ്വരയ്യർ. മഹാകവിത്രയങ്ങളിലൊരാളായ ഇദ്ദേഹം 1877 ജൂൺ 5ന് സുബ്രഹ്മണ്യ അയ്യരുടേയും ഭഗവതി അമ്മാളുടേയും മകനായി ചങ്ങനാശ്ശേരിയിൽ ജനിച്ചു. തിരുവിതാംകൂറിൽ ദിവാൻ, പേഷ്കാർ, ചീഫ്സെക്രട്ടറി, റവന്യൂ കമ്മീഷണർ എന്നി ഉയർന്ന പദവികളിൽ ജോലി ചെയ്തു. 1949 ജൂൺ 15ന് അന്തരിച്ചു. 'ഉമാകേരളം' മഹാകാവ്യമാണ്. കർണഭൂഷണം, പിംഗള, ചിത്രശാല എന്നിവ പ്രസിദ്ധമായ ഖണ്ഡകാവ്യങ്ങളാണ്. 'കേരളസാഹിത്യചരിത്രം' മലയാള ഭാഷയുടെ ചരിത്രം വിശദമാക്കിയ ഗവേഷണ ഗ്രന്ഥമാണ്.

### പാഠം 8

# സ്വാർത്ഥനായ രാക്ഷസൻ

*കഥകൾ കേൾക്കാൻ എല്ലാ കുട്ടികൾക്കും ഇഷ്ടമാണല്ലോ. ഫാന്റസി കഥകൾ ആകുമ്പോൾ കൂടുതൽ താല്പര്യത്തോടെ കേട്ടിരിക്കും. അത്തരത്തിൽപ്പെട്ട വിഖ്യാതമായ ഒരു കഥയാണ് നാടകരൂപത്തിൽ നൽകിയിട്ടുള്ളത്. ശക്തമായ ഒരു ഭാഷാവ്യവഹാര രൂപമാണല്ലോ നാടകം. സ്വാർത്ഥത സകല നാശത്തിനും കാരണമാകും എന്നും സ്വാർത്ഥത വെടിഞ്ഞാൽ നന്മ കൈവരുമെന്നും കുട്ടികൾക്ക് തിരിച്ചറിവ് നൽകുന്ന പാഠമാണിത്. നാടകം എന്ന വ്യവഹാര രൂപത്തെ കൂടുതൽ അറിയുവാനും, മനസ്സിലാക്കാനും ആശയം ചോർന്നു പോകാതെ മറ്റു വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരിപ്പിക്കാനും ഈ പാഠത്തിലൂടെ സന്ദർഭമൊരുക്കുന്നു.*

**കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ /ധാരണകൾ**

- ഉചിതമായ ശബ്ദവ്യതിയാനത്തോടെ സംഭാഷണങ്ങൾ വായിക്കുന്നതിന്.
- ആശയ വ്യക്തതയോടെ വാക്യഘടന പാലിച്ച് സംഭാഷണങ്ങൾ എഴുതുന്നതിന്.
- വായിച്ച ആശയങ്ങളിൽ നിന്ന് ചോദ്യങ്ങൾ തയ്യാറാക്കുന്നതിന്.
- വ്യവഹാര രൂപത്തിലെ ആശയം ചോർന്നു പോകാതെ മറ്റൊരു വ്യവഹാര രൂപമാക്കി മാറ്റിയെഴുതുന്നതിന്. (നാടകം കഥയാക്കുന്നതിന്).
- വൈവിധ്യമാർന്ന നാടൻപാട്ടുകൾ കേട്ടാസ്വദിക്കുന്നതിനും ചൊല്ലി അവതരിപ്പിക്കുന്നതിനും.
- നാടൻകളിപ്പാട്ടുകൾ ശേഖരിക്കുന്നതിന്.
- ക്ഷണക്കത്ത്/ നോട്ടീസ് എന്നിവ തയ്യാറാക്കുന്നതിന്.
- പാഠഭാഗം ക്ലാസിൽ നാടകീകരിക്കുന്നതിന്.

**മനോഭാവം**

മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ മാത്രമേ സന്തോഷവും സൗഭാഗ്യങ്ങളും ലഭിക്കുകയുള്ളൂ.

**വ്യവഹാര രൂപങ്ങൾ**

നാടകം, കഥ, പാട്ടുകൾ, സംഭാഷണം, ക്ഷണക്കത്ത്.

**ആവിഷ്ക്കാര പ്രകടിത രൂപങ്ങൾ**

നാടകം, പാട്ടുകളുടെ ശേഖരണം, ക്ഷണക്കത്ത്

**പ്രവർത്തനങ്ങൾ**

സൗഹൃദ സംഭാഷണങ്ങളോടെ ക്ലാസ്റും പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.

- കഥ കേൾക്കാൻ ഇഷ്ടമല്ലേ......?
- ഇന്നൊരു കഥയായാലോ....?

എന്ത് കഥ / ആരുടെ കഥ കേൾക്കാനാണ് നിങ്ങൾക്കിഷ്ടം. കുട്ടികൾ അവർക്കിഷ്ടമുള്ള കഥയുടെ പേരുകൾ പറയട്ടെ.

– സ്വതന്ത്ര പ്രതികരണം.

- ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു ഭൂതത്തിന്റെ കഥ കേട്ടാലോ...?

'മുക്കുവനും ഭൂതവും' കഥ ടീച്ചർ ഭാവാത്മകമായി ശബ്ദ വ്യതിയാനത്തോടെ അവതരിപ്പിക്കുന്നു.

പാവം മുക്കുവൻ - വൈകുന്നേരം വരെ വലവീശിയിട്ടും ഒന്നും കിട്ടിയില്ല. തിരിച്ചു പോരുമ്പോൾ വലയിൽ എന്തോ കുടുങ്ങി. അതൊരു ചെറിയ കുടം ആയിരുന്നു - കരയിലെത്തിയ മുക്കുവൻ വളരെ സന്തോഷിച്ചു- കുടത്തിനുള്ളിലെ നിധി എന്തായിരിക്കും എന്നറിയാൻ കുടത്തിന്റെ മൂടി മെല്ലെ തുറന്നു - ഒന്നും കാണാൻ കഴിഞ്ഞില്ല. കുടത്തിൽ നിന്നും പുക ഉയരാൻ തുടങ്ങി. ആ പുക വലുതായി വലുതായി ഭീമാകാരമായ ഒരു ഭൂതമായി വളർന്നു - വലിയ ചെവിയും കൂർത്തപല്ലുകളും ഉണ്ടക്കണ്ണുകളുമുള്ള ഭീകരനായ ഭൂതം -തന്റെ ഉള്ളം കൈയ്യിൽ മുക്കുവനെ പിടിച്ചുയർത്തിക്കൊണ്ട് പറഞ്ഞു- ഞാൻ നിന്നെ തിന്നാൻ പോവുകയാണ്. ചാകുന്നതിനുമുമ്പ് എന്തെങ്കിലും ആഗ്രഹമുണ്ടോ? എന്താഗ്രഹമാണെങ്കിലും സാധിച്ചുതരാം. മുക്കുവൻ ആലോചിച്ചു. നീ എങ്ങനെയാണ് ഈ ചെറിയ കുടത്തിൽ കയറിയത്. അതൊന്ന് കണ്ടിട്ട് മരിച്ചാൽ മതി - ഭൂതം ഉറക്കെ ചിരിച്ചു - അത് വളരെ നിസ്സാരം ഇതാ കണ്ടോളൂ - ഭൂതം ചെറുതായി ചെറുതായി പുകയായി മാറി. കുടത്തിനുള്ളിലേക്ക് പ്രവേശിച്ചു - മുക്കുവൻ കുടത്തിന്റെ അടപ്പുകൊണ്ട് കുടം ഭദ്രമായി അടച്ചു - കടലിലേക്ക് വലിച്ചെറിഞ്ഞു-

ആവശ്യമായ കൂട്ടി ചേർക്കലോടെ ടീച്ചർ കഥ അവതരിപ്പിക്കുന്നു.

എല്ലാ രാക്ഷസന്മാരും ഇങ്ങനെയാകണമെന്നില്ല. ചില അനുഭവങ്ങൾ അവരുടെ സ്വഭാവത്തെ മാറ്റി മറിച്ചേക്കാം. അത്തരത്തിലുള്ള ഒരു കഥയാണ് നാടകരൂപത്തിൽ പാഠപുസ്തകത്തിലുള്ളത്. രസകരമായ ആ കഥ അറിയണ്ടേ....

കുട്ടികൾ വ്യക്തിഗതമായി പാഠഭാഗം വായിക്കട്ടെ. മൂന്ന് രംഗങ്ങളായാണ് നാടകം ക്രമീകരിച്ചിരിക്കുന്നത്. നാടകം പൂർണ്ണമായും കുട്ടികൾ വായിക്കട്ടെ.

### അർത്ഥം കണ്ടെത്താം

പാഠഭാഗം വായിച്ചപ്പോൾ അർത്ഥമറിയാത്ത ഏതെല്ലാം പദങ്ങളിലൂടെയാണ് കടന്നുപോയത്? അവ വട്ടത്തിലാക്കൂ.

- ആ പദങ്ങൾ ഉൾക്കൊള്ളുന്ന വാക്യം വായിച്ചു നോക്കൂ........ അർത്ഥവ്യക്തത ലഭിക്കുന്നുണ്ടോ?

കുട്ടികളെ ആറുപേരടങ്ങുന്ന ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പുകാരും കണ്ടെത്തിയ അർത്ഥമറിയാത്ത പദങ്ങൾ നോട്ടുബുക്കിൽ എഴുതി അവതരിപ്പിക്കുന്നു. പദങ്ങളുടെ അർത്ഥങ്ങൾ പരസ്പരം ചർച്ച ചെയ്യുന്നു. നോട്ടുബുക്കിൽ എഴുതിച്ചേർക്കുന്നു. ഗ്രൂപ്പിൽ ഉത്തരം കണ്ടെത്താൻ കഴിയാത്ത പദമുണ്ടെങ്കിൽ ക്ലാസിൽ പൊതുവായി അവതരിപ്പിക്കുന്നു. ടീച്ചർ അവ ബോർഡിൽ എഴുതുന്നു.

പദങ്ങൾ മറ്റു സന്ദർഭങ്ങളിൽ പ്രയോഗിച്ച് ആശയവ്യക്തത വരുത്തുന്നു. കുട്ടികൾ അർത്ഥം തിരിച്ചറിഞ്ഞ് നോട്ടുബുക്കിൽ എഴുതുന്നു. ഗ്രൂപ്പിൽ നിഘണ്ടു നൽകി കണ്ടെത്തിയ അർത്ഥങ്ങൾ ശരിയാണോയെന്ന് വരുത്തുന്നു.

### ഉത്തരമെഴുതാം (ടെക്സ്റ്റ് ബുക്ക്)

ആശയഗ്രഹണത്തോടെ പാഠഭാഗം വീണ്ടും വായിക്കുന്നതിനുള്ള പ്രവർത്തനമാണ്.

പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള ഓരോ ചോദ്യവും വായിച്ച് നോട്ടുബുക്കിൽ എഴുതട്ടെ. അവയുടെ ഉത്തരം പാഠഭാഗത്തുനിന്നും കണ്ടെത്തി സ്വന്തം വാക്യത്തിൽ എഴുതട്ടെ.

നാല് ചോദ്യങ്ങൾക്കും വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതണം.

ഞാൻ എഴുതിയ ഉത്തരം ശരിയാണോ? കൂട്ടുകാരുമായി കൈമാറി ഉത്തരങ്ങൾ വിലയിരുത്തട്ടെ. ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തി മാറ്റി എഴുതട്ടെ.

**ടീച്ചർ വിലയിരുത്തുന്നു**

- കുട്ടികളുടെ കളിയും ചിരിയും ഇല്ലാതായതാണ് പൂന്തോട്ടത്തിൽ പൂക്കൾ വിരിയാതായത്.
- അതുകൊണ്ടാണ് പക്ഷികളും പൂമ്പാറ്റകളും വരാതായത്.
- പ്രകൃതി എല്ലാ ജീവജാലങ്ങൾക്കും വേണ്ടി നിലകൊള്ളുന്നതാണ്.

തുടങ്ങിയ ആശയങ്ങൾ കുട്ടികളിൽ എത്തത്തക്ക രീതിയിൽ ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ ഇടപ്പെട്ട് നിർദ്ദേശങ്ങൾ നൽകണം.

## നാടകം കളിക്കാം (ടെക്സ്റ്റ് ബുക്ക്)

പാഠഭാഗം ക്ലാസിൽ നാടകമായി അവതരിപ്പിക്കാനുള്ള പ്രവർത്തനമാണ്.

നാടകാവതരണത്തെക്കുറിച്ച് ലഘു ചർച്ച ക്ലാസിൽ ആവശ്യമാണ്. നാടകീകരണത്തിന് തയ്യാറാകുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

മുന്നൊരുക്കം – രംഗം.

- രംഗത്ത് എന്തൊക്കെ സജ്ജീകരണങ്ങൾ.
- 

**ആസൂത്രണം.**

- കഥാപാത്രങ്ങൾ ആരെല്ലാം?
- ഓരോരുത്തരുടെയും സ്ഥാനം.

**നിർവ്വഹണം**

- രംഗബോധം.
- ശബ്ദ ക്രമീകരണം.
- ശരീരഭാഷയുടെ പ്രയോഗം.
- ഭാവ പ്രകടനം.

അടിസ്ഥാനപരമായ ഇത്തരം ചില കാര്യങ്ങളുടെ ചർച്ചയ്ക്കുശേഷം 6 പേരുടെ ഗ്രൂപ്പിൽ നാടകാവിഷ്ക്കരണത്തിന് തയ്യാറാകാൻ നിർദ്ദേശം നൽകുന്നു. രംഗം 1 മാത്രം ആദ്യം തയ്യാറാക്കട്ടെ.

കഥാപാത്രങ്ങളെ നിശ്ചയിക്കൽ ഓരോ ഗ്രൂപ്പും നിർവഹിക്കുമ്പോൾ ടീച്ചറുടെ ഇടപെടൽ അനിവാര്യമാണ്. ഓരോ കുട്ടിയ്ക്കും സംഭാഷണങ്ങൾ ഭാവം ഉൾക്കൊണ്ട് ശബ്ദവ്യതിയാനത്തോടെ അവതരിപ്പിക്കാൻ കഴിയുന്നുണ്ടോയെന്ന് പരസ്പരം വിലയിരുത്തട്ടെ. രംഗ സജ്ജീകരണത്തിന് അഭിനേതാക്കൾ തന്നെ മതിയാകും.

ആദ്യ ഘട്ടത്തിൽ സ്റ്റേജ് അവതരണത്തിന് മുമ്പ് വട്ടത്തിലിരുന്ന് സംഭാഷണങ്ങൾ കൃത്യതയോടെ പറയാൻ പരിശീലിക്കണം. ഒന്നാം രംഗം പരിശീലിച്ചു കഴിഞ്ഞാൽ ലഘു അവതരണമാകാം. (രംഗ സജ്ജീകരണം, മേക്കപ്പ് എന്നിവ ഒഴിവാക്കി റോൾപ്ലേ മാതൃകയിൽ) തുടർന്ന് മറ്റ് രണ്ടു രംഗങ്ങൾ കൂടി പരിശീലിക്കട്ടെ. ഓരോ ഗ്രൂപ്പിന് സംഭാഷണങ്ങൾ പൂർണ്ണമായും പഠിക്കാനുള്ള അവസരം നല്കാം. (അതിനായി ക്ലാസ് സമയം നഷ്ടമാകാതെ വരും ദിവസത്തേക്ക് സംഭാഷണം മനഃപ്പാഠമാക്കാൻ നിർദേശിക്കാം.)

അവതരണം ക്ലാസിൽ പൊതുവായി നടക്കുമ്പോൾ രംഗ സജ്ജീകരണവും പൊതുവായി ചെയ്താൽ മതി. ടീച്ചറുടെ സഹായത്തോടെ എല്ലാ കുട്ടികളും ചേർന്ന് ആവശ്യമായ സാമഗ്രികൾ ശേഖരിച്ച് രംഗം ഒരുക്കട്ടെ. ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു.

– ഏത് ഗ്രൂപ്പിന്റെ അവതരണമാണ് മികച്ചത്? കുട്ടികളുടെ വിലയിരുത്തൽ ബോർഡിൽ പ്രദർശിപ്പിക്കുന്നു. (വിലയിരുത്തൽ സൂചകങ്ങൾ ചർച്ച് ചെയ്ത് നേരത്തെതന്നെ ചാർട്ടിലെഴുതി പ്രദർശിപ്പിക്കാവുന്നതാണ്.)

**ചാർട്ടിൽ**

- ആശയവ്യക്തതയോടെയും ശബ്ദവ്യതിയാനത്തോടെയും സംഭാഷണം അവതരിപ്പിച്ചിട്ടുണ്ട്.
- കഥാപാത്രങ്ങൾ രംഗബോധം കാത്തു സൂക്ഷിച്ചിട്ടുണ്ട്.
- ശരീരഭാഷ ആവശ്യത്തിന് ഉപയോഗപ്പെടുത്തിയിട്ടുണ്ട്.
- ആവശ്യമായ നിശ്ചലദൃശ്യങ്ങൾ (ടശേഹഹ) ആവിഷ്ക്കരിച്ചിട്ടുണ്ട്.

ടീച്ചറുടെ വിലയിരുത്തൽ അവതരിപ്പിക്കുന്നു.

– എല്ലാ ഗ്രൂപ്പിനെയും കൈയ്യടിച്ച് പ്രോത്സാഹിപ്പിക്കുന്നു.

## ചോദ്യോത്തരപ്പയറ്റ് (ടെക്സ്റ്റ് ബുക്ക്)

പാഠഭാഗത്തുനിന്നും ഉത്തരം കണ്ടെത്താൻ കഴിയുന്ന പരമാവധി ചോദ്യങ്ങൾ നിർമ്മിക്കുവാനുള്ള പ്രവർത്തനമാണിത്. കുട്ടികൾ വ്യക്തിഗതമായി പരമാവധി ചോദ്യങ്ങൾ നിർമ്മിക്കട്ടെ. തുടർന്ന് ചോദ്യങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ. (മുൻ പ്രവർത്തനത്തിന് രൂപീകരിച്ച ഗ്രൂപ്പ് തന്നെ മതിയാകും.) ഓരോ ഗ്രൂപ്പും ചോദ്യോത്തരപ്പയറ്റിന് തയ്യാറാകുകയാണ് വേണ്ടത്. ഗ്രൂപ്പുകൾക്ക് ക്രമം നൽകുന്നു. ഒന്നാം ഗ്രൂപ്പ് ഒരു ചോ

ദ്യം രണ്ടാം ഗ്രൂപ്പിനോട് ചോദിക്കുന്നു. ഉത്തരം പറഞ്ഞാൽ 2 പോയന്റ്. ഉത്തരം പറഞ്ഞില്ലെങ്കിൽ അടുത്ത ഗ്രൂപ്പിനോട്, മറ്റേതെങ്കിലും ഗ്രൂപ്പാണ് ഉത്തരം പറഞ്ഞതെങ്കിൽ അവർക്ക് ഒരു പോയിന്റ്. ആരും പറഞ്ഞില്ലെങ്കിൽ ചോദിച്ച ഗ്രൂപ്പിന് ഒരു പോയിന്റ്. ഉത്തരം ക്ലാസിൽ പൊതുവായി പറയണം. തുടർന്ന് രണ്ടാം ഗ്രൂപ്പ് മൂന്നാംഗ്രൂപ്പിനോട്. ഈ ക്രമത്തിൽ തുടരുന്നു. ചോദ്യങ്ങളുടെ എണ്ണം നിജപ്പെടുത്തണം. എല്ലാ ഗ്രൂപ്പിനും തുല്യമായ റൗണ്ട് കിട്ടത്തക്കവിധം അഞ്ചോ ആറോ ചോദ്യങ്ങൾ മതിയാവും. ഏറ്റവും പ്രസക്തമായ ചോദ്യങ്ങൾ തെരഞ്ഞെടുക്കാൻ ഓരോ ഗ്രൂപ്പും ശ്രമിക്കുമ്പോൾ കളി രസകരമാവും. ആവശ്യമായ സമയത്ത് ടീച്ചർ ഇടപെടണം. തെറ്റായ ചോദ്യങ്ങളോ, ഉത്തരങ്ങളോ ക്ലാസ്സിൽ അവതരിപ്പിക്കാതെ ശ്രദ്ധിക്കണം.

**ക്രമത്തിലാക്കാം (ടെക്സ്റ്റ് ബുക്ക്)**

ആശയഗ്രഹണം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനമാണ്. പാഠപുസ്തകത്തിൽ ക്രമം തെറ്റിച്ചെഴുതിയ വാക്യങ്ങളെ സന്ദർഭങ്ങൾക്കും ആശയങ്ങൾക്കും അനുസൃതമായി ക്രമത്തിലാക്കുകയാണ് കുട്ടികൾ ചെയ്യേണ്ടത്.

ഓരോ വാക്യങ്ങളും കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ. എല്ലാ വാക്യങ്ങളും നാടകഭാഗത്ത് പരിചയപ്പെട്ടതാണല്ലോ. ഇവയിൽ ഏതു വാക്യത്തിൽ പറഞ്ഞ കാര്യമാണ് ആദ്യം സംഭവിച്ചത്?

ആ വാക്യത്തിനും നേരെ പാഠപുസ്കത്തിൽ '1' എന്ന നമ്പർ ഇടട്ടെ. ഈ വാക്യത്തോട് ചേർന്നു വരുന്ന സംഭവം ഏതാണ്? വാക്യങ്ങൾ വീണ്ടും വായിക്കുന്നു. വാക്യം കണ്ടെത്തി '2' എന്ന് നമ്പരിടുന്നു. അതിനടുത്ത സംഭവത്തിന് '3' എന്ന നമ്പർ. തുടർന്ന് ഓരോ വാക്യവും സന്ദർഭത്തിന്നനുസരിച്ച് നമ്പറിടുന്നു.

ഒന്നുമുതൽ 9 വരെ നമ്പർ നൽകിയ വാക്യങ്ങൾ ക്രമമായി സ്വയം വായിച്ചു നോക്കട്ടെ. എവിടെയെങ്കിലും ആശയ ചോർച്ച ഉണ്ടോ ?

കൂട്ടുകാരുടെ പാഠപുസ്തകം കൈമാറി വായിച്ചു നോക്കൂ....? എന്നെങ്കിലും മാറ്റം അനിവാര്യമാണോ?

ക്രമീകരണത്തിൽ മാറ്റം ആവശ്യമെങ്കിൽ വേണ്ട തിരുത്തലുകളോടെ വാക്യങ്ങൾ ക്രമമായി നോട്ടുബുക്കിൽ എഴുതൂ....

ടീച്ചർ നോട്ട് ബുക്ക് വിലയിരുത്തുന്നു.

**ശരിയേത് ? (ടെക്സ്റ്റ് ബുക്ക്)**

പദങ്ങളുടെ ശരിയായ എഴുത്തുരൂപം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം.

ചില കുട്ടികൾ ഉച്ചാരണവൈകല്യം മൂലം പദങ്ങൾ എഴുതുമ്പോൾ അക്ഷരത്തെറ്റ് വരുത്താറുണ്ട്. ഒരേ പദം രണ്ടു രീതിയിൽ എഴുതിയിരിക്കുന്നതാണ് പാഠപുസ്തകത്തിൽ കാണുക. ഈ പദങ്ങളുടെ യഥാർത്ഥ എഴുത്തുരൂപം പാഠത്തിൽ നിന്ന് കണ്ടെത്തി ശരിയായ പദത്തിനു നേരെ അടയാളപ്പെടുത്തട്ടെ. പാഠപുസ്തകം കൈമാറി അടയാളപ്പെടുത്തിയ പദങ്ങൾ ശരിയാണെന്ന് ഉറപ്പാക്കുമല്ലോ.

പദങ്ങളുടെ ശരിയായ എഴുത്തുരൂപം നോട്ടുബുക്കിലേക്ക് എഴുതുന്നു. ടീച്ചർ വിലയിരുത്തുന്നു.

**വർക്ക് ബുക്ക് പ്രവർത്തനം 1**

അടിയിൽ വരയിട്ട പദങ്ങൾക്ക് സമാനമായ പദങ്ങൾ പാഠഭാഗത്തുനിന്നും കണ്ടെത്തി വാക്യം മാറ്റിയെഴുതുവാനുള്ള പ്രവർത്തനം. കുട്ടികൾ ഹോം വർക്കായി ചെയ്തുവരട്ടെ. ടീച്ചർ വിലയിരുത്തണം.

**വർക്ക് ബുക്ക് പ്രവർത്തനം 2**

രണ്ട് വാക്യങ്ങളെ ചേർത്ത് ഒരു വാക്യമാക്കാനുള്ള പ്രവർത്തനമാണ്. നിർദ്ദേശങ്ങൾ മാത്രം നൽകുക. കുട്ടികൾ സ്വയം പൂർത്തിയാക്കട്ടെ.

**വർക്ക് ബുക്ക് പ്രവർത്തനം 3**

ശരിയായ അക്ഷരം തെരഞ്ഞെടുത്ത് പദം പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനം. പാഠപുസ്തകത്തിലെ 'ശരിയേത്?' എന്ന പ്രവർത്തനത്തിന് സമാനമായ പ്രവർത്തനമാണ്. കുട്ടികൾ സ്വയം ഏറ്റെടുത്ത് ചെയ്തു കൊള്ളും. ടീച്ചർ പിന്നീട് വിലയിരുത്തണം.

## എത്ര കളിപ്പാട്ടുകൾ (ടെക്സ്റ്റ് ബുക്ക്)

കളിപ്പാട്ടുകൾ പാടിരസിക്കുന്നതിനും അവ ശേഖരിച്ച് സൂക്ഷിക്കുന്നതിനുമുള്ള പ്രവർത്തനമാണ്.

കുട്ടികൾ നാടകത്തിൽ പാടിക്കളിച്ച പാട്ട് അവർക്ക് പരിചിതമാണല്ലോ.... ഇതുപോലെയുള്ള വേറെ ഏതെല്ലാം പാട്ടുകൾ അറിയാം? കുട്ടികൾ അവർക്കിഷ്ടപ്പെട്ട പാട്ടുകൾ പറയട്ടെ.

ചില പാട്ടുകൾ ടീച്ചറും കരുതി വെയ്ക്കണം.

- ഓടുന്നങ്ങോടുന്നുണ്ടേ, മാണിക്ക ചെമ്പഴുക്കാ...
  ആ കൈയ്യിലീക്കയ്യിലോ, മാണിക്ക ചെമ്പഴുക്കാ..
- നിങ്ങളുടെ നാട്ടിലൊക്കെ എന്തു പണിയാണടോ..
  ഞങ്ങളുടെ നാട്ടിലൊക്കെ കാളപൂട്ടലാണെടോ
- ........................................................................................

മറ്റ് രണ്ട് കളിപ്പാട്ടുകൾ പാഠഭാഗത്ത് കൊടുത്തിരിക്കുന്നത് കുട്ടികൾ ഈണത്തിൽ പാടട്ടെ....

ഈ കളികൾ എങ്ങനെയാണ് കളിയ്ക്കുന്നത്?

ഓരോ കളി ഓരോ ഗ്രൂപ്പിനും നൽകുന്നു. ഗ്രൂപ്പിലുള്ളവർ തമ്മിൽ ചർച്ച ചെയ്യുന്നു. ഓരോ ഗ്രൂപ്പും ക്ലാസിൽ കളി അവതരിപ്പിക്കുന്നു.

ഇത്തരം കളിപ്പാട്ടുകൾ ശേഖരിച്ചു കൊണ്ടുവരാൻ ആവശ്യപ്പെടുന്നു. അവ ക്ലാസിൽ ശേഖരിക്കുന്നു. വ്യത്യസ്തമായവ പരമാവധി ഉൾക്കൊള്ളിച്ച് ക്ലാസിൽ പതിപ്പ് നിർമ്മിച്ച് പ്രകാശനം ചെയ്യുന്നു.

## സംഭാഷണമെഴുതാം (ടെക്സ്റ്റ് ബുക്ക്)

ആശയങ്ങൾ ചോർന്നുപോകാതെ സംഭാഷണം എഴുതുന്നതിനുള്ള പ്രവർത്തനം.

കുട്ടികളും രാക്ഷസനും കൂട്ടുകാരായി മാറിയല്ലേ? എല്ലാ ദിവസവും പൂന്തോട്ടത്തിൽ അവർ ഒത്തുചേരും. പാട്ടുപാടിക്കളിച്ച് ഉല്ലസിക്കും. കൂട്ടുകാരായ രാക്ഷസനും കുട്ടികളും തമ്മിൽ നടക്കാനിടയുള്ള സംഭാഷണം എഴുതി നോക്കൂ..

- ആരായിരിക്കും സംഭാഷണം തുടങ്ങിയിട്ടുണ്ടാവുക?
- എന്തായിരിക്കും രാക്ഷസന്റെ മറുപടി?
- എന്തൊക്കെ കാര്യങ്ങൾ അവർ സംസാരിച്ചിട്ടുണ്ടാകും?

ഇത്തരം ചോദ്യങ്ങളിലൂടെ കുട്ടികളെ സംഭാഷണം എഴുതുന്ന പ്രക്രയയിലേക്ക് നയിക്കാം.

ലേഖനത്തിന്റെ പ്രക്രിയാഘട്ടങ്ങൾ പാലിച്ച് രചന പൂർത്തിയാക്കട്ടെ. – ടീച്ചറുടെ വിലയിരുത്തൽ.

## വർക്ക് ബുക്ക് പ്രവർത്തനം –5

പാഠപുസ്തകത്തിലെ പ്രവർത്തനത്തിന്റെ സമാനപ്രവർത്തനമാണ്. അധ്യാപകന്റെ വിലയിരുത്തലിലൂടെ തന്റെ സംഭാഷണം കൂടുതൽ മെച്ചപ്പെടുത്തി വർക്ക്ബുക്കിൽ കുട്ടികൾ എഴുതട്ടെ. ഹോം വർക്കായി നൽകിയാൽ മതി.

## കഥയെഴുതാം (ടെക്സ്റ്റ് ബുക്ക്)

നാടകരൂപത്തിൽ വായിച്ചും ആവിഷ്ക്കരിച്ചും ആശയം ഹൃദിസ്ഥമാക്കിയ കുട്ടികൾ ആ ആശയത്തെ കഥാരൂപത്തിലാക്കി എഴുതുവാനുള്ള പ്രവർത്തനം.

– കഥ എങ്ങനെ ആയിരിക്കണം – ചർച്ച –

നല്ല തുടക്കം വേണം. കഥയുടെ സന്ദർഭം ഭാവാത്മകമായി വാഗ്മയചിത്രത്തിലൂടെ തുടങ്ങണം. കഥ നടക്കുന്ന സ്ഥലം കുട്ടികളുടെ (ശ്രോതാവിന്റെ) മനസ്സിൽ പതിയണം. ഓരോ കഥാപാത്രത്തേയും ശക്തമായി അവതരിപ്പിക്കണം.

## കഥയിലെ ആശയം

കഥയിലെ ആശയം ക്രമാനുഗതമായി അവതരിപ്പിക്കണം. പര്സപര ബന്ധം വിട്ടുപോകാതെ അവതരണശൈലി പാലിക്കണം.

**ഒടുക്കം**

നല്ല പരിസമാപ്തി കുറിക്കണം. നല്ല ചിന്തകൾ മനസ്സിൽ വളർത്തുവാൻ ഉതകുന്ന രീതിയിൽ കഥ പറഞ്ഞ് അവസാനിപ്പിക്കണം.

ഇത്തരം ചില ചർച്ചകൾക്കുശേഷം കുട്ടികൾ സ്വതന്ത്രമായി കഥാരചന നടത്തട്ടെ. ലേഖനത്തിന്റെ പ്രക്രിയാഘട്ടങ്ങൾ പാലിച്ച് രചന പൂർത്തീകരിക്കുന്നു.

ടീച്ചർ വിലയിരുത്തുന്നു.

**വർക്ക് ബുക്ക് പ്രവർത്തനം 4**

കുട്ടികൾ ആശയ പൂർണ്ണതയോടെ ഗ്രഹിച്ച നാടകത്തെ കഥ എന്ന കഥ വ്യവഹാര രൂപത്തിലേക്ക് മാറ്റി എഴുതാനുള്ള പ്രവർത്തനം.

നാടകത്തിലെ ആശയം ചോർന്നുപോകാതെ ഭാവാത്മകമായി കുട്ടികൾ കഥ പൂർത്തിയാക്കട്ടെ. സ്വതന്ത്രമായി എഴുതുവാൻ അവസരവും സമയവും നൽകണം. ഹോം വർക്കായി നൽകി, ടീച്ചർ വിലയിരുത്തണം.

**ചിഹ്നം ചേർക്കാം (ടെക്സ്റ്റ് ബുക്ക്)**

ഉചിതമായ ചിഹ്നങ്ങൾ ചേർത്ത് വാക്യം പൂർത്തിയാക്കുവാനുള്ള പ്രവർത്തനം. രാക്ഷസൻ തോട്ടത്തിൽ സ്ഥാപിച്ച ബോർഡാണ് പാഠപുസ്തകത്തിൽ ഉള്ളത്. ആവശ്യമായ ചിഹ്നങ്ങൾ ചേർത്ത് ബോർഡിലെ വാക്യം പൂർത്തിയാക്കുന്നു. വ്യക്തിഗതമായി ചിഹ്നങ്ങൾ ചേർക്കുന്നു.

വാക്യം പൂർണ്ണമാണോ?

സ്വയം വിലയിരുത്തി നോട്ട്ബുക്കിലേക്ക് മാറ്റി എഴുതട്ടെ. നോട്ട്ബുക്ക് പരസ്പരം കൈമാറി വിലയിരുത്തട്ടെ.

**പഴഞ്ചൊല്ലുകൾ വ്യാഖ്യാനിക്കാമോ (ടെക്സ്റ്റ് ബുക്ക്)**

മുൻ പാഠത്തിൽ (പാഠം 6) പഴഞ്ചൊല്ലുകളുടെ വ്യാഖ്യാനം ആഴത്തിൽ ചർച്ച ചെയ്തതാണ്. ആ പ്രവർത്തനങ്ങളുടെ വെളിച്ചത്തിൽ അധ്യാപികയും കുട്ടികളുമായി ക്ലാസിൽ തന്നെ ചർച്ച നടക്കട്ടെ. ചർച്ചയുടെ ഭാഗമായി ഓരോ കുട്ടിയും തന്റെ നിഗമനങ്ങളെ സമർത്ഥിക്കുന്ന തരത്തിൽ പഴഞ്ചൊല്ലുകളെ വ്യാഖ്യാനിച്ച് എഴുതട്ടെ. പരസ്പരം പങ്കുവയ്ക്കുന്നതിലൂടെ രചന മെച്ചപ്പെടുത്തട്ടെ. ടീച്ചർ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം.

**നോട്ടീസ് തയ്യാറാക്കാം (ടെക്സ്റ്റ് ബുക്ക്)**

നോട്ടീസ് തയ്യാറാക്കുന്നതിനുള്ള ശേഷി കൈവരിക്കുന്നതിനുള്ള പ്രവർത്തനം.

സ്കൂൾ സാഹിത്യസമാജത്തിന് രക്ഷിതാക്കളെ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം.

**നോട്ടീസിൽ എന്തൊക്കെ?**

ചർച്ച

- എന്തിനെക്കുറിച്ചാണ് നോട്ടീസ്?
- എന്തൊക്കെ പരിപാടികൾ ഉണ്ട്?
- എവിടെയാണ് സ്ഥലം?
- ആരാണ് ഉദ്ഘാടകൻ?
- ആരാണ് സ്വാഗതം?
- ആരാണ് നന്ദിപ്രകടനം നടത്തുന്നത്?
- ഇവയിൽ ഏതാണ് ആദ്യം?

കൂടുതൽ പ്രാധാന്യം നൽകേണ്ടത് ഏതിനാണ്? (വലുപ്പം)

ചർച്ചയുടെ ഭാഗമായി കുട്ടികൾ നോട്ടീസ് വ്യക്തിഗതമായി തയ്യാറാക്കട്ടെ. 5 പേരുടെ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു.

ചർച്ചയുടെ ഭാഗമായി ഗ്രൂപ്പിന്റെ ഉൽപന്നം തയ്യാറാക്കുന്നു. എല്ലാവരും നോട്ട്ബുക്കിൽ എഴുതുന്നു. ഗ്രൂപ്പിൽ ടീച്ചർ നൽകുന്ന ചാർട്ട് പേപ്പറിൽ ക്രയോൺ/ സ്കെച്ച് പെൻ ഉയോഗിച്ച് മനോഹരമായ നോട്ടീസ് തയ്യാറാക്കുന്നു.

ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. ഓരോ ഗ്രൂപ്പും അവരുടെ രചന എഡിറ്റിംഗിനു വിധേയമാക്കുന്നു. (എഡിറ്റിംഗ് എങ്ങനെ? ആമുഖം ശ്രദ്ധിക്കുമല്ലോ)

ടീച്ചർ കുട്ടികളുടെ രചന വിലയിരുത്തുന്നു.

**വർക്ക് ബുക്ക് പ്രവർത്തനം 6**

ക്ഷണക്കത്ത് തയ്യാറാക്കാനുള്ള പ്രവർത്തനം. വിശദമായ നോട്ടീസ് തയ്യാറാക്കിയ കുട്ടിക്ക് ക്ഷണക്കത്തെഴുതുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുകയില്ല. വർക്ക് ബുക്കിൽ തുടക്കം കുറിച്ചിട്ടുണ്ട്. ബാക്കി കാര്യങ്ങൾ നോട്ടീസിൽ തയ്യാറാക്കിയ ആശയങ്ങൾ വിട്ടുപോകാതെ പൂർണ്ണവാക്യങ്ങളാക്കി കുട്ടികൾ എഴുതി ചേർക്കട്ടെ.

ഹോം വർക്കായി നൽകി പിന്നീട് ടീച്ചർ വിലയിരുത്തണം.

### പാഠം 9

# തോറ്റോടിയ പട

*വൈവിധ്യമാർന്ന കലകൾ കൊണ്ട് സമ്പന്നമാണ് കേരളം. നൃത്തം, നൃത്യം, ഗീതം, വാദ്യം തുടങ്ങിയവയുടെ പാരമ്പര്യംകൊണ്ട് കേരളം ഇതര ദേശങ്ങളെ അതിശയിപ്പിക്കുന്നു. കലാസ്വാദനം സാമൂഹ്യജീവിതത്തിന് ഒഴിച്ചുകൂടാനാവാത്തതാണ്. നമ്മുടെ വിവിധങ്ങളായ കലാരൂപങ്ങളെക്കുറിച്ച് സാമാന്യബോധമുണ്ടാക്കുന്നതിനും സംസ്കാരത്തെക്കുറിച്ചുള്ള ധാരണയുണ്ടാക്കുന്നതിനും ഈ പാഠഭാഗത്തിലൂടെ കഴിയണം. നമ്മുടെ നാടിന്റെ മഹത്തായ കലാപാരമ്പര്യം തിരിച്ചറിയുന്നതിന് കുഞ്ചൻ നമ്പ്യാരുടെ തോറ്റോടിയ പട എന്ന കവിതാഭാഗം സഹായിക്കും.*

*തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ കുഞ്ചൻ നമ്പ്യാരുടെ പ്രസിദ്ധമായ കവിതാഭാഗമാണ് തോറ്റോടിയപട. തുള്ളൽ പാട്ടുകളിലെ പദവിന്യാസവും ഹാസ്യഭാവവും തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നതിനും തുള്ളൽ കവിതകൾ ശേഖരിക്കുന്നതിനും ഈ പാഠഭാഗത്തിലൂടെ കഴിയണം.*

**കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ /ധാരണകൾ**


- കേരളത്തിൽ വിവിധങ്ങളായ കലാരൂപങ്ങളുണ്ട് എന്ന് തിരിച്ചറിയുന്നതിന്.
- ഈണത്തിലും താളത്തിലും തുള്ളൽ കവിതകൾ ചൊല്ലി അവതരിപ്പിക്കുന്നതിന്.
- ഹാസ്യം, പദവിന്യാസം എന്നിവ തിരിച്ചറിഞ്ഞ് കവിതകൾ ആസ്വദിക്കുന്നതിന്.
- കവിതകൾ വായിച്ച് ആശയം വിവരണ രൂപത്തിൽ എഴുതുന്നതിന്

**വ്യവഹാര രൂപങ്ങൾ**

കവിത, വിവരണം.

**പ്രവർത്തനങ്ങൾ**

ടീച്ചർ ഒപ്പനപ്പാട്ടിന്റെ രണ്ടുവരി ചൊല്ലി അവതരിപ്പിക്കുന്നു.
പുന്നാര പുതുനാരി ഇതാവരുന്നേ, ഇതാവരുന്നേ.
എല്ലാരോടും സമ്മതം വാങ്ങി നാരിയെ സഭയിലിരുത്തിടട്ടെ.
ഏത് കലാരൂപവുമായി ബന്ധപ്പെട്ട പാട്ടാണിത്?
ചർച്ചയിലൂടെ ''ഒപ്പന'' എന്ന് തിരിച്ചറിയുന്നു.
മറ്റേതൊക്കെ കലാരൂപങ്ങൾ നിങ്ങൾക്കറിയാം?
കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു.
വിവിധ കലാരൂപങ്ങളുടെ ചിത്രങ്ങൾ? സിഡികൾ പ്രദർശിപ്പിക്കുന്നു (തുള്ളൽ കഥകളി, മർഗ്ഗംകളി, ഒപ്പന, നൃത്തം)
ഇവ ഏതൊക്കെ കലാരൂപങ്ങളാണ്?
ചിത്രങ്ങൾ നിരീക്ഷിച്ച് കലാരൂപങ്ങളുടെ പേര് പറയുന്നു.
കലയെ അറിയാൻ എന്തൊക്കെയാണ് മാർഗങ്ങൾ?
ക്ലാസ്തല ചർച്ചയിലൂടെ പദസൂര്യൻ നിർമ്മിക്കുന്നു.




പാട്ടുകളിലൂടെ തിരിച്ചറിയുന്ന കലകൾ ഏതൊക്കെ?
ഒപ്പന, മാർഗംകളി, കഥകളി, തുള്ളൽ തുടങ്ങിയവ

**പാഠഭാഗത്തേക്ക്**

പ്രസിദ്ധകവി കുഞ്ചൻ നമ്പ്യാരുടെ ഒരു തുള്ളൽ കവിതയാണ് തോറ്റോടിയപട എന്ന പാഠഭാഗം.
കുട്ടികൾ പാഠത്തിന്റെ പേര് വായിക്കട്ടെ.
എന്തായിരിക്കും ഈ പേരുകൊണ്ടർത്ഥമാക്കുന്നത്?
എവിടുന്നായിരിക്കും പട തോറ്റോടിയത്?
എങ്ങനെയായിരിക്കും തോറ്റത്?
തോറ്റുകഴിഞ്ഞപ്പോൾ പടയാളികൾ എന്തുചെയ്തുകാണും?
കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു.
പാഠഭാഗം വ്യക്തിഗതമായി വായിച്ച് കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.

**അർത്ഥം കണ്ടെത്താം**

പാഠഭാഗം വായിച്ചപ്പോൾ മനസിലാകാത്ത പദങ്ങൾ കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു. ടീച്ചർ ചാർട്ടിൽ രേഖപ്പെടുത്തുന്നു. തുടർന്ന് കവിതയിലെ ഒന്നും രണ്ടും വരികൾ ചേർത്തു വായിക്കേണ്ട രീതിയിൽ വായിച്ച് അർത്ഥം പരിശോധിക്കുന്നു. വീണ്ടും മനസ്സിലാവാത്ത പദങ്ങളുടെ അർത്ഥം വിശദീകരിച്ച് ചാർട്ടിലെഴുതുന്നു. പാഠപുസ്തകത്തിൽ ''പദപരിചയം'' എന്ന ഭാഗത്ത് നൽകിയിരിക്കുന്ന പദങ്ങളും അർത്ഥവും പരിശോധിക്കുന്നു. നോട്ടുബുക്കിലെഴുതുന്നു.

**എത്ര ഈണങ്ങൾ (ടെക്സ്റ്റ് ബുക്ക്)**

പല ഈണത്തിൽ പാടാവുന്നവയാണ് തുള്ളൽ പാട്ടുകൾ. സംഘങ്ങളായി തിരിഞ്ഞ് ഈണം നൽകി ക്ലാസ്സിൽ അവതരിപ്പിക്കട്ടെ. അവതരണ ശേഷം ചർച്ചകൾ നടത്താം.

കുട്ടികൾ കണ്ടെത്തിയ ഈണങ്ങളിൽ മികച്ച ഈണത്തിൽ ഒന്നുകൂടി അവതരിപ്പിക്കട്ടെ. തുടർന്ന് ടീച്ചർ ഭാവാത്മകമായി പാടി അവതരിപ്പിക്കുന്നു. കുട്ടികൾ ഏറ്റുപാടുന്നു.

തുടർന്ന് തോറ്റോടിയപട എന്ന കവിതയുടെ സന്ദർഭം അവതരിപ്പിക്കുന്നു. വായനാ സാമഗ്രി ഗ്രൂപ്പിനു നൽകുന്നു.

**ചർച്ചാ ചോദ്യങ്ങൾ**

- അവതരിപ്പിച്ചതിൽ അനുയോജ്യമായ താളം ഏതാണ്?
- ആശയം കൂടുതൽ മനസ്സിലാവുന്നത് ഏതു ഗ്രൂപ്പിന്റെ അവതരണത്തിലാണ്?
- ഏതു ഗ്രൂപ്പ് പാടിയപ്പോഴാണ് നേരിൽ കാണുന്നതുപോലെയുള്ള തോന്നലുായത്?

**വായനാ സാമഗ്രി**

ജനകീയ കവി എന്നറിയപ്പെടുന്ന കവിയാണ് കുഞ്ചൻ നമ്പ്യാർ. കൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങിയ കലാരൂപങ്ങൾ നിലനിന്നകാലത്ത് ജനങ്ങൾക്ക് മനസ്സിലാവുന്ന തരത്തിലുള്ള ഒരു കലാരൂപമായി അവതരിപ്പിച്ചു എന്നതാണ് തുള്ളലിന്റെ സവിശേഷത. ഹാസ്യം, പരിഹാസം, സാമൂഹ്യവിമർശനം, ആക്ഷേപഹാസ്യം എന്നിവയായിരുന്നു കുഞ്ചൻ നമ്പ്യാരുടെ രചനാരീതിയുടെ പ്രത്യേകതകൾ. ചിരിക്കുന്ന കഥകേട്ടാലിരിക്കും അല്ലെങ്കിൽ ഏറ്ററിക്കും എന്നു പറഞ്ഞുകൊണ്ട് സാമൂഹ്യവിമർശനം നടത്തിയ കവി ഓട്ടൻ തുള്ളൽ, ശീതങ്കൻ തുള്ളൽ, പറയൻ തുള്ളൽ എന്ന പേരിൽ തുള്ളലുകളെ വേർതിരിച്ചിട്ടുമുണ്ട്. ഘോഷയാത്ര എന്ന ഓട്ടൻ തുള്ളലിൽ നിന്നുള്ള ഒരു ഭാഗമാണ് തോറ്റോടിയപട. അക്കാലത്തെ നായൻമാരുടെ അലസതയും ഭക്ഷണഭ്രമവും ആഡംബരജീവിതവും പ്രമേയമാക്കി എഴുതിയതാണിത്. യുദ്ധത്തിനുപോകുന്ന നായൻമാരുടെ അലസതകാരണം യുദ്ധം തോറ്റു തിരിച്ചു പോരുക പതിവാണ്. അത്തരത്തിൽ തിരിച്ചുപോന്ന ഒരു സംഘം നായർ പടയാളികളുടെ കഥയാണ് വളരെ രസകരമായി നമ്പ്യാർ അവതരിപ്പിച്ചിരിക്കുന്നത്.

**ഉത്തരം പറയാമോ? (ടെക്സ്റ്റ് ബുക്ക്)**

പാഠഭാഗം വീണ്ടും വായിച്ച് ചോദ്യങ്ങൾക്ക് വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതുന്നു. ഓരോ ചോദ്യത്തിന്റേയും ഉത്തരം ഗ്രൂപ്പിൽ ചർച്ച ചെയ്തശേഷം പൊതുവായി അവതരിപ്പിക്കുന്നു. ചർച്ച ചെയ്ത് പൊതുധാരണയിലെത്തുന്നു. കവിതാരൂപത്തിലുള്ള ഉത്തരത്തെ ലഘുവാക്യങ്ങളായി അവതരിപ്പിക്കണം. കുട്ടികൾ നോട്ടുബുക്കിലെഴുതുന്നു.

**വരികൾ കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)**

ആശയം നൽകി അതേ ആശയം വരുന്ന വരികൾ കണ്ടെത്തുന്നതിലൂടെ വീണ്ടും വായിക്കാൻ അവസരം നൽകുന്നു.

പ്രവർത്തനത്തിലെ രണ്ട് വാക്യങ്ങളും വായിക്കുന്നു. ഈ ആശയം വരുന്ന കവിതയിലെ വരികൾ നോട്ടുബുക്കിൽ എഴുതുന്നു. ചിലർ അവതരിപ്പിക്കുന്നു. പൊതു ചർച്ചയിലൂടെ ശരിയായ വരികൾ അവതരിപ്പിക്കുന്നു.

**ആശയമെഴുതാം (ടെക്സ്റ്റ് ബുക്ക്)**

കവിതാഭാഗത്തിന്റെ വിശദ പഠനത്തിനുള്ള പ്രവർത്തനമാണിത്.

കവിതയിലെ രണ്ടുവരികൾ വീതം വായിച്ച് അവയിലൂടെ കുഞ്ചൻനമ്പ്യാർ ഉദ്ദേശിച്ച കാര്യമെന്തെന്ന് വിവരിച്ചെഴുതട്ടെ. 5 പേരുടെ ഗ്രൂപ്പിൽ പങ്കുവെക്കാം. ഗ്രൂപ്പിലൊരാൾ പൊതുവായി അവതരിപ്പിക്കുന്നു. ചർച്ച ചെയ്യുന്നു. ഇതേപോലെ മറ്റ് വരികളിലേയും ആശയം ചർച്ച ചെയ്യുന്നു. ആശയ വ്യക്തതവരുത്തുന്നു.

**ആസ്വദിക്കാം എഴുതാം (വർക്ക് ബുക്ക്)**

ടീച്ചറുടെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ ഫലമായി നേടിയ ധാരണകൾ പ്രയോഗിക്കുന്നതിനുള്ള പ്രവർത്തനമാണിത്.

തോറ്റോടിയ പടയുടെ വെപ്രാളങ്ങൾ മാതൃകയിൽ നൽകിയതുപോലെ എഴുതട്ടെ. മാതൃകവായിച്ച് ചർച്ച ചെയ്യാം മറ്റെന്തൊക്കെയുണ്ട്? വ്യക്തിഗതമായി എഴുതട്ടെ. എഴുതിയവ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ടീച്ചർ വിലയിരുത്തുന്നു.

**രസം നുണയാം (ടെക്സ്റ്റ് ബുക്ക്)**

തുള്ളൽ കവിതകളിലെ പദവിന്യാസം അക്ഷരങ്ങളുടെ ആവർത്തനം എന്നിവ തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നതിനുള്ള പ്രവർത്തനമാണിത്.

''ള്ള'' ആവർത്തിച്ചുവരുന്ന പദങ്ങൾ വായിക്കുന്നു. ഏതെല്ലാം അക്ഷരങ്ങളാണ് ഇങ്ങനെ ആവർത്തിച്ചുവരുന്നത്. ആ അക്ഷരങ്ങൾ വരുന്ന പദങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി എഴുതട്ടെ. ക്ലാസിൽ അവതരിപ്പിക്കുന്നു. വിലയിരുത്തുന്നു.

ഉദാ:

| മണ്ണിൽ<br>പൊണ്ണൻമാർ<br>കണ്ണുമടച്ചു.<br>വണ്ണമുറക്കം | കൊമ്പുകുഴൽക്കാർ<br>അമ്പു ഭയപ്പെട്ട്<br>കൊമ്പൻമാരുടെ<br>കൊമ്പു തടഞ്ഞു |
|---|---|

### ഇഷ്ടപ്പെട്ട വരിയേത് (ടെക്സ്റ്റ് ബുക്ക്)

കവിതാസ്വാദനത്തിലേക്കും ആസ്വാദനക്കുറിപ്പിലേക്കും കുട്ടികളെ നയിക്കുന്ന പ്രവർത്തനമാണിത്.

കുട്ടികൾ കവിത വീണ്ടും വായിക്കട്ടെ. ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തി നോട്ടുബുക്കിൽ എഴുതട്ടെ. എന്തുകൊണ്ടാണ് ഈ വരികൾ ഇഷ്ടപ്പെട്ടത് എന്ന് വ്യക്തിഗതമായി എഴുതണം.

ഹാസ്യഭാവം
പ്രാസം-
ആശയം -
എന്റെ ജീവിതവുമായിബന്ധപ്പെട്ടത്
താളത്തിൽ പാടാവുന്നത്.

ചർച്ച ചെയ്ത് മെച്ചപ്പെട്ട കുറിപ്പുണ്ടാക്കുന്നു.

തുടർന്ന് കവിത പാടി അവതരിപ്പിക്കുന്നു. ഇഷ്ടപ്പെടാനുള്ള കാരണവും അവതരിപ്പിക്കണം.

### മാതൃകപോലെ എഴുതാം (വർക്ക് ബുക്ക്)

ഭൂതകാലം, വർത്തമാനകാലം, ഭാവികാലം എന്നിവ പരിചയപ്പെടുത്തുന്ന പ്രവർത്തനമാണിത്. ഈ പേരുകൾ പരാമർശിക്കണമെന്നില്ല. എങ്കിലും കഴിഞ്ഞുപോയതും നടന്നുകൊണ്ടിരിക്കുന്നതും വരാനിരിക്കുന്നതും എന്ന അർത്ഥത്തിൽ വിശദീകരിക്കാം.

മാതൃകയിലെ മൂന്നു പദങ്ങൾ വായിക്കുന്നു.

ചർച്ച ചെയ്ത് ആശയവ്യക്തത വരുത്തുന്നു.

തുടർന്ന് മറ്റ് പദങ്ങൾ മാറ്റി എഴുതട്ടെ: ക്ലാസ്സിൽ അവതരിപ്പിച്ച് ചർച്ച ചെയ്യാം.

### പിരിച്ചെഴുതാം ചേർത്തെഴുതാം (വർക്ക് ബുക്ക്)

മുൻ ക്ലാസ്സുകളിൽ പഠിച്ച പ്രവർത്തനമാണിത്. പദങ്ങൾ പിരിച്ചെഴുതാനും ചേർത്തെഴുതാനും ഇവിടെ അവസരം നൽകുന്നു.

പട്ടികയിൽ നൽകിയിരിക്കുന്ന പിരിച്ചെഴുതാനുള്ള പദങ്ങളും ചേർത്തെഴുതാനുള്ള പദങ്ങളും കണ്ടെത്തി പട്ടിക പൂരിപ്പിച്ചെഴുതുന്നു. ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ടീച്ചർ ബോർഡിലെഴുതുന്നു. വിലയിരുത്തുന്നു.

### ഒറ്റയൊറ്റപ്പദങ്ങളാക്കി എഴുതുക

മുൻ പ്രവർത്തനത്തിന്റെ തുടർച്ചയായ പ്രവർത്തനമാണിത്. കവിതയുടെ വിശദപഠനത്തിന് വരികളിലെ പദങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. അതിനുള്ള പരിശീലന പ്രവർത്തനമാണിത്.

പ്രവർത്തനത്തിൽ മാതൃകയായി കൊടുത്തിരിക്കുന്ന വരികൾ പിരിച്ചെഴുതിയത് പരിശോധിക്കുന്നു.

മറ്റു വരികൾ പിരിച്ചെഴുതുന്നു. ടീച്ചർ വിലയിരുത്തുന്നു.

### മാറ്റിയെഴുതാം

തോറ്റോടിയ പട എന്ന കവിതാഭാഗത്തിന്റെ ആശയം വിവരണരൂപത്തിലെഴുതുന്നതിനുള്ള പ്രവർത്തനമാണിത്. കവിതയിലെ ആശയം പൂർണ്ണമായി ഗ്രഹിച്ചിട്ടുണ്ടോ എന്ന് തിരിച്ചറിയുന്നതോടൊപ്പം വിവരണം എഴുതി തയ്യാറാക്കാൻ പരിശീലനം നൽകുന്നതിന് ഊന്നൽ നൽകണം.

കുട്ടികൾ വിവരണം വ്യക്തിഗതമായി എഴുതട്ടെ. എഴുതിയ വിവരണം ടീച്ചർ വിലയിരുത്തുന്നു.

മെച്ചപ്പെട്ട വിവരണങ്ങൾ ക്ലാസ്സിൽ വായിച്ചവതരിപ്പിക്കുന്നു. ചർച്ച ചെയ്യുന്നു.

**ചർച്ചാ സൂചകങ്ങൾ**

- നല്ലൊരു വിവരണത്തിന് എന്തെല്ലാം ഗുണങ്ങൾ ഉണ്ടായിരിക്കും.
- തോറ്റോടുന്ന പടയുടെ ചിത്രം നേരിൽ കാണുന്നതുപോലെ അനുഭവമുണ്ടാകുന്നത് ഏതു വിവരണത്തിൽ നിന്നാണ്.
- ആശയങ്ങൾ ക്രമീകരിച്ചിട്ടുണ്ടോ.
- അനുയോജ്യമായ രീതിയിലാണോ ഭാഷാ പ്രയോഗം?

ചർച്ചയ്ക്കുശേഷം ടീച്ചർ തയ്യാറാക്കിയ വിവരണം ചാർട്ടിൽ അവതരിപ്പിക്കുന്നു. വായിക്കുന്നു. കുട്ടികൾ അവരുടെ വിവരണം മെച്ചപ്പെടുത്തുന്നു.

**കവിതവായിക്കാം**

കവിതാസ്വാദനത്തിനു സഹായിക്കുന്ന മറ്റൊരു പ്രവർത്തനമാണിത്.

കവിതാഭാഗം വായിക്കുന്നു. ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ കണ്ടെത്തുന്നു. തുടർന്ന് തോറ്റോടിയ പടയിലെ അക്ഷരങ്ങൾ ആവർത്തിച്ചുവരുന്ന രസകരമായ വരികൾ കണ്ടെത്തി വർക്കുബുക്കിലെഴുതുന്നു. ടീച്ചർ വിലയിരുത്തിയാൽ മതി.

**പദങ്ങളുണ്ടാക്കാം**

'ാ' എന്ന ചിഹ്നം ഉപയോഗിച്ച് പദങ്ങളുണ്ടാക്കുന്നതിനുള്ള പ്രവർത്തനമാണിത്. പ്രവർത്തനത്തിൽ നൽകിയ അക്ഷരങ്ങൾ തന്നെ ഉപയോഗിക്കണമെന്നില്ല. മറ്റ് അക്ഷരങ്ങളോടു 'ാ' ചിഹ്നം ചേർത്ത് പദങ്ങളുണ്ടാക്കി വർക്കുബുക്കിലെഴുതുന്നു. ടീച്ചർ വിലയിരുത്തുന്നു.

**കുഞ്ചൻ നമ്പ്യാർ**

18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പാലക്കാട് ജില്ലയിലെ ലക്കിടിക്കടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലത്ത് കലക്കത്ത് ഭവനത്തിലാണ് കുഞ്ചൻനമ്പ്യാർ ജനിച്ചത്. പ്രാചീന കവിത്രയങ്ങളിലൊരാളാണിദ്ദേഹം. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ ഇദ്ദേഹം ഫലിത സാമ്രാട്ട്, ജനകീയ കവി എന്നീ നിലകളിലും അറിയപ്പെട്ടു.

കിള്ളിക്കുറിശ്ശിമംഗലത്ത് ബാല്യവും കുടമാളൂരിൽ കൗമാരവും അമ്പലപ്പുഴയിൽ യൗവ്വനവും കഴിച്ച ശേഷം 43-മത്തെ വയസ്സിലാണ് മാർത്താണ്ഡവർമ്മയുടെ സദസ്സിലെത്തിയത്. കണ്ടതും കേട്ടതും അനുഭവിച്ചതുമായ ജീവിതത്തെ നർമ്മത്തിൽ ചാലിച്ചാണ് നമ്പ്യാർതുള്ളൽ കവിതകളെഴുതിയത്.

ഓട്ടൻതുള്ളൽ, പറയൻതുള്ളൽ, ശീതങ്കൻ തുള്ളൽ എന്നീ വിഭാഗങ്ങളിൽ ഒട്ടേറെ കൃതികൾ നമ്പ്യാർ രചിച്ചിട്ടുണ്ട്. ഇതിൽ ഓട്ടൻതുള്ളലാണ് കൂടുതൽ പ്രചാരം നേടിയിട്ടുള്ളത്. നാല്പതിലേറെ തുള്ളൽ പാട്ടുകളും ശ്രീകൃഷ്ണ ചരിതം മണിപ്രവാളകാവ്യവും തിരുവാതിരപ്പാട്ടുകളും ആട്ടക്കഥകളും കുഞ്ചൻനമ്പ്യാർ രചിച്ചതായി കരുതപ്പെടുന്നു.

**തുള്ളലിന്റെ വേഷവിധാനത്തെക്കുറിച്ച്**
**ക്ലാസ്സിൽ ചർച്ച ചെയ്യാം**

- വേഷക്കാരൻ മഞ്ഞപ്പൊടികൊണ്ട് മുഖം മിനുക്കും
- കണ്ണും പുരികവും വാലിട്ടെഴുതും
- ചുണ്ടിൽ ചായംതേക്കും
- കുരുത്തോല കൊണ്ടുള്ള ആഭരണങ്ങളണിയും
- വെള്ളത്തുണി നീളത്തിൽ തുന്നിച്ചേർത്ത് ഞൊറിഞ്ഞുടുക്കും
- കാലുകൾ ചലിപ്പിക്കും
- കൈമുദ്രകൾ കാട്ടും
- കാലിൽ കച്ചമണി അണിയും.

**തുള്ളലിന്റെ ലഘുചരിത്രം**

ചാക്യാർ കൂത്തിന് മിഴാവുകൊട്ടുന്ന ആളായിരുന്നു കുഞ്ചൻ നമ്പ്യാർ. ഒരിക്കൽ മിഴാവ് കൊട്ടുന്നതിനിടയിൽ ഉറങ്ങിപ്പോയ നമ്പ്യാരെ ചാക്യാർ കണക്കിന് പരിഹസിച്ചു. പരിഹാസിതനായ നമ്പ്യാർ ഒറ്റരാത്രികൊണ്ട് കല്ല്യാണ സൗഗന്ധികം തുള്ളൽ രചിച്ചു വന്നു. പിറ്റേ ദിവസം ചാക്യാർ കൂത്തുനടത്തിയിരുന്ന സ്റ്റേജിനടുത്തായി മറ്റൊരു സ്റ്റേജിൽ തുള്ളൽ അരങ്ങേറിയെന്നും ചാക്യാരുടെ കൂത്തുകാണാൻ വന്നവരെല്ലാം തുള്ളൽ കാണാൻ പോയി എന്നും അങ്ങനെ ചാക്യാരെ ഇളിഭ്യനാക്കിയെന്നുമാണ് ഐതിഹ്യം.

ഓട്ടൻ തുള്ളൽ ക്ലാസ്സിൽ അവതരിപ്പിക്കാം. ലഭ്യമായ സി.ഡികൾ ക്ലാസിൽ പ്രദർശിപ്പിക്കുകയു മാവാം.

പാഠം 10

# ആരാണ് ശക്തൻ

*കഥകൾ കുട്ടികളുടെ മാനസിക വികാസത്തിലും സ്വഭാവ രൂപീകരണത്തിലും നല്ല സ്വാധീനം ചെലുത്തുന്നുണ്ട്. ഇഷ്ട കഥാപാത്രങ്ങളുടെ വാക്കുകളും ചേഷ്ടകളും അനുകരിക്കാനുള്ള പ്രവണത സാർവത്രികമായി കാണാറുണ്ടല്ലോ. കഥയുടെ സ്വാധീനം ഗുണകരമായി പ്രയോജനപ്പെടുത്താനാണ് ശ്രദ്ധിക്കേണ്ടത്. കഥകളിൽ നല്ല കഥാപാത്രങ്ങളും ദുഷ്ട കഥാപാത്രങ്ങളുമുണ്ടാവും. കഥയവതരിപ്പിക്കുമ്പോഴും തുടർപ്രവർത്തനങ്ങൾ നടത്തുമ്പോഴും നല്ല കഥാ പാത്രങ്ങളുടെ ഗുണങ്ങൾ പ്രശംസനീയമായും ദുഷ്ടകഥാപാത്രങ്ങളുടെ ദുഷ്ചെയ്തികൾ നൃശംസനീയമായും എടുത്തു കാണിക്കാൻ ശ്രദ്ധിക്കണം.*

*കാട്ടിലെ മൃഗങ്ങൾ കഥാപാത്രമായുള്ള കഥകൾ കുട്ടികൾക്കു സുപരിചിതമാണ്. മുൻ ക്ലാസുകളിൽ അത്തരം കഥകൾ കുട്ടികൾ പഠിച്ചിട്ടുണ്ട്. ആനയും ആമയും മുതലയും കഥാപാത്രങ്ങളായുള്ള കഥയാണ് ഈ പാഠഭാഗത്തുള്ളത്. ബുദ്ധിയുപയോഗപ്പെടുത്തി ആസൂത്രണം ചെയ്താൽ ഏതു വമ്പനെയും തോല്പിച്ചു മുന്നേറാൻ കഴിയുമെന്ന പാഠമാണ് ഈ കഥ നൽകുന്നത്. ഏതു കാര്യം പ്രവർത്തിക്കുമ്പോഴും ബുദ്ധിപൂർവം ചിന്തിച്ച് ആസൂത്രണം ചെയ്യണമെന്ന തിരിച്ചറിവ് ഈ കഥയിലൂടെ ലഭിക്കുന്നു. മികച്ച കഥാ രചനാരീതി പരിചയപ്പെടുന്നതിനും കഥ ഭാവമുൾക്കൊണ്ടു വായിക്കുന്നതിനും കഥകളിലെ വാക്യപ്രയോഗ രീതിയും ശൈലിയും മനസ്സിലാക്കുന്നതിനും ഈ പാഠം സഹായകമാവും.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ/ധാരണകൾ

- വൈവിധ്യമാർന്ന കഥകൾ വായിച്ചാസ്വദിക്കുന്നതിന്.
- കഥ തുടർന്നു പറയുന്നതിനും എഴുതുന്നതിനും.
- സന്ദർഭോചിതമായ സംഭാഷണം സങ്കൽപിച്ചു പറയുന്നതിന്.
- സൂചനകളിൽ നിന്ന് കഥ വികസിപ്പിച്ചെടുക്കുന്നതിന്.
- കഥാ മാലിക തയ്യാറാക്കുന്നതിന്.
- അർത്ഥപൂർണ്ണമായ ചോദ്യങ്ങൾ കണ്ടെത്തുന്നതിന്.
- കഥകളിലെ വാക്യപ്രയോഗ രീതിയും ശൈലിലും തിരിച്ചറിയുന്നതിന്.
- ദൃക്സാക്ഷി വിവരം തയ്യാറാക്കുന്നതിന്.

### വ്യവഹാര രൂപങ്ങൾ

കഥ, സംഭാഷണം

### ആവിഷ്കാര പ്രകടിത രൂപങ്ങൾ

കഥാമാലിക, ദൃക്സാക്ഷി വിവരണം

### പ്രവർത്തനങ്ങൾ

സൗഹൃദ സംഭാഷണത്തിലൂടെ തുടങ്ങാം:

- ആമയും മുയലും പന്തയം വെച്ച കഥയറിയാമോ?
- ആരാണ് കഥ ആ പറയുക?

സന്നദ്ധരാവുന്നവരിലൊരാൾ കഥ പറയട്ടെ, മറ്റുള്ളവർ ആവശ്യമെങ്കിൽ കൂട്ടിച്ചേർക്കലുകൾ നടത്തട്ടെ. ഈ കഥയിൽ ആമയാണല്ലോ ജയിച്ചത്. ആമയും ആനയും തമ്മിൽ മത്സരിച്ചാലോ? ആരാണ് ജയി

ക്കുക? നമുക്കു നോക്കാം. ഈ കഥ വായിച്ചു നോക്കൂ.

കുട്ടികൾ വ്യക്തിഗതമായി കഥ വായിക്കുന്നു.

വായനയുടെ പ്രക്രിയാഘട്ടങ്ങൾ പാലിച്ച് വായിക്കാൻ നിർദ്ദേശിക്കണം

## കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)

വായിച്ചു കഴിഞ്ഞാൽ കഥാ വിശകലനഭാഗമായി ചോദ്യങ്ങൾ ചോദിക്കാം.

കുട്ടികൾ ഉത്തരം പറയട്ടെ.

- ആരൊക്കെയാണ് ഈ കഥയിലെ കഥാ പാത്രങ്ങൾ?
- ആമക്ക് ചിരി പൊട്ടാൻ കാരണമെന്ത്?
- ആനയും മുതലയും പറഞ്ഞ പൊങ്ങച്ചക്കഥകൾ എന്തെല്ലാം?
- ആന വിരട്ടിയപ്പോൾ ആമ പറഞ്ഞതെന്ത്?
- ആമ ആനയെ വെല്ലുവിളിച്ചതെങ്ങനെ?
- മത്സരത്തിനൊരുങ്ങിയ ആന എന്തെല്ലാമാണ് ചെയ്തത്?
- ഏതു കാര്യത്തിലാണ് മത്സരം നിശ്ചയിച്ചത്?
- നേർക്കു നേരെയുള്ള മത്സരം ഒഴിവാക്കുന്നതിന് ആമ പറഞ്ഞ കാരണമെന്ത്?
- മത്സരം കാണാനെത്തിയതാരെല്ലാം?
- ആനക്ക് ഈറ പിടിച്ചതെപ്പോൾ?
- കയറ് പൊട്ടിയപ്പോൾ സംഭവിച്ചതെന്ത്?
- കലി കയറിയ ആന ചെയ്തതെന്ത്?
- അരിശം കയറിയ മുതല ആമയോട് പറഞ്ഞതെന്ത്?
- മുതലയുമായുള്ള മത്സരത്തിൽ ആമ വരുത്തിയ മാറ്റമെന്താണ്?
- കാട്ടിലേക്കു കയറിയ ആമ ചെയ്തതെന്താണ്?

ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിലൂടെ പാഠഭാഗം പൂർണമായും വിശകലന വിധേയമാകും. ഇനി കുട്ടികൾ  പാഠഭാഗത്തെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതട്ടെ. വ്യക്തിഗതമായി എഴുതിയ ഉത്തരങ്ങൾ പരസ്പരം കൈമാറി വായിക്കട്ടെ. സ്വയം വിലയിരുത്താൻ ഈ പ്രവർത്തനം സഹായകമാകും.

ചോദ്യങ്ങൾക്ക് ഉത്തരമായി പാഠപുസ്തകത്തിലെ വരികൾ പകർത്തിയെഴുതുന്നത് നിരുത്സാഹപ്പെടുത്തണം. സ്വന്തം വാക്യത്തിൽ ഉത്തരമെഴുതാൻ പ്രോത്സാഹിപ്പിക്കണം. കുട്ടികളെ ഈ വിധം സജ്ജമാക്കുന്ന രീതിയിൽ ചർച്ച നടത്തണം. ടീച്ചർ ഇടപെട്ട് കുട്ടികളുടെ പ്രവർത്തനങ്ങൾ മികവുറ്റതാക്കണം.

## ഊഹിച്ചു പറയാം (ടെക്സ്റ്റ് ബുക്ക്)

- ആമ സ്വന്തം ശക്തി കൊണ്ടാണോ ആനയെ തോല്പിച്ചത്?
- കയറുമായി വെള്ളത്തിൽ മുങ്ങിയ ആമ എന്തായിരിക്കും ചെയ്തത്?
- മുതലയുമായുള്ള മത്സരത്തിന്റെ അവസാനം എന്തായിരിക്കും സംഭവിച്ചിരിക്കുക?

കഥയിൽ വെളിപ്പെടുത്താത്ത ഈ കാര്യങ്ങൾ കുട്ടികൾ ഊഹിച്ചു പറയട്ടെ. ഊഹങ്ങൾ പ്രായോഗികവും യുക്തിപൂർണ്ണവുമായിരിക്കണം. കുട്ടികളുടെ ഭാവനയെ പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനമാണിത്. അതുകൊണ്ടു തന്നെ സ്വയം സങ്കൽപിച്ചു പറയാനുള്ള സ്വാതന്ത്ര്യം കുട്ടികൾക്കു നൽകണം.

## കഥ മാറ്റിപ്പറയാം (ടെക്സ്റ്റ് ബുക്ക്)

ഊഹിച്ചു പറയാം എന്ന പ്രവർത്തനത്തിന്റെ തുടർച്ചയായി ഈ പ്രവർത്തനവും നടക്കട്ടെ. തുടർന്നു പറയുന്ന കഥ സ്വന്തം ഭാവനക്കനുസരിച്ച് വികസിപ്പിക്കാൻ കുട്ടികൾക്കവസരം നൽകണം. മത്സരത്തിൽ മുതലയും തോറ്റു. കരുത്തരായ ആമയെയും മുതലയെയും തോൽപ്പിച്ച ആമ സന്തോഷത്തോടെ വീട്ടിലേക്കു പോയി. തോറ്റുപോയ മുതല അടുത്ത ദിവസം കരയിൽ കയറിയപ്പോഴാണ് വടംവലിക്കുപയോഗിച്ച കയറിന്റെ ഒരറ്റം മരത്തിൽ കെട്ടിയിട്ടതു കാണുന്നത്. അപ്പോൾ മുതലയുടെ വിചാരമെന്തായിരിക്കും.?

മുതല പിന്നീട് എന്താണ് ചെയ്തിട്ടുണ്ടാവുക?
ആമയെ തേടിപ്പിടിച്ച് ചോദ്യം ചെയ്തിട്ടുണ്ടാവുമോ?
ആമ എന്ത് മറുപടിയായിരിക്കും പറഞ്ഞിരിക്കുക?

ഇത്തരം ചോദ്യങ്ങളുടെ പിൻബലത്തിൽ കുട്ടികൾക്ക് കഥയുടെ ഗതി പല തലത്തിലേക്കും മാറ്റാൻ കഴിയും. ഹോംവർക്കായി കുട്ടികൾ കഥ എഴുതിക്കൊണ്ടു വരട്ടെ.

ആകർഷകമായ തുടക്കം, സംഭവങ്ങളുടെ സ്വാഭാവിക തുടർച്ച, ഭാവനാ പൂർണ്ണമായ അവതരണം, ഉചിതമായ പദപ്രയോഗങ്ങൾ, നല്ല പര്യവസാനം തുടങ്ങിയവ വിലയിരുത്തലിൽ പരിഗണിക്കണം. ഏറ്റവും നല്ല കഥകൾ തിരഞ്ഞെടുത്ത് ക്ലാസിൽ അവതരിപ്പിക്കണം. പ്രത്യേകം അഭിനന്ദിക്കാനും ശ്രദ്ധിക്കണം.

### അർത്ഥം കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)

പാഠഭാഗത്തെ അപരിചിത പദങ്ങളുടെ അർത്ഥം കണ്ടെത്താനുള്ള അവസരമാണിത്. കഥ വായിച്ചു പോകുന്ന അവസരത്തിൽ ഈ പദങ്ങൾ വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ടാവില്ല. സന്ദർഭോചിതമായി അർത്ഥം അവർ ഊഹിച്ചെടുത്തിട്ടുണ്ടാവാം. പദപരിചയത്തിനാണ് ഈ പ്രവർത്തനം. തന്നിരിക്കുന്ന പദങ്ങൾ ഉൾക്കൊള്ളുന്ന വാക്യം കുട്ടികൾ കണ്ടെത്തട്ടെ. തുടർന്ന് പരസ്പര ചർച്ചയിലൂടെ അർത്ഥം ഊഹിച്ചെടുക്കട്ടെ. കണ്ടെത്തിയ അർത്ഥം ശരിയാണോ എന്ന് നിഘണ്ടു നോക്കി ഉറപ്പു വരുത്തട്ടെ. നിഘണ്ടു ഉപയോഗിക്കാനുള്ള പരിശീലനം കൂടി ഇതോടൊപ്പം നടക്കണം. ടീച്ചർ വിലയിരുത്തണം.

### വിപരീത അർത്ഥമുള്ള പദങ്ങൾ (ടെക്സ്റ്റ് ബുക്ക്)

പാഠഭാഗത്തു വന്ന പദങ്ങളുടെ വിപരീത അർത്ഥമുള്ള പദങ്ങളാണ് നൽകിയിരിക്കുന്നത്. ഈ പദങ്ങളുടെ വിപരീത അർത്ഥമുള്ള പദങ്ങൾ പാഠഭാഗത്തു നിന്ന് കുട്ടികൾ കണ്ടെത്തട്ടെ. കണ്ടെത്തിയ പദങ്ങൾ ക്ലാസിൽ അവതരിപ്പിച്ചു കൃത്യത വരുത്തിയ ശേഷം നോട്ടുബുക്കിൽ എഴുതണം.

### സംഭാഷണം നടത്താം (ടെക്സ്റ്റ് ബുക്ക്)

ആശയത്തുടർച്ചയോടെ സംഭാഷണം തയ്യാറാക്കാനുള്ള പ്രവർത്തനമാണിത്.

മത്സരപ്പിറ്റേന്ന് ആനയും മുതലയും നദിക്കരയിൽ ഒത്തുകൂടിയപ്പോൾ നടത്തിയ സംഭാഷണവും മത്സരത്തെക്കുറിച്ച് കുരങ്ങനും മുയലും നടത്തിയ സംഭാഷണവും സങ്കൽപ്പിച്ചു പറയണം. എന്തെങ്കിലും പറയുക എന്ന നിലയിൽ ഈ പ്രവർത്തനം പ്രഹസനമാകാതിരിക്കാൻ ശ്രദ്ധിക്കണം.

നാലു പേരടങ്ങുന്ന ഗ്രൂപ്പുകളിലായി കുട്ടികൾ സംഭാഷണങ്ങൾ തയ്യാറാക്കട്ടെ.

**സംഭാഷണം തയ്യാറാക്കുമ്പോൾ:**
സ്വാഭാവിക വാക്യങ്ങളായിരിക്കണം.
ആശയത്തുടർച്ച വേണം.
സംസാര ശൈലികൾ അവലംബിക്കാം.
ഭാവനക്കനുസരിച്ച് രൂപപ്പെടുത്താം.

ടീച്ചർ സൂചനകൾ നൽകണം

- കഴിഞ്ഞ ദിവസം സംഭവിച്ച തോൽവിയിൽ സങ്കടം, ദേഷ്യം, ആശങ്ക, ഖേദം തുടങ്ങിയ വികാര പ്രകടനം.
- ആമക്കിത്ര ശക്തിയോ? എന്താണതിനു കാരണം? വിചാരങ്ങൾ
- ആമയുടെ ശക്തിയെക്കുറിച്ചുള്ള കുരങ്ങന്റെയും മുയലിന്റെയും അഭിപ്രായങ്ങൾ
- ശക്തിയുടെ രഹസ്യം വെളിപ്പെടുത്തുന്ന വാക്കുകൾ

ഇങ്ങനെ പലവിധ ഭാവങ്ങളിൽ സംഭാഷണം രൂപപ്പെടുത്താവുന്നതാണല്ലോ.
ടീച്ചർ വേർഷൻ ആവശ്യമെങ്കിൽ പ്രദർശിപ്പിക്കാം.
രചനകൾ പ്രതീക്ഷിത നിലവാരത്തിലെത്താതെ വരുമ്പോഴാണ് ടീച്ചർ വേർഷൻ ആവശ്യമായി വരുന്നത്.
കുട്ടികളുടെ രചനകളെക്കാൾ ഒരു പടി മുന്നിലായിരിക്കണമിത്.
എന്നാൽ കുട്ടികൾക്ക് അപ്രാപ്യമാവും വിധം ഉയർന്ന നിലവാരത്തിലുള്ളതുമാവരുത്.
പരമാവധി ലളിതവും ആകർഷകവും മാതൃകാപരവുമായിരിക്കണം.

## ദൃക്സാക്ഷി വിവരണം തയ്യാറാക്കാം (ടെക്സ്റ്റ് ബുക്ക്)

ദൃക്സാക്ഷി വിവരണം കുട്ടികൾക്ക് സുപരിചിതമായിരിക്കാം. പലതരം കളികളുടെയും മത്സരങ്ങളുടെയും ദൃക്സാക്ഷി വിവരണം വാർത്താ മാധ്യമങ്ങളിലൂടെ കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ടാവുമല്ലോ. ആവശ്യമെങ്കിൽ ഏതെങ്കിലും മത്സരത്തിന്റെ ദൃക്സാക്ഷി വിവരണം സി ഡി ഉപയോഗിച്ച് പരിചയപ്പെടുത്താം.

തുടർന്ന് ആനയുടെയും ആമയുടെയും മത്സരം കൺമുന്നിൽ കാണുന്ന പോലെ മനസ്സിൽ കണ്ട് വിവരണം തയ്യാറാക്കട്ടെ. വ്യക്തിപരമായി തയ്യാറാക്കിയ വിവരണം പരസ്പരം കൈമാറി വായിക്കട്ടെ. ടീച്ചർ വിലയിരുത്തിയ ശേഷം മെച്ചപ്പെട്ട ഏതാനും വിവരണങ്ങൾ ക്ലാസിൽ അവതരിപ്പിക്കാം.

## കഥാമാലികയുണ്ടാക്കാം (ടെക്സ്റ്റ് ബുക്ക്)

കഥാ രചനക്കുള്ള പരിശീലനമാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. ഗൃഹപാഠമായി നൽകിയാൽ മതി. മൃഗങ്ങളുമായി ബന്ധപ്പെട്ട കഥകളായിരിക്കും കുട്ടികൾ പരിചയപ്പെട്ടതിൽ ഏറെയും. കേട്ട കഥകൾ അതേ വിധം പകർത്തുന്നതിൽ പ്രയോജനമുണ്ടാവില്ല. സ്വന്തം ഭാവനകൾക്കനുസരിച്ച് കഥകളിൽ മാറ്റം വരുത്തി അവതരിപ്പിക്കാൻ പ്രോത്സാഹിപ്പിക്കണം. ആവശ്യമായ സൂചനകൾ ടീച്ചർ നൽകണം.

ഓരോ കുട്ടിയും സ്വന്തമായി രചിച്ച കഥകൾ A4 പേപ്പറിൽ ഭംഗിയായി എഴുതിക്കൊണ്ടുവരട്ടെ. എല്ലാവരും ഒരേപോലുള്ള പേപ്പറിലായിരിക്കണം എഴുതുന്നത്. ഇവ ശേഖരിച്ച് കൂട്ടിക്കെട്ടി കഥാപതിപ്പുണ്ടാക്കാം. നല്ലൊരു പുറം ചട്ടയും കുട്ടികൾ തന്നെ തയ്യാറാക്കട്ടെ.

## വർക്ക്ബുക്ക് പ്രവർത്തനങ്ങൾ

## കഥ വായിക്കാം, പാഠമുൾക്കൊള്ളാം

ആരാണ് ശക്തൻ എന്ന കഥയിലെ ആനയും മുതലയും അഹങ്കാരികളായിരുന്നു. അതുകൊണ്ടാണല്ലോ ആമ അവരെ ഒരു പാഠം പഠിപ്പിക്കാൻ തീരുമാനിച്ചതും മത്സരത്തിൽ തോല്പിച്ചതും. ആരായാലും അഹങ്കാരം നന്നല്ലെന്നും അഹങ്കാരികൾക്ക് അവസാനം പരാജയമായിരിക്കുമെന്നുമുള്ള അവബോധം കുട്ടികളുടെ മനസ്സിലുണർത്താൻ ഈ പാഠഭാഗത്തിലൂടെ കഴിയണം. അതിനു സഹായകമായുള്ള മറ്റൊരു കഥയാണ് വർക്ക്ബുക്കിൽ നൽകിയിരിക്കുന്നത്.

ലളിതമായ ആമുഖം നൽകിയ ശേഷം കഥ വായിക്കാൻ കുട്ടികളോടും നിർദ്ദേശിക്കാം. കുട്ടികൾ വ്യക്തിഗതമായി കഥ വായിക്കട്ടെ. തുടർന്ന് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം. വ്യക്തിഗതമായി കണ്ടെത്തിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തിയ ശേഷം വർക്കുബുക്കിൽ എഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

## സ്വാഭിപ്രായം എഴുതാം

ഓരോ കാര്യത്തിലും സ്വന്തമായ അഭിപ്രായം രൂപപ്പെടുത്താൻ പ്രേരണ നൽകുന്ന പ്രവർത്തനമാണിത്. ഏതു കാര്യത്തിലും മറ്റുള്ളവർ പറയുന്നതല്ല, തനിക്കും സ്വന്തമായ അഭിപ്രായമുണ്ടാവണമെന്ന വിചാരവും അതു പറയാനുള്ള തന്റേടവും കുട്ടികൾ ആർജ്ജിക്കേണ്ടതുണ്ട്.

കുട്ടികൾ ചിന്തിച്ച് സ്വന്തം അഭിപ്രായം രേഖപ്പെടുത്തട്ടെ. അങ്ങനെയൊരു അഭിപ്രായത്തിലെത്താൻ എന്താണു പ്രേരണയെന്ന ബോധം അവർക്കുണ്ടായാൽ മതി. ടീച്ചർ വിലയിരുത്തണം.

## അടിവരയിട്ട പദത്തിനു പകരം പദം കണ്ടെത്തി വാക്യം മാറ്റി എഴുതുക

വാക്യ സന്ദർഭത്തിൽ നിന്ന് പദത്തിന്റെ ആശയം കുട്ടികൾ മനസ്സിലാക്കിയിട്ടുണ്ടാവും. അതിന്റെ സമാന പദം കണ്ടെത്തുകയാണ് ആദ്യം വേണ്ടത്. കണ്ടെത്തിയ പദം യഥാസ്ഥാനത്ത് ചേർത്ത് വാക്യം മാറ്റി എഴുതട്ടെ. സമാന പദം ചേർക്കുമ്പോൾ വാക്യത്തിൽ ചെറിയ മാറ്റങ്ങൾ വരുത്തേണ്ടി വരും. വേണ്ട വിധത്തിലുള്ള മാറ്റമാണോ വരുത്തിയത് എന്ന കാര്യം ടീച്ചർ പ്രത്യേകം ശ്രദ്ധിക്കണം. ഗ്രൂപ്പുകളിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയാലും മതി.

## അടിവരയിട്ട പദം ചേർത്ത് മറ്റൊരു വാക്യമെഴുതുക

ശൈലികൾ വാക്യത്തിൽ പ്രയോഗിക്കാനുള്ള പ്രവർത്തനമാണിത്.

‘കഥ കഴിച്ചു’, ‘തോറ്റു തൊപ്പിയിട്ടു’ എന്നീ ശൈലികളുടെ ആശയം ചർച്ചയിലൂടെ ബോധ്യപ്പെടുത്താം. വാക്യസന്ദർഭത്തിൽ നിന്നു തന്നെ അർത്ഥം വ്യക്തമായിട്ടുണ്ടാവും.

തുടർന്ന് ആ ശൈലികൾ ഉൾപ്പെടുത്തി പുതിയ വാക്യം രചിക്കട്ടെ.

ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തിയ ശേഷം വർക്കുബുക്കിൽ എഴുതിയാൽ മതി. ടീച്ചർ വിലയിരുത്തണം.

### പദങ്ങൾ പിരിച്ചെഴുതാം

പിരിച്ചെഴുമ്പോൾ സംശയം വരാറുള്ള പദങ്ങളാണിവിടെ നൽകിയിരിക്കുന്നത്. മാതൃകയിൽ കാണിച്ചതു പോലെ കുട്ടികൾ പിരിച്ചെഴുതട്ടെ. പദങ്ങളുടെ അർത്ഥം വ്യക്തമാക്കിക്കൊടുക്കാൻ ടീച്ചർ ശ്രദ്ധിക്കണം.

### പര്യായ പദങ്ങൾ കണ്ടെത്താം

പര്യായ പദങ്ങൾ കണ്ടെത്താനുള്ള ഈ പ്രവർത്തനം ഹോം വർക്കായി നൽകാം. ഓരോന്നിനും മൂന്നു പര്യായ പദങ്ങൾ വീതം കണ്ടെത്തണം. കുട്ടികൾ അന്വേഷിച്ചു കണ്ടെത്തട്ടെ. ടീച്ചർ വിലിയിരുത്തണം.

### കഥ പൂർത്തിയാക്കാം

പാഠാരംഭത്തിൽ അനുസ്മരിച്ചതും കേട്ടുപഴകിയതുമായ കഥയാണ് ആമയും മുയലും തമ്മിലുള്ള മത്സര കഥ. ഈ കഥയുടെ മറ്റൊരു തരത്തിലുള്ള ആവിഷ്കാരമാണ് നിർദ്ദേശിച്ചിരിക്കുന്നത്.

വഴിയിലിരുന്നുറങ്ങാതെ, വിശ്രമിക്കാതെ കുതിച്ചു പാഞ്ഞെങ്കിലും മത്സരത്തിൽ മുയൽ തോറ്റു. ആമ ബുദ്ധിയും കൗശലവുമുപയോഗിച്ച് വിജയിച്ചു. എങ്ങനെ?

കുട്ടികൾ ആലോചിച്ചു കണ്ടെത്താൻ ശ്രമിക്കട്ടെ.

ആവശ്യമെങ്കിൽ സൂചനകൾ നൽകാം. ആമ തന്നെപ്പോലുള്ള തന്റെ ഒരു കൂട്ടുകാരനെ ഏർപ്പാടു ചെയ്യുന്നു. മുയൽ കുതിച്ചു പാഞ്ഞ് ലക്ഷ്യസ്ഥാനത്തെത്തുമ്പോൾ കൂട്ടുകാരനായ ആമ വിജയക്കൊടിയും പിടിച്ചു നിൽക്കുന്നതാണ് കാണുന്നത്.

സൂചനകൾ വികസിപ്പിച്ച് കുട്ടികൾ കഥയെഴുതട്ടെ. ടീച്ചർ വിലിയിരുത്തണം.

### ചോദ്യങ്ങളുണ്ടാക്കാം

യുക്തമായ ചോദ്യങ്ങൾ ഉണ്ടാക്കുകയെന്നത് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിനേക്കാൾ ശ്രമകരമാണ്. കഥാഭാഗം ലക്ഷ്യാധിഷ്ഠിതമായി വീണ്ടും വായിച്ച് കുട്ടികൾ ചോദ്യങ്ങൾ തയ്യാറാക്കട്ടെ. വ്യക്തിഗതമായി കണ്ടെത്തിയ ചോദ്യങ്ങൾ ഓരോന്നായി കുട്ടികൾ ക്ലാസിൽ അവതരിപ്പിക്കുന്നു. ഓരോ കുട്ടിയും അവതരിപ്പിച്ച ചോദ്യത്തിന് മറ്റുള്ളവർ ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ കഴിയുന്നുണ്ടോ എന്ന് ടീച്ചർ വിലയിരുത്തണം. മെച്ചപ്പെട്ട ചോദ്യങ്ങൾ ടീച്ചർ ബോർഡിലെഴുതുന്നു. അവകൂടി കുട്ടികൾ നോട്ടുബുക്കിൽ ചേർക്കട്ടെ.

## പാഠം 11

# ചിറകുവരും മുമ്പ്

*കുട്ടിക്കാലം ഭാവന ഉണരുന്ന കാലമാണ്. പ്രകൃതിയെ അത്ഭുതത്തോടുകൂടി നോക്കുന്നകാലം -ചുറ്റുപാടും കാണുന്ന പുതുമകളിൽ നിന്ന് അതിനപ്പുറത്തേക്ക് ചിന്തിക്കുന്ന കാലം. കുട്ടിയായിരിക്കുമ്പോൾ മുതിർന്നവരുടെ ഭാഗത്തുനിന്ന് പ്രപഞ്ചത്തെ നോക്കിക്കാണാൻ ആഗ്രഹമുണ്ടാകും. മുതിർന്നവർ ചെയ്യുന്നതെല്ലാം ചെയ്യണമെന്ന തോന്നലുമുണ്ടാക്കും. എന്നാൽ താനൊരുകുട്ടിയാണെന്ന തിരിച്ചറിവുണ്ടാകുന്നതിലൂടെ സങ്കടപ്പെടുകയല്ല മറിച്ച് പ്രതീക്ഷകൾ പൂവണിയുന്നതിനുവേണ്ടി കഠിനപ്രയത്നം ചെയ്യാനുള്ള മനോഭാവമാണുണ്ടാകേണ്ടത്.*

*ചിറകു മുളയ്ക്കുന്നതിനുമുമ്പ് ഒരു കുരുവിയ്ക്ക് ഉണ്ടാകുന്ന ആഗ്രഹങ്ങളാണ് കവിതയുടെ ആശയം. മൂന്നാം ക്ലാസിൽ പഠിച്ച മോഹം എന്ന കവിത ഇതേ ആശയം ഉൾക്കൊള്ളുന്നവയാണ്. ഭാവനയുടെ ചിറകിലേറി കവിതാസ്വാദനത്തിനും ഇത്തരത്തിലുള്ള കവിതാ രചനയിലേർപ്പെടുന്നതിനും ഈ പാഠഭാഗം സഹായിക്കണം. കുട്ടികളുടെ ചിന്തകൾ പ്രായത്തിനുയോജിച്ചതും സ്വാഭാവികവുമാണ്. കുട്ടിയുടെ കഴിവിനും ആസ്വാദനശീലത്തിനും യോജിച്ച ചേരുവകൾ ഈ കവിതയിലുണ്ട്. ഗൗരവമായ കവിതാസ്വാദനത്തിന് ഈ കവിത പ്രയോജനപ്പെടും.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ /ധാരണകൾ

- പ്രകൃതിയെ സ്നേഹിക്കുന്നതിനും, മറ്റുള്ളവരുടെ കാഴ്ചപ്പാടിൽ നോക്കിക്കാണുന്നതിനും.
- ഭാവനാപൂർണ്ണമായ സംഭവങ്ങൾ പ്രതിഫലിപ്പിക്കുന്ന കവിതകളുടെ ആസ്വാദനം നടത്തുന്നതിന്.
- കവിതകളിലെ ആശയം, വിശേഷണം, പ്രയോഗം എന്നിവ തിരിച്ചറിയുന്നതിനും പ്രയോഗിക്കുന്നതിനും.
- ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുന്നതിന്.
- ഉചിതമായ താളം, പദവിന്യാസം, വർണ്ണന, ആലങ്കാരികത എന്നിവ ഉൾക്കൊണ്ടുകവിതകൾ രചിക്കുന്നതിന്.
- കവിതകൾ ശേഖരിക്കുന്നതിനും ആസ്വദിക്കുന്നതിനും.

### വ്യവഹാര രൂപങ്ങൾ

കവിത, വിവരണം

### പ്രകടിത രൂപങ്ങൾ

ആസ്വാദനക്കുറിപ്പ്, കവിത, വിവരണം

### പ്രവർത്തനങ്ങൾ

- നിങ്ങൾക്ക് ആരാകാനാണ് മോഹം?
- വലുതാവുമ്പോൾ എന്തൊക്കെ ചെയ്യണമെന്നാണ് ആഗ്രഹം?

### ചോദ്യങ്ങളിലൂടെ ചർച്ച നയിക്കുന്നു.

ടീച്ചർ ഒരു സന്ദർഭം അവതരിപ്പിക്കുന്നു.

കുന്നിന്റെ ചെരുവിലെ ഒരു പനയിലാണ് കുഞ്ഞിക്കുരുവിയുടെ കൂട്. അമ്മ തീറ്റതേടി പറന്നുപോയ

പ്പോൾ കുരുവിക്കുഞ്ഞ് മെല്ലെ പുറത്തിറങ്ങി. എന്തെല്ലാം കാഴ്ചകളാണ് പുറത്ത് കാണുന്നത്. കുഞ്ഞിക്കുരുവിയ്ക്ക് അത്ഭുതമായി.

എന്തൊക്കെ കാഴ്ചകൾ കുഞ്ഞിക്കുരുവി കണ്ടുകാണും?

കുട്ടികളുടെ സ്വതന്ത്ര പ്രതികരണം.

അമ്മക്കുരുവി അങ്ങ് ഉയരത്തിൽ പറന്നുപോകുന്നത് കുഞ്ഞിക്കുരുവി കണ്ടു. അങ്ങനെ പറന്നുപോകണമെന്ന് കുഞ്ഞിക്കുരുവിക്കും ആഗ്രഹം തോന്നി, പക്ഷെ ചിറകുമുളച്ചില്ലല്ലോ. ചിറകുവരട്ടെ, ചിന്നക്കുരുവി ചിന്തിച്ചു.

- ചിറകുവന്നിട്ട് എന്തൊക്കെ ചെയ്യണമെന്ന് കുഞ്ഞിക്കുരുവി ആഗ്രിച്ചിട്ടുണ്ടാവും?
- എവിടെയൊക്കെ പോകണമെന്നാണാഗ്രഹിക്കുന്നത്?
- എന്തൊക്കെ കാണണമെന്നാണ് ആഗ്രഹിക്കുന്നത്?

കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു. ടീച്ചറുടെ ചില ചോദ്യങ്ങൾ കുട്ടികളുടെ ഭാവനയെ ഉണർത്താൻ സഹായിക്കും.

- മലകളുടെ മുകളിൽ പോകണമെന്നു തോന്നിക്കാണുമോ?
- കടലിന്റെ മീതെ പറക്കണമെന്ന് തോന്നിക്കാണുമോ?
- ചിന്നക്കുരുവി ചിന്തിച്ചതെന്തൊക്കെയെന്നറിയണ്ടേ?

കുട്ടികൾ വ്യക്തിഗതമായി പാഠഭാഗത്തെ കവിതവായിക്കട്ടെ. ആദ്യവായനയിൽ കുട്ടികൾ കണ്ടെത്തിയ കാര്യങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കട്ടെ.

പാഠഭാഗം വായിച്ചപ്പോൾ നിങ്ങൾക്കുമനസ്സിലാവാത്ത ഭാഗങ്ങളുണ്ടോ?

മനസ്സിലാവാത്ത വാക്കുകളുണ്ടോ?

എങ്കിൽ അവയുടെ അടിയിൽ പെൻസിൽ കൊണ്ട് വരയ്ക്കുക.

പദങ്ങൾ കുട്ടികൾ അവതരിപ്പിക്കുന്നു.

മുൻപാഠങ്ങളിൽ വിശദീകരിച്ചതുപോലെ അവയുടെ അർത്ഥം പ്രക്രിയയിലൂടെ കണ്ടെത്തി നോട്ടുബുക്കിൽ എഴുതുന്നു.

**ഈണം നൽകാം**

ചെറുഗ്രൂപ്പുകളായിതിരിഞ്ഞ് കവിതയ്ക്ക് ഈണം നൽകട്ടെ. ഓരോ ഗ്രൂപ്പും ഈണത്തിൽ കവിത ചൊല്ലുന്നു.

- ഏത് ഗ്രൂപ്പാണ് മികച്ച ഈണം നൽകിയത്?
- എന്തുകൊണ്ടാണ് മികച്ച ഈണമാണ് എന്നുപറയുന്നത്?

സൂചകങ്ങൾ വെച്ച് ചർച്ചചെയ്യാം.

ടീച്ചർ കവിത ഈണം, താളം, ഭാവം, എന്നിവ ഉൾക്കൊണ്ട് അവതരിപ്പിക്കുന്നു. കുട്ടികൾ ഏറ്റു ചൊല്ലട്ടെ.

തുടർന്ന് കവിതയിലെ ആശയം ടീച്ചർ വിശദീകരിക്കുന്നു. രണ്ടുവരി കവിത വീതം ചൊല്ലി അവയുടെ ആശയം കുട്ടികളുടെ പങ്കാളിത്തത്തോടെ ചർച്ച ചെയ്യുന്നു. ആശയവ്യക്തതവരുത്തുന്നു.

**ഉത്തരമെഴുതാം (ടെക്സ്റ്റ് ബുക്ക്)**

കവിതാഭാഗം വായിച്ച് ആശയവ്യക്തതവരുത്തുന്നതിനുള്ള പ്രവർത്തനമാണിത്.

ചോദ്യങ്ങൾ ഓരോന്നായി വായിച്ച് അവയുടെ ഉത്തരം പാഠഭാഗത്തുനിന്ന് കണ്ടെത്തി എഴുതട്ടെ. കവിതാരൂപത്തിലെഴുതാതെ ലഘുവാക്യങ്ങളിലെഴുതാൻ നിർദ്ദേശിക്കണം. എഴുതിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നു. ഓരോ ഗ്രൂപ്പിൽ നിന്നും ഒരാൾ പൊതുവായി അവതരിപ്പിക്കുന്നു. ചർച്ച ചെയ്ത് പൊതുവായ ധാരണയിലെത്തുന്നു.

വർക്കുബുക്കിലെ ഉത്തരമെഴുതാം എന്ന പ്രവർത്തനം വ്യക്തിഗതമായി ചെയ്യട്ടെ. ഹോംവർക്കായി നൽകാം. ടീച്ചർ വിലയിരുത്തണം.

**വരികൾ കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)**

കവിതയിലെ ഓരോ വരിയും വായിച്ച് ആശയം ഗ്രഹിച്ച കുട്ടിക്ക് അത് പ്രയോഗിക്കാനുള്ള ഒരു പ്രവർത്തനമാണിത്.

വിവരണരൂപത്തിലെഴുതിയ ആശയം വായിച്ച് വരികൾ സ്വന്തമായി കണ്ടെത്തി നോട്ടുബുക്കിൽ എഴുതുന്നു. അവതരിപ്പിക്കുന്നു. വരികൾ തെരഞ്ഞെടുത്തതിന്റെ ആവശ്യമായ വിശദീകരണവും നൽകുന്നു. – ടീച്ചർ വിലയിരുത്തുന്നു.

## ഇഷ്ടപ്പെട്ട വരികൾ

കവിതകൾ ആസ്വദിക്കുന്നതിന് അതിലെ വരികൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതുണ്ട്. കവിതാഭാഗം മുഴുവൻ വായിച്ചതിനുശേഷം ഇഷ്ടപ്പെട്ടവരികൾ തെരഞ്ഞെടുക്കട്ടെ: എങ്ങനെയൊക്കെ കവിത ഇഷ്ടപ്പെടാമെന്ന് 'തെങ്ങ്' എന്ന പാഠത്തിന്റെ അധ്യാപകസഹായിയിൽ വിവരിച്ചിട്ടുണ്ട്. വരികൾ ഇഷ്ടപ്പെട്ടതിന്റെ കാരണം സഹിതം അവതരിപ്പിക്കട്ടെ.

## കൂട്ടിച്ചേർക്കാം പിരിച്ചെഴുതാം (ടെക്സ്റ്റ് ബുക്ക്)

പദങ്ങൾ ഉപയോഗിച്ച് രചനകൾ നടത്തുമ്പോൾ രണ്ടോ അതിലധികമോ പദങ്ങൾ ഒന്നിച്ചു ചേർന്നുവരുമ്പോഴുണ്ടാകുന്ന വ്യത്യാസം തിരിച്ചറിയുന്നതിനുള്ള പ്രവർത്തനമാണിത്.

പിരിച്ചെഴുതിയ പദങ്ങൾ ചേർത്തെഴുതിയും ചേർത്തെഴുതിയ പദങ്ങൾ പിരിച്ചെഴുതിയും ക്ലാസിൽ അവതരിപ്പിക്കട്ടെ. പദങ്ങൾ ചേർന്നുവരുമ്പോഴും പിരിച്ചെഴുതുമ്പോഴും അക്ഷരങ്ങളിൽ വരുന്നമാറ്റം ചർച്ച ചെയ്യാം.

തുടർന്ന് വർക്കുബുക്കിലെ 'പിരിച്ചെഴുതാം ചേർത്തെഴുതാം' എന്ന പ്രവർത്തനം വ്യക്തിഗതമായി ചെയ്യുന്നു. ടീച്ചർ വിലയിരുത്തുന്നു.

## വിശേഷണങ്ങൾ കണ്ടെത്തി എഴുതാം (ടെക്സ്റ്റ് ബുക്ക്)

ഒരു പദത്തിന്റെ ആശയത്തിന് സന്ദർഭവുമായി കൂടുതൽ അനുയോജ്യത വരുത്തുന്നതിന് വിശേഷണങ്ങൾ സഹായിക്കുന്നു. രചനാവേളയിൽ ഇത്തരം വിശേഷണം ചേർത്ത് പദങ്ങൾ ഉപയോഗിക്കാൻ കുട്ടികൾക്ക് കഴിയണം. അതിനായി പരമാവധി വിശേഷണപദങ്ങൾ സ്വായത്തമാക്കേണ്ടതുണ്ട്. ഈ പ്രവർത്തനം അതിനു സഹായിക്കും.

പദങ്ങൾ വായിച്ച് അവയ്ക്ക് പാഠഭാഗത്തുനൽകിയ വിശേഷണങ്ങൾ കണ്ടെത്തി നോട്ടുബുക്കിലെഴുതട്ടെ: ക്ലാസ്സിൽ പൊതുവായി അവതരിപ്പിച്ച് ചർച്ച ചെയ്യുന്നു.

ചില പദങ്ങൾ മാത്രമെടുത്ത് അവയ്ക്ക് നൽകാവുന്ന പലതരം വിശേഷണങ്ങളും ക്ലാസ്സിൽ ചർച്ച ചെയ്യാം.

ഉദാ:

ആകാശം
നീലാകാശം
തെളിഞ്ഞ ആകാശം
മേഘാവൃതമായ ആകാശം
നക്ഷത്രങ്ങൾ മിന്നുന്ന ആകാശം.
ആകാശപ്പരപ്പ്

വർക്കുബുക്കിലെ വിശേഷണങ്ങളെഴുതാം എന്ന പ്രവർത്തനം വ്യക്തിഗതമായി ചെയ്യുന്നു. ടീച്ചർ വിലയിരുത്തുന്നു.

## കാവ്യഭംഗി തുളുമ്പുന്ന പ്രയോഗങ്ങൾ

കവിതയ്ക്ക് ഭംഗി നൽകുന്നത് ചില പ്രയോഗ ശൈലികളും വിശേഷണങ്ങളും അലങ്കാരവും ബിംബകല്പനകളും വർണ്ണനകളും പദവിന്യാസവുമൊക്കെയാണ്. ഇവയൊക്കെ കണ്ടെത്താൻ കുട്ടികൾക്ക് അവസരം നൽകേണ്ടതുണ്ട്. ലളിതമായി, ഓരോ പാഠത്തിൽ നിന്നും ഓരോ ഘടകങ്ങളെങ്കിലും തിരിച്ചറിയാൻ കുട്ടികൾക്കവസരം നൽകണം.

കാവ്യഭംഗി തുളുമ്പുന്ന പ്രയോഗങ്ങൾ പ്രവർത്തനത്തിൽ നൽകിയിരിക്കുന്നവ ക്ലാസിൽ പൊതുവായി

വായിക്കട്ടെ.

എന്താണീ പ്രയോഗത്തിന്റെ പ്രത്യേകത – ചർച്ച ചെയ്യുന്നു. കുന്നിൻ ചുമലിനെ എങ്ങനെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്? നീലാകാശ മടിത്തട്ടിനേയോ?

ചർച്ച ചെയ്ത് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടാം.

### ചിറകുണ്ടായിരുന്നെങ്കിൽ (ടെക്സ്റ്റ് ബുക്ക്)

കുട്ടികളുടെ ഭാവന വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണിത്.

ആകാശത്തുകൂടി പറക്കാൻ അനാദികാലം മുതൽ മനുഷ്യൻ ആഗ്രഹിക്കുന്നുണ്ട്. വിമാനം കണ്ടുപിടിച്ചതോടെയാണ് മനുഷ്യന്റെ ഈ ആഗ്രഹം സാധ്യമായത്. വിമാനത്തിൽ കയറാൻ ആഗ്രഹിക്കാത്തവരില്ല. ഒരു പക്ഷിയേപ്പോലെ ആകാശത്തു പറന്നുനടക്കാൻ എന്തു രസമായിരിക്കും. ഒരു ചിറകുണ്ടായിരുന്നെങ്കിൽ എന്ന് നാം പലപ്പോഴും ആലോചിച്ചിട്ടുണ്ട്. ചിറകുണ്ടായിരുന്നെങ്കിൽ എന്തൊക്കെ ചെയ്യുമായിരുന്നു. കുട്ടികൾ പറയട്ടെ. എവിടെയൊക്കെ പോകും? എന്തൊക്കെ കാഴ്ചകൾകാണും. കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു. തുടർന്ന് കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ: ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെട്ടവതെരഞ്ഞെടുത്ത് അവതരിപ്പിക്കട്ടെ. ഗ്രൂപ്പിന്റെ അവതരണത്തിനുശേഷം ഏതുഗ്രൂപ്പിന്റെ വിവരണമാണ് മെച്ചപ്പെട്ടത് എന്നു ചർച്ച ചെയ്യാം. അതിനായി ടീച്ചർ ചില ചോദ്യങ്ങൾ ചോദിക്കുന്നു.

### ചർച്ചാ ചോദ്യങ്ങൾ

- സംഭവങ്ങളെ മുന്നിൽ കാണുന്നതുപോലെ അവതരിപ്പിച്ചത് ഏതു ഗ്രൂപ്പാണ്?
- നല്ല തുടക്കവും ഒടുക്കവുമുള്ള അവതരണമേത്?
- ഒരു വാക്യത്തിന്റെ തുടർച്ചയെന്നോണമാണോ അടുത്ത വാക്യങ്ങൾ?
- എഴുത്തിന് നല്ലവൃത്തിയും വെടിപ്പുമുണ്ടോ?
- വ്യത്യസ്ത വാക്യമാതൃകകൾ, വൈവിധ്യമാർന്ന പദങ്ങൾ എന്നിവ ഉപയോഗിച്ചിട്ടുണ്ടോ?
- ഒരു വിവരണത്തിന് ഉണ്ടാവേണ്ട സവിശേഷതകളാണിത് എന്ന് തിരിച്ചറിയുന്നു.

ടീച്ചർ തയ്യാറാക്കിയ രചന ചാർട്ടിൽ എഴുതി അവതരിപ്പിക്കുന്നു. വായിച്ചു ചർച്ച ചെയ്യുന്നു. കുട്ടികൾ സ്വന്തം രചനമെച്ചപ്പെടുത്തുന്നു.

വർക്കുബുക്കിലെ 'സങ്കല്പിക്കാം എഴുതാം' എന്ന പ്രവർത്തനം വ്യക്തിഗതമായി എഴുതുന്നു. ടീച്ചർ വിലയിരുത്തുന്നു.

### തലക്കെട്ട് കണ്ടെത്താം (വർക്ക് ബുക്ക്)

'ചിറകുവരും മുമ്പ്' എന്ന പാഠത്തിന്റെ പേര് ടീച്ചർ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ഈ തലക്കെട്ട് കവിതയ്ക്ക് എത്രമാത്രം യോജിച്ചതാണ്? മറ്റൊരു തലക്കെട്ട് എഴുതാമോ? കുട്ടികൾ വർക്കുബുക്കിൽ തലക്കെട്ടെഴുതുന്നു. ക്ലാസ്സിൽ അവതരിപ്പിക്കുന്നു– സമർത്ഥിക്കുന്നു.

### വാക്യങ്ങൾ മാറ്റി എഴുതാം (ടെക്സ്റ്റ് ബുക്ക്)

പ്രവർത്തനത്തിൽ നൽകിയ വാക്യം കുട്ടികൾ വായിക്കട്ടെ. അടിയിൽ വരയിട്ട പദം കണ്ടെത്തുന്നു. ഈ പദത്തിനു സമാനമായി പാഠഭാഗത്തു നൽകിയിരിക്കുന്ന പദം കണ്ടെത്തുന്നു. കണ്ടെത്തിയപദം ചേർത്ത് വാക്യം മാറ്റി എഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

''ആകാശത്തു പാറി നടക്കണമെന്ന് ചിന്നക്കുരുവി നിനയ്ക്കുന്നത്''

### വായിക്കാം രസിക്കാം

കവിതാപാഠം പഠിക്കുന്നതോടൊപ്പം കവിതകൾ സ്വന്തമായി വായിച്ചാസ്വദിക്കുന്നതിന് ധാരാളം അവസരങ്ങൾ കുട്ടികൾക്ക് ലഭിക്കണം. പാഠപുസ്തകത്തിന്റെ പരിമിതി മറികടക്കാൻ ടീച്ചർ ശ്രദ്ധിക്കുമല്ലോ? ഇത്തരത്തിലുള്ള ഒരു കവിതയാണ് പ്രവർത്തനമായി നൽകിയിരിക്കുന്നത്. എല്ലാ കുട്ടികളും സ്വന്തമായി വായിക്കട്ടെ. കവിതയുടെ ആശയവും ഇഷ്ടപ്പെട്ട ഭാഗവും ചർച്ച ചെയ്യാം. തുടർന്ന് ഇത്തരം ധാരാളം കവി

തകൾ സ്വന്തമായിശേഖരിക്കാനും പാട്ടുപുസ്തകത്തിലെഴുതാനും കുട്ടികൾക്കവസരം നൽകാം. ഒരു കവിതാപാഠത്തിനോടൊപ്പം പ്രധാനമായും മൂന്നുതരത്തിലുള്ള കവിതകൾ ശേഖരിക്കാൻ ആവശ്യപ്പെടാം.

- ഇതേ കവിയുടെ മറ്റുകവിതകൾ
- ഇതേ ആശയം വരുന്ന മറ്റുകവിതകൾ
- ഇതേ താളത്തിൽ പാടാവുന്ന മറ്റുകവിതകൾ

## ആശയം മനസ്സിലാക്കാം എഴുതാം (വർക്ക് ബുക്ക്)


വർക്കുബുക്കിലെ കവിത കുട്ടികൾ സ്വന്തമായി വായിച്ച് ആശയം മനസ്സിലാക്കി ലഘുവാക്യങ്ങളിൽ എഴുതട്ടെ. കവിതയ്ക്ക് പേരും നൽകണം. വർക്കുബുക്കിൽ എഴുതിയവ ടീച്ചർ വിലയിരുത്തണം.

**പച്ചക്കിളി**
കൊച്ചു മരത്തിൽ തത്തിയിരിക്കും
പച്ചക്കിളിയേ പാടുകനീ.
കനികൾ തരാം ഞാൻ പാലു തരാം ഞാൻ
കനിവൊടു പാടുക പാടുക നീ
ചെല്ലപ്പൂഞ്ചിറകുള്ളതിനാൽ നീ.
എല്ലാദിക്കും കണ്ടല്ലോ!
അഴകൊടു ചെറുനുരനിര ചിതറിക്കൊ
ണ്ടൊഴുകീടും പുഴ തന്നരികിൽ,
പുല്ലുകൾ കൊണ്ടു പുതച്ചുകിടക്കും
നല്ലൊരു കുന്നുകൾ തൻ ചരിവിൽ
കുട്ടിക്കാറ്റിൽ പൂമണമിളകും
കുറ്റിക്കാടുകൾ തൻ നടുവിൽ
കണ്ണു കുളിർക്കെക്കാണും കാഴ്ചക
ളൊന്നൊന്നായിപ്പറയാമോ
***എം.പി. അപ്പൻ***

സ്വന്തമായി കവിതാരചനയിലേർപ്പെടുന്നതിനുള്ള പ്രവർത്തനമാണിത്.

- നിങ്ങൾക്ക് ഏതൊക്കെ കിളികളുടെ പേരറിയാം?
- ഏതൊക്കെ പക്ഷികളെയാണ് നിങ്ങൾക്കിഷ്ടം?
- എന്തുകൊണ്ടാണ് ആ പക്ഷിയെ ഇഷ്ടമായത്?

ക്ലാസിൽ പൊതുവായ ചർച്ച നടത്തി ആശയഭൂപടം നിർമ്മിക്കാം.




ആശയ വ്യക്തത വന്ന ശേഷം ഇഷ്ടമുള്ളവ ചേർത്ത് നാലുവരി കവിത എഴുതട്ടെ. കൂടുതൽ വരികൾ എഴുതാൻ കഴിയുന്നവർക്ക് അവസരം നൽകണം. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെട്ടത് കണ്ടെത്തി ഈണത്തിൽ ചൊല്ലി അവതരിപ്പിച്ചഗ്രൂപ്പിനെ കണ്ടെത്തുന്നു. (മികച്ച കവിത കണ്ടെത്താൻ സഹായിക്കുന്ന വിലയിരുത്തൽ സൂചകങ്ങൾ ക്ലാസ്സിൽ പൊതുവായി എഴുതി പ്രദർശിപ്പിക്കണം)

കടലാസ് നൽകി കുട്ടികൾ മെച്ചപ്പെടുത്തി എഴുതിയ കവിതകൾ ശേഖരിച്ച് പേര് നൽകി പതിപ്പാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കാം.

**ജി. ശങ്കരക്കുറുപ്പ് 1901 – 1978**

ആദ്യത്തെ ജ്ഞാനപീഠ സമ്മാനം നേടിയ മലയാള കവി. 1901 ജൂൺ 3ന് എറണാകുളം ജില്ലയിൽ കാലടിക്കടുത്ത് നായത്തോട് ഗ്രാമത്തിൽ ജനിച്ചു. അച്ഛൻ നെല്ലിക്കാപ്പുള്ളി ശങ്കരവാരിയർ. അമ്മ വടക്കിനി വീട്ടിൽ ലക്ഷ്മിക്കുട്ടിഅമ്മ. എറണാകുളം മഹാരാജാസ് കോളേജിൽ പ്രൊഫസർ ആയിരുന്നു. കേരള സാഹിത്യഅക്കാദമി പ്രസിഡന്റ്, രാജ്യസഭാംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. 1966-ൽ 'ഓടക്കുഴൽ' എന്ന കൃതിക്കാണ് ജ്ഞാനപീഠം അവാർഡ് ലഭിച്ചത്. കേരള സാഹിത്യ അക്കാദമി അവാർഡ്, പത്മഭൂഷൺ ബഹുമതി എന്നിവ ലഭിച്ചിട്ടുണ്ട്. 1978 ഫെബ്രുവരി 2ന് അന്തരിച്ചു. സാഹിത്യകൗതുകം നാലുഭാഗങ്ങൾ, സൂര്യകാന്തി, പൂജാപുഷ്പം, ഓടക്കുഴൽ, പാഥേയം, സന്ധ്യ, ചെങ്കതിരുകൾ, നിമിഷം, മുത്തുകൾ, പഥികന്റെ പാട്ട്, അന്തർദാഹം, വിശ്വദർശനം, എന്നിവയാണ് പ്രധാനകൃതികൾ. ടാഗോറിന്റെ ഗീതാഞ്ജലി മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

### പാഠം 12

# മുത്തച്ഛന്റെ ചോറ്റുപാത്രം

*പ്രായമായവരോടുള്ള സമീപനത്തിൽ വലിയ മാറ്റമാണ് പുതുതലമുറയിൽ വന്നു കൊണ്ടിരിക്കുന്നത്. സ്വന്തം മക്കളടക്കം അവരെ പുഛത്തോടെ കാണുകയും ശല്യമായി ഗണിക്കുകയും ചെയ്യുന്നു. അവരെ അവഗണിക്കുകയോ വൃദ്ധസദനങ്ങളിൽ കൊണ്ടു ചെന്നാക്കുകയോ നിഷ്ക്കരുണം വീട്ടിൽ നിന്നിറക്കി വിടുകയോ ചെയ്യുന്ന പ്രവണത കൂടിക്കൂടി വരുകയാണ്. ഈ സന്ദർഭത്തിൽ പ്രായമായവരെ ആദരിക്കാനും സ്നേഹിക്കാനും സംരക്ഷിക്കാനുമുള്ള വിചാരവും താല്പര്യവും കുഞ്ഞു മനസ്സുകളിൽ തന്നെ വളർത്തേണ്ടത് അനിവാര്യമായിരിക്കുകയാണ്. മാനവിക മൂല്യങ്ങളെക്കുറിച്ചുള്ള ബോധം അവരുടെ മനസ്സിൽ അടിയുറയ്ക്കും വിധമുള്ള സമീപനങ്ങൾ വിദ്യാലയങ്ങളിൽ നിന്നും അധ്യാപകരിൽ നിന്നുമുണ്ടാവേണ്ടതുണ്ട്. പ്രായമായവരെ അവഗണിക്കുകയും തള്ളിപ്പറയുകയും ചെയ്യുമ്പോൾ ഇത്തരമൊരവസ്ഥ തനിക്കും വരാനുണ്ടെന്ന തിരിച്ചറിവ് മനസ്സിലുണ്ടാവാനുള്ള അവസരമൊരുക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തോടെയാണ് 'മുത്തച്ഛന്റെ ചോറ്റുപാത്രം' എന്ന കഥ പാഠപുസ്തകത്തിൽ ചേർത്തിട്ടുള്ളത്.*

*പ്രസ്തുത കാര്യങ്ങൾ ഗൗരവത്തോടെ തന്നെ കണ്ട് കുട്ടികളുടെ മനസ്സിൽ മാനവിക മൂല്യങ്ങൾക്ക് അടിത്തറ പാകാൻ അധ്യാപകർ മുൻകൈയെടുക്കണം. പ്രായമായവരോടുള്ള ദയാ പൂർണമായ പെരുമാറ്റത്തിനും സമീപനത്തിനും സഹായമാകും വിധമുള്ള പ്രവർത്തനങ്ങൾ പാഠാനുബന്ധമായി സംഘടിപ്പിക്കാൻ ശ്രദ്ധിക്കണം. ഒപ്പം മറ്റുള്ളവരെയും ഇത്തരം മൂല്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കാനും സ്നേഹപൂർണമായ മനോഭാവങ്ങൾ വളർത്താനും ജീവിത സാഹചര്യങ്ങളിൽ പ്രയോജനപ്പെടുത്താനും മാർഗനിർദ്ദേശം നൽകണം. ഭാഷാ പ്രയോഗങ്ങൾ ഉൾച്ചേർത്തു കൊണ്ടുള്ള പുതിയ വാക്യങ്ങളുടെ നിർമാണം, സർഗാത്മക രചനകൾ, സംഭാഷണം തയ്യാറാക്കൽ, സമാനാശയമുള്ള കവിതകളുടെ ആസ്വാദനം, അനുഭവങ്ങളുടെ പങ്കുവെക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ഈ പാഠം ലക്ഷ്യമിടുന്നു.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ/ധാരണകൾ

- പ്രായമായവർ ആദരവും ബഹുമാനവും അർഹിക്കുന്നുവെന്നു തിരിച്ചറിയുന്നതിന്.
- മുത്തച്ഛന്മാരെയും മുത്തശ്ശിമാരെയും മറ്റും സഹിഷ്ണുതയോടെയും സ്നേഹത്തോടെയും പരിചരിക്കണമെന്ന ബോധമുണ്ടാക്കുന്നതിന്.

ദുഷ്കർമ്മങ്ങളുടെ ഫലം ജീവിതാന്ത്യത്തിൽ അനുഭവിക്കേണ്ടി വരുമെന്ന ധാരണയുണ്ടാക്കുന്നതിന്.

- ഭാഷാ പ്രയോഗങ്ങളുടെ ആശയം തിരിച്ചറിയുന്നതിന്.
- സമൂഹത്തോടുള്ള ശരിയായ സമീപന രീതികൾ മനസ്സിലാക്കുന്നതിന്.
- കത്ത്, സംഭാഷണം, ചോദ്യങ്ങൾ എന്നിവ തയ്യാറാക്കുന്നതിന്.
- പദങ്ങളിലെ അക്ഷരങ്ങൾ തിരിച്ചറിയുന്നതിന്.
- കവിതകൾ വായിച്ച് ആസ്വദിക്കുന്നതിനും ആശയം ഗ്രഹിക്കുന്നതിനും.
- അനുഭവങ്ങൾ പങ്കുവെക്കുന്നതിനും അതിൽ നിന്നു പാഠമുൾകൊള്ളുന്നതിനും.

### വ്യവഹാര രൂപങ്ങൾ

കഥ, കവിത

### ആവിഷ്കാര പ്രകടിത രൂപങ്ങൾ

ചോദ്യങ്ങൾ, സംഭാഷണങ്ങൾ, അനുഭവക്കുറിപ്പുകൾ, കത്ത്

## പ്രവർത്തനങ്ങൾ

സൗഹൃദ സംഭാഷണത്തോടെ ക്ലാസ് ആരംഭിക്കാം.

- വീട്ടിൽ ആരൊക്കെയുണ്ട്?
- മുത്തശ്ശിയോ മുത്തച്ഛനോ ഉണ്ടോ?
- നിങ്ങൾ അവരുടെ കൂടെ ഇരിക്കാറുണ്ടോ?
- അവർ ഒറ്റക്കാണോ ഭക്ഷണം കഴിക്കാറ്?
- അവർ നിങ്ങൾക്ക് കഥകൾ പറഞ്ഞു തരാറുണ്ടോ?

നമുക്കിന്നൊരു മുത്തച്ഛന്റെ കഥ വായിക്കാം; കുട്ടന്റെ മുത്തച്ഛന്റെ.
കുട്ടികൾ വ്യക്തിഗതമായി കഥ വായിക്കട്ടെ.

## അർത്ഥം കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)

പാഠഭാഗത്ത് നിങ്ങൾക്ക് അർത്ഥം മനസ്സിലാകാത്ത പദങ്ങളുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം.?

അർത്ഥമറിയാത്ത പദങ്ങളുടെ അടിയിൽ വരക്കട്ടെ. അവ നോട്ടുബുക്കിലേക്ക് എടുത്തെഴുതട്ടെ. നാലോ അഞ്ചോ പേരടങ്ങുന്ന ഗ്രൂപ്പുകളിൽ അർത്ഥം കണ്ടെത്താനുള്ള ശ്രമം നടക്കട്ടെ.

ആ പദങ്ങൾ ഉൾക്കൊള്ളുന്ന വാക്യം വായിച്ച് സന്ദർഭങ്ങളിൽ നിന്നു മനസ്സിലായ അർത്ഥം പെൻസിൽ കൊണ്ട് നോട്ടുബുക്കിൽ എഴുതട്ടെ. പിന്നെ ആ പദങ്ങളും അർത്ഥങ്ങളും ക്ലാസിൽ പൊതുവായി അവതരിപ്പിച്ച് വ്യക്തത വരുത്താം. നിരന്തര ഇടപെടലിലൂടെ പദങ്ങളുടെ കൃത്യമായ അർത്ഥം കുട്ടികളെ ബോധ്യപ്പെടുത്താൻ ടീച്ചർ ശ്രദ്ധിക്കണം. പാഠഭാഗത്തെ വാക്യസന്ദർഭത്തിൽ നിന്ന് അർത്ഥം മനസ്സിലാക്കാൻ കഴിയുന്നില്ലെങ്കിൽ മറ്റു സന്ദർഭങ്ങളിൽ ആ പദം പ്രയോഗിച്ച് അർത്ഥം ഗ്രഹിക്കാനുള്ള അവസരമുണ്ടാക്കണം. കൃത്യമായ അർത്ഥം ബോധ്യപ്പെട്ട ശേഷം നോട്ടുബുക്കിൽ ശരിയാക്കി എഴുതട്ടെ.

## കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)

പാഠഭാഗം വീണ്ടും വായിച്ച് ആശയം മനസ്സിലാക്കാനുള്ള പ്രവർത്തനമാണിത്. ഓരോ ചോദ്യവും നോട്ടുബുക്കിൽ എഴുതിയ ശേഷം അതിന്റെ ഉത്തരം പാഠഭാഗത്തുനിന്ന് കണ്ടെത്തി സ്വന്തം വാക്യത്തിൽ എഴുതട്ടെ. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതിയ ശേഷം പരസ്പരം കൈമാറി വായിക്കട്ടെ. ഓരോരുത്തരും എഴുതിയതിൽ എന്തൊക്കെ അബദ്ധം പിണഞ്ഞിട്ടുണ്ടെന്നും എന്തുമാറ്റമാണ് വരുത്തേണ്ടതെന്നും ഈ പ്രവർത്തനത്തിലൂടെ മനസ്സിലാക്കാം. ടീച്ചർ നോട്ടുബുക്ക് വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം. എല്ലാ കുട്ടികളുടെയും ഉത്തരങ്ങൾ ഒരേ രൂപത്തിലാവണമെന്ന ശാഠ്യമുണ്ടാവരുത്. ചോദ്യത്തിനുത്തരമായി വരേണ്ട പോയിന്റുകൾ ഉണ്ട് എന്നുറപ്പാക്കിയാൽ മതി.

## ചോദ്യങ്ങളുണ്ടാക്കാം, ചോദിക്കാം (ടെക്സ്റ്റ് ബുക്ക്)

പാഠഭാഗത്തെ ആശയം വ്യക്തമായി മനസ്സിലാക്കിയാൽ ഈ പ്രവർത്തനം എളുപ്പത്തിൽ നടത്താം. കുട്ടികൾ ഗ്രൂപ്പുകളിൽ ചോദ്യങ്ങൾ തയ്യാറാക്കട്ടെ. കൃത്യമായ ഉത്തരം പാഠഭാഗത്തു നിന്ന് ലഭിക്കുന്ന ചോദ്യങ്ങളാവണം ഉണ്ടാക്കുന്നത്. തുടർന്ന് ചോദ്യോത്തരപ്പയറ്റ് സംഘടിപ്പിക്കാം. ഗ്രൂപ്പുകൾക്ക് നമ്പറുകൾ കൊടുക്കാം. 1, 2, 3... ഒന്നാം ഗ്രൂപ്പ് ആദ്യ ചോദ്യമുന്നയിക്കുന്നു. അടുത്ത ഗ്രൂപ്പ് അതിനുത്തരം പറയട്ടെ. അവർക്കു പറയാൻ കഴിയുന്നില്ലെങ്കിൽ മൂന്നാമത്തെ ഗ്രൂപ്പിന് അവസരം നൽകാം. ഏതു ഗ്രൂപ്പാണോ വ്യക്തമായ ഉത്തരം നൽകുന്നത് ആ ഗ്രൂപ്പിന്നായിരിക്കും അടുത്ത ചോദ്യമുന്നയിക്കാനുള്ള അവസരം. ഇങ്ങനെ ആവേശവും വാശിയുമുണർത്തി ചോദ്യോത്തരപ്പയറ്റ് രസകരം കൂടിയാക്കാൻ ടീച്ചർ ശ്രദ്ധിക്കണം. യുക്തമായ മറ്റു രീതികളും അവലംബിക്കാം.

## സംഭാഷണം തയ്യാറാക്കാം (ടെക്സ്റ്റ് ബുക്ക്)

സംഭാഷണം എന്ന വ്യവഹാര രൂപം ഉചിതമായ സന്ദർഭത്തിൽ തയ്യാറാക്കാനുള്ള പരിശീലനമാണീ പ്രവർത്തനം. വ്യക്തിഗതമായാണ് ഈ പ്രവർത്തനം നടത്തേണ്ടത്. അതിനു മുമ്പ് സംഭാഷണ സന്ദർഭം ഓരോ കുട്ടിയും ശരിക്കും മനസ്സിലാക്കിയിരിക്കണം. അതിന് ഒരു ചർച്ചയാവാം.

- ആര് തമ്മിലാണ് സംഭാഷണം നടത്തുന്നത്?

- എവിടെ വെച്ചാണ് സംഭാഷണം നടക്കുന്നത്?
- എന്താണ് സംഭാഷണ വിഷയം? (ഇത് കുട്ടികൾ സങ്കൽപിച്ചുണ്ടാക്കേണ്ടതാണ്)

കുട്ടികൾ വ്യക്തിഗതമായ സംഭാഷണം എഴുതട്ടെ.

സംഭാഷണത്തിന്റെ സ്വാഭാവിത,
ഉള്ളടക്കത്തിന്റെ പൂർണത,
സംഭാഷണങ്ങൾ തമ്മിലുള്ള ചേർച്ച തുടങ്ങിയവ വിലയിരുത്തലിൽ പരിഗണിക്കണം

തുടർന്ന് ഈ സംഭാഷണം ഗ്രൂപ്പിൽ പങ്കുവെക്കുന്നു, മെച്ചപ്പെടുത്തുന്നു.

**അഭിനയിക്കാം (ടെക്സ്റ്റ് ബുക്ക്)**

തയ്യാറാക്കിയ സംഭാഷണം ഭാവമുൾക്കൊണ്ട് അവതരിപ്പിക്കാനുള്ള അവസരമാണിത്. ഓരോ ഗ്രൂപ്പും തങ്ങൾ ചർച്ച ചെയ്തു മെച്ചപ്പെടുത്തിയ സംഭാഷണം മുത്തച്ഛന്റെയും കുട്ടന്റെയും ഭാവമുൾക്കൊണ്ട് ക്ലാസിൽ അവതരിപ്പിക്കട്ടെ. സംഭാഷണം എല്ലാ കുട്ടികളും നോട്ടുബുക്കിൽ എഴുതണം. ടീച്ചർ വിലയിരുത്തണം.

**അനുഭവങ്ങൾ പങ്കുവെക്കാം (ടെക്സ്റ്റ് ബുക്ക്)**

പ്രായമായവരുമായി സൗഹൃദം സ്ഥാപിക്കാനുള്ള പ്രേരണയായി ഈ പ്രവർത്തനത്തെ കാണാം. അവരുമായി ബന്ധപ്പെടുമ്പോൾ ദീർഘകാലമായുള്ള അനുഭവപാഠങ്ങൾ കുട്ടിക്ക് സ്വായത്തമാക്കാൻ കഴിയും. കുട്ടികളുടെ സാന്നിധ്യവും വർത്തമാനങ്ങളും അവരുടെ മനസ്സിലും ഗുണാത്മകമായ മാറ്റങ്ങളുണ്ടാക്കും. വാർദ്ധക്യത്തിന്റെ അവശതകൾ മറക്കാനും കൂടുതൽ ഉത്സാഹിതരാവാനും കുട്ടികളുടെ സാന്നിധ്യം സഹായകമാവും.

സ്വന്തം വീട്ടിലെയും ബന്ധുക്കളിലെയും വൃദ്ധരുമായി കുട്ടികൾ ഇടപഴകട്ടെ. ആ അനുഭവങ്ങൾ കൂട്ടുകാരുമായി പങ്കുവെക്കട്ടെ. തുടർന്ന് നല്ല അനുഭവങ്ങൾ കഥകളായി ആവിഷ്കരിക്കാൻ ആവശ്യപ്പെടാം. ഈ പ്രവർത്തനം ഗൃഹപാഠമായി നൽകാം. അവർ രചിക്കുന്ന കഥകൾ ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകണം.

**കവിത ചൊല്ലാം, ആശയം ഗ്രഹിക്കാം (ടെക്സ്റ്റ് ബുക്ക്)**

വയലാറിന്റെ കവിത കുട്ടികൾ ഈണം കണ്ടെത്തി പാടി രസിക്കട്ടെ.

വ്യത്യസ്ത ഈണങ്ങൾ കണ്ടെത്തി അവതരിപ്പിക്കാൻ ഗ്രൂപ്പുകൾക്ക് അവസരം നൽകാം. ടീച്ചർ വിലയിരുത്തണം.

**കവിത ചൊല്ലി രസിക്കാം, ആശയം കണ്ടെത്താം (വർക്ക് ബുക്ക്)**

ടെക്സ്റ്റ്ബുക്കിലെ പ്രവർത്തനത്തിന് സമാനമായൊരു പ്രവർത്തനമാണിത്. പ്രായമായവരുടെ വിവിധ ഭാവങ്ങൾ കവിതകളിലൂടെ മനസ്സിലുറപ്പിക്കാൻ ഈ കവിതകൾ പ്രയോജനപ്പെടും. വയലാറിന്റെ കവിത ആലങ്കാരിക സവിശേഷതകളുൾക്കൊള്ളുന്നതാണെങ്കിൽ വർക്ക്ബുക്കിലേത് ലളിതവും പെട്ടെന്ന് ആശയം ഗ്രഹിക്കാവുന്നതുമാണ്. ഈണവും താളവും കണ്ടെത്തി ചൊല്ലി അവതരിപ്പിക്കുന്നതിന് അവസരം നൽകണം.

**ശരിയായ പദം എടുത്തെഴുതുക (വർക്ക് ബുക്ക്)**

എഴുതുമ്പോൾ തെറ്റുവരാറുള്ള പദങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കാനാണ് ഈ പ്രവർത്തനം. മുതിർന്നവർ പോലും തെറ്റായി എഴുതുകയും ഉച്ചരിക്കുകയും ചെയ്യുന്ന പദങ്ങളാണിത്.

'യാദൃച്ഛികം' എന്നതാണ് ശരി. പലരും പറയാറുള്ളതും എഴുതാറുള്ളതും യാദൃശ്ചികം എന്നാണല്ലോ.

ദേഷ്യത്തെ പലരും ദേശ്യമാക്കാറുണ്ട്.

അതുപോലെ 'അതിഥി' എന്ന പദവും തെറ്റിച്ച് അഥിതി എന്നും അദിഥി എന്നുമൊക്കെ എഴുതുന്നവരു

ണ്ട്. ഇത്തരം അബദ്ധങ്ങൾ ഒഴിവാക്കാൻ ഈ പ്രവർത്തനം സഹായകമാവണം.

വ്യക്തിപരമായി കുട്ടികൾ കണ്ടെത്തി എഴുതട്ടെ. ടീച്ചർ വിലയിരുത്തണം. ആവശ്യമെങ്കിൽ ബോർഡിലെഴുതി വ്യക്തത വരുത്തണം.

### അക്ഷരങ്ങൾ ശരിയായി ക്രമീകരിച്ച് അർത്ഥമുള്ള പദമാക്കുക (വർക്ക് ബുക്ക്)

അക്ഷരബോധവും പദബോധവുമുണർത്താനുപകരിക്കുന്ന ഒരു പ്രവർത്തനമാണിത്. ഒരു കളിയായി ഈ പ്രവർത്തനം സംഘടിപ്പിക്കാം. ടീച്ചർ ചില പദങ്ങളുടെ അക്ഷരങ്ങൾ സ്ഥാനം മാറ്റി ബോർഡിലെഴുതുന്നു. കുട്ടികൾ ആ അക്ഷരങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ (ഉദാ: ഒരു മിനിറ്റ്) ക്രമപ്പെടുത്തി അർത്ഥമുള്ള പദമാക്കി മാറ്റണം. ഒരു മിനിറ്റിനുള്ളിൽ ശരിയാക്കി എഴുതി പേന താഴെ വെക്കണം. ടീച്ചർ വിലയിരുത്തണം. ശരിയാക്കി എഴുതിയവർക്ക് പോയിന്റുകൾ നൽകാം. കുറെ പ്രവർത്തനങ്ങൾ ഈ വിധം നടക്കുമ്പോൾ അതിവേഗം അക്ഷരങ്ങൾ ക്രമപ്പെടുത്താനുള്ള ശ്രമം കുട്ടികളുടെ ഭാഗത്തു നിന്നുണ്ടാവും.

### വിപരീത പദം കണ്ടെത്താം (വർക്ക് ബുക്ക്)

എതിർപദങ്ങൾ പരിചയപ്പെടാനുള്ള പ്രവർത്തനമാണിത്. തന്നിരിക്കുന്ന പദത്തിന്റെ അർത്ഥം കുട്ടികൾ ശരിക്കും മനസ്സിലാക്കണം. എങ്കിൽ മാത്രമേ കൃത്യമായ വിപരീത പദം കണ്ടെത്താൻ കഴിയൂ. തന്നിരിക്കുന്ന പദങ്ങളുടെ അർത്ഥവ്യക്തതക്കായി ക്ലാസിൽ ചർച്ച നടത്താം. തുടർന്ന് വിപരീത പദം കണ്ടെത്താൻ കുട്ടികൾ ശ്രമിക്കട്ടെ.

കണ്ടെത്തിയ പദം ക്ലാസിൽ അവതരിപ്പിച്ച് വ്യക്തത വുത്തിയ ശേഷം വർക്കുബുക്കിലെഴുതാം. ഒറ്റപ്പദമായിരിക്കണം കണ്ടെത്തുന്നത്. ഉദാഹരണമായി സന്തോഷം എന്നതിനു സന്തോഷമില്ലായ്മ എന്ന് പറഞ്ഞാൽ പോര.

സന്തോഷം X സന്താപം
അപമാനം X അഭിമാനം
ഉപകാരം X ഉപദ്രവം

ഇത്തരം കൂടുതൽ പദങ്ങൾ കണ്ടെത്താൻ പ്രോത്സാഹിപ്പിക്കണം.

### എങ്ങനെ പെരുമാറും (വർക്ക് ബുക്ക്)

സന്നദ്ധ പ്രവർത്തനത്തിനു പ്രോത്സാഹനം നൽകുന്ന പ്രവർത്തനമാണിത്. ഇത്തരം സന്ദർഭങ്ങളിൽ സംശയിച്ചു നിൽക്കുകയോ ഒഴിഞ്ഞു മാറുകയോ നിഷേധ ഭാവം പുലർത്തുകയോ ചെയ്യുന്നവരാണ് കുട്ടികളിലധികവും. കാര്യങ്ങളുടെ ഗൗരവം ബോധ്യപ്പെടുത്തുകയും കടമകളെയും കടപ്പാടുകളെയും കുറിച്ചോർമ്മപ്പെടുത്തുകയും ചെയ്താൽ കുട്ടികൾ പ്രവർത്തന സജ്ജരാവുകയും സന്ദർഭങ്ങളെ അനുഭാവ പൂർവം നേരിടുകയും ചെയ്യും.

ടീച്ചർ ഇക്കാര്യത്തിൽ മാതൃകയാവണം. കേവലമൊരു പഠന പ്രവർത്തനം എന്നതിലുപരി ജീവിതത്തിലെന്നും പ്രായോഗികമാക്കേണ്ട മാനവിക മൂല്യങ്ങൾ എന്ന നിലക്ക് ഇത്തരം സമീപനങ്ങളെ കാണുകയും കുട്ടികളുടെ മനസ്സിൽ ഈ മൂല്യങ്ങളുറപ്പിക്കാൻ ശ്രമിക്കുകയും വേണം.

### കത്തെഴുതാം (വർക്ക് ബുക്ക്)

കത്ത് എന്ന വ്യവഹാര രൂപം കുട്ടി നേരത്തെ പരിചയപ്പെട്ടിട്ടുണ്ട്. കൂടുതൽ മനസ്സിലാക്കാനുള്ള അവസരമാണിത്. ഒപ്പം വീട്ടിലുള്ള പ്രായമായവരെക്കുറിച്ചറിയാനും അറിയിക്കാനുമുള്ള താല്പര്യം ജനിപ്പിക്കാനും ഈ പ്രവർത്തനം പ്രയോജനപ്പെടണം.

കത്തിന്റെ ഘടനാ മാതൃക മുമ്പു പരിചയപ്പെട്ടിട്ടുണ്ട്. വർക്കുബുക്കിൽ ആദ്യഭാഗം ചേർത്തിട്ടുമുണ്ട്. കൂടുതൽ വ്യക്തമാവാൻ ക്ലാസിലൊരു ചർച്ചയാവാം. കത്തെഴുതുന്ന സ്ഥലം, എഴുതുന്ന തിയ്യതി, അഭിസംബോധന, ഉള്ളടക്കം, സമാപനം, എഴുതുന്നയാളുടെ മേൽവിലാസം തുടങ്ങിയവയൊക്കെ ചർച്ചയിൽ വരട്ടെ. നേരിൽ സംസാരിക്കുന്നതു പോലുള്ള വിവരണവും അന്വേഷണങ്ങളുമൊക്കെയായി കത്ത് ഹൃദ്യമാക്കാനുള്ള പ്രചോദനമുണ്ടാവണം. മാതൃകകൾ നൽകാം.

ഗൃഹപാഠമായി ഈ പ്രവർത്തനം നിർവഹിക്കട്ടെ. അടുത്ത ദിവസം ക്ലാസിൽ വിലയിരുത്തണം. ഏറ്റവും നല്ല കത്തുകൾ ക്ലാസിൽ അവതരിപ്പിക്കണം.

### എത്ര പദങ്ങൾ (വർക്ക്ബുക്ക്)

പദസമ്പത്ത് വർദ്ധിപ്പിക്കാനും പദങ്ങളിൽ ഉൾക്കൊള്ളുന്ന അക്ഷരങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കാനും ഈ പ്രവർത്തനം ഉപകരിക്കും. ഇതൊരു തുടർപ്രവർത്തനമായി നൽകാവുന്നതാണ്. ഒഴിവു സമയങ്ങളിൽ കുട്ടികൾ നിരന്തരം പദങ്ങൾ കണ്ടെത്തട്ടെ. അർത്ഥപൂർണ്ണമായ പദങ്ങളായിരിക്കണം കണ്ടെത്തുന്നത്. ടീച്ചർ മാതൃക നൽകണം.

ന്ത – ചന്ത, ചിന്ത, പന്തയം, ചന്തം, വെന്തു, പന്ത്, മുന്തിയത്.....

ക്ഷ – പക്ഷി, ഭക്ഷണം, ലക്ഷണം, പക്ഷം, കക്ഷം, കക്ഷി, ക്ഷണം, ക്ഷയം........

ച്ഛ – അച്ഛൻ, ഇച്ഛ, പുച്ഛം, മുത്തച്ഛൻ, തുച്ഛൻ....

ഭ – ഭരണി, ഭരണം, ആഭരണം, ഭീരു, ഭയം, അഭയം.....

ശ്ര – ശ്രദ്ധ, ശ്രം, ആശ്രമം, വിശ്രമം, ശ്രവണം, ശ്രുതി....

ഥ – കഥ, രഥം, വീഥി, പാഥേയം, അതിഥി........

പ്ല – പ്ലാവ്, പ്ലീഹ, വിപ്ലവം, പ്ലവംഗം.....

## പാഠം 13

# എന്റെ ജീവിതകഥ

*മഹാൻമാരുടെയും മഹതികളുടെയും ജീവിതകഥ വായിക്കുന്നതിലൂടെ നമുക്ക് നമ്മെത്തന്നെ തിരിച്ചറിയാനും ആത്മവിശ്വാസം നേടാനും കഴിയും. ഒട്ടേറെ ദുരിതങ്ങളിലൂടെയും യാതനകളിലൂടെയും ജീവിതം നയിക്കുകയും മറ്റുള്ളവർക്ക് മാതൃകയായി ജീവിക്കുകയും ചെയ്ത നിരവധി മഹത്‌വ്യക്തികളുണ്ട്. ചെറുപ്രായത്തിൽത്തന്നെ രോഗം ബാധിച്ച് അന്ധയും, ബധിരയും, മൂകയുമായിത്തീർന്ന ഹെലൻ കെല്ലർ എന്ന അത്ഭുത വനിതയുടെ ജീവിതകഥ വിവരിക്കുന്നതാണ് പാഠഭാഗം. ജീവിതത്തിൽ പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ടാവുമ്പോൾ തളർന്നു പോകാതെ ധീരമായി നേരിടാനുള്ള മനോധൈര്യം കാണിക്കാൻ ഹെലൻ കെല്ലറുടെ കഥ പ്രചോദനമാകണം.*

*ഭാഷാപരമായി ആത്മകഥാരൂപത്തിലുള്ള രചനകൾവായിക്കുന്നതിനും സ്വന്തം കഥ ആത്മകഥാരൂപത്തിൽ എഴുതുന്നതിനും ഈ പാഠത്തിലൂടെ അവസരം നൽകണം. സ്വന്തം ജീവിത്തിലെ അനുഭവങ്ങൾ മറ്റുള്ളവർക്ക് രസകരവും വിജ്ഞാന പ്രദവുമായി അവതരിപ്പിക്കുന്നതാണ് ആത്മകഥ എന്ന് തിരിച്ചറിയാൻ ഈ പാഠത്തിലൂടെ കഴിയണം.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ /ധാരണകൾ

- ജീവിതത്തിൽ പ്രതിസന്ധികളും പ്രശ്നങ്ങളുമുണ്ടാകുമ്പോൾ ധീരമായി നേരിടാനുള്ള മനോധൈര്യമുണ്ടാകണം.
- ആത്മകഥാരൂപത്തിലുള്ള രചനകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിന്.
- മറ്റുള്ളവർക്ക് രസപ്രദവും വിജ്ഞാനപ്രദവുമായ രീതിയിൽ ആത്മകഥകൾ എഴുതുന്നതിന്.
- ലഘുവിവരണങ്ങൾ എഴുതി തയ്യാറാക്കുന്നതിന്.
- മഹത് വ്യക്തികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും ക്ലാസ്സിൽ അവതരിപ്പിക്കുന്നതിനും.

### വ്യവഹാര രൂപങ്ങൾ

ആത്മകഥ, വിവരണം

### പ്രവർത്തനങ്ങൾ

കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി തിരിച്ച് ഓരോ ഗ്രൂപ്പിനും ഗാന്ധിജിയുടെ ആത്മകഥാ ഭാഗം എഴുതിയതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി വിതരണം ചെയ്യുന്നു. വായിച്ച ആത്മകഥയിൽ നിന്നും ഇഷ്ടപ്പെട്ട സന്ദർഭങ്ങൾ ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു.

**എന്റെ കുട്ടിക്കാലം**

ഹൈസ്കൂളിലെ എന്റെ ആദ്യവർഷം പരീക്ഷാസമയത്തു നടന്ന ഒരു സംഭവം രേഖപ്പെടുത്താൻ തക്കതാണ്. വിദ്യാഭ്യാസ ഇൻസ്പെക്ടർ പരിശോധനയ്ക്കായി എത്തിയിരുന്നു. അക്ഷരജ്ഞാനം ഉണ്ടോ എന്നു നോക്കാൻ അദ്ദേഹം ഞങ്ങൾക്ക് അഞ്ചുവാക്കുകൾ തന്നു. അവയിൽ ഒന്നു ''കെറ്റിൽ'' ആയിരുന്നു. ഞാനതു തെറ്റിച്ചു. അധ്യാപകൻ എന്റെ അടുത്തെത്തി ബൂട്സിന്റെ അറ്റം കൊണ്ട് അടയാളം കാണിച്ച് എന്റെ തെറ്റുതിരുത്തിക്കുവാൻ ശ്രമിച്ചു. പക്ഷേ ഞാനതു ശ്രദ്ധിച്ചില്ല. അടുത്തുള്ള കുട്ടിയുടെ സ്ലേറ്റിൽനോക്കി സ്പെല്ലിംഗ് ശരിക്കെഴുതുവാൻ അദ്ദേഹം ആവശ്യപ്പെടുമെന്ന് ചിന്തിക്കുക പോലും എനിക്കസാധ്യമായിരുന്നു. എന്റെ ധാരണ കോപ്പിയടിക്കാതെ നോക്കാനാണ് അദ്ദേഹമെവിടെ നില്ക്കുന്നത് എന്നായിരുന്നു. ഞാനൊഴികെ എല്ലാ കുട്ടികളും സ്പെല്ലിംഗ് തെറ്റാതെ എല്ലാവാക്കും എഴുതിയതായികണ്ടു. ഞാൻ മാത്രം വിഡ്ഢിയായി. എന്റെ വിഡ്ഢിത്തം ബോധ്യപ്പെടുത്തിത്തരാൻ ആ അധ്യാപകൻ പിന്നീട് ശ്രമിച്ചു. പക്ഷേ ഫലമുണ്ടായില്ല. കോപ്പിയടി എന്ന കല എനിക്കൊരിക്കലും അഭ്യസിക്കാൻ കഴിഞ്ഞില്ല. ***എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ, മഹാത്മാഗാന്ധി***

ഇതുപോലെ എന്തെങ്കിലും അനുഭവം നിങ്ങൾക്കുണ്ടായിട്ടുണ്ടോ? ഓരോരുത്തരുടെയും ജീവിതാനുഭ വങ്ങൾ നമുക്കെങ്ങനെ അറിയാൻ കഴിയും? ലഘു ചർച്ച നടത്തുന്നു. ചർച്ചയിലൂടെ

അവർ പറയുന്നതിലൂടെ

അവർ എഴുതിയത് വായിക്കുന്നതിലൂടെ എന്ന് ക്രോഡീകരിക്കുന്നു.

ലോകപ്രശസ്തയായ ഹെലൻ കെല്ലറുടെ ജീവിതകഥ വായിച്ചുനോക്കൂ.

ആത്മകഥാഭാഗം കുട്ടികൾ വായിക്കട്ടെ.

ലഘു ചോദ്യങ്ങൾ ടീച്ചർ ചോദിക്കുന്നു.

- ഹെലൻ കെല്ലർ ജനിച്ചതെന്ന്?
- മാതാപിതാക്കൾ ആരെല്ലാം?
- എന്തെല്ലാം വൈകല്യങ്ങളുണ്ടായിരുന്നു?
- ഹെലൻ കെല്ലറെ സഹായിച്ച ടീച്ചർ ആരാണ്?
- ആശയ ഗ്രഹണം നടന്നിട്ടുണ്ടോ എന്നറിയാൻ ലഘുചോദ്യങ്ങളിലൂടെ സാധിക്കും. കൂടുതൽ ചോദ്യങ്ങൾ ടീച്ചർ കണ്ടെത്തുമല്ലോ?

**അർത്ഥം കണ്ടെത്താം**

പാഠഭാഗം വായിച്ചപ്പോൾ മനസ്സിലാവാത്ത പദങ്ങളുടെ അടിയിൽ വരയ്ക്കുന്നു. പദങ്ങൾ അവതരിപ്പിച്ച് പ്രക്രിയ പാലിച്ച് അർത്ഥം കണ്ടെത്തി നോട്ടുബുക്കിലെഴുതട്ടെ.

**ഉത്തരമെഴുതുക (ടെക്സ്റ്റ് ബുക്ക്)**

പാഠഭാഗം വീണ്ടും കുട്ടികൾ വായിക്കട്ടെ. ചോദ്യങ്ങളോരോന്നും വായിച്ച് വ്യക്തിഗതമായി ലഘുവാ ക്യങ്ങളിൽ ഉത്തരമെഴുതട്ടെ: എഴുതിയ ഉത്തരം ഗ്രൂപ്പിൽ പങ്കുവെച്ച് ഗ്രൂപ്പിലൊരാൾ അവതരിപ്പിക്കുന്നു. ചർച്ച ചെയ്യുന്നു. വ്യക്തതവരാത്ത ചോദ്യങ്ങൾക്കും ഉത്തരങ്ങൾക്കും ചർച്ചയിലൂടെ വ്യക്തതവരുത്തുന്നു. ആവശ്യമെങ്കിൽ മാറ്റി എഴുതട്ടെ.

**ശ്രാവ്യവായന**

രണ്ടോമൂന്നോ കുട്ടികൾ പാഠഭാഗം ഉറക്കെവായിക്കട്ടെ. ഒരുകുട്ടി കുറച്ചുഭാഗം വായിച്ചു ബാക്കി ഭാഗം അടുത്ത കുട്ടി എന്നക്രമത്തിലുമാവാം. ശ്രാവ്യവായന വിലയിരുത്താം.

ടീച്ചറുടെ വായന – ഉചിതമായ ഭാവത്തോടെയും ആശയവ്യക്തതയോടെയും പാഠഭാഗം ടീച്ചർ വായി ച്ചവതരിപ്പിക്കുന്നു.

**ഉത്തരം കണ്ടെത്താം എഴുതാം (വർക്ക് ബുക്ക്)**

കുട്ടികൾ വ്യക്തിഗതമായി ചോദ്യങ്ങൾക്കുത്തരം എഴുതട്ടെ. ഹോംവർക്കായി നൽകാവുന്ന പ്രവർത്ത നമാണിത്. ടീച്ചർ വിലയിരുത്തണം.

**പട്ടിക പൂർത്തിയാക്കുക (ടെക്സ്റ്റ് ബുക്ക്)**

പ്രവർത്തനത്തിൽ നൽകിയ പട്ടിക കുട്ടികൾ വായിക്കട്ടെ. പട്ടികയിൽ വിട്ടുപോയ സംഭവങ്ങൾ കണ്ടെ ത്താൻ പാഠഭാഗം വീണ്ടും വായിക്കുന്നു. പട്ടികപൂർത്തിയാക്കുന്നു. ചിലർ അവതരിപ്പിക്കുന്നു. ചർച്ചചെയ്ത് മെച്ചപ്പെടുത്തുന്നു.

| വർഷം | സംഭവം |
|---|---|
| 1880 | ഹെലൻകെല്ലർ ജനിച്ചു |
| 1887 | ആനിസലിവൻ എന്ന അധ്യാപികയെ പരിചയപ്പെട്ടു |
| 1890 | നോർവീജിയയിൽ അന്ധയും ബധിരയുമായ പെൺകുട്ടി സംസാരിക്കുന്നു എന്നറിഞ്ഞു. |
| 1896 | കാംബ്രിഡ്ജ് സ്കൂളിൽ ചേർന്നു. |
| 1903 | 'ദസ്റ്റോറി ഓഫ്മൈ ലൈഫ്' എന്ന പേരിൽ ആത്മകഥ എഴുതി |
| 1904 | ഡിഗ്രി പഠനം പൂർത്തിയാക്കി. |

പ്രവർത്തനത്തിൽ 1892 എന്നത് 1890 എന്ന് മാറ്റി നൽകണം

### സമാന ആശയമുള്ള പദങ്ങൾ കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)

അർത്ഥ വ്യക്തത വന്ന പദങ്ങൾ മറ്റൊരുതരത്തിൽ പരിചയപ്പെടാനുള്ള പ്രവർത്തനമാണിത്.

പ്രവർത്തനത്തിലെ പദങ്ങൾ വായിക്കുന്നു. ഈ പദങ്ങളുടെ ആശയം ചർച്ച ചെയ്യാം. ഇതേ ആശയം വരുന്ന പദങ്ങൾ പാഠഭാഗവായനയിലൂടെ കണ്ടെത്തി എഴുതട്ടെ.

ടീച്ചർ നിർദ്ദേശിച്ച കുട്ടികൾ അവതരിപ്പിക്കുന്നു. ചർച്ച ചെയ്ത് പൊതുധാരണയിലെത്തുന്നു.

| | |
|---|---|
| 1. ആഴമേറിയ കുഴി | അഗാധമായ ഗർത്തം |
| 2. വീണു | നിപതിച്ചു. |
| 3. കണ്ടു പിടിച്ച ആൾ | ഉപജ്ഞാതാവ് |
| 4. മൗനം | മൂകം |
| 5. വഴി | മാർഗ്ഗം |
| 6. വന്നു ചേർന്നു | സമാഗതമായി |
| 7. നല്ല ദിവസം | സുദിനം |
| 8. മറക്കാൻ പറ്റാത്തത് | അവിസ്മരണീയം |

### അടിവരയിട്ട പദത്തിനുപകരം സമാനമായ മറ്റൊരു പദമെഴുതുക (വർക്ക് ബുക്ക്)

പ്രവർത്തനത്തിലെ വാക്യങ്ങൾ വായിക്കുന്നു. അടിവരയിട്ട പദങ്ങൾ കണ്ടെത്തുന്നു. ഈ പദങ്ങൾക്ക് പാഠപുസ്തകത്തിലുള്ളതും ഇല്ലാത്തതുമായ സമാന പദങ്ങൾ കണ്ടെത്തി എഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

### വാക്യങ്ങൾ രചിക്കാം (ടെക്സ്റ്റ് ബുക്ക്)

പദങ്ങളെ ഉചിത സന്ദർഭങ്ങളിൽ പ്രയോഗിച്ച് വാക്യരചന നടത്തുന്നതിനുള്ള പ്രവർത്തനമാണിത്.

ഓരോ പദങ്ങളും ഉൾപ്പെടുന്ന ഓരോ വാക്യങ്ങൾ കുട്ടികൾ നിർമ്മിക്കട്ടെ. എങ്ങനെയാണ് വാക്യരചന നടത്തുന്നത്? ലഘു ചർച്ചയാവാം.

വാക്യരചന നടത്തുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?

ഉചിതമായ സന്ദർഭംവേണം, ആശയവ്യക്തതവേണം, വാക്യങ്ങളിൽ പദങ്ങളുടെ സ്ഥാനം, പ്രയോഗം എന്നിവ ശ്രദ്ധിക്കണം. പദങ്ങളിലെ അക്ഷരത്തെറ്റ് ചിഹ്നത്തെറ്റ് എന്നിവ പരിശോധിക്കണം.

ഓരോ പദവും പ്രയോഗിക്കാൻ സാധ്യതയുള്ള സന്ദർഭം കണ്ടെത്തുന്നു. കുട്ടികൾ നോട്ടുബുക്കിൽ മെച്ചപ്പെടുത്തി എഴുതുന്നു.

## വാക്യങ്ങൾ നിർമ്മിക്കാം (വർക്ക് ബുക്ക്)

ഹോം വർക്കായി നൽകാവുന്ന ഒരു പ്രവർത്തനം. അടിവരയിട്ട പദങ്ങൾ കണ്ടെത്തി അവ ചേർന്നു വരുന്ന മറ്റൊരുവാക്യം വർക്കുബുക്കിലെഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

## ക്രിയകൾ പലതരം (ടെക്സ്റ്റ് ബുക്ക്)

ക്രിയാ പദങ്ങളുടെ ഭൂതകാലം, വർത്തമാനകാലം, എന്നിവ തിരിച്ചറിയുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള അവസരമാണിത്.

| | | |
|---|---|---|
| അറിയുക | - | അറിഞ്ഞു. |
| സമാഗതമാവുക | - | സമാഗതമായി |
| ഗ്രഹിക്കുക | - | ഗ്രഹിച്ചു |

എന്തു മാറ്റമാണ് പദങ്ങൾക്ക് വന്നിട്ടുള്ളത്?

അക്ഷരത്തിൽ വന്ന മാറ്റം? ആശയത്തിൽ വന്നമാറ്റം?

ആദ്യത്തെ കോളത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളാണ്. രണ്ടാമത്തെ കോളത്തിൽ നടന്നു കഴിഞ്ഞവയാണ്. ഇങ്ങനെ ചർച്ച ചെയ്ത് ആശയ വ്യക്തതവരുത്തുന്നു.

തുടർന്ന് പാഠപുസ്തകത്തിൽ അക്ഷരങ്ങൾക്കിടയിൽ പദങ്ങൾ ചേർത്ത് പൂരിപ്പിക്കട്ടെ. പൂരിപ്പിച്ചെഴുതിയ പദങ്ങൾ അവതരിപ്പിക്കുന്നു.

ടീച്ചർ ബോർഡിലെഴുതുന്നു. കുട്ടികൾ കൂട്ടിച്ചേർക്കുന്നു.

## മാറ്റങ്ങൾ തിരിച്ചറിയാം (വർക്ക് ബുക്ക്)

ക്ലാസ്റൂമിൽ ചെയ്ത മുൻ പ്രവർത്തനത്തിന്റെ തുടർച്ചയായി നൽകാവുന്ന പ്രവർത്തനമാണിത്. മാതൃകയിൽ എഴുതിയിരിക്കുന്ന പദങ്ങൾ പരിശോധിച്ച് മറ്റുപദങ്ങൾ മാറ്റി എഴുതട്ടെ. ഹോം വർക്കായി നൽകാവുന്ന പ്രവർത്തനമാണിത്. ടീച്ചർ വിലയിരുത്തണം.

## വിശേഷണങ്ങൾ ചേർത്തുപറയാം (ടെക്സ്റ്റ് ബുക്ക്)

ഒരു പദത്തിന്റെ ആശയത്തിന് ഊന്നൽ നൽകുന്നതിന് വ്യത്യസ്തമായ വിശേഷണപദങ്ങൾ ഉപയോഗിക്കുന്നുണ്ട്. അത്തരം വിശേഷണപദങ്ങൾ കണ്ടെത്തുന്നതിനും എഴുതുന്നതിനുമുള്ള പ്രവർത്തനമാണിത്.

രോഗം എന്ന പദത്തിനു ചേർത്തിരിക്കുന്ന വിശേഷണപദം കണ്ടെത്തുന്നു. ''ഗുരുതരമായ'' എന്ന പദം വിശേഷണമായി ചേർത്തിരിക്കുന്നു. ഗർത്തം എന്ന പദത്തിന് അഗാധമായ എന്ന വിശേഷണം ചേർത്തിരിക്കുന്നു.

മറ്റു പദങ്ങൾക്ക് അനുയോജ്യമായ വിശേഷണപദങ്ങൾ കണ്ടെത്തി കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ. വിലയിരുത്തലിനു ശേഷം ഗ്രൂപ്പിൽ ചർച്ച ചെയ്ത് പൊതുവായി അവതരിപ്പിക്കുന്നു. ചില വിശേഷണ പദങ്ങൾ ചേർത്ത് പദങ്ങൾ ബോർഡിലെഴുതുന്നു.

കുട്ടികൾ നോട്ടുബുക്കിലെഴുതട്ടെ.

## മാതൃകപോലെ എഴുതാം (വർക്ക് ബുക്ക്)

പ്രവർത്തനത്തിൽ നൽകിയ മാതൃക ക്ലാസിൽ ചർച്ച ചെയ്യുന്നു. പദങ്ങൾക്ക് വന്ന മാറ്റം എന്ത്?

ചർച്ചക്കുശേഷം വിശേഷണങ്ങൾ എഴുതട്ടെ: ടീച്ചർ വിലയിരുത്തണം.

## 'മാതൃകപോലെ എഴുതാം' ടെക്സ്റ്റ് ബുക്ക്

രണ്ടു ലഘു വാക്യങ്ങളെ ചേർത്ത് ഒറ്റവാക്യമാക്കുന്നതിനുള്ള പ്രവർത്തനമാണിത്.

മാതൃകയിലെ രണ്ടുവാക്യങ്ങൾ കുട്ടികൾ വായിക്കട്ടെ: അവ ചേർത്തെഴുതിയ വാക്യവും വായിക്കട്ടെ.

എന്തുമാറ്റമാണ് ചേർത്തെഴുതിയപ്പോൾ വന്നത്? മറ്റേതെങ്കിലും രീതിയിൽ ചേർത്തെഴുതാമോ?

സ്കൂൾ പഠനം പൂർത്തിയാക്കി ഞാൻ കോളേജിൽ ചേർന്നു.
സ്കൂൾ പഠനം പൂർത്തിയാക്കിയ ഉടനേ ഞാൻ കോളേജിൽ ചേർന്നു.
സ്കൂൾ പഠനം പൂർത്തിയാക്കിയതിനെ തുടർന്ന് ഞാൻ കോളേജിൽ ചേർന്നു.

ഇത്തരം വാക്യങ്ങൾ നിർമ്മിച്ച് ക്ലാസിൽ ചർച്ച ചെയ്യുന്നു. തുടർന്ന് പ്രവർത്തനത്തിൽ നൽകിയ മറ്റുവാക്യങ്ങൾ കുട്ടികൾ ചേർത്തെഴുതട്ടെ: ക്ലാസ്സിലവതരിപ്പിച്ച് ചർച്ച ചെയ്യാം.

### വിവരണമെഴുതാം (ടെക്സ്റ്റ് ബുക്ക്)

വിവരണം എന്ന വ്യവഹാരരൂപത്തിൽ രചന നടത്തുന്നതിന് യോജിച്ച ഒരു പ്രവർത്തനമാണിത്.

കുട്ടിക്ക് പരിചിതമായ ആശയത്തെ വിവരണ രൂപത്തിൽ എഴുതുമ്പോൾ പ്രയോഗിക്കുന്ന ഭാഷയുടെ സവിശേഷതകൾ തിരിച്ചറിയാനും എഴുതാനും കുട്ടികൾക്ക് അവസരമുണ്ടാകണം.

കുട്ടിക്കാലത്ത് എഴുതാനും വായിക്കാനും തുടങ്ങിയ നാളുകൾ ഓർമ്മയുണ്ടോ?

ആരൊക്കെയാണ് സഹായിച്ചത്?

സന്തോഷകരമായ എഴുത്തനുഭവം, വായനാനുഭവം ഏത്?

ക്ലാസ്സിൽ ലഘുചർച്ച നടത്തുന്നു.

ആദ്യത്തെ വായന, എഴുത്ത് അനുഭവങ്ങൾ ഉൾപ്പെടുത്തി ഒരു ലഘു വിവരണം കുട്ടികൾ വർക്കുബുക്കിൽ 'ഓർമ്മിച്ചെഴുതാം' എന്ന ഭാഗത്ത് എഴുതട്ടെ.

ഒരു സന്ദർഭത്തെയോ സംഭവത്തെയോ നേരിൽകാണാൻ കഴിയുന്ന തരത്തിലുള്ള തോന്നലുണ്ടാക്കുമ്പോഴും, ശൈലികൾ, ചൊല്ലുകൾ എന്നിവ കൃത്യമായി ഉപയോഗിക്കുമ്പോഴും ആശയങ്ങളുടെ തുടർച്ച ഉറപ്പാക്കുമ്പോഴുമാണ് വിവരണം മികവുറ്റതാവുക.

വ്യക്തിഗതമായി എഴുതിയ വിവരണം ഗ്രൂപ്പിൽ പങ്കുവെക്കട്ടെ. വിവരണം മികച്ചതാണോ? കുട്ടികൾ പരസ്പരം വിലയിരുത്താനുള്ള സൂചകങ്ങൾ നൽകുന്നു.

വസ്തു, സംഭവത്തെക്കുറിച്ച് കൃത്യമായി വിവരിച്ചിട്ടുണ്ട്. ആശയങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. വിഷയത്തിന് അനുയോജ്യമായ രീതിയിലുള്ള ഭാഷാപ്രയോഗം

മികച്ച വിവരണം ഗ്രൂപ്പുകൾ അവതരിപ്പിക്കുന്നു. ചർച്ച ചെയ്യുന്നു. മികവുകളും പരിമിതികളും കണ്ടെത്തുന്നു.

ടീച്ചർ തയ്യാറാക്കിയ ഒരു വിവരണം അവതരിപ്പിക്കുന്നു. കുട്ടികൾ സ്വന്തം രചന മെച്ചപ്പെടുത്തിമാറ്റി എഴുതുന്നു.

''ഞങ്ങളുടെ കുട്ടിക്കാലം'' എന്ന പതിപ്പുണ്ടാക്കാം.

### ശേഖരിക്കാം (ടെക്സ്റ്റ് ബുക്ക്)

ഭാഷാപഠനത്തിന് പാഠപുസ്തകത്തിനോടൊപ്പം വിവിധ വായനാ സാമഗ്രികൾ കുട്ടികൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. പരിചയപ്പെട്ട വ്യവഹാരരൂപങ്ങളിലുള്ള രചനകൾ വായിക്കാൻ ഓരോ പാഠത്തിനോടൊപ്പവും വായനാസാമഗ്രികൾ ലഭ്യമാക്കാൻ ടീച്ചർ ശ്രദ്ധിക്കണം. ആവശ്യബോധവും താല്പര്യവുമുണർത്തി കുട്ടികളെ വായനയിലേക്ക് പ്രേരിപ്പിക്കണം. സ്കൂൾ ലൈബ്രറികളും ക്ലാസ്സ് ലൈബ്രറികളും ഇത്തരം വായനാസാമഗ്രികളുടെ കലവറയാവണം.

ഹെലൻ കെല്ലറുടെ ജീവിതകഥയുടെ ഒരു ലഘുരൂപം ചർച്ച ചെയ്തതിൽനിന്ന് ഹെലൻ കെല്ലറുടെ കഥ വിവരിക്കുന്ന പുസ്തകങ്ങൾ വായിക്കാൻ താല്പര്യമുണ്ടാകും. കൂട്ടത്തിൽ 'അലക്സാണ്ടർ ഗ്രഹാംബെൽ,' ബ്രെയ്ൻലിപി കണ്ടുപിടിച്ച 'ലൂയിബ്രെയ്ൻ,' എന്നിവരെക്കുറിച്ച് മനസ്സിലാക്കാനും കൗതുകമുണ്ടാവും. അത്തരം പുസ്തകങ്ങൾ കുട്ടികൾ വായിക്കട്ടെ. വായനയ്ക്കുശേഷം വായനാക്കുറിപ്പ് തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കാം.

### ആത്മകഥയെഴുതാം

ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുന്നു.

നിങ്ങൾ ജനിച്ചതെവിടെ? അച്ഛനമ്മമാർ ആരൊക്കെ? വീട്ടുപേര് എന്താണ്? എവിടെയൊക്കെ പഠിച്ചു? (LKG, UKG ഒന്നാംക്ലാസ്) എന്തൊക്കെ കഴിവുകൾ? നേട്ടങ്ങൾ? പ്രതീക്ഷകൾ, അനുഭവങ്ങൾ ഇവയൊക്കെ ചേർത്ത് ഒരു ആത്മകഥ വാചികമായി അവതരിപ്പിക്കട്ടെ.

- അവതരിപ്പിച്ചവയിൽ നിങ്ങൾക്കിഷ്ടമായിതോന്നിയത് ഏത്?
- ഇഷ്ടപ്പെടാത്തത് ഏത് ?
- വരുത്താവുന്ന മാറ്റങ്ങൾ എന്തെല്ലാം?
- ഞാൻ പറയുന്നു എന്ന രീതിയിൽ തുടങ്ങിയത് ഏത്?
- പരസ്പരം ചേർന്നുനില്ക്കുന്ന അനുഭവങ്ങളാണോ ഇതിൽ?
- കുടുംബപശ്ചാത്തലത്തിൽ നിന്നുതുടങ്ങിയതാര്?
- ഗ്രാമത്തെക്കുറിച്ചുള്ള വിവരണത്തിൽ നിന്നു തുടങ്ങിയതാര്?
- മനസ്സിൽ തട്ടിയ അനുഭവങ്ങളിൽ നിന്ന് ആരെങ്കിലും തുടങ്ങിയോ?
- ജനനത്തിയ്യതി മുതലാണോ തുടങ്ങിയത്?

ആത്മകഥയുടെ അവതരണ ശൈലിയിൽ വൈവിധ്യമുണ്ടാകുമെന്ന് ചർച്ചചെയ്യാം.

വിവരങ്ങൾ എവിടുന്നൊക്കെ ലഭിക്കും?
ഡയറിക്കുറിപ്പുകളിൽ നിന്ന്.
അച്ഛനമ്മമാരുടെ അടുത്ത് നിന്ന് ചോദിച്ചറിയാം.
ജനനസർട്ടിഫിക്കറ്റ് പരിശോധിക്കാം.
പ്രോഗ്രസ് റിപ്പോർട്ട് പരിഗണിക്കാം.

മറ്റുള്ളവർക്ക് രസവും വിജ്ഞാന പ്രദവുമാകുന്ന തരത്തിൽ ആത്മകഥ എഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ച് വിലയിരുത്തുന്നു. ടീച്ചർ ആത്മകഥ എഴുതി അവതരിപ്പിക്കുന്നു. ചർച്ചചെയ്യുന്നു. ആത്മകഥയുടെ ആശയം, ആശയ ക്രമീകരണം, വാക്യങ്ങൾ, പദങ്ങൾ എന്നിവയിൽ വരുത്തേണ്ട മെച്ചപ്പെടുത്തലുകളെന്തെന്ന് തിരിച്ചറിഞ്ഞ് മാറ്റി എഴുതുന്നു. എല്ലാവരും എഴുതിയ ആത്മകഥ കുറിപ്പുകൾ ശേഖരിച്ച് ''കുഞ്ഞുങ്ങളുടെ ആത്മകഥനങ്ങൾ'' എന്ന പതിപ്പ് പ്രസിദ്ധീകരിക്കാം.

**ആത്മകഥ വിലയിരുത്തുമ്പോൾ**
അവതരണ ശൈലിയിലെ വൈവിധ്യം.
ഭാഷാശൈലി തെരഞ്ഞെടുക്കൽ (മിതത്വം, സരസത).
ശീർഷകങ്ങളുടെ വൈവിധ്യം.
സ്വന്തം സത്ത് വെളിവാക്കുന്നത്.
ആനുകാലിക ജീവിതാനുഭവങ്ങളുടെ പ്രതിഫലനം.

പാഠം 14

# പാടാം സ്നേഹ ഗാനങ്ങൾ

*മനുഷ്യരെ സൃഷ്ടിച്ച അല്ലാഹു (ദൈവം) കാലാകാലങ്ങളിൽ അവർക്കു നന്മയും തിന്മയും വേർതിരിച്ചു കാണിച്ചുകൊടുത്ത് സന്മാർഗത്തിലേക്കു നയിക്കാൻ പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട്. ആദ്യമനുഷ്യനായ ആദം തന്നെ പ്രവാചകനായിരുന്നു. പിന്നീട് വ്യത്യസ്ത കാലങ്ങളിലായി, വിവിധ സമൂഹങ്ങളിലേക്ക് നിരവധി പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട്. നൂഹ്, ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ്, യൂസുഫ്, സുലൈമാൻ, ദാവൂദ്, യൂനുസ്, മൂസാ, ഈസാ തുടങ്ങിയവരെല്ലാം പ്രവാചകന്മാരാണ്. പ്രവാചക ശൃംഖലയിൽ അവസാനത്തെ കണ്ണിയാണ് ക്രിസ്താബ്ദം 571 ഏപ്രിൽ മാസം 21ന് മക്കയിൽ പിറന്ന മുഹമ്മദ് നബി. മുഹമ്മദ് നബി അവസാനത്തെ പ്രവാചകനാണ്. ലോകാവസാനം വരെ ഇനി മറ്റൊരു പ്രവാചകൻ വരാനില്ല. മുഹമ്മദ് നബിക്ക് അല്ലാഹു നൽകിയ വേദഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. നാൽപതാം വയസ്സിൽ പ്രവാചകത്വ പദവി ലഭിച്ച മുഹമ്മദ് നബി അറുപത്തി മൂന്നാം വയസ്സിൽ മരണപ്പെടുന്നതു വരെയുള്ള 23 വർഷത്തെ പ്രബോധന കാലയളവിനിടയിൽ സന്ദർഭോചിതമായി ജിബ്‌രീൽ എന്ന മാലാഖ മുഖേന അവതരിപ്പിച്ച ദിവ്യവചനങ്ങളാണ് വിശുദ്ധ ഖുർആൻ. ലോകാവസാനം വരെ അതിൽ പ്രതിപാദിച്ച നിയമങ്ങളും ശാസനകളും തത്വങ്ങളുമെല്ലാം പ്രസക്തവും പ്രായോഗികവുമാണ്.*

*സ്നേഹത്തിന്റെ പ്രവാചകനാണു മുഹമ്മദ് നബി. നബിയുടെ ജീവിതവും സന്ദേശങ്ങളും നൽകുന്നത് അപാരമായ സ്നേഹത്തിന്റെ ഉത്തമ മാതൃകകളാണ്. മനുഷ്യരോടു മാത്രമല്ല സകല ജീവജാലങ്ങളോടും പ്രകൃതിയോടും സർവോപരി ദൈവത്തോടുമുള്ള കളങ്കമില്ലാത്ത സ്നേഹത്തിലൂടെയാണ് ജീവിത വിജയവും ശാശ്വത സങ്കേതമായ സ്വർഗവും നേടിയെടുക്കേണ്ടതെന്ന് നബി പഠിപ്പിക്കുന്നു. ഈ സ്നേഹദൂതന്റെ ജനനത്തിലേക്കും കുടുംബത്തിലേക്കും ശ്രദ്ധക്ഷണിക്കുന്ന കവിതയാണ് പാടാം സ്നേഹ ഗാനങ്ങൾ.' പഴയ കാലത്ത് ആനുകാലികങ്ങളിൽ ധാരാളം കവിതകളെഴുതിയിരുന്ന കവിയാണ് വി. നടരാജൻ. 1993ൽ പ്രസിദ്ധീകരിച്ച 'തിരുനബി മാഹാത്മ്യം കവിതകൾ' എന്ന കൃതിയിൽ നിന്നെടുത്തതാണീ പാഠഭാഗം.*

*മുഹമ്മദ് നബിയെയും നബി പ്രബോധനം ചെയ്ത സ്നേഹ സന്ദേശങ്ങളെയും കുട്ടികൾക്കു പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ കവിത പാഠഭാഗമായി ചേർത്തിരിക്കുന്നത്. നബിയുടെ ജീവിതത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും നബി നൽകിയ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും പാഠങ്ങൾ പകർത്താനും പ്രചോദനം നൽകുന്ന വിധമായിരിക്കണം പാഠഭാഗം അവതരിപ്പിക്കുന്നത്. കവിതയിലെ സൂചനകൾ മനസ്സിലാക്കി വിവരിച്ചു കൊടുക്കാൻ അധ്യാപകർ ശ്രദ്ധിക്കണം.*

*കൂടാതെ നബിയെക്കുറിച്ചു മലയാളത്തിൽ പ്രസിദ്ധീകരിച്ച കവിതകളും കഥകളും പരിചയപ്പെടാനും കവിതകൾ ഈണവും താളവുമൊപ്പിച്ച് ചൊല്ലി രസിക്കാനും കവിതകളിലെ ഭാഷാ പ്രയോഗങ്ങൾ തിരിച്ചറിയാനും പാഠഭാഗം സഹായകമാവണം.*

**കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ/ധാരണകൾ**

- കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലുന്നതിന്.
- കവിതയിലെ പദങ്ങളുടെ അർത്ഥം തിരിച്ചറിഞ്ഞ് ആശയം വിശദമാക്കുന്നതിന്.
- മറ്റു കവിതകളുമായി താരതമ്യപ്പെടുത്തി ഈണപ്പൊരുത്തവും താളപ്പൊരുത്തവും തിരിച്ചറിയുന്നതിന്.
- മുഹമ്മദ് നബിയെക്കുറിച്ചും നബിയുടെ സന്ദേശത്തെക്കുറിച്ചും മനസ്സിലാക്കുന്നതിന്.
- മനസ്സിലാക്കിയ ആശയങ്ങൾ ഉൾക്കൊള്ളിച്ച് പ്രസംഗം തയ്യാറാക്കുന്നതിന്.
- സൂചനകൾ വികസിപ്പിച്ച് കഥയെഴുതുന്നതിന്.

**വ്യവഹാര രൂപങ്ങൾ**

കവിത, പ്രസംഗം

**ആവിഷ്കാര പ്രകടിത രൂപങ്ങൾ**

കഥ, പ്രസംഗം, കവിതാലാപനം

**മനോഭാവം**

- മുഹമ്മദ് നബിയുടെ സന്ദേശങ്ങൾ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ.
- നബിയുടെ സന്ദേശത്തെക്കുറിച്ച് കൂടുതൽ അറിയാൻ.

**പ്രവർത്തനങ്ങൾ**

സൗഹൃദ സംഭാഷണങ്ങളോടെ തുടങ്ങാം. തുടർന്ന് ടീച്ചർ ഒരു കവിത ഈണത്തിൽ ചൊല്ലുന്നു.

''റാകിപ്പറക്കുന്ന ചെമ്പരുന്തേ
നീയുണ്ടോ മക്ക മദീന കണ്ടൂ
മക്കയും കണ്ടു മദീന കണ്ടൂ
മുത്ത് നബിയുടെ റൗള കണ്ടൂ..''

കുട്ടികൾ കൂടെ ചൊല്ലുന്നു. ഇത്തരം പാട്ടുകളറിയാമോ നിങ്ങൾക്ക്?

അറിയാവുന്നവർക്ക് പാടാൻ അവസരം നൽകാം.

- ആരെക്കുറിച്ചാണ് ഈ കവിതയിൽ പറയുന്നത്?
- മക്കയുടെയും മദീനയുടെയും പ്രത്യേകതയെന്താണ്?
- മുത്തു നബിയുടെ ജന്മദിനം ആഘോഷിക്കുന്നതെപ്പോഴാണ്?
- നമുക്ക് ആ നബിയെക്കുറിച്ചൊരു കവിത പഠിക്കാം.

കുട്ടികൾ വ്യക്തിഗതമായി കവിത വായിക്കട്ടെ.

ആദ്യ വായനയിൽ കവിതയുടെ ആശയം ഉൾക്കൊള്ളാനോ താളം കണ്ടെത്താനോ കഴിഞ്ഞെന്നു വരില്ല. അതുകൊണ്ട് ആദ്യ വായനക്ക് ശേഷം ഗ്രൂപ്പുകളിലായി കവിത വായിക്കാം. ഓരോ വരിയും ഗ്രൂപ്പിൽ ചർച്ച ചെയ്ത് വായിക്കട്ടെ.

ഗ്രൂപ്പുകളിൽ ടീച്ചറുടെ നിരന്തര ഇടപെടൽ ആവശ്യമായി വരും. അതു കുറക്കാൻ വായനയിൽ മിടുക്കരായ കുട്ടികൾ ഓരോ ഗ്രൂപ്പിലുമുണ്ടെന്ന് ഉറപ്പാക്കണം. കവിതയുടെ ഏകദേശം ആശയം തിരിച്ചറിയുന്നതു വരെയും താളം കണ്ടെത്തുന്നതു വരെയും കുട്ടികൾ ആവർത്തിച്ചു വായിക്കട്ടെ.

**അർത്ഥം കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)**

കവിതയിൽ അർത്ഥമറിയാത്ത പദങ്ങളുടെ അടിയിൽ പെൻസിൽ കൊണ്ട് വരക്കാനാവശ്യപ്പെടാം. തുടർന്ന് ഗ്രൂപ്പിലെ അംഗങ്ങളുമായി ചർച്ച ചെയ്ത് അർത്ഥം മനസ്സിലാക്കിയ ശേഷം ആ പദങ്ങളും അർത്ഥവും നോട്ടുബുക്കിലെഴുതുന്നു.

ഇനിയും അർത്ഥം കിട്ടാത്ത പദങ്ങളുണ്ടോ?

ഓരോ ഗ്രൂപ്പും അത്തരം പദങ്ങൾ അവതരിപ്പിക്കട്ടെ. ടീച്ചർ അവ ബോർഡിലെഴുതുന്നു. നിഘണ്ടു നോക്കി അർത്ഥം കണ്ടെത്താനാവശ്യപ്പെടാം. കണ്ടെത്തിയ അർത്ഥം പാഠഭാഗത്തെ സന്ദർഭവുമായി ബന്ധപ്പെടുത്തി ആശയം മനസ്സിലാക്കാൻ കഴിയുന്നുണ്ടോ എന്ന് അവർ തന്നെ പരിശോധിക്കട്ടെ. ടീച്ചർ വിലയിരുത്തി വ്യക്തത വരുത്തണം.

തുടർന്ന് അർത്ഥം മനസ്സിലാക്കിയുള്ള വായനക്ക് അവസരം നൽകണം. ഇനി ടീച്ചറുടെ മാതൃകാ വായനയാവാം. ആശയ വ്യക്തതയോടെയും അക്ഷരസ്ഫുടതയോടെയും ടീച്ചർ കവിത വായിക്കുന്നു.

**സൂചനകൾ മനസ്സിലാക്കാൻ**

മുഹമ്മദ് നബി ജനിച്ച സന്ദർഭം അനുസ്മരിച്ചു കൊണ്ടാണ് തുടക്കം. ലോകത്തെയുണർത്താനും പ്രകാശം വിതറാനുമായി പിറന്ന ആ കുഞ്ഞിന്റെ പുഞ്ചിരിയിൽ മാതാവായ ആമിന തന്റെ വൈധവ്യ ദുഃഖം പോലും മറന്നു.

ആ കുഞ്ഞിന്റെ പിതാവ് അബ്ദുല്ല. അബ്ദുൽ മുത്തലിബ് എന്ന മക്കാ നഗരനായകന്റെ പുത്രനാണ്. വിശുദ്ധ കഅ്ബാ മന്ദിരമാണ് മക്കയുടെ ആസ്ഥാനം. കഅ്ബ പുണ്യ കേന്ദ്രമാണ്. ധാരാളം സന്ദർശകർ അവിടെ വരാറുണ്ട്. അവിടേക്കാവശ്യമായ വെള്ളം ദൂരദിക്കിൽ നിന്നു കൊണ്ടുവരണം. ഈ പ്രശ്നം പരിഹരിക്കാൻ എന്താണ് വഴി.?

ജനനായകനായ അബ്ദുൽ മുത്തലിബ് ഈ പ്രശ്നത്തെക്കുറിച്ചുള്ള ചിന്തകളുമായി നടക്കവെ ഒരു സ്വപ്നം കണ്ടു: 'താങ്കൾ സംസം കുഴിക്കുക'.

ഇബ്റാഹീം നബിയുടെ കാലത്ത് ഉത്ഭവിച്ച തീർത്ഥജല സ്രോതസ്സായിരുന്നു സംസം. ഭാര്യയായ ഹാജറിനെയും ചോരപ്പൈതലായ ഇസ്മാഈലിനെയും ജനജലഫല ശൂന്യമായ മക്കാ താഴ്വരയിൽ താമസിപ്പിച്ച് ദൈവാജ്ഞ പ്രകാരം ഇബ്റാഹീംനബി സ്ഥലം വിട്ടു. വിജനമായ മക്കാ താഴ്വരയിൽ വെള്ളവും ഭക്ഷണവുമില്ലാതെ അവർ തളർന്നു. സഹായത്തിന് അതു വഴി ആരും വന്നില്ല. ദാഹിച്ചു വലഞ്ഞ് തൊണ്ടപൊട്ടിപ്പിടയുന്ന പിഞ്ചു പൈതൽ. അതുകണ്ട് ഹാജർ ഇരുവശങ്ങളിൽ കാണുന്ന ഉയർന്ന കുന്നുകളിലേക്ക് (സഫാ-മർവ) വെപ്രാളപ്പെട്ട് ഓടിക്കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരുന്നു, ആരെങ്കിലും വരുന്നുണ്ടോ ഇത്തിരി വെള്ളം കിട്ടാൻ എന്ന അന്വേഷണവുമായി. പക്ഷേ ആരെയും കണ്ടില്ല. അപ്പോഴാണ് പിഞ്ചുകുഞ്ഞ് കാലിട്ടടിക്കുന്ന സ്ഥലത്ത് ജലം പൊട്ടിയൊഴുകുന്നത് കണ്ടത്. അവർ ഓടിയിറങ്ങി വന്ന് വെള്ളമെടുത്ത് കുഞ്ഞിന്റെ ചുണ്ടിലിറ്റിച്ചു. ദാഹം തീരുവോളം അവരും കുടിച്ചു. പിന്നെ പാത്രങ്ങളിൽ ശേഖരിച്ചു. വെള്ളം പിന്നെയും ഒഴുകുകയാണ്. അതുകണ്ട് മണൽ കൂട്ടി തടമാക്കി അവർ വെള്ളത്തോട് പറഞ്ഞു: ''സംസം''. (നീയടങ്ങി നിൽക്കൂ) അതോടെ വെള്ളം അവിടെ തങ്ങി. എത്രയെടുത്താലും വറ്റാത്ത ജലസ്രോതസ്സായി. മരുഭൂമിയിലെ ജലസാന്നിധ്യം തിരിച്ചറിഞ്ഞ് യാത്രക്കാർ അതുവഴി വന്നു. ക്രമേണ മക്കാ താഴ്വര ജനവാസ കേന്ദ്രമായി.

കാലപ്രവാഹത്തിൽ സംസം ശ്രദ്ധിക്കപ്പെടാതെ അപ്രത്യക്ഷമായി. ഈ ജലപ്രവാഹത്തെക്കുറിച്ച് കഥകളിലൂടെ കേട്ട വിവരമേ അബ്ദുൽ മുത്തലിബിന്നുണ്ടായിരുന്നുള്ളൂ. അദ്ദേഹം എവിടെ കുഴിക്കണം എന്ന ആശങ്കയിലായിരിക്കെ വീണ്ടും സ്വപ്ന ദർശനമുണ്ടായി. കുഴിക്കേണ്ട സ്ഥലം വ്യക്തമാക്കിക്കൊണ്ടുള്ള ദർശനം. അദ്ദേഹം ഏകമകനായ ഹാരിസിനെയും കൂട്ടി സംസം കുഴിക്കാൻ തുടങ്ങി.

ആ ജലസ്രോതസ്സ് കണ്ടെത്തിയപ്പോൾ അവകാശ വാദവുമായി പലരും വന്നു. തർക്കമായപ്പോൾ അബ്ദുൽ മുത്തലിബ് വല്ലാത്ത പ്രയാസത്തിലായി. അദ്ദേഹത്തിന്റെ കൂടെ സംരക്ഷണത്തിന് ഏക മകൻ മാത്രമല്ലേയുള്ളു. അന്നദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു: ''അല്ലാഹുവേ, വിഷമഘട്ടത്തിൽ സഹായത്തിനുതകുന്ന പത്തുമക്കളെ എനിക്ക് നീ തരികയാണെങ്കിൽ അവരിലൊരാളെ വേണമെങ്കിൽ ബലി നൽകാനും ഞാൻ തയ്യാറാണ്''.

അല്ലാഹു ആ പ്രാർത്ഥന കേട്ടു. അതിനു ശേഷം അദ്ദേഹത്തിനു പത്ത് പുത്രന്മാരുണ്ടായി. അവരിൽ പത്താമത്തെയാളാണ് മുഹമ്മദ് നബിയുടെ പിതാവാവായ അബ്ദുല്ല. കുഞ്ഞുങ്ങളൊക്കെ മുതിർന്നപ്പോൾ അബ്ദുൽ മുത്തലിബിന് വീണ്ടും സ്വപ്ന ദർശനം: ''ഒരു മകനെ ബലി നൽകാൻ തയ്യാറാണെന്ന വാഗ്ദത്തം നിറവേറ്റുക.'' വിഷമത്തിലായ അബ്ദുൽ മുത്തലിബ് പരിഹാര മാർഗങ്ങൾ പലതും ചെയ്തു നോക്കിയെങ്കിലും സ്വപ്നം ആവർത്തിച്ചു കൊണ്ടിരുന്നു. അവസാനം ഒരു പുത്രനെ ബലി നൽകാൻ തന്നെ അദ്ദേഹം തയ്യാറായി. നരബലി എന്ന ആചാരം അപൂർവമായെങ്കിലും അന്നുണ്ടായിരുന്നു.

ആരെ ബലി നൽകണം എന്നതായി പിന്നത്തെ പ്രശ്നം. അബ്ദുൽ മുത്തലിബ് പത്ത് മക്കളെയും കൂട്ടി കഅ്ബയിൽ ചെന്ന് നറുക്കിട്ടു. അബ്ദുല്ലക്കാണ് നറുക്ക് കിട്ടിയത്. പലപ്രവാശ്യം ആവർത്തിച്ചിട്ടും ഒരേ നറുക്കു തന്നെ.

അബ്ദുല്ല അതി സുന്ദരനാണ്. സൽസ്വഭാവിയാണ്. ആരും ഇഷ്ടപ്പെടുന്ന പ്രകൃതക്കാരനാണ്. അന്നദ്ദേഹത്തിന് പതിനെട്ടു വയസ്സാണ് പ്രായം. വിവരമറിഞ്ഞ ബന്ധുക്കളും സുഹൃത്തുകളുമെല്ലാം അബ്ദുല്ലയെ ബലി നൽകുന്നത് തടഞ്ഞു. ഗത്യന്തരമില്ലാതെ അബ്ദുൽ മുത്തലിബും ബന്ധുക്കളും പരിഹാര മാർഗത്തിനായി പ്രമുഖയായ ജോത്സ്യയെ സമീപിച്ചു. അവരുടെ നിർദ്ദേശ പ്രകാരമാണ് നൂറ് ഒട്ടകത്തെ

ബലി നൽകി അബ്ദുല്ലയെ മോചിപ്പിച്ചത്.

അബ്ദുല്ല യസ്രിബുകാരിയായ (മദീനയുടെ ആദ്യനാമം. മുഹമ്മദ് നബി മദീനയിലെത്തിയ ശേഷം ആ നഗരത്തിന്റെ പേര് മദീനത്തുർറസൂൽ - പ്രവാചകന്റെ നഗരം എന്നു മാറുകയായിരുന്നു) ആമിനയെ വിവാഹം ചെയ്തു. വിവാഹാനന്തരം രണ്ടുമാസം മാത്രമേ അവർക്ക് ഒന്നിച്ചു ജീവിക്കാനായുള്ളു. കച്ചവടാവശ്യാർത്ഥം വിദേശത്തേക്ക് പോയ അബ്ദുല്ല യസ്രിബിലെത്തിയപ്പോൾ രോഗബാധിതനായി മരണപ്പെട്ടു. ഗർഭിണിയായിരുന്ന ആമിന ദുഃഖക്കടലിലായി. അബ്ദുല്ലയുടെയും ആമിനയുടെയും ആ ദാമ്പത്യ വല്ലരിയിൽ പിറന്ന കുഞ്ഞാണ് ലോകത്തിനു വെളിച്ചം പകരാനായി നിയുക്തനായ മുഹമ്മദ് നബി.

**വരികൾ കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)**

കവിതയുടെ ആശയം മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടാവുമല്ലോ.
ആശയങ്ങളുടെ തിരിച്ചറിവിനുള്ള ഒരു പ്രവർത്തനമാണിത്.
കുട്ടികൾ വ്യക്തിപരമായി വരികൾ കണ്ടെത്തി നോട്ടുബുക്കിൽ എഴുതട്ടെ.
ടീച്ചർ വിലയിരുത്തണം

**അടിവരയിട്ട പദത്തിനു പകരം പദം (ടെക്സ്റ്റ്ബുക്ക്)**

നേരത്തെ കണ്ടെത്തിയ അർത്ഥം വാക്യത്തിലൂടെ തിരിച്ചറിയാനുള്ള പ്രവർത്തനമാണിത്. നേരത്തെ അർത്ഥബോധമുണ്ടായിട്ടുണ്ടെങ്കിൽ വാക്യം മാറ്റി എഴുതാൻ പ്രയാസമുണ്ടാവില്ല. ഗൃഹപാഠമായി നൽകാം. ടീച്ചർ വിലയിരുത്തണം.

**കണ്ടെത്താം, എഴുതാം (ടെക്സ്റ്റ് ബുക്ക്)**

കവിതയുടെ ആശയം മനസ്സിലാക്കി ഉത്തരമെഴുതാനുള്ള പ്രവർത്തനമാണിത്. ഓരോ ചോദ്യവും വായിച്ച് ഏതെല്ലാം വരികളിലാണ് ഉത്തരമുള്ളതെന്ന് കുട്ടികൾ കണ്ടെത്തട്ടെ.

സ്വന്തം വാക്യത്തിലെഴുതിയ ഉത്തരം ഗ്രൂപ്പുകളിൽ വായിച്ചവതരിപ്പിക്കുന്നു. എല്ലാവരുടെയും ഉത്തരങ്ങൾ വായിച്ചു കേൾക്കുമ്പോൾ സ്വന്തം രചനയിൽ വരുത്തേണ്ട മാറ്റങ്ങൾ (ആവശ്യമെങ്കിൽ) തിരിച്ചറിയാൻ കുട്ടിക്കു കഴിയും. അതനുസരിച്ചു മാറ്റങ്ങൾ വരുത്തട്ടെ.

തുടർന്ന് ഓരോ ചോദ്യവും അതിന്റെ ഉത്തരവും ഏതാനും കുട്ടികൾ ക്ലാസിൽ അവതരിപ്പിക്കണം. ടീച്ചർ വിലയിരുത്തണം.

**പൊരുൾ കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)**

പൊരുൾ കണ്ടെത്താൻ നൽകിയിരിക്കുന്ന വരികളുടെ ആശയം മനസ്സിലാക്കി കവിതയിലെ സന്ദർഭം കണ്ടെത്തണം.

- 'രത്നദീപം കൊളുത്തുക' എന്ന പ്രയോഗത്തിന്റെ ഉദ്ദേശ്യമെന്ത്?
  ആരാണിവിടെ രത്നദീപം കൊളുത്തിയത്?
- 'മിഴിപൂട്ടി' എന്നതു കൊണ്ടുദ്ദേശിക്കുന്നതെന്താണ്?
  (ആമിന രത്നദീപമായിത്തീർന്ന പുത്രനു ജന്മം നൽകി മരണമടഞ്ഞു എന്നർത്ഥം)
- 'ഇരുളിൻ നെടുതായ പാത' എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്താണ്?
  പുത്തൻ വെളിച്ചമെന്താണ്?

(ദീർഘകാലമായി പ്രവാചകന്മാരുടെ ആഗമനമില്ലാതെ ലോകജനത അജ്ഞതയുടെ അന്ധകാരത്തിൽ കഴിയുകയായിരുന്നു. ഈ സാഹചര്യത്തിൽ ആ ഇരുട്ടുകളെ അകറ്റാൻ തിരുനബി ഭൂമിയിൽ പിറന്നു എന്നു സൂചന)

ക്ലാസിൽ ചർച്ച ചെയ്ത ശേഷം ഗ്രൂപ്പുകളിലായി കുട്ടികൾ പൊരുൾ കണ്ടെത്തി എഴുതട്ടെ. ഓരോ ഗ്രൂപ്പിനും തങ്ങൾ കണ്ടെത്തിയ പൊരുൾ ക്ലാസിൽ പൊതുവായി അവതരിപ്പിക്കാൻ അവസരം നൽകണം. ടീച്ചറുടെ ഇടപെടലിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്താം. എഴുതിയത് മെച്ചപ്പെടുത്താം.

## കവിത വായിച്ച് ആശയം വിശദമാക്കുക (വർക്ക് ബുക്ക്)

കുട്ടികൾ കവിത വായിക്കട്ടെ

ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് ആശയം മനസ്സിലാക്കട്ടെ

തുടർന്ന് ക്ലാസിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്താം.

പരസ്പര ബന്ധങ്ങൾ മറന്ന് ജനങ്ങൾ കലഹിക്കുകയും ദ്രോഹിക്കുകയും ചെയ്തിരുന്ന കാലത്ത് സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും ഐക്യത്തിന്റെയും മനോഹര സന്ദേശവുമായി ആ നബി (മുഹമ്മദ് നബി) ഭൂമിയിൽ പിറന്നു.

## മാതൃക പോലെ പിരിച്ചെഴുതാം (വർക്ക് ബുക്ക്)

കവിതകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിന്, വരികളിലെ എല്ലാ പദങ്ങളും കുട്ടി തിരിച്ചറിയേണ്ടതുണ്ട്. അതിനുള്ള ഒരു പ്രവർത്തനമാണിത്. സൂക്ഷ്മമായി ഈ പ്രവർത്തനം നടന്നില്ലെങ്കിൽ ചില പദങ്ങൾ തിരിച്ചറിയാതെ പോയേക്കും. അത് ആശയ ഗ്രഹണത്തിനു ക്ലിഷ്ടതയുണ്ടാക്കുകയും ചെയ്യും.

പിരിച്ചെഴുതാനുള്ള വരികൾ ടീച്ചർ വായിച്ചു കേൾപ്പിക്കുന്നു. ഓരോന്നിലും ഇത്ര പദങ്ങളുണ്ടെന്ന് അറിയിക്കുന്നു. കുട്ടികൾ കണ്ടെത്തട്ടെ.

ഉദാ: തങ്കപ്പൂങ്കുലചൂടിച്ചിരിച്ചതറേബ്യ – 6 പദങ്ങൾ

- ലോകമുണർത്താനൊളിവീശാൻ – 4 പദങ്ങൾ
- തേനൂറുംചിരിയിലന്നാമിനയറിഞ്ഞില്ല – 5 പദങ്ങൾ
- പൂക്കാലമണഞ്ഞു – 3 പദങ്ങൾ
- മണൽക്കാട്ടിന്നിരുളിലൊരു ദിവ്യരത്നദീപം – 7 പദങ്ങൾ

പിരിച്ചെഴുതിയത് ടീച്ചർ വിലയിരുത്തണം.

## മാതൃകപോലെ പദങ്ങൾ വേർതിരിച്ചെഴുതാം (വർക്കുബുക്ക്)

സമാസിച്ച പദങ്ങൾ വിഗ്രഹിച്ചെഴുതാനുള്ള പ്രവർത്തനമാണ്. അർത്ഥവ്യക്തത വരും വിധം കുട്ടികൾ പദങ്ങൾ വേർതിരിച്ചെഴുതട്ടെ. ഗൃഹപാഠമായി നൽകാം. ടീച്ചർ വിലയിരുത്തണം.

## പദസൂര്യൻ പൂർണ്ണമാക്കാം (വർക്ക് ബുക്ക്)

മുഹമ്മദ് നബിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ എഴുതി പദസൂര്യൻ പൂർത്തിയാക്കാം.

- നബി ജനിച്ചതെവിടെ?
- എവിടേക്കാണ് പലായനം ചെയ്തത്?

നബിയുടെ പിതാവിന്റെയും മാതാവിന്റെയും പേരുകൾ?

- നബിക്ക് അവതരിച്ച വേദ ഗ്രന്ഥം?
- നബി പ്രബോധനം ചെയ്ത മതം?
- നബിയെ സംരക്ഷിച്ച പിതാമഹൻ?

ചോദ്യങ്ങൾക്ക് ഉത്തരമായി വരുന്ന കാര്യങ്ങൾ ചേർത്ത് കുട്ടികൾ പദസൂര്യൻ പൂർണമാക്കട്ടെ.

## പര്യായ പദങ്ങൾ (വർക്ക്ബുക്ക്)

പര്യായ പദങ്ങൾ കണ്ടെത്താനുള്ള പ്രവർത്തനം ഗൃഹപാഠമായി നൽകിയാൽ മതി. കുട്ടികൾ തേടിപ്പിടിക്കട്ടെ. സ്വന്തം ഭാഗത്തു നിന്നുള്ള പരിശ്രമത്തോടെ നേടുന്ന അറിവുകളാണ് മനസ്സിൽ തങ്ങി നിൽക്കുക. ടീച്ചർ വിലയിരുത്തിയാൽ മതി.

## കഥയെഴുതാം (വർക്ക് ബുക്ക്)

മുത്തു നബിയുടെ സ്നേഹവും ദയയും കാരുണ്യവും പ്രകടമാകുന്ന ഒരു കഥയുടെ സൂചനകളാണ് ഇടകലർത്തി നൽകിയിരിക്കുന്നത്. അവ ക്രമപ്പെടുത്തി സ്വന്തം വാക്യങ്ങൾ കൂടി ചേർത്ത് യോജിപ്പിച്ചാൽ നല്ലൊരു കഥയാവും. തന്നിരിക്കുന്ന സൂചനകൾ വായിച്ച് കുട്ടികൾ പൂർവാപര ക്രമം കണ്ടെത്തി നമ്പറിടട്ടെ.

ഉദാ: മുത്തുനബി പള്ളിയിലേക്കു ..... 1
മോനേ, ഇന്നു പെരുന്നാളല്ലേ ? 2
നീയെന്തിനാണു..... 3

ഒന്നാം വാക്യത്തിന്റെയും രണ്ടാം വാക്യത്തിന്റെയും ഇടയിൽ കൂട്ടിച്ചേർക്കൽ ആവശ്യമല്ലേ? എങ്കിൽ എന്താണ് ചേർക്കേണ്ടത്? (വഴിയിലിരുന്നു കരയുകയായിരുന്നു അവൻ)

ഇത്തരം ചോദ്യങ്ങളിലൂടെ കുട്ടികളുടെ മനസ്സുണർത്താനും കഥയുടെ ദിശ കാണിച്ചു കൊടുക്കാനും ചർച്ചകളിലൂടെ കഴിയണം.

കഥ കുട്ടികൾ ഗൃഹപാഠമായി ചെയ്തുകൊണ്ടു വരട്ടെ. ടീച്ചർ വിലയിരുത്തണം.

### ലഘു പ്രസംഗം (വർക്ക് ബുക്ക്)

പ്രസംഗത്തിന്റെ ഘട്ടങ്ങളും അവതരണ രീതിയും മുമ്പു പരിചയപ്പെടുത്തിയിട്ടുണ്ട്. തദടിസ്ഥാനത്തിൽ കുട്ടികൾ വ്യക്തിഗതമായി ഈ പ്രവർത്തനം ചെയ്യേണ്ടതാണ്. ഗൃഹപാഠമായി തയ്യാറാക്കി വരട്ടെ. കുട്ടിയുടെ കഴിവുകൾ വിലയിരുത്താനുള്ള ഒരു അവസരമായി ഇതെടുക്കാം.

അഭിസംബോധന, ആമുഖം, വിഷയാവതരണം, ഉപസംഹാരം എന്നീ ക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്നു പ്രത്യേകം ശ്രദ്ധിക്കണം.

### ഒരേ ഈണം, ഒരേ താളം (ടെക്സ്റ്റ് ബുക്ക്)

പല കവിതകൾക്കും ഒരേ ഈണവും ഒരേ താളവുമായിരിക്കും. അതു മനസ്സിലാക്കിയാൽ കവിത ചൊല്ലൽ കൂടുതൽ എളുപ്പവും രസകരവുമായി മാറ്റാൻ കഴിയും. പലപ്പോഴും കുട്ടികൾ അതു തിരിച്ചറിയുന്നില്ലെന്നതാണ് പ്രയാസമുണ്ടാക്കുന്നത്. ഈ പ്രയാസം പരിഹരിക്കാൻ അധ്യാപകർ ശ്രദ്ധിക്കണം.

അങ്കണത്തൈ...... എന്നു തുടങ്ങുന്ന വൈലോപ്പിള്ളിയുടെ മാമ്പഴം എന്ന കവിതയുടെ ഈണവും താളവും എല്ലാവർക്കും സുപരിചിതമായിരിക്കും. അതേ ഈണവും താളവുമാണ് 'പാടാം സ്നേഹ ഗാനങ്ങൾ' എന്ന കവിതക്കുമുള്ളത്. ഈ തിരിച്ചറിവ് കവിതയെ കൂടുതൽ ആസ്വാദ്യകരമാക്കുമല്ലോ.

കുട്ടികൾ സംഘങ്ങളായി ഇരു കവിതകളും ക്ലാസിൽ അവതരിപ്പിക്കട്ടെ.

### ശേഖരിക്കാം (ടെക്സ്റ്റ് ബുക്ക്)

മുത്തുനബിയെക്കുറിച്ചുള്ള കവിതകളും പാട്ടുകളും കഥകളുമൊക്കെ ധാരാളം പ്രചാരത്തിലുണ്ട്. അവ ശേഖരിക്കുകയെന്നത് പ്രയാസകരമാവില്ല. കുട്ടികൾ ശേഖരിക്കട്ടെ. ശേഖരിച്ചവ ഗ്രൂപ്പിൽ അവതരിപ്പിച്ച് വ്യക്തതയും കൃത്യതയും വരുത്തട്ടെ.

തുടർന്ന് ഗ്രൂപ്പുകൾ കൈമാറി വായിക്കണം. ആവർത്തനങ്ങളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാൻ പ്രത്യേകം നിർദ്ദേശിക്കണം.

തുടർന്ന് ഓരോ കുട്ടിയും ശേഖരിച്ച കഥ, കവിത, പാട്ട് A4 പേപ്പറിൽ ഭംഗിയായി എഴുതിക്കൊണ്ടു വരട്ടെ. എല്ലാം കൂടി ശേഖരിച്ച് കുത്തിക്കെട്ടി പതിപ്പാക്കാം. നല്ലൊരു കവർ രൂപപ്പെടുത്താൻ ചിത്രകലയിൽ താല്പര്യമുള്ളവരെ ചുമതലപ്പെടുത്തണം. അസംബ്ലിയിൽ പ്രകാശനം ചെയ്യാം.

പാഠം 15

# ദ്വീപുകളിലേക്കൊരു യാത്ര

*യാത്ര ഇഷ്ടപ്പെടാത്തവരുണ്ടാവില്ല. പുതുപുതു കാഴ്ചകൾ കാണാൻ, വ്യത്യസ്ത സാഹചര്യങ്ങളും അവസ്ഥകളും അനുഭവിച്ചറിയാൻ മനുഷ്യർ എക്കാലത്തും കൗതുകം കൊള്ളുന്നു. നമ്മുടെ ഭൂമിയാവട്ടെ, സമുദ്രങ്ങൾ, പർവ്വതങ്ങൾ, ഘോരവനങ്ങൾ, ദ്വീപുകൾ, വെള്ളച്ചാട്ടങ്ങൾ, അരുവികൾ, ജലാശയങ്ങൾ, മരുഭൂമികൾ, ജന്തുജാലങ്ങൾ തുടങ്ങി വിസ്മയകരവും പഠനാർഹവുമായ കാഴ്ചകളാൽ സമൃദ്ധവുമാണ്. വിജ്ഞാന ദാഹികൾക്ക് ജ്ഞാനങ്ങളുടെ കലവറകളാണ് ഇത്തരം കാഴ്ചകൾ, വിനോദം തേടുന്നവർക്കാവട്ടെ ഹരവും ആസ്വാദ്യതയും സമ്മാനിക്കുന്നതും. യാത്രകൾ ആനന്ദം പകരുന്നതോടൊപ്പം സർഗാത്മക ഭാവനകളുണർത്തുകയും ഭൂമിയിൽ തന്റെയിടത്തെക്കുറിച്ചുള്ള തിരിച്ചറിവുണ്ടാക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം അനുഭവങ്ങൾ മനുഷ്യരെ കൂടുതൽ വിനീതരും ആത്മവിശ്വാസമുള്ളവരുമാക്കുന്നതായാണനുഭവം.*

*കടൽ മനോഹരമായ കാഴ്ചയാണ്. എത്ര നിരീക്ഷിച്ചാലും മതി വരാത്ത അനുഭൂതി. കടലിന്നുള്ളിലോ? അവിടത്തെ വൈചിത്ര്യങ്ങളും വൈവിധ്യങ്ങളും അറ്റമില്ലാത്തതാണ്. കടലിൽ ഒറ്റപ്പെട്ടു കിടക്കുന്ന ഭൂപ്രദേശങ്ങളായ ദ്വീപുകളാവട്ടെ എക്കാലത്തും ആകർഷകമാണ്. ലക്ഷദ്വീപിലേക്കു പോയ ഒരു കുട്ടിയുടെ അനുഭവ വിവരണമാണ് ഈ പാഠഭാഗം. യാത്രാ വിവരണം എന്ന വ്യവഹാര രൂപം പരിചയപ്പെടാൻ ഈ പാഠഭാഗം സഹായകമാണ്. അതോടൊപ്പം യാത്രയിലെ അനുഭവങ്ങൾ തന്മയത്വത്തോടെ അവതരിപ്പിക്കാനുള്ള പ്രചോദനവുമാണ്.*

*ഭാഷാ പരമായ സവിശേഷ പ്രയോഗങ്ങളും പദങ്ങളും മനസ്സിലാക്കുന്നതോടൊപ്പം ലഘുയാത്രാ വിവരണങ്ങൾ വായിക്കുന്നതിനും യാത്രാ വിവരണങ്ങൾ തയ്യാറാക്കുന്നതിനും താല്പര്യം ജനിപ്പിക്കുന്ന വിധത്തിലായിരിക്കണം പാഠാവതരണം.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ/ ധാരണകൾ

- പ്രകൃതി ദൃശ്യങ്ങൾ, വ്യത്യസ്ത ജീവിത രീതികൾ, സമൂഹങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള നേരനുഭവങ്ങൾ ഉൾക്കൊള്ളുന്ന യാത്രാ വിവരണങ്ങൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിന്.
- കടലിലെ അത്ഭുതങ്ങൾ മനസ്സിലാക്കുന്നതിനും കടൽക്കാഴ്ചകൾ അറിഞ്ഞാസ്വദിക്കുന്നതിനും.
- ഹൃദ്യമാം വിധം യാത്രാ വിവരണം തയ്യാറാക്കുന്നതിന്.
- ഡയറി എഴുതുന്നതിന്.
- ശൈലികളുടെ പൊരുൾ മനസ്സിലാക്കുന്നതിനും അവ സ്വന്തം വാക്യത്തിൽ പ്രയോഗിക്കുന്നതിനും.
- വായനയുടെ രീതികൾക്കനുസരിച്ച് വാക്യങ്ങളിൽ വരുന്ന അർത്ഥ വ്യത്യാസം തിരിച്ചറിയുന്നതിന്.
- അർത്ഥപൂർണവും ഹ്രസ്വവും ലളിതവുമായ മുന്നറിയിപ്പു വാക്യങ്ങൾ രചിക്കുന്നതിന്.
- പദപ്രയോഗങ്ങളുടെ സവിശേഷതകൾ തിരിച്ചറിയുന്നതിന്.

### വ്യവഹാര രൂപങ്ങൾ

യാത്രാ വിവരണം, കുറിപ്പ്

### ആവിഷ്കാര പ്രകടിത രൂപങ്ങൾ

യാത്രാ വിവരണം, ഡയറി, കത്ത്, മുന്നറിയിപ്പു വാക്യങ്ങൾ

**പ്രവർത്തനങ്ങൾ**

- ദ്വീപുകളെക്കുറിച്ച് കേട്ടിട്ടുണ്ടോ നിങ്ങൾ?
- ദ്വീപുകൾ എവിടെയാണ്?
- എങ്ങനെയാണ് ദ്വീപുകളിലേക്കു പോവുക?
- ദ്വീപുകൾ കാണാൻ നിങ്ങൾക്കാഗ്രഹമില്ലേ?
- പക്ഷേ, യാത്ര പ്രയാസകരമാണല്ലോ. ദ്വീപിലെ കാഴ്ചകളെക്കുറിച്ചറിയാൻ മറ്റെന്തു വഴിയുണ്ട്?
- യാത്ര ചെയ്തവരുടെ അനുഭവങ്ങൾ വായിച്ചാൽ അറിയാൻ കഴിയില്ലേ?

നമുക്ക് നാജിയുടെ യാത്രാ വിവരണം വായിക്കാം.

കുട്ടികൾ വ്യക്തിഗതമായി പാഠഭാഗം വായിക്കട്ടെ.

**പാഠഭാഗം വിശകലനം ചെയ്യാം.**

വായനക്ക് ശേഷം ചോദ്യങ്ങൾ ചോദിക്കാം.

- നാജിയും മാമനും എന്തിലാണ് യാത്ര ചെയ്തത്?
- എവിടെ നിന്നാണ് വാഹനത്തിൽ കയറിയത്?
- എപ്പോഴാണ് നാജിക്കു പേടി തുടങ്ങിയത്?
- പണ്ടത്തെ കപ്പൽ ഏതു തരത്തിലുള്ളതായിരുന്നു?
- കാറ്റിളകിയാൽ പായക്കപ്പലിന്റെ അവസ്ഥയെന്താണ്?
- കപ്പലിന്റെ മുകളിൽ കയറിയപ്പോൾ കണ്ട കാഴ്ചയെന്താണ്?
- ഏതു ദ്വീപിലാണവർ കപ്പലിറങ്ങിയത്?
- കപ്പലിൽ യാത്ര ചെയ്താൽ ദ്വീപിലെത്താൻ എത്ര സമയം വേണം?
- കരയിലിറങ്ങിയപ്പോൾ കണ്ട കാഴ്ചകൾ എന്തെല്ലാം?
- ലഗൂൺ എന്നു പറയുന്നതെന്തിനാണ്?
- ദ്വീപുകാരുടെ പ്രധാന തൊഴിൽ എന്താണ്?

ഇനിയും ചോദ്യങ്ങൾ ടീച്ചർക്ക് കണ്ടെത്താം. എല്ലാ കുട്ടികളോടും ചോദിക്കാം. പാഠഭാഗത്ത് പൂർണ ശ്രദ്ധ പതിയാൻ ഇത് പ്രയോജനപ്പെടും.

**കണ്ടെത്താം, എഴുതാം (ടെക്സ്റ്റ് ബുക്ക്)**

പാഠാവസാനം കാണുന്ന ചോദ്യങ്ങൾക്ക് കുട്ടികൾ സ്വന്തമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. ഗൃഹപാഠമായി നൽകാം. അടുത്ത ദിവസം ക്ലാസിൽ അവതരിപ്പിച്ച് ചർച്ചയാവാം.

**പൂരിപ്പിക്കാം (ടെക്സ്റ്റ് ബുക്ക്)**

വാക്യങ്ങളിൽ പദങ്ങളുടെ പ്രയോഗരീതിയിൽ വരുന്ന മാറ്റങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള പ്രവർത്തനമാണിത്. മുൻപദ പ്രയോഗങ്ങൾക്കനുസൃതമായി വാക്യാവസാനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ. വ്യക്തിഗതമായി എഴുതിയ വാക്യങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത ശേഷം ക്ലാസിൽ അവതരിപ്പിക്കണം. ടീച്ചർ ആവശ്യമായ ഇടപെടലുകൾ നടത്തണം.

- ആകാശത്ത് നക്ഷത്രങ്ങൾ <u>കണ്ണുചിമ്മിക്കളിക്കുന്നുണ്ടായിരുന്നു.</u>
- ജനങ്ങളുടെ സംസാരം കേട്ടാണ് <u>ഞെട്ടിയുണർന്നത്</u>.
- കടൽത്തിരകൾ മതിലിൽ വന്നടിച്ചു <u>തകരുന്നു.</u>
- അപ്പോൾ ശരിക്കും ഞാൻ <u>അത്ഭുതപ്പെട്ടുപോയി</u>.

ആവശ്യമെങ്കിൽ ബോർഡിൽ എഴുതിക്കാണിക്കാം. പദപ്രയോഗത്തിൽ വന്ന മാറ്റം ശ്രദ്ധയിൽ പെടുത്തണം. കൂടുതൽ ഉദാഹരണങ്ങൾ നൽകാം.

**ഒറ്റപദം കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)**

വിഗ്രഹിച്ച പദങ്ങളുടെ സമസ്തപദം എഴുതാനുള്ള പ്രവർത്തനമാണിത്. കുട്ടികൾ പദങ്ങൾ വായിച്ച് ഒറ്റപ്പദമാക്കി മാറ്റി എഴുതട്ടെ.

- ആദ്യം എത്ര പദങ്ങളുണ്ടായിരുന്നു?
- ഏതൊക്കെയായിരുന്നു ആ പദങ്ങൾ?
- എന്തു മാറ്റമാണ് പദങ്ങൾക്ക് വന്നത്?
- ഒറ്റപ്പദമാക്കിയപ്പോൾ എന്തു സംഭവിച്ചു?

ചോദ്യങ്ങളിലൂടെ, വിശദീകരണങ്ങളിലൂടെ സമസ്ത പദങ്ങളും വിഗ്രഹിച്ച പദങ്ങളും തമ്മിലുള്ള വ്യത്യാസവും സമാസിക്കുമ്പോഴുണ്ടാവുന്ന സൗകര്യങ്ങളും ഭംഗിയും കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം.

**വരികൾ ക്രമപ്പെടുത്താം (ടെക്സ്റ്റ് ബുക്ക്)**

സംഭവങ്ങളുടെ ക്രമപ്രകാരമുള്ള അവതരണം യാത്രാ വിവരണത്തിൽ പ്രധാനമാണ്. ആ ക്രമീകരണത്തെക്കുറിച്ചുള്ള അവബോധമുണ്ടാക്കുകയാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.

ക്രമീകരിക്കുന്നതിനായി നൽകിയ വരികൾ കുട്ടികൾ വായിക്കട്ടെ.

കാര്യങ്ങൾ നടന്ന ക്രമത്തിൽ എഴുതാനായി ഓരോ വരിക്കും ക്രമനമ്പർ നൽകട്ടെ.

ആദ്യം എഴുതേണ്ട വരിയേത്?

കുട്ടികൾ പറയുന്ന ക്രമത്തിൽ ടീച്ചർ ബോർഡിലെഴുതുന്നു.

**കത്തെഴുതാം (ടെക്സ്റ്റ് ബുക്ക്)**

മുൻപാഠങ്ങളിൽ പരിചയിച്ച പ്രവർത്തനമാണിത്. ഘടനയും ക്രമവും പാലിച്ച് കുട്ടികൾ കത്ത് തയ്യാറക്കട്ടെ. ഗൃഹപാഠമായി നൽകാം. ടീച്ചർ വിലയിരുത്തണം.

**അർത്ഥ വ്യത്യാസം കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)**

വായനയിൽ ചില പദങ്ങൾക്കു നൽകുന്ന ഊന്നലുകൾ വാക്യങ്ങളുടെ അർത്ഥത്തിൽ വലിയ വ്യത്യാസങ്ങളുണ്ടാക്കുന്നു എന്ന തിരിച്ചറിവ് നൽകുന്ന പ്രവർത്തനമാണിത്.

'നീ എന്നോട് അത് പറയരുതായിരുന്നു' എന്ന വാക്യത്തിൽ ഒരു പദത്തിനും പ്രത്യേക ഊന്നൽ നൽകാതെ വായിക്കുമ്പോൾ മനസ്സിലാകുന്ന അർത്ഥത്തെക്കുറിച്ച് ക്ലാസിൽ ചർച്ച ചെയ്യാം. തുടർന്ന് അടിവരയിട്ട പദങ്ങൾക്ക് ഊന്നൽ നൽകുമ്പോഴുണ്ടാകുന്ന അർത്ഥ വ്യത്യാസം ശ്രദ്ധയിൽ പെടുത്താം.

ടീച്ചർ അടിവരയിട്ട പദത്തിന് ഊന്നൽ നൽകി വായിക്കുന്നു. അപ്പോൾ ആശയത്തിൽ വരുന്ന മാറ്റം കുട്ടികൾ കണ്ടെത്തി പറയുന്നു. കുടുതൽ ഉദാഹരണങ്ങൾ നൽകാം.

- പുഴയിൽ നിന്നാണ് ഞങ്ങൾ മീൻ പിടിച്ചത്.
- ഞങ്ങളെ വെള്ളത്തിലിറങ്ങാൻ അച്ഛൻ അനുവദിച്ചില്ല.

**മുന്നയിപ്പു വാക്യങ്ങൾ എഴുതാം (ടെക്സ്റ്റ് ബുക്ക്)**

ഹ്രസ്വവും ലളിതവുമായ മുന്നറിയിപ്പു വാക്യങ്ങൾ എഴുതാനുള്ള പരിശീലനമാണ് ഈ പ്രവർത്തനം. ഇത്തരം മുന്നറിയിപ്പു വാക്യങ്ങൾ പ്രദർശിപ്പിക്കുന്നതെന്തിനാണ്.?

- എന്തുകൊണ്ടായിരിക്കും ഇത്തരം അറിയിപ്പുകൾ പ്രദർശിപ്പിക്കേണ്ടി വരുന്നത്?
- ഇത്തരം മുന്നറിയിപ്പുകൾ കണ്ടാൽ നാം എന്തു ചെയ്യണം?

ക്ലാസിൽ പൊതുവായി ചർച്ച ചെയ്യാം. മുന്നറിയിപ്പു വാക്യങ്ങളുണ്ടാക്കാനും പ്രദർശിപ്പിക്കാനും മാത്രമല്ല, അതനുസരിക്കാനുമുള്ള അവബോധം കുട്ടികളുടെ മനസ്സിലുണ്ടാക്കാൻ ഈ പ്രവർത്തനം പ്രയോജനപ്പെടണം.

ചർച്ചക്കു ശേഷം നിർദ്ദിഷ്ട സ്ഥലങ്ങളിൽ പതിക്കാൻ യുക്തമായ വാക്യങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

- വാക്യങ്ങൾ ആകർഷകമായിരിക്കണം.
- ചുരുങ്ങിയ വാക്കുകളിൽ കൂടുതൽ ആശയങ്ങൾ ഉൾകൊള്ളുന്നതാവണം.
- ഉദ്ദിഷ്ട ആശയം ആർക്കും മനസ്സിലാക്കാൻ കഴിയുന്നതാവണം.

**വായിക്കാം, ഉത്തരം കണ്ടെത്താം (വർക്ക് ബുക്ക്)**

ദിപുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ് വായിക്കാൻ നൽകിയിരിക്കുന്നത്. പാഠഭാഗത്തെ ആശയ

ങ്ങളുടെ അനുബന്ധമായി ഇതിനെ കാണാം. കുട്ടികൾ ഈ ഭാഗം വായിച്ച് ആശയം മനസ്സിലാക്കി ചോദ്യങ്ങൽക്ക് ഉത്തരമെഴുതട്ടെ. ഗൃഹപാഠമായി നൽകാം. ടീച്ചർ വിലയിരുത്തണം.

### പൊരുൾ കണ്ടെത്താം, വാക്യം രചിക്കാം (വർക്ക്ബുക്ക്)

'നീരാളിപ്പിടിത്തം' എന്ന പദപ്രോയഗത്തിന്റെ ആശയം മനസ്സിലാക്കാനും ആ ശൈലി വാക്യത്തിൽ പ്രയോഗിക്കാനുമുള്ള പ്രവർത്തനമാണിത്. നീരാളി അപകടകാരിയായ ഒരു ജീവിയാണെന്നും അനേകം കൈകൾ കൊണ്ട് അവ ഇരയെ വരിഞ്ഞു മുറുക്കി വിഴുങ്ങിക്കളയുമെന്നുമുള്ള ധാരണയുടെ അടിസ്ഥാനത്തിലാവാം ഈ ശൈലി ഭാഷയിൽ കടന്നുകൂടിയത്. പലവിധത്തിലുള്ള പ്രയാസങ്ങൾ ഒന്നിച്ചു വന്നു ചേർന്ന് നാശത്തിലേക്കു നയിക്കുന്ന അവസ്ഥയെയാണ് പ്രയോഗം സൂചിപ്പിക്കുന്നത്. ഈ ആശയത്തിലാണിവിടെ വാക്യങ്ങൾ രചിക്കേണ്ടതും. ഉദാഹരണം നൽകിയിട്ടുണ്ട്. കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് പുതിയ വാക്യം കണ്ടെത്തട്ടെ. ക്ലാസിൽ അവതരിപ്പിച്ചു വ്യക്തത വരുത്തിയ ശേഷം വർക്ക് ബുക്കിലെഴുതാം.

### ഡയറി എഴുതാം (വർക്ക് ബുക്ക്)

ഡയറി എന്ന വ്യവഹാരരൂപം നേരത്തെ പരിചയിച്ചതാണല്ലോ. വീണ്ടും വീണ്ടും ലഭിക്കുന്ന അവസരങ്ങളിലൂടെ മെച്ചപ്പെട്ട ഡയറിക്കുറിപ്പ് തയ്യാറാക്കാൻ കുട്ടികൾ കഴിവാർജ്ജിക്കേണ്ടതുണ്ട്.

സ്കൂളിൽ നിന്നു പുറപ്പെട്ട വിനോദ യാത്ര സംഘത്തിലംഗമായ കുട്ടി തിരിച്ചെത്തിയ രാത്രി എഴുതുന്ന ഡയറിയാണ് വേണ്ടത്. തികച്ചും ആത്മാനുഭവ പ്രധാനമായിരിക്കും ഈ ഡയറിക്കുറിപ്പ്. കുട്ടികൾ വ്യക്തിഗതമായി ഈ ഡയറി എഴുതട്ടെ. ഗൃഹപാഠമായി നൽകുന്നതാണുചിതം. ടീച്ചർ വിലയിരുത്തണം.

ഡയറി എഴുത്ത് കുട്ടികളുടെ ഒരു ശീലമാക്കി മാറ്റാൻ ടീച്ചർ ശ്രമിക്കണം. അതിന്ന് പ്രത്യേക ഡയറികളൊന്നും ആവശ്യമില്ല. ഒരു നോട്ടുബുക്ക് മാറ്റിവെച്ചാൽ മതി. ഓരോ ദിവസത്തെയും അനുഭവങ്ങൾ, പരിചയപ്പെട്ടവർ, കണ്ടുമുട്ടിയവർ, അനുഭവിച്ച സമീപനങ്ങൾ തുടങ്ങി വൈവിധ്യമാർന്ന കാര്യങ്ങളെക്കുറിച്ചെല്ലാം അന്നന്നു രാത്രിയിൽ എഴുതാൻ നിർദ്ദേശിക്കാം. ഇടക്കിടെ ടീച്ചർ ഡയറി പരിശോധിക്കണം. പ്രോത്സാഹിപ്പിക്കണം. ഉചിതമായ ഭാഷാപ്രയോഗ പരിചയം നേടുന്നതിനും കൈയക്ഷരം നന്നാക്കുന്നതിനും തെറ്റില്ലാതെ എഴുതുന്നതിനും എഴുത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സർഗരചനകളിൽ ശേഷിയാർജ്ജിക്കുന്നതിനും അനുഭവങ്ങളെ മറക്കാതെ നിലനിർത്തുന്നതിനുമെല്ലാം ഡയറി എഴുത്ത് സഹായകമാവും. എക്കാലവും സൂക്ഷിക്കുന്ന അമൂല്യ ശേഖരമായി ഡയറിക്കുറിപ്പെഴുത്തിനെ മാറ്റാവുന്നതാണ്.

### യാത്രാ വിവരണം തയ്യാറാക്കാം

സ്വന്തമായി യാത്രാ വിവരണം തയ്യാറാക്കാനുള്ള പരിശീലനമാണീ പ്രവർത്തനം.

നിങ്ങൾ പലയിടത്തേക്കും സഞ്ചരിച്ചിട്ടുണ്ടാകുമല്ലോ. ചെറുതും വലുതുമായ യാത്രകൾ.

- എന്തായിരുന്നു യാത്രയുടെ ലക്ഷ്യം?
- ഏതു വഴിയാണ് പോയത്? എപ്പോഴാണ് പുറപ്പെട്ടത്?
- എന്തൊക്കെ ഒരുക്കങ്ങളാണ് യാത്രക്ക് നടത്തിയത്?
- ആരൊക്കെയായിരുന്നു കൂടെയുണ്ടായിരുന്നത്?
- യാത്രയിലുണ്ടായിരുന്ന അനുഭവങ്ങൾ എന്തെല്ലാം?
- കണ്ട കാഴ്ചകളെന്തെല്ലാം? കൂടുതൽ ആകർഷിച്ച ദൃശ്യങ്ങളേതെല്ലാം?
- യാത്രയിലുണ്ടായ വിചാര വികാരങ്ങളെന്തെല്ലാം?
- കാഴ്ചകൾക്കിടയിൽ മനസ്സിലേക്കു കടന്നു വന്ന ഓർമ്മകൾ എന്തെല്ലാം?

ചോദ്യത്തിലൂടെ കുട്ടികളുടെ മനസ്സിൽ യാത്രാ വിവരണത്തിലുൾപ്പെടുത്തേണ്ട കാര്യങ്ങളെക്കുറിച്ച് വിചാരമുണർത്താം.

വിവരണം എങ്ങനെ തുടങ്ങണം? എവിടെ അവസാനിപ്പിക്കണം, ഉപയോഗിക്കേണ്ട ഭാഷാ പ്രയോഗങ്ങൾ എങ്ങനെ?

ലഘു ചർച്ചയിലൂടെ ഇക്കാര്യത്തിൽ അവബോധമുണ്ടാക്കാം.

ഗൃഹപാഠമായി കുട്ടികൾ യാത്രാ വിവരണം തയ്യാറാക്കട്ടെ.

**വിലയിരുത്തൽ സൂചകങ്ങൾ:**

- ദൃശ്യങ്ങളും ചിന്തകളും ബന്ധിപ്പിച്ചുള്ള ആവിഷ്കാരം.
- ആശയങ്ങളുടെ പൂർണത. (പരസ്പര ബന്ധം, തുടർച്ച)
- യാത്രയിലെ നിരീക്ഷണങ്ങളുടെ അവതരണം. (യാത്ര എങ്ങനെ അനുഭവപ്പെട്ടു?, ഗുണം, ദോഷം, സന്ദേശം തുടങ്ങിയവ)
- ആത്മനിബദ്ധമായ വിവരണം.
- ശ്രദ്ധേയമായ തുടക്കവും ഒടുക്കവും.

മെച്ചപ്പെട്ടവ ക്ലാസിൽ അവതരിപ്പിക്കാം.
യാത്രാ വിവരണങ്ങൾ ശേഖരിച്ച് പതിപ്പാക്കാം.